



# കാണാപ്പുറം

ഡോ. മൈക്കിൾ കാരിമറ്റം

mediahousecalicut.com



# കാണാപ്പുറം

**ഡോ. മൈക്കിൾ കാരിമറ്റം**

ഏറെ സംശയങ്ങൾക്കും തെറ്റിദ്ധാരണകൾക്കും ഇടയാക്കിയിട്ടുള്ളതും സാമാന്യേന ഏറെ പ്രശ്നസങ്കീർണ്ണവുമായ ബൈബിളിലെ മുപ്പത്തിയാറ് സമസ്യകളെ അയത്ന ലളിതമായി നിർദ്ധാരണം ചെയ്യുകയാണ് ഈ ഗ്രന്ഥത്തിലൂടെ ഡോ. മൈക്കിൾ കാരിമറ്റം. ബൈബിൾ വിജ്ഞാനീയത്തിന്റെ മേഖലയിൽ നമ്മുടെ കാലഘട്ടത്തിൽ ഏറ്റവും അധികം സംഭാവന നൽകിയിട്ടുള്ള കൃതഹസ്തന്റെ തൂലികയിൽ നിന്ന് മറ്റൊരു ഗ്രന്ഥം.

MEDIA HOUSE
Noor Complex
Mavoor road, Kozhikode -673 004
Ph: 9746077500, 9746440800
email: mediahousecalicut@gmail.com
www.mediahousecalicut.com

MEDIA HOUSE
375/A, Pocket 2,
Mayur Vihar Phase-1, Delhi- 110 091
Ph: 011- 43042096, 09555642600
email: mediahousedelhi@gmail.com
www.mediahouseonline.in

Price ₹ 155/-

ISBN 978-93-7495-433-1

# കാണാപ്പുറം

## ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയുടെ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

# കാണാപ്പുറം

ഡോ. മൈക്കിൾ കാരിമറ്റം

mediahousecalicut.com
2016

2016
Malayalam
*kanappuram*
(Sacred Scripture)
Author: Dr. Michael Karimattam
Copyright: Reserved

Layout: M. Sheeja, Media House, Kozhikode
Cover Design: Ashraf, Enter Media

First Published - 2012

Second Edition: July 2016

ISBN: 978-93-7495-433-1

Printed by EMBER Society, St. Alphonsa Ashram
Parayanchery, Kuthiravattam - P.O., Kozhikode - 673 016
Ph: +91 9746440700

Distribution Outside Kerala
Media House, Delhi
375-A, Pocket 2
Mayur Vihar Phase-I, Delhi-110 091
Phone: 011- 43042096, 09953484415
E-mail: mediahousedelhi@gmail.com
Website: www.mediahouseonline.in

Published by
Media House, Calicut
Noor Complex, Mavoor Rd.
Kozhikode - 673 004
Ph: +91 9746077500, +91 9746440800
E-mail: mediahousecalicut@gmail.com
Website: www.mediahousecalicut.com

# ആമുഖം

“നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ. എന്നാൽ അതു ശാന്തതയോടും സമാധാനത്തോടുംകൂടെ ആയിരിക്കട്ടെ” (1 പത്രോ 3,15-16).

ജീവിതപാതയിൽ പ്രകാശവും നിത്യജീവന്റെ ഔഷധവുമാണ് ദൈവവചനം. അതു വായിച്ചു ഗ്രഹിക്കാനും അതനുസരിച്ചു ജീവിക്കാനും ഏവർക്കും കടമയുണ്ട്. എന്നാൽ ബൈബിളിൽ പ്രതിപാദിക്കുന്ന പല കാര്യങ്ങളും ഗ്രഹിക്കുക എളുപ്പമല്ല. പലതിനെക്കുറിച്ചും പലതരത്തിലുള്ളതും പലപ്പോഴും പരസ്പരവിരുദ്ധങ്ങളുമായ വ്യാഖ്യാനങ്ങളും നല്കപ്പെടുന്നു.

“മനസ്സിലാക്കാൻ വിഷമമുള്ള ചില കാര്യങ്ങൾ അവയിലുണ്ട്. അറിവില്ലാത്തവരും ചഞ്ചലമനസ്കരുമായ ചിലർ, മറ്റു വിശുദ്ധ ലിഖിതങ്ങളെപ്പോലെ അവയും തങ്ങളുടെ നാശത്തിനായി വളച്ചൊടിക്കുന്നു” . (2 പത്രോ 3,16). വി. പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ച് വി. പത്രോസ് നല്കുന്ന ഈ അവലോകനം ബൈബിളിനെ മൊത്തം സംബന്ധിച്ചും യാഥാർത്ഥ്യമാണ്. കാരണം നമ്മുടേതിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു സാംസ്ക്കാരിക പശ്ചാത്തലത്തിലാണ് ബൈബിൾ രൂപംകൊണ്ടത്. അതിലെ ഭാഷയും ഉപയോഗിക്കുന്ന പ്രതീകങ്ങളും ശൈലികളുമെല്ലാം വ്യത്യസ്തമായതിനാൽ ധാരാളം സംശയങ്ങൾ ഉണ്ടാകുന്നു.

പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ട് പലതിനും. ഒറ്റവായനയ്ക്കു മനസിലാകാത്ത പല കാര്യങ്ങളും ബൈബിളിലുണ്ട്. ഒറ്റനോട്ടത്തിൽ കാണുന്നതിനപ്പുറത്തുള്ള കാര്യങ്ങൾ വിശദീകരിക്കാനുള്ള ഒരു ശ്രമമാണ് ഈ പുസ്തക

ത്തിൽ നടത്തുന്നത്. ബൈബിൾ വായിക്കുമ്പോൾ ഉണ്ടാകുന്ന, വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച, ചില സംശയങ്ങൾക്ക് ഉത്തരം നല്കാൻ ഇവിടെ ശ്രമിക്കുന്നു. ആദാമിന്റെ അമർത്യത മുതൽ മരിച്ചവരുടെ മാമ്മോദീസാവരെ 36 വിഷയങ്ങൾ ഇവിടെ ചർച്ചചെയ്യുന്നു. സാധാരണ ചോദിക്കാറുള്ളതും പലപ്പോഴും തൃപ്തികരമായ ഉത്തരം കിട്ടാതെപോകുന്നതുമായ പ്രധാനപ്പെട്ട വിഷയങ്ങളാണ് തിരഞ്ഞെടുത്തിരിക്കുന്നത്. തങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ ഗ്രഹിക്കാനും അവയെ സംബന്ധിച്ച ചോദ്യങ്ങൾക്കു തൃപ്തികരമായ ഉത്തരം നല്കാനും ഒരു പരിധിവരെയെങ്കിലും ഈ വിശദീകരണങ്ങൾ സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു.

# ഉള്ളടക്കം


ആമുഖം ........................................ 05

1. ബൈബിളിൽ തെറ്റോ? ........................................ 09
2. ആദാം അമർത്യനോ? ........................................ 14
3. സർപ്പത്തിന്റെ തല തകർത്തത് ആർ? ........................................ 22
4. കായേനെ കൊല്ലുന്നതാർ? ........................................ 26
5. ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും ........................................ 29
6. അബ്രാഹം ബലിയർപ്പിച്ചത് ആരെ? ........................................ 34
7. അന്തിമപ്രവാചകൻ ........................................ 39
8. ബൈബിളിലെ സംഖ്യകൾ ........................................ 45
9. വഞ്ചിച്ചുവാങ്ങിയ അനുഗ്രഹം ........................................ 52
10. കാർമ്മൽ മലയിലെ പുരോഹിതവധത്തിന്റെ ധാർമ്മികത ............ 56
11. അണലിസന്തതികൾ ........................................ 60
12. യേശു നുണ പറഞ്ഞെന്നോ? ........................................ 63
13. ശപിക്കപ്പെട്ട അത്തിവൃക്ഷം ........................................ 65
14. അവിശ്വസ്തനായ കാര്യസ്ഥൻ ........................................ 68
15. സമാധാനവും വാളും ........................................ 70
16. യേശുവും തീവ്രവാദികളും ........................................ 73
17. അബ്രാഹത്തിന്റെ മടി ........................................ 80
18. കുപ്പായം വിറ്റ് വാൾ വാങ്ങുക ........................................ 86
19. പുത്രന്റെ ജ്ഞാനം ........................................ 92

20. ഏതു മകൻ? ........................................................................ 94
21. സംസാരിക്കുന്ന കല്ലുകൾ ....................................................... 102
22. അപസ്മാരരോഗവും പിശാചുബാധയും ...................... 105
23. വിധവയുടെ ചില്ലിക്കാശ് ...................................................... 111
24. നന്മനിറഞ്ഞവൾ ..................................................................... 114
25. സ്ത്രീയേ എനിക്കും നിനക്കും എന്ത്? ............................ 118
26. മഗ്ദലേനാ വേശ്യയോ? ...................................................... 122
27. അന്തിക്രിസ്തു ............................................................................ 126
28. ജീവൻ മരിക്കുമോ? ............................................................... 134
29. ബലഹീനതയിൽ ശക്തി ...................................................... 139
30. സ്ത്രീക്കു രക്ഷ പ്രസവത്തിലൂടെയോ? .......................... 141
31. വെളിപാടുപുസ്തകത്തിലെ സ്ത്രീ................................. 143
32. വിശുദ്ധരോടുള്ള ഭക്തി ......................................................... 151
33. വിഗ്രഹാരാധനയും പ്രതിമാവണക്കവും ....................... 153
34. വിഗ്രഹാർപ്പിത ഭക്ഷണം .................................................... 161
35. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന ............................. 167
36. മരിച്ചവരുടെ മാമ്മോദീസാ.................................................. 172

# 1. ബൈബിളിൽ തെറ്റോ?

*പി.ഒ.സി. ബൈബിളിൽ വളരെയേറെ തെറ്റുകൾ ഉണ്ടെന്ന് ബ. കാരിമറ്റത്തിലച്ചൻ പറഞ്ഞതായി ഒരു മാസികയിൽ എഴുതിയിരിക്കുന്നതു കണ്ടു. ആരോപണത്തിൽ കഴമ്പുണ്ടോ? ഉണ്ടെങ്കിൽ അച്ചൻകൂടി എഡിറ്ററായിരുന്ന ബൈബിളിൽ എന്തേ ഇങ്ങനെ സംഭവിച്ചു?*

വളരെയേറെ പ്രാധാന്യവും പ്രസക്തിയുമുള്ള ഒരു വിഷയത്തിലേക്കാണ് ചോദ്യകർത്താവ് വിരൽചൂണ്ടിയിരിക്കുന്നത്. കേരളകത്തോലിക്കാസഭയുടെ ഔദ്യോഗികാംഗീകാരത്തോടെ 1981 ഡിസംബർ 31 ന് പ്രസിദ്ധീകരിച്ചതാണ് പി.ഒ.സി. ബൈബിൾ. കേരളകത്തോലിക്കാസഭയിലെ മൂന്നുറീത്തുകളുടെയും പൊതുസ്ഥാപനമാണ് പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി). ആ സ്ഥാപനം മുൻകൈയെടുത്തു തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിനാൽ മറ്റു മലയാളം വിവർത്തനങ്ങളിൽനിന്ന് വേർതിരിച്ചറിയാൻ വേണ്ടിയാണ് പി.ഒ.സി. ബൈബിൾ എന്നു പറയുന്നത്. ഈ വിവർത്തനത്തിൽ തെറ്റുകൾ വന്നിട്ടുണ്ട് എന്നു ഞാൻ പരസ്യമായി പറഞ്ഞതായിട്ടാണ് ആരോപണം. ഈ ആരോപണം മുഴുവനായും നിരാകരിക്കുന്നില്ല. എന്നാൽ എന്താണ് ഞാൻ പറഞ്ഞതിന്റെ അർത്ഥമെന്ന് വിശദീകരിക്കുക ആവശ്യമാണെന്നു തോന്നുന്നു.

1981 ൽ പ്രസിദ്ധീകരിച്ച ആദ്യപതിപ്പിന്റെ പ്രസ്താവനയിൽ കെ.സി. ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ വടക്കുമ്പാടൻ ഇപ്രകാരം എഴുതിച്ചേർത്തിരുന്നു. "തുടർന്ന് ഞങ്ങൾക്കു ലഭിക്കുന്ന നിർദ്ദേശങ്ങൾ അടുത്ത പതിപ്പിൽ പരിഗണിക്കുന്നതാണ്." 1986 ൽ പ്രസിദ്ധീകരിച്ച രണ്ടാംപതിപ്പിന്റെ

പ്രസ്താവനയിൽ ഫാ. സെബാസ്റ്റ്യൻ ഇപ്രകാരം എഴുതി: "ഒന്നാം പതിപ്പിൽ വന്ന അപാകതകൾ നിവാരണം ചെയ്യാൻ വളരെയേറെ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്.............. തുടർന്നും നിർദ്ദേശങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്.........."

2001 ലെ മൂന്നാംപതിപ്പിന്റെ പ്രസ്താവനയിൽ പുതിയ സെക്രട്ടറി ഫാ. സൈറസ് വേലമ്പറമ്പിൽ എഴുതിയിരിക്കുന്നതും ശ്രദ്ധേയമാണ്: "മുൻപതിപ്പിലെ അച്ചടിപിശകുകളും ഭാഷാപരമായ പല പ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ട്". ബൈബിളിന്റെ പ്രസിദ്ധീകരണത്തിൽ ചില അപാകതകളും തെറ്റുകളും സംഭവിച്ചിട്ടുണ്ടെന്ന് ഔദ്യോഗികമായിത്തന്നെ അംഗീകരിക്കുകയും അവ തിരുത്താൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട് എന്നാണല്ലോ ഈ പ്രസ്താവനകൾ വ്യക്തമാക്കുന്നത്. അപ്പോൾ ഞാൻ നടത്തി എന്നു പറയുന്ന ഒരു പ്രസ്താവന എടുത്തുകാട്ടി എനിക്കെതിരേ യുദ്ധത്തിനു വരുന്നതിന്റെ പ്രസക്തി മനസിലാകുന്നില്ല. എന്നാലും തെറ്റുകളോടെ എന്തിനു ബൈബിൾ പ്രസിദ്ധീകരിച്ചു, തുടർന്നും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു, എന്ന ചോദ്യത്തിന് ഉത്തരം നല്കിയേ മതിയാകൂ.

ബൈബിളിന്റെ പ്രാധാന്യത്തെക്കുറിച്ചു പറയുമ്പോൾ അവശ്യം ഓർത്തിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഏകദേശം രണ്ടായിരം വർഷങ്ങൾക്കുമുമ്പ്, നമുക്ക് ഇന്ന് അപരിചിതമായ ഹീബ്രു, ഗ്രീക്ക് മൂലഭാഷകളിൽ രചിക്കപ്പെട്ട ഒരു ഗ്രന്ഥസമാഹാരമാണ് ബൈബിൾ. ഈ പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ആ സമാഹാരത്തിന്റെ രചന ഏതാണ്ട് ആയിരം വർഷം കൊണ്ടാണു പൂർത്തിയായത്. ദൈവത്തിന്റെ പ്രത്യേക നിവേശനവും സഹായവും ലഭിച്ച വ്യക്തികളാണ് ഈ ഗ്രന്ഥങ്ങൾ രചിച്ചത്. അതിനാൽ അവ ദൈവനിവേശിതങ്ങളാണ്. ദൈവത്തെയും മനുഷ്യരക്ഷയെയും സംബന്ധിച്ച്, തെറ്റില്ലാത്ത പ്രബോധനങ്ങൾ നല്കുന്ന ഗ്രന്ഥമാണ് ബൈബിൾ. അതിനാൽ ബൈബിളിൽ തെറ്റുണ്ട് എന്നു പറയുന്നത് ആശയക്കുഴപ്പത്തിന് ഇടയാക്കുന്നതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ദൈവനിവേശനവും അപ്രമാദിത്വവും മൂലഗ്രന്ഥത്തിനു മാത്രമേയുള്ളൂ എന്ന വസ്തുത വിസ്മരിക്കാനാവില്ല. പക്ഷേ മൂലഗ്രന്ഥങ്ങളുടെ ആദ്യകയ്യെഴുത്തു പ്രതികൾ ലഭ്യമല്ല എന്നതാണ് യാഥാർത്ഥ്യം. അനേകംതവണ പകർത്തിയെഴുതിയതിന്റെ പകർപ്പുകൾ മാത്രമാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്നത്.

നൂറ്റാണ്ടുകളുടെ കാലാന്തരമുള്ള കയ്യെഴുത്തു പ്രതികളിൽത്തന്നെ ചെറിയ വ്യത്യാസങ്ങൾ കാണാം. ചില പുരാതന കയ്യെഴുത്തുപ്രതികൾ കുറെയെല്ലാം കേടുകൾ സംഭവിക്കുകയും ചില ഭാഗങ്ങളെങ്കിലും വായിക്കാൻ പറ്റാത്തവിധം അവ്യക്തമായിപ്പോകുകയും ചെയ്തിട്ടുണ്ട്. പല സങ്കീർത്തനങ്ങളും ഉദാഹരണങ്ങളാണ്. ഈ സാഹചര്യത്തിൽ മൂലഗ്രന്ഥം അഥവാ ഗ്രന്ഥകർത്താവ് എഴുതിയ ആദ്യപതിപ്പ് ഏതാണെന്നു നിർണ്ണയിക്കുക ശ്രമകരമായൊരു ജോലിയാണ്. "പാഠനിർണ്ണയശാസ്ത്രം" (textual criticism) എന്നൊരു ശാസ്ത്രശാഖതന്നെ ഇതിനായി പ്രവർത്തിക്കുന്നുണ്ട്. ലഭ്യമായ കയ്യെഴുത്തു പ്രതികൾ സസൂക്ഷ്മം പരിശോധിച്ചാണ് പാഠനിർണ്ണയം നടത്തുക. പുരാവസ്തു ഗവേഷകർ പുതുതായി കണ്ടെത്തുന്ന പുരാതന കയ്യെഴുത്തു പ്രതികൾ ഈ പാഠനിർണ്ണയത്തിനു സഹായിക്കും. മൂലഭാഷയെ സംബന്ധിച്ച ഈ പ്രശ്നം വിവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ സങ്കീർണ്ണമാകുന്നു.

ആദ്യഗ്രന്ഥകർത്താവ് എഴുതിയത് എന്താണെന്നു നിർണ്ണയിച്ചതിനുശേഷം എന്താണ് ഗ്രന്ഥകാരൻ പറയാൻ ഉദ്ദേശിക്കുന്നത് എന്ന് ആനുകാലികവായനക്കാർക്ക് സുഗ്രാഹ്യമായ വിധത്തിൽ മൊഴിമാറ്റം നടത്തുകയാണ് വിവർത്തകർ ചെയ്യുന്നത്. ഇവിടെ വിവർത്തകർ പല പ്രശ്നങ്ങളും നേരിടുന്നു. ആദ്യഗ്രന്ഥകർത്താവ് ഉദ്ദേശിച്ചതും അതിലൂടെ ദൈവം അറിയിക്കാൻ ആഗ്രഹിക്കുന്നതുമായ അർത്ഥം എന്തെന്നു കണ്ടെത്തുകയാണ് ആദ്യത്തെ പ്രശ്നം. ഇതിന് ബൈബിൾ വ്യാഖ്യാനത്തിന്റെ വിവിധനിയമങ്ങൾ പരിഗണിക്കേണ്ടതുണ്ട്. ഗ്രന്ഥകാരൻ ഉദ്ദേശിച്ച അർത്ഥം ആനുകാലിക ഭാഷയിലേക്കു പരിവർത്തനം ചെയ്യുമ്പോൾ പല അപാകതകളും സംഭവിക്കാം. മൂലഭാഷയിലെ ഒരു വാക്കിന് പല ധ്വനികളും അർത്ഥസൂചനകളും ഉണ്ടാവാം. അതെല്ലാം പ്രകടിപ്പിക്കാൻ കഴിയുന്ന വാക്കുകൾ വിവർത്തകന്റെ ഭാഷയിൽ ഉണ്ടാകണമെന്നില്ല. അപ്പോൾ ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കേണ്ടി വരുന്നു; മറ്റു പല ധ്വനികളും ഇതിലൂടെ നഷ്ടപ്പെടുന്നു.

പഴയനിയമത്തിൽ വളരെ പ്രാധാന്യമുള്ള ഒരു വാക്കാണ് ഹെസെദ്. ഈ ഹീബ്രുവാക്കിന് സ്ഥിരസ്നേഹം, അചഞ്ചല സ്നേഹം, ഉടമ്പടിയിലൂടെ ദൈവം ഉറപ്പുനില്കിയിരിക്കുന്ന സ്നേഹസംരക്ഷണം,ഒരിക്കലും കുറവുവരാത്ത വിശ്വസ്തത, ആർദ്രമായ സ്നേഹം, കരുണ, കൃപ എന്നൊക്കെ അർത്ഥമുണ്ട്.

ഇതിൽ ഏതാണ് വിവർത്തകൻ സ്വീകരിക്കുക? ഏലോഹിം എന്ന ഹീബ്രുവാക്ക് ഒരു ബഹുവചനമാണ്. അതിനാൽ ദൈവങ്ങൾ എന്നത്രേ അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യേണ്ടത്. പക്ഷേ അതു വലിയ തെറ്റിദ്ധാരണയ്ക്ക് കാരണമാകും എന്നതിനാൽ ദൈവം എന്ന് ഏകവചനത്തിൽ വിവർത്തനം ചെയ്യുന്നു. പക്ഷേ അർത്ഥം പൂർണ്ണമായും പ്രകടമാക്കാൻ ഇത് അപര്യാപ്തമാകുന്നു. വിവർത്തകർ നേരിടുന്ന പ്രശ്നങ്ങളാകുന്ന മഞ്ഞുമലയുടെ ഉച്ചി മാത്രമാണിത്. അതുപോലെ അനേകം പ്രശ്നങ്ങൾ ഉണ്ട്. അതിനാൽത്തന്നെ ഒരു വിവർത്തനവും, അത് ഏതുഭാഷയിലേക്കുള്ളതാണെങ്കിലും, പൂർണ്ണമല്ല. ദൈവനിവേശനവും അപ്രമാദിത്വവും മൂലഭാഷയിലെ മൂലഗ്രന്ഥത്തിനു മാത്രമേ അവകാശപ്പെടാനാകൂ. മൂലഗ്രന്ഥത്തോടു വിശ്വസ്തത പാലിക്കുന്നതിന് ആനുപാതികമായി മാത്രമേ വിവർത്തനങ്ങൾക്ക് ഈ ഗുണങ്ങളുണ്ടാകൂ.

ഇപ്പറഞ്ഞത് മലയാളത്തിനു മാത്രമല്ല, എല്ലാ വിവർത്തനങ്ങൾക്കും ബാധകമാണ്. കത്തോലിക്കാസഭയിൽ ഏറ്റംകൂടുതൽ ആധികാരികമായി ഉപയോഗിക്കുന്ന ഒന്നാണ് "വുൾഗാത്താ" എന്ന പേരിൽ അറിയപ്പെടുന്ന ലത്തീൻ വിവർത്തനം. അനേകം തവണ പരിഷ്ക്കരിച്ച പതിപ്പുകൾ ഇറക്കിയ ഈ വിവർത്തനത്തിന്റെ ഏറ്റം ആധികാരികവും ആനുകാലികവുമായ പതിപ്പ് തയ്യാറാക്കാൻ 15 വർഷം വേണ്ടിവന്നു. 1965 ൽ പോൾ ആറാമൻ മാർപ്പാപ്പയുടെ നിർദ്ദേശപ്രകാരം നിയമിതമായ പരിഷ്ക്കരണ കമ്മിറ്റി 1979 ലാണ് ജോലി പൂർത്തിയാക്കിയത്. അതിനുശേഷം വീണ്ടും പരിഷ്ക്കരണം നടക്കുന്നുണ്ട്. ഇന്ന് ഇംഗ്ലീഷിൽ ഏറ്റം കൂടുതൽ പ്രചാരമുള്ളതും മൂലഗ്രന്ഥത്തോട് ഏറ്റം വിശ്വസ്തമെന്ന് ഖ്യാതിയാർജ്ജിച്ചതും RSV (Revised Standard Version) എന്ന പേരിൽ അറിയപ്പെടുന്ന വിവർത്തനമാണ്. 1611 ൽ പ്രസിദ്ധീകരിച്ച King James Version ന്റെ പരിഷ്ക്കരിച്ച പതിപ്പാണിത്. ഇതുതന്നെ വീണ്ടും അനേകം തവണ പരിഷ്ക്കരിക്കുകയുണ്ടായി. വിവർത്തനങ്ങൾ പരിഷ്ക്കരിക്കുന്നതിന്റെ ആവശ്യത്തിന് ഇതിലേറെ തെളിവുവേണ്ടല്ലോ.

മൂലഗ്രന്ഥത്തിലെ ആശയങ്ങൾ മനസിലാക്കുന്നതിലുണ്ടാകുന്ന വ്യത്യാസങ്ങളും അറിവിന്റെ വളർച്ചയും മാത്രമല്ല വിവർത്തനങ്ങളുടെ പരിഷ്കാരത്തിന് പ്രേരിപ്പിക്കുന്നത്. സംസാരഭാഷകളിൽ വളർച്ചയുണ്ടാകും; പദങ്ങൾ പുതിയ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നവയാകും. പദപ്രയോഗങ്ങളിലും ഭാഷാ ശൈലിയിലും മാറ്റ

ങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. അതിനാൽ വിവർത്തനങ്ങൾക്കു പുതിയ പതിപ്പുകൾ അനിവാര്യമായിത്തീരുന്നു.

ഇനി പി.ഒ.സി. ബൈബിളിന്റെ കാര്യമെടുക്കാം. പ്രസ്താവനയിൽ കൊടുത്തിരിക്കുന്നതനുസരിച്ച് 1978 ലാണ് പഴയനിയമത്തിന്റെ വിവർത്തനത്തിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചത്. 1981 ഡിസംബറിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ബൃഹത്തായ ഒരു സംരംഭം ഇത്ര കുറഞ്ഞ കാലംകൊണ്ടു പൂർത്തിയാക്കിയപ്പോൾ തീർച്ചയായും അതിന്റേതായ അപാകതകൾ പ്രതീക്ഷിക്കാം. കഴിയുന്നത്രവേഗം ഒരു മലയാളപതിപ്പു തയ്യാറാക്കാനുള്ള തീവ്രശ്രമത്തിലായിരുന്നു വിവർത്തകർ. തങ്ങൾക്കു കഴിയുന്നത്ര ആത്മാർത്ഥമായി അവർ അധ്വാനിച്ചു; മൂലഗ്രന്ഥത്തോടു വിശ്വസ്തത പാലിക്കാൻ ശ്രമിച്ചു. എന്നാൽ എല്ലാ പുസ്തകങ്ങളും പുസ്തകങ്ങളിലെ ഓരോവാക്യവും വാക്കും കണിശമായി അപഗ്രഥിച്ചുപഠിച്ചതിനു ശേഷമല്ല ഈ വിവർത്തനം പൂർത്തിയാക്കിയത്; അങ്ങനെ വിശദമായൊരു പഠനം സാധ്യവുമായിരുന്നില്ല. അതിനാൽ ഓരോ ബൈബിൾ ഭാഗവും വിശദമായി പഠിക്കുമ്പോൾ വിവർത്തനത്തിൽ ചില തിരുത്തലുകൾ ആവശ്യമാണെന്നു കാണാം. അങ്ങനെ ചില വാക്കുകളെക്കുറിച്ചാണ് ഞാൻ ഒരു പ്രസംഗമധ്യേ പരാമർശിച്ചത്.

പി.ഒ.സി. ബൈബിൾ തെറ്റുകളുടെ ഒരു സമാഹാരമാണെന്നോ ആരെയെങ്കിലും വഞ്ചിക്കാനായി വിവർത്തകർ മനഃപ്പൂർവ്വം തെറ്റുകൾ എഴുതി വച്ചെന്നോ ഒന്നും ഇതിന് അർത്ഥമില്ല. വിശ്വാസികൾക്ക് ഏതെങ്കിലും രീതിയിലുള്ള ഇടർച്ചയ്ക്കോ അബദ്ധങ്ങളുടെ പ്രചാരണത്തിനോ വിവർത്തനത്തിലെ അപാകതകൾ കാരണമാകുന്നുമില്ല.

സുദീർഘമായ 25 വർഷങ്ങൾക്കുശേഷം പി.ഒ.സി. ബൈബിളിന്റെ പരിഷ്ക്കരിച്ച ഒരു പുതിയ പതിപ്പു തയ്യാറാക്കാനുള്ള ശ്രമം വീണ്ടും ആരംഭിച്ചിട്ടുണ്ട് എന്നതു സന്തോഷകരമാണ്. മൂലഗ്രന്ഥത്തിന്റെ വിശദമായ പഠനം നടത്താൻ മൂലഭാഷയിലും, വിവർത്തനവും ബൈബിൾ വ്യാഖ്യാനവുമായി ബന്ധപ്പെട്ട ഇതര ശാസ്ത്രശാഖകളിലും പ്രാവീണ്യവും ഇരുന്നു ജോലിചെയ്യാൻ വേണ്ട ക്ഷമയും സ്ഥിരതയും ആവശ്യമാണ്.

# 2. ആദാം അമർത്യനോ?

*"അനന്തരം അവിടുന്ന് പറഞ്ഞു: മനുഷ്യനിതാ നന്മയും തിന്മയും അറിഞ്ഞ് നമ്മിൽ ഒരുവനെപ്പോലെ ആയിരിക്കുന്നു. ഇനി അവൻ കൈനീട്ടി ജീവന്റെ വൃക്ഷത്തിൽനിന്നുകൂടി പറിച്ചുതിന്ന് അമർത്യനാകാൻ ഇടയാകരുത്. കർത്താവ് അവരെ ഏദേൻ തോട്ടത്തിനു പുറത്താക്കി" (ഉൽപ 3,22–23).*

*വിലക്കപ്പെട്ട കനി ഭക്ഷിച്ച മനുഷ്യൻ ജീവന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിച്ച് അമർത്യനാകാൻ ശ്രമിച്ചേക്കാം എന്നു കരുതിയാണ് ദൈവം ആദ്യമനുഷ്യനെ പറുദീസായിൽനിന്നു പുറത്താക്കിയത് എന്നു പറയുമ്പോൾ ന്യായമായും ഒരു ചോദ്യം ഉയരുന്നു. ആദ്യമനുഷ്യൻ മരണമുള്ളവനായിട്ടാണോ സൃഷ്ടിക്കപ്പെട്ടത്? ജീവന്റെ വൃക്ഷത്തിൽനിന്നു പറിച്ചുതിന്ന് അമർത്യനാകാൻ ശ്രമിച്ചേക്കാം എന്ന ദൈവത്തിന്റെ സ്വഗതത്തിൽ ഇങ്ങനെ ഒരു സൂചന ഉള്ളതായി തോന്നാം. എന്തായിരുന്നു ആദ്യമനുഷ്യന്റെ അവസ്ഥ? അവൻ സൃഷ്ടിക്കപ്പെട്ടത് സ്വഭാവേന മരണമുള്ളവനായിട്ടോ അതോ അമർത്യനായിട്ടോ?*

മരണത്തെയും അമർത്യതയേയും കുറിച്ചു പറയുമ്പോൾ രണ്ടു തരത്തിലുള്ള മരണവും അമർത്യതയും പരിഗണിക്കേണ്ടതുണ്ട്. ബൈബിളിൽ മനുഷ്യന്റെ ജീവനെക്കുറിച്ചു പറയുമ്പോൾ മുഖ്യമായും ദൈവത്തോടൊന്നിച്ചുള്ള ജീവനെയാണ് വിവക്ഷിക്കുന്നത്. ദൈവത്തോടൊന്നിച്ചു ജീവിക്കുക, ദൈവികജീവനിൽ പങ്കുചേരുക എന്നൊക്കെ പറയുന്നതിന്റെ ഒരു പ്രതീകമാണ് പറുദീസായിലെ ജീവിതം. ഇതിനെ "ആത്മീയ ജീവൻ" എന്നു വിശേഷിപ്പിക്കാം. നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിച്ചാൽ മനുഷ്യൻ മരിക്കും എന്നു പറയുമ്പോൾ മുഖ്യമായും ഈ ആത്മീയ

ജീവനെയാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെയാവണമല്ലോ വിലക്കപ്പെട്ട കനി ഭക്ഷിച്ചിട്ടും ആദവും ഹവ്വായും ഉടനെ മരിക്കാതിരുന്നത്.

ഇതിൽനിന്നു വ്യത്യസ്തമാണ് ശാരീരികജീവൻ. പൊടിയിൽ നിന്നെടുക്കപ്പെട്ട മനുഷ്യശരീരം ഭൗതികമാണ്. ഭൗതികനായ മനുഷ്യൻ സ്വഭാവത്താൽതന്നെ മർത്യനാണ് എന്ന നിഗമനം തികച്ചും യുക്തിക്കു നിരക്കുന്നതാണ്. പദാർത്ഥങ്ങളെല്ലാം അഴിയും; ഭൗതികമായത് നിത്യമല്ല. തന്നെയുമല്ല, ശാരീരികമായ മരണം ഇല്ലായിരുന്നെങ്കിൽ നിരന്തരം ജനിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരുടെ അവസ്ഥ എന്താകുമായിരുന്നു! ഒന്നുകിൽ മരണവുമില്ല, ജനനവുമില്ല. അല്ലെങ്കിൽ ശാരീരികജനനമുണ്ടെങ്കിൽ മരണവുമുണ്ട് എന്നതാണ് യുക്തി. അതിനാൽ ദൈവം സൃഷ്ടിച്ച ആദ്യമനുഷ്യൻ മർത്യനായിരുന്നു എന്ന നിഗമനമാണ് കൂടുതൽ യുക്തിസഹം എന്നു തോന്നും. അപ്പോൾ കല്പനയുടെ ലംഘനം വഴിയുണ്ടാകുന്ന മരണം ശാരീരികമല്ല, ആത്മീയമാണ്; അഥവാ ദൈവകല്പനയുടെ ലംഘനംവഴി മനുഷ്യന് നഷ്ടപ്പെട്ടത് ശാരീരികജീവനല്ല, ദൈവികജീവനാണ് എന്നു വരുന്നു. ഇതിനെ പ്രസാദവരത്തിന്റെ നഷ്ടം എന്നു വിശേഷിപ്പിക്കാം.

പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നാവുന്ന ഈ നിഗമനത്തിനെതിരേ അനേകം ബൈബിൾ വാക്യങ്ങൾ നിരത്താനാവും. "ദൈവം മനുഷ്യനെ അനശ്വരതയ്ക്കുവേണ്ടി സൃഷ്ടിച്ചു; തന്റെ അനന്തതയുടെ സാദൃശ്യത്തിൽ നിർമ്മിച്ചു. പിശാചിന്റെ അസൂയ നിമിത്തം മരണം ലോകത്തിൽ പ്രവേശിച്ചു. അവന്റെ പക്ഷക്കാർ അതനുഭവിക്കുന്നു" (ജ്ഞാനം 2,23-24). ഇവിടെ ശാരീരികമായ മരണത്തെയാണോ സൂചിപ്പിക്കുന്നത് എന്നു സംശയിക്കണം. പിശാചിന്റെ അസൂയമൂലം പ്രവേശിച്ച മരണം അവന്റെ പക്ഷക്കാർ മാത്രമാണ് അനുഭവിക്കുന്നതെങ്കിൽ ശാരീരികമരണമാണ് വിവക്ഷിക്കുന്നത് എന്നു പറയാനാവുമോ? പിശാചിന്റെ പക്ഷം ചേരാത്ത വിശുദ്ധരും ശാരീരികമായി മരിക്കുന്നുണ്ടല്ലോ? അപ്പോൾ അനശ്വരത എന്നത് ഭൗതികശരീരത്തിന്റെ ഒരു സ്വഭാവമായിരുന്നു എന്നു പറയാനാവുമോ?

"ജീവിതത്തിലെ തെറ്റുകൾകൊണ്ട് മരണത്തെ ക്ഷണിച്ചുവരുത്തരുത്; സ്വന്തം പ്രവൃത്തികൊണ്ട് നാശത്തെയും. ദൈവം മര

ണത്തെ സൃഷ്ടിച്ചില്ല; ജീവിക്കുന്നവരുടെ മരണത്തിൽ അവിടുന്ന് ആഹ്ലാദിക്കുന്നുമില്ല. നിലനില്ക്കാൻ വേണ്ടിയാണ് അവിടുന്ന് എല്ലാം സൃഷ്ടിച്ചത്. സൃഷ്ടികളെല്ലാം ആരോഗ്യമുള്ളവയാണ്. മാരകവിഷം അതിലില്ല" (ജ്ഞാനം 1,12-14). മനുഷ്യന്റെ പാപം മൂലമാണ് മരണം ഉണ്ടായത്, അതു ദൈവത്തിന്റെ സൃഷ്ടിയല്ല, എന്ന് ഏറ്റം വ്യക്തമായി പഠിപ്പിക്കുന്ന ഒരു ബൈബിൾവാക്യമാണിത്. എന്നാൽ ഇവിടെയും ഒരു ചോദ്യം ഉയരുന്നു. ഭൗതികവസ്തുക്കളും ജീവികളും എല്ലാം എന്നേക്കും നിലനിൽക്കുന്നതിനുവേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടത്? സസ്യ-പക്ഷി-മൃഗ ലോകങ്ങളിൽ ഒന്നും ഒരിക്കലും മരിക്കാതെ ജീവനിൽ തുടരണം എന്നതായിരുന്നു ദൈവികപദ്ധതി എന്നു പറയാനാവുമോ?

പാപവും മരണവും തമ്മിലുള്ള കാര്യ-കാരണബന്ധം യാക്കോബിന്റെ ലേഖനത്തിൽ കാണാം. "ദുർമ്മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു" (യാക്കോ 1,15). മരണത്തിന്റെ കാരണം പാപമാണെന്ന് ഇവിടെയും ഊന്നിപ്പറയുന്നു. എന്നാൽ ശാരീരിക മരണമാണോ അതോ ആത്മീയ മരണമാണോ, അതോ രണ്ടും കൂടിയാണോ ലേഖനകർത്താവ് വിവക്ഷിക്കുന്നതെന്നു തീർത്തു പറയാനാവില്ല.

മരണത്തിന്റെ ആവിർഭാവത്തെക്കുറിച്ച് വി. പൗലോസാണ് ഏറ്റം വ്യക്തമായ പഠനം നല്കുന്നത്: "ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപംചെയ്തുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു" (റോമാ 5,12). ആദാം എന്ന ആദ്യമനുഷ്യന്റെ പാപംമൂലമാണ് മരണം ലോകത്തിൽ പ്രവേശിച്ചതെന്നും ആദിപിതാവായ ആദാമിന്റെ സ്വഭാവത്തിൽ പങ്കുചേരുന്നവരെല്ലാം മരണവിധേയമായ മനുഷ്യപ്രകൃതിയിൽ പങ്കുചേരുന്നതിനാൽ മരിക്കുന്നു എന്നും പറയുമ്പോൾ ശാരീരികമായ മരണമാണോ അപ്പസ്തോലൻ ഉദ്ദേശിക്കുന്നത്? എങ്കിൽ ആദാമിന്റെ പാപം പരിഹരിച്ച യേശുവിന്റെ മരണത്തോടെ ശാരീരികമായ മരണവും അവസാനിക്കണമല്ലോ? എന്നാൽ ശാരീരികമരണം എന്ന യാഥാർത്ഥ്യം ഇന്നും നിലനില്ക്കുന്നു. അപ്പോൾ ആത്മീയതലത്തിലല്ലേ അപ്പസ്തോലന്റെ വാക്കുകൾ മനസ്സിലാക്കേണ്ടത്? ആദാമിന്റെ പാപംമൂലം മനുഷ്യനു

നഷ്ടമായ ദൈവികജീവൻ രണ്ടാം ആദമായ യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവും വഴി മനുഷ്യവർഗ്ഗത്തിനു നല്കപ്പെടുന്നു. എന്നാൽ ആത്മീയമായ മരണത്തെ മാത്രമല്ല, ശാരീരികമരണത്തെയും ഉദ്ദേശിക്കുന്നു എന്ന് പൗലോസിന്റെ മറ്റു ലേഖനഭാഗങ്ങളിൽ കാണാം.

മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചു പഠിപ്പിക്കുമ്പോൾ ശരീരങ്ങളുടെ പുനരുത്ഥാനത്തെയാണ് വിവക്ഷിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. അവസാനദിവസം എല്ലാവരും ഉയിർപ്പിക്കപ്പെടും. അപ്പോൾ മരണം പരിപൂർണ്ണമായി പരാജയപ്പെടും. അഥവാ മരണം തന്നെ ഇല്ലാതാകും. "അവസാനകാഹളം മുഴങ്ങുമ്പോൾ നാമെല്ലാവരും കണ്ണിമയ്ക്കുന്നത്ര വേഗത്തിൽ രൂപാന്തരപ്പെടും........... മരിച്ചവർ അക്ഷയരായി ഉയിർക്കുകയും .................മരണത്തെ വിജയം ഗ്രസിച്ചു എന്നെഴുതപ്പെട്ടത് യാഥാർത്ഥ്യമാകും. മരണമേ നിന്റെ വിജയം എവിടെ?" (1 കോറി 15,52-55). ശരീരങ്ങളുടെ പുനരുത്ഥാനവും രൂപാന്തരീകരണവും യേശുവിലൂടെ കൈവന്ന രക്ഷയുടെ പൂർത്തീകരണമാണ്. ഇവിടെ മരണവും ഉത്ഥാനവും ശാരീരികതലത്തിലും മനസ്സിലാക്കണം. രക്ഷാചരിത്രത്തിന്റെ ലക്ഷ്യംതന്നെ ഈ പുനരുത്ഥാനവും മനുഷ്യപ്രകൃതിയുടെ സമ്പൂർണ്ണനവീകരണവുമാണല്ലോ.

കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനവും ആദ്യമനുഷ്യന്റെ അമർത്യത എടുത്തു പറയുന്നുണ്ട്. പാപംമൂലമാണ് മരണം ലോകത്തിലേക്കു കടന്നുവന്നത് എന്ന ബൈബിളിന്റെ പഠനത്തെ വ്യക്തമാക്കുന്നതാണ് സഭയുടെ പ്രബോധനം. "പാപം ചെയ്യാതിരുന്നെങ്കിൽ ഇല്ലാതിരിക്കുമായിരുന്ന ശാരീരിക മരണത്തിന് ഉദ്ഭവപാപത്തിന്റെ ഫലമായി മനുഷ്യൻ വിധേയനാകേണ്ടിയിരിക്കുന്നു" (CCC 1018) സഭ ആധുനികലോകത്തിൽ എന്ന പ്രമാണരേഖയിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് ആവർത്തിച്ചുറപ്പിച്ച പ്രബോധനമാണിത്. "പാപം ചെയ്തില്ലായിരുന്നെങ്കിൽ ശാരീരികമരണം തന്നെ ഉണ്ടാകുമായിരുന്നില്ല" (GS 18). മനുഷ്യരിൽ അനശ്വരജീവന്റെ ബീജം ദൈവം നിക്ഷേപിച്ചിട്ടുണ്ടെന്നും അതിനാൽ മരണമെന്ന യാഥാർത്ഥ്യത്തോട് ഒരു തലത്തിലും പൊരുത്തപ്പെടാൻ മനുഷ്യനു സാധിക്കുകയില്ല എന്നും കൗൺസിൽ പിതാക്കന്മാർ എടുത്തുപറയുന്നു. നാം കണ്ടുകഴിഞ്ഞ ബൈബിൾ

ഭാഗങ്ങളാണ് (ജ്ഞാനം 1,13; 2,22-24; റോമാ 5,21; 6,23; യാക്കോ 1,15) കൗൺസിൽ രേഖ എടുത്തുകാട്ടുന്നത്. പാപം മൂലമാണ് മരണം ലോകത്തിലേക്കു പ്രവേശിച്ചത് എന്നും ആ മരണം ശാരീരികമരണത്തെയും കൂടി വിവക്ഷിക്കുന്നു എന്നും പിതാക്കന്മാർ പഠിപ്പിക്കുന്നു. അപ്പോൾ ആദിമനുഷ്യനായ ആദാം അമർത്യനായിട്ടാണ് സൃഷ്ടിക്കപ്പെട്ടത് എന്നാണോ സഭയുടെ ഔദ്യോഗിക പ്രബോധനം?

സാർവ്വത്രിക സഭയുടെ മതബോധനഗ്രന്ഥം ഈ വിഷയത്തിൽ സുപ്രധാനമായൊരു വിശദീകരണം നല്കുന്നുണ്ട്: "മരണം പാപത്തിന്റെ ഫലമാണ്. മരണം മനുഷ്യന്റെ പാപംമൂലം ലോകത്തിൽ പ്രവേശിച്ചുവെന്ന്, വിശുദ്ധലിഖിതത്തിന്റെയും പാരമ്പര്യത്തിന്റെയും യഥാർത്ഥ വക്താവ് എന്ന നിലയിൽ സഭയുടെ പ്രബോധനാധികാരം പഠിപ്പിക്കുന്നു. ***മനുഷ്യന്റെ പ്രകൃതി മരണാത്മകമാണെങ്കിലും*** അവൻ മരിക്കരുതെന്നായിരുന്നു ദൈവനിയോഗം (CCC 1008). തെന്ത്രോസ് സൂനഹദോസിന്റെ പഠനം ആവർത്തിച്ചുകൊണ്ടാണ് കൗൺസിൽ പിതാക്കന്മാർ ഈ പ്രബോധനം നല്കുന്നത്.

മനുഷ്യപ്രകൃതി അതിൽത്തന്നെ അമർത്യമായിരുന്നില്ല. എന്നാൽ മനുഷ്യന് അമർത്യത നല്കാൻ ദൈവം ആഗ്രഹിച്ചിരുന്നു. മനുഷ്യൻ അമർത്യനായി എന്നും തന്നോടൊന്നിച്ചു വസിക്കണം എന്നതായിരുന്നു ദൈവികപദ്ധതി. എന്നാൽ ഈ അമർത്യത ദൈവത്തോടും അവിടുത്തെ കല്പനകളോടും ഉള്ള വിധേയത്വത്തിലൂടെ മനുഷ്യൻ നേടിയെടുക്കണം എന്നതായിരുന്നു ദൈവികപദ്ധതി. അതിനാലാണ് നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിക്കരുത്, ഭക്ഷിക്കുന്ന ദിവസം നീ മരിക്കും (ഉൽപ 2,17) എന്ന് ആദാമിനോടു ദൈവം കല്പിച്ചത്. ഈ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ആദി മനുഷ്യനെ സംബന്ധിച്ച് മരണവും അമർത്യതയും രണ്ടു സാധ്യതകളായി നിലനിന്നു. ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാം. ദൈവത്തെ അനുസരിച്ചാൽ അമർത്യത; ധിക്കരിച്ചാൽ മരണം.

അപ്പോൾ ആദിമനുഷ്യന്റെ അവസ്ഥയെ ഒരു പരീക്ഷണഘട്ടമായി കരുതാനാവും. ദൈവത്തോടും അവിടുത്തെ പ്രമാണങ്ങളോടും മനുഷ്യൻ സ്വീകരിക്കുന്ന നിലപാട് ജീവൻ- മരണ

പ്രാധാന്യമുള്ളതായിരുന്നു. അതിനാൽ മരണം ദൈവത്തിന്റെ സൃഷ്ടിയല്ല, മനുഷ്യന്റെ പാപത്തിന്റെ ഫലമാണ് എന്ന പ്രബോധനം കൂടുതൽ വ്യക്തമാകുന്നു. നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കാതിരിക്കുന്നത് ദൈവത്തോടുള്ള അനുസരണം; ഭക്ഷിക്കുന്നത് അനുസരണക്കേട്. ഇവിടെ ഏതെങ്കിലും ഒരു മരമല്ല പ്രധാനം, ആത്യന്തികമായി മനുഷ്യൻദൈവത്തെ അനുസരിക്കുന്നോ ഇല്ലയോ എന്നതാണ്. അതു മനസ്സിലാക്കാൻ സഹായകമാകുന്ന ഒരു പ്രതീകം മാത്രമാണ് മരവും ഫലം ഭക്ഷിക്കലും.

ഉൽപത്തി 2-3 അധ്യായങ്ങളിൽ വിവരിക്കുന്ന സൃഷ്ടി, പറുദീസാ, പാപം, മരണം, പറുദീസാനഷ്ടം എന്നിവയെല്ലാം ഇസ്രായേൽ ചരിത്രത്തിന്റെ വെളിച്ചത്തിൽ രൂപംകൊണ്ട ആദിചരിത്രത്തിന്റെ വിശദീകരണമാണ് എന്നോർക്കുമ്പോൾ മരണത്തെ സംബന്ധിച്ച പ്രബോധനം കൂടുതൽ വ്യക്തമാകും. ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനം എന്നതാണ് ഇസ്രായേൽജനത്തിന്റെ സവിശേഷത. അവർക്കു ലഭിച്ച വാഗ്ദത്തഭൂമി ദൈവികസംരക്ഷണത്തിന്റെയും ദൈവത്തോടൊന്നിച്ചുള്ള വാസത്തിന്റെയും പ്രതീകവും അച്ചാരവുമായിരുന്നു. ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിക്കുന്നിടത്തോളം കാലം മാത്രമേ അവർക്കു വാഗ്ദത്തഭൂമിയിൽ വസിക്കാനാവൂ. ഉടമ്പടി ലംഘിച്ചാൽ ദൈവജനം എന്ന സ്ഥാനം അവർക്കു നഷ്ടപ്പെടും; വാഗ്ദത്തഭൂമിയിൽനിന്നു അവർ നിഷ്കാസിതരാകും. ഇത് ദൈവജനം എന്ന നിലയിലുള്ള അവരുടെ ജീവിതത്തിന്റെ അന്ത്യം കുറിക്കും - അഥവാ മരണമായിരിക്കും.

മരുഭൂമിയിൽവച്ച് ഒരു ജനമായി രൂപീകരിക്കപ്പെട്ട ഇസ്രായേലിനെ ദൈവം വാഗ്ദത്തഭൂമിയിലേക്കു കൊണ്ടുവന്നു താമസിപ്പിച്ചതുപോലെയാണ് ഭൂമിയിലെ പൂഴിയിൽ നിന്നു രൂപംകൊടുത്ത മനുഷ്യനെ പറുദീസായിൽ കുടിയിരുത്തിയത്. ഉടമ്പടിയുടെ പ്രമാണങ്ങൾക്കു സമാനമാണ് അറിവിന്റെ വൃക്ഷത്തെ സംബന്ധിച്ച കല്പന. വാഗ്ദത്തഭൂമിയിലെ വാസം എന്നതുപോലെ പറുദീസാവാസവും ദൈവകല്പനയോടു സ്വീകരിക്കുന്ന നിലപാടിനെ ആശ്രയിച്ചിരിക്കും. ഇവിടെ നിത്യജീവൻ ഒരു സാധ്യതയായി നിലകൊള്ളുന്നു. ഇതാണ് പ്രമാണങ്ങളെ സംബന്ധിച്ച ബൈബിളിന്റെ നിലപാട്. "ഇതാ ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും മരണവും

തിന്മയും വച്ചിരിക്കുന്നു......... ജീവൻ തിരഞ്ഞെടുക്കുക” (നിയ 30,15-20).

ഈ കാഴ്ചപ്പാടിൽ ആദ്യമനുഷ്യനെക്കുറിച്ചുള്ള ബൈബിളിന്റെ പ്രബോധനം കൂടുതൽ വ്യക്തമാകുന്നു. മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ചാണ് ദൈവികവെളിപാടായി വിശുദ്ധഗ്രന്ഥം പ്രതിപാദിക്കുന്നത്. മനുഷ്യന്റെ ഉത്ഭവം ദൈവത്തിന്റെ സൃഷ്ടികർമ്മമാണ്. സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്വഭാവേന മർത്യനായിരുന്നു. എന്നാൽ അവന് അമർത്യത നല്കാൻ ദൈവം പദ്ധതിയിട്ടിരുന്നു. പറുദീസായും മരവും പ്രമാണവുമെല്ലാം ആ പദ്ധതിയുടെ ഭാഗമായിരുന്നു. എന്നാൽ സ്വന്തം ഹിതത്തെ ദൈവഹിതത്തിനുപരിയായികണ്ട മനുഷ്യൻ ദൈവികപദ്ധതിക്കു വിരുദ്ധമായി പ്രവർത്തിച്ചതിനാൽ വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ദൈവികജീവൻ അഥവാ നിത്യജീവൻ അവനു നഷ്ടമായി. ഈ ദൈവികജീവൻ മനുഷ്യനു വീണ്ടും നല്കാനുള്ള ദൈവികപദ്ധതിയാണ് രക്ഷാചരിത്രത്തിലൂടെ ഇതൾ വിടരുന്നത്. “ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവൻ ഉണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്” (യോഹ 10,10). അത് പൂർണ്ണമാകുമ്പോൾ മനുഷ്യശരീരവും അമർത്യമായി മാറും.

യുഗാന്തത്തിൽ സംഭവിക്കാനിരിക്കുന്ന ഈ നവീകരണത്തിൽ മനുഷ്യശരീരം മാത്രമല്ല, സൃഷ്ടപ്രപഞ്ചം മുഴുവൻ പങ്കുചേരും എന്നതാണ് ബൈബിളിന്റെ പഠനം. “സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു............ സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽനിന്നു മോചിതമാവുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും..........” (റോമാ 8,19-25). മനുഷ്യന്റെ പാപംമൂലം ശാപഗ്രസ്തമായ സൃഷ്ടപ്രപഞ്ചം മുഴുവൻ നവീകരിക്കപ്പെടും എന്ന ഈ പ്രബോധനം വെളിപാടു പുസ്തകത്തിൽ ഒരു പ്രവാചകദർശനം പോലെ അവതരിപ്പിച്ചിരിക്കുന്നു: “ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു............. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനി ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി” (വെളി 21,1-4).

കടന്നുപോകുന്ന പഴയ സൃഷ്ടിയുടെ ഭാഗമാണ് മരണം. മനുഷ്യന്റെ പാപംമൂലം കടന്നുവന്ന മരണം രക്ഷാചരിത്രം പൂർത്തി

യാകുമ്പോൾ പൂർണ്ണമായും ഇല്ലായ്മ ചെയ്യപ്പെടും. പാപഗ്രസ്ത മായ മനുഷ്യപ്രകൃതി സമൂലം നവീകരിക്കപ്പെടുമ്പോൾ ശരീരങ്ങൾ മഹത്ത്വപൂർണ്ണമായി ഉയിർത്തെഴുന്നേല്ക്കും. മനുഷ്യൻ എന്നേക്കും ദൈവത്തോടൊന്നിച്ചു വസിക്കും. അങ്ങനെ മനുഷ്യസൃഷ്ടിയിൽ ദൈവം നിശ്ചയിച്ച ലക്ഷ്യം യുഗാന്തത്തിൽ പൂർണ്ണമാകും.

അനുബന്ധമെന്ന രീതിയിൽ ഒരു കാര്യംകൂടി പറഞ്ഞെ ങ്കിലേ ഈ ചർച്ച പൂർണ്ണമാകൂ. ബൈബിളിന്റെ ആദ്യഭാഗമായ പഴ യനിയമം രചിക്കപ്പെട്ടത് ഹീബ്രുഭാഷയിലാണ്. സെമിറ്റിക് ചിന്താ ഗതിയാണ് ആ ഭാഷയിലൂടെ പ്രകടമാകുന്നത്. ആ കാഴ്ചപ്പാടിൽ ആത്മാവും ശരീരവും ചേർന്ന ഒരു മിശ്രിതമല്ല മനുഷ്യൻ. അതു പിന്നീടു വന്ന ഗ്രീക്കു കാഴ്ചപ്പാടാണ്. മനുഷ്യനെ സൂചിപ്പിക്കാൻ മുഖ്യമായും രണ്ടു പദങ്ങളാണ് ബൈബിൾ ഉപയോഗിക്കുന്നത്. ആദ്യത്തേത് *ബാഷാർ*. 'ശരീരം' എന്നു വിവർത്തനം ചെയ്യാം. ബലഹീനവും ക്ഷയോന്മുഖവും മർത്യവുമായ മനുഷ്യന്റെ അവ സ്ഥയെ ആണ് "ബാഷാർ" സൂചിപ്പിക്കുന്നത്. മനുഷ്യനു ശരീരം ഉണ്ട്. എന്നല്ല, മനുഷ്യൻ ശരീരമാണ് എന്നത്രേ ബൈബിൾ പറയു ന്നത്.

രണ്ടാമത്തെ പദം *നെഫെഷ്* ഇതിനെ ജീവൻ എന്നും ആത്മാവ് എന്നും വിവർത്തനം ചെയ്യാറുണ്ട്. മനുഷ്യന്റെ അക്ഷ യവും നിലനില്ക്കുന്നതുമായ അവസ്ഥയെയാണ് നെഫെഷ് സൂചി പ്പിക്കുന്നത്. മണ്ണിൽനിന്നു മെനഞ്ഞെടുത്ത നശ്വരമായ മനുഷ്യശ രീരത്തിലേക്ക് ദൈവം ജീവന്റെ ശ്വാസം നിശ്വസിച്ചപ്പോഴാണ് മനു ഷ്യൻ ജീവനുള്ളവനായിത്തീർന്നത് (ഉൽപ 2,7). ദൈവം ശ്വാസം പിൻവലിക്കുമ്പോൾ മനുഷ്യൻ മണ്ണിലേക്കു മടങ്ങുന്നു (ഉൽപ 3,19). ദൈവികജീവൻ ഉള്ളിടത്തോളം കാലം ശരീരം ജീവിക്കും; ആ ജീവൻ പിൻവലിക്കപ്പെടുമ്പോൾ മനുഷ്യൻ മരിച്ച് മണ്ണിലേക്കു മടങ്ങും. ദൈവകല്പന അനുസരിക്കണം എന്നതാണ് ദൈവിക ജീവൻ നിലനില്ക്കാൻ നല്കിയിരിക്കുന്ന നിബന്ധന. അതിനാൽ ആദ്യമനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് മർത്യനായിട്ടോ അതോ അമർത്യ നായിട്ടോ എന്ന ചോദ്യം തന്നെ അപ്രസക്തമാകുന്നു. ജീവനും അമർത്യതയും ദൈവികദാനമാണ്. അത് മനുഷ്യന്റെ അനുസര ണത്തെ ആശ്രയിച്ചിരിക്കുന്നു.

# 3. സർപ്പത്തിന്റെ തല തകർത്തത് ആർ?

*സർപ്പത്തിന്റെ തലയിൽ ചവിട്ടിനിൽക്കുന്ന സ്ത്രീയായി പ. കന്യകാമറിയത്തെ ചിത്രീകരിച്ചു കാണാറുണ്ട്. എന്താണ് ഇതിന്റെ അർത്ഥം? എന്താണ് ഈ ചിത്രീകരണത്തിന്റെ അടിസ്ഥാനം?*

പരിശുദ്ധ കന്യകാമറിയത്തിന്റെ "അമലോത്ഭവം" എന്ന വിശ്വാസസത്യത്തെ സൂചിപ്പിക്കാൻ കലാകാരന്മാർ ഉപയോഗിക്കുന്ന ഒരു പ്രതീകമാണ് ചോദ്യവിഷയമായ ചിത്രീകരണം. പറുദീസായിലെ പ്രലോഭനം വഴി മനുഷ്യവർഗ്ഗത്തെ പാപത്തിലേക്കു നയിക്കുകയും ദൈവത്തിൽ നിന്നകറ്റി മരണത്തിന് അധീനമാക്കുകയും ചെയ്ത സാത്താന്റെ പ്രതീകമാണ് സർപ്പം. ആ സർപ്പത്തിന്റെ തലയിൽ ചവിട്ടി നില്ക്കുന്നത് സാത്താന്റെമേൽ വിജയം വരിച്ചതിന്റെ അടയാളമാണ്.

പുരാതനകാലത്ത് യുദ്ധത്തിൽ ജയിക്കുന്ന രാജാവ് എതിരാളികളെ തന്റെ മുമ്പിൽ നിലത്തുകിടത്തി, അവരുടെ തലയിൽ ചവിട്ടിക്കൊണ്ടാണ് തന്റെ വിജയം ആഘോഷിച്ചിരുന്നത്. ഈ ആചാരത്തിന്റെ പശ്ചാത്തലത്തിൽ ചിത്രീകരണത്തിന്റെ അർത്ഥം ഗ്രഹിക്കാനാവും. പ. കന്യകാമറിയം ഒരിക്കലും പാപത്തിന്റെ അധീനത്തിലായിരുന്നില്ല എന്നും സാത്താന്റെ മേൽ വിജയം വരിച്ചു എന്നും സൂചിപ്പിക്കുന്ന പ്രതീകമാണിത്.

1854 ഡിസംബർ 8-ാം തിയതി ഒൻപതാം പിയൂസ് മാർപ്പാപ്പാ "അവാച്യനായ ദൈവം" എന്ന ഔദ്യോഗികരേഖയി

ലൂടെ വിശ്വാസസത്യമായി പ്രഖ്യാപിച്ചതാണ് മറിയത്തിന്റെ അമലോത്ഭവം. പ്രഖ്യാപനത്തിന്റെ പ്രസക്തമായ ഭാഗം ഇപ്രകാരമാണ്: "പരിശുദ്ധ കന്യകാമറിയം തന്റെ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ സർവ്വശക്തനായ ദൈവത്തിന്റെ സവിശേഷകൃപയും പരിഗണനയും മാനവരക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകളും മൂലം ഉത്ഭവപാപത്തിന്റെസകലമാലിന്യങ്ങളിൽനിന്നും കാത്തുസൂക്ഷിക്കപ്പെട്ടു." ഈ വിശ്വാസസത്യമാണ് ചോദ്യവിഷയമായ ചിത്രത്തിലൂടെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നത്.

എന്താണ് ഈ ചിത്രീകരണത്തിന്റെ അടിത്തറ എന്ന ചോദ്യം കൂടുതൽ ശ്രദ്ധേയമാണ്. സർപ്പത്തിന്റെ തലയിൽ ചവിട്ടുന്ന ഒരാളെക്കുറിച്ച് ബൈബിളിൽ പ്രതിപാദിക്കുന്നുണ്ട്. "ആദ്യ സുവിശേഷം" എന്നു വിശേഷിപ്പിക്കപ്പെടുന്ന ഉൽപ 3,15 ഇപ്രകാരമാണ്: "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും." മനുഷ്യവർഗ്ഗത്തെ പാപത്തിലേക്കാനയിച്ച സാത്താനുള്ള ശിക്ഷയും സാത്താന്റെ ആധിപത്യത്തിൽനിന്ന് മനുഷ്യന് ദൈവം വാഗ്ദാനം ചെയ്ത മോചനവുമാണ് ഈ പ്രവചനത്തിന്റെ പ്രമേയം. തിന്മയുമായുള്ള പോരാട്ടത്തിൽ ദൈവം മനുഷ്യന്റെ ഭാഗത്തുണ്ടാകുമെന്നും ആത്യന്തികമായ വിജയം മനുഷ്യനു നല്കുമെന്നുമുള്ള ഒരു വാഗ്ദാനമാണിത്. എന്നാൽ ഇവിടെ സർപ്പത്തിന്റെ തലതകർക്കും എന്നു പറയുന്നത് സ്ത്രീയല്ല, സ്ത്രീയുടെ സന്തതിയത്രേ. പിന്നെ സ്ത്രീ എവിടെനിന്നു വന്നു?

ബൈബിൾ മൂലഭാഷകളിൽനിന്ന് അന്നത്തെ സാധാരണ സംസാരഭാഷയായിരുന്നു ലത്തീനിലേക്ക് വിവർത്തനം ചെയ്ത വിജെറോംഈ വാക്യത്തിന്റെ വിവർത്തനത്തിൽ ഒരു വിശദീകരണം ഉൾക്കൊള്ളിച്ചു. സന്തതി തല തകർക്കും എന്നത്. "അവൾ നിന്റെ തല തകർക്കും." എന്നാക്കി. വുൾഗാത്താ എന്നറിയപ്പെടുന്ന വി. ജെറേമിന്റെ ലത്തീൻ വിവർത്തനത്തിലാണ് സർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയെക്കുറിച്ചുള്ള വിവരണത്തിന്റെയും ചിത്രീകരണത്തിന്റെയും തുടക്കം എന്നു തോന്നുന്നു.

ഇപ്രകാരം ഒരു വ്യാഖ്യാനത്തിന് രണ്ടു ന്യായീകരണങ്ങളാണുള്ളത്. 1. അന്നു നിലവിലിരുന്ന വിശ്വാസം. രക്ഷകനായി

മനുഷ്യവതാരം ചെയ്യുന്ന ദൈവപുത്രന്റെ മാതാവ് പാപത്തിന് അധീനയാവാതിരിക്കാൻ ദൈവം മുൻകൂട്ടി നിശ്ചയിക്കുകയും പരിശുദ്ധ അമ്മയെ ഉത്ഭവപാപത്തിൽനിന്നും കാത്തുസൂക്ഷിക്കുകയും ചെയ്തു എന്ന വിശ്വാസം ജെറോമിന്റെ കാലമായ നാലാം നൂറ്റാണ്ടിൽ സഭയിൽ വ്യാപകമായിരുന്നു. 2. സർപ്പത്തിന്റെ തലതകർക്കുന്നത് സ്ത്രീയുടെ സന്തതിയാണെങ്കിലും ആ വിജയത്തിൽ സ്ത്രീയും പങ്കാളിയാണെന്ന് എടുത്തുകാട്ടുക. ആദിമനുഷ്യന്റെ പതനത്തിൽ ആദ്യസ്ത്രീ പങ്കാളിയും കാരണക്കാരിയും ആയതുപോലെ പാപത്തിൽനിന്നുള്ള മനുഷ്യന്റെ മോചനത്തിലും ഒരു സ്ത്രീയുടെ സജീവമായ പങ്കാളിത്തം ഉണ്ട് എന്ന് ഈ പ്രതീകത്തിലൂടെ വ്യക്തമാക്കാൻ കഴിയും. എന്നാലും ഈ വിവർത്തനം മൂലത്തോട് പൂർണ്ണമായും നീതിപുലർത്തുന്നില്ല എന്ന് അംഗീകരിച്ചേ മതിയാവൂ.

"സന്തതി" എന്ന പദം മൂലത്തിൽ മനുഷ്യവർഗ്ഗത്തെ മുഴുവനായോ അല്ലെങ്കിൽ ഒരു പ്രത്യേക വ്യക്തിയേയോ സൂചിപ്പിക്കുന്നതാവാം. ആദ്യത്തെ അർത്ഥത്തിൽ ഒരു സംഘാതപദമായി (collective noun) കണക്കാക്കാം. മനുഷ്യവർഗ്ഗത്തിനു മുഴുവൻ ഒരിക്കൽ സാത്താന്റെ മേൽ വിജയം ലഭിക്കും എന്നാവും അപ്പോൾ സൂചന. ഈ അർത്ഥത്തിൽ "അത്" എന്ന വിവർത്തനമാവും കൂടുതൽ ഉചിതം. എന്നാൽ ആരും ഇങ്ങനെ വിവർത്തനം ചെയ്യാറില്ല. നേരേമറിച്ച്, സർപ്പത്തിന്റെ തലതകർത്ത് മനുഷ്യവർഗ്ഗത്തിനു മുഴുവൻ വിജയം നല്കുന്നത് മിശിഹാ അഥവാ രക്ഷകൻ ആയ ഏകവ്യക്തിയായിരിക്കും എന്ന വ്യാഖ്യാനമാണ് മിക്കവാറും എല്ലാ വിവർത്തനങ്ങളിലും കാണുന്നത്. അതിനാൽ "അവൻ നിന്റെ തല തകർക്കും" എന്ന വിവർത്തനമാണ് മൂലത്തോട് വിശ്വസ്തത പുലർത്തുന്നത്.

ബൈബിളിലെ അവസാനത്തെ പുസ്തകമായ വെളിപാട് 12-ാം അധ്യായത്തിൽ സ്ത്രീയും സർപ്പവും വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. സ്ത്രീ പ്രസവിക്കുന്നു ശിശുവിനെ വിഴുങ്ങാൻ കാത്തുനിന്ന് പരാജയപ്പെട്ട സർപ്പം സത്രീയ്ക്കെതിരേ തിരിഞ്ഞ് അവളെയും അവളുടെ സന്തതികളെയും പീഡിപ്പിക്കുകയും, പീഡിതയായ സ്ത്രീക്ക് ദൈവം മരുഭൂമിയിൽ അഭയസങ്കേതം ഒരുക്കുകയും ചെയ്യുന്നതിന്റെ വിവരണത്തിലും സർപ്പത്തിന്റെ മേൽ സ്ത്രീ വിജയം വരിക്കുന്നതായ സൂചനയുണ്ട്. എന്നാലും യഥാർത്ഥ

വിജയം നേടിയെടുക്കുന്നത് സ്ത്രീയല്ല, സ്ത്രീയിൽനിന്നു ജനിച്ച ശിശുവാണ്, അഥവാ രക്ഷകനായ മിശിഹായാണ്. വെളിപാടുപുസ്തകത്തിലെ സ്ത്രീ ദൈവജനത്തിന്റെ മുഴുവൻ പ്രതീകമായിട്ടാണു നില്ക്കുന്നത്; അതേസമയം മിശിഹായുടെയും ദൈവജനമായ സഭയുടെയും മാതാവ് എന്ന നിലയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രതീകമായും ഈ സ്ത്രീയെ കാണാവുന്നതാണ്.

ഉൽപത്തിയിലാകട്ടെ, വെളിപാടിലാകട്ടെ,സർപ്പത്തിന്റെ മേലുള്ള വിജയം മിശിഹായുടെ പ്രവൃത്തിയാണ്. അതിനാൽ സർപ്പത്തിന്റെ തല തകർക്കുന്നത്, നിഷ്കൃഷ്ടമായ അർത്ഥത്തിൽ രക്ഷകനായി അവതരിച്ച ദൈവപുത്രൻ തന്നെയാണ്. രക്ഷാകരപ്രവൃത്തിയിൽ ദൈവത്തോട് ഏറ്റം അടുത്ത് സഹകരിക്കുകയും രക്ഷയിൽ ആദ്യമായി പങ്കുചേരുകയും ചെയ്തു എന്ന് സൂചിപ്പിക്കാൻ പ. കന്യകാമറിയം സർപ്പത്തിന്റെ തലയിൽ ചവിട്ടി നില്ക്കുന്ന ചിത്രം സഹായിക്കും. എന്നാൽ ഇതിലൂടെ യേശുവിന്റെ സാക്ഷാത്കാരപ്രവൃത്തിയെ ഏതെങ്കിലും തരത്തിൽ ചെറുതാക്കി കാണാനോ മറിയം തന്നെയാണ് സർപ്പത്തെ (സാത്താനെ) പരാജയപ്പെടുത്തിയ രക്ഷക എന്നു ചിന്തിക്കാനോ ഇടയാകരുത്. ദൈവത്തോടുള്ള അനുസരണവും അവിടുത്തെ പദ്ധതിയോടും രക്ഷകനായ മിശിഹായോടുമുള്ള സമ്പൂർണ്ണമായ സഹകരണവുമാണ് മറിയത്തിന്റെ മഹത്ത്വത്തിന്റെ നിദാനം. ഈ അർത്ഥത്തിൽ തിന്മയുടെ മേൽ പൂർണ്ണവിജയം വരിച്ച ആദ്യമനുഷ്യവ്യക്തിയാണു മറിയം.

# 4. കായേനെ കൊല്ലുന്നതാർ?

*ബൈബിൾ അനുസരിച്ച് ആദ്യമാതാപിതാക്കൾ ആദവും ഹവ്വായും അവരുടെ ആദ്യപുത്രന്മാർ കായേനും ആബേലും ആണല്ലോ. അസൂയമൂലം കായേൻ ആബേലിനെ കൊന്നു. തൽഫ ലമായി ദൈവം കായേനെ ശപിച്ചു. നീ ഭൂമിയിൽ അലഞ്ഞുതി രിഞ്ഞു നടക്കുന്നവനായിത്തീരും. കായേൻ കർത്താവിനോടു പറഞ്ഞു, എനിക്കു വഹിക്കാവുന്നതിലും വലുതാണ് ഈ ശിക്ഷ. ഞാൻ ഭൂമിയിൽ ഉഴലുന്നവനായിരിക്കും. കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും. (ഉല്പത്തി 4, 11–14). ഭൂമിയിൽ മാതാപിതാ ക്കളല്ലാതെ മറ്റാരുമില്ല, ആ സ്ഥിതിക്ക് കായേനെ ആരാണു കൊല്ലാൻ ശ്രമിക്കുന്നത്. അതോ വേറെ സ്ഥലത്ത് ആളുകൾ ജീവി ച്ചിരിപ്പുണ്ടോ? എങ്കിൽ ബൈബിളിലെ പ്രസ്താവന അവാസ്തവ മായിരിക്കുമല്ലോ?*

ബൈബിൾ വായിക്കുന്ന ഏതൊരാൾക്കും സ്വാഭാവികമാ യുണ്ടാകാവുന്ന ഒരു സംശയമാണിത്. ആദിമാതാപിതാക്കളുടെ മൂത്തമകൻ തന്റെ ഏക സഹോദരനെ വധിച്ചെങ്കിൽ പിന്നെ ആരാണ് അവനെ കൊല്ലാൻ നോക്കുന്ന കാണുന്നവരെല്ലാം? അടുത്ത വാക്യങ്ങളിൽ പറയുന്നത് ഇതിനേക്കാളും ശ്രദ്ധേയമാണ്: കായേൻ കർത്താവിന്റെ സന്നിധിവിട്ട് ഏദേനു കിഴക്കുള്ള നോദ് എന്ന സ്ഥലത്ത് വാസമുറപ്പിച്ചു. കായേൻ തന്റെ ഭാര്യോടു ചേരു കയും അവൾ ഗർഭം ധരിച്ച് ഹെനോക്കിനെ പ്രസവിക്കുകയും ചെയ്തു (ഉൽപ 4,16–17). ഏകസഹോദരനെ വധിച്ച കായേന് എവിടെനിന്നു ഭാര്യയെ കിട്ടി എന്ന ചോദ്യവും പ്രസക്തമാണ്.

കാണുന്നവരെല്ലാം തന്നെ കൊല്ലാൻ തുനിയും എന്ന കായേന്റെ ഭയവും പിന്നീടു വിവരിക്കുന്ന കായേന്റെ വിവാഹവും വ്യക്തമായി നല്കുന്ന സൂചന കായേനെയും മാതാപിതാക്കളെയും

കൂടാതെ വേറെയും മനുഷ്യർ അന്ന് ഭൂമുഖത്തുണ്ടായിരുന്നു എന്നത്രേ. അപ്പോൾ മനുഷ്യർ എവിടെനിന്നുണ്ടായി എന്ന ചോദ്യം ഉദിക്കുന്നു. ആദ്യമനുഷ്യനെപ്പറ്റിയുള്ള ബൈബിൾ വിവരണങ്ങൾ അക്ഷരാർത്ഥത്തിൽ എടുക്കുന്നതുകൊണ്ടാണ് ഈ സംശയങ്ങൾ ഉണ്ടാകുന്നത്.

ആദ്യസഹോദരന്മാരുടെ തൊഴിലിനെക്കുറിച്ചുള്ള പരാമർശം ഇവിടെ ശ്രദ്ധേയമാകുന്നു. കായേൻ കൃഷിക്കാരനും ആബേൽ ആട്ടിടയനും ആയിരുന്നു എന്നാണല്ലോ ബൈബിൾ പറയുന്നത്. എന്നാൽ ഭൂമിയിൽ പ്രത്യക്ഷപ്പെട്ട് അനേകായിരം വർഷങ്ങൾക്കുശേഷമാണ് മനുഷ്യർ കൃഷി, ആടുമേയ്ക്കൽ മുതലായ തൊഴിലുകളിൽ ഏർപ്പെടാൻ തുടങ്ങിയത് എന്ന് നരവംശശാസ്ത്രജ്ഞരും പുരാവസ്തുഗവേഷകരും ചരിത്രാന്വേഷികളും ഒക്കെ തെളിവുകൾ നിരത്തി സ്ഥാപിക്കുന്നുണ്ട്. ബൈബിളും ശാസ്ത്രവും തമ്മിൽ വൈരുധ്യമുണ്ടാകേണ്ടതില്ല. അഥവാ വൈരുധ്യമുണ്ടെന്നു തോന്നുന്നെങ്കിൽ അത് ശാസ്ത്രത്തിനു തെറ്റുപറ്റിയതുകൊണ്ടാകാം; അല്ലെങ്കിൽ ബൈബിൾ ആവിഷ്ക്കരിക്കുന്ന സത്യം മനുഷ്യന് മനസ്സിലാകാത്തതുകൊണ്ടാകാം. രണ്ടാമത്തെ കാര്യമാണ് ചർച്ചാവിഷയത്തിൽ പ്രസക്തം.

ബൈബിളിൽ പല സാഹിത്യരൂപങ്ങൾ ഉപയോഗിച്ചിട്ടുണ്ടെന്നും, അവ ഏതെന്ന് മനസ്സിലാക്കിയാലേ ബൈബിൾ അവതരിപ്പിക്കുന്ന സത്യം ഗ്രഹിക്കാൻ കഴിയൂ എന്നും സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നുണ്ട് (രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദൈവാവിഷ്ക്കരണം എന്ന പ്രാമാണികരേഖ, നമ്പർ 12 കാണുക). കഥാരൂപത്തിലുള്ള വിവരണത്തെ ചരിത്രമായി വ്യാഖ്യാനിക്കരുത്; ആലങ്കാരികപ്രയോഗങ്ങളെ അക്ഷരാർത്ഥത്തിൽ എടുക്കരുത്.

ആരായിരുന്നു ആദ്യത്തെ മനുഷ്യർ, അവരുടെ പേര് എന്തായിരുന്നു, എന്തു തൊഴിലാണ് അവർ ചെയ്തിരുന്നത് ഇതൊന്നുമല്ല ദൈവാവിഷ്കരണത്തിന്റെ വിഷയങ്ങൾ. മനുഷ്യരെല്ലാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരും ഒരേ സ്വഭാവത്തിൽ പങ്കുചേരുന്നവരും അതിനാൽ പരസ്പരം സഹോദരങ്ങളുമാണ് എന്നതത്രേ കായേനും ആബേലും എന്ന സഹോദരന്മാരുടെ കഥയിലൂടെ ആവിഷ്ക്കരിക്കപ്പെടുന്ന സത്യം. സഹോദരൻ എന്ന പദം ആ വിവരണത്തിൽ അനേകം തവണ ആവർത്തിക്കപ്പെടുന്നുണ്ട്. പരസ്പരം കാവല്ക്കാരായിരിക്കേണ്ട മനുഷ്യർ അന്യോന്യം കലഹിക്കുകയും ബലവാൻ ബലഹീനനെ വധിക്കുകയും ചെയ്യുന്നതിലൂടെ മനുഷ്യ

ചരിത്രം പാപത്തിന്റെ വളർച്ചയുടെ ചരിത്രമായിത്തീരുന്നു എന്ന് ഈ വിവരണത്തിലൂടെ അനുസ്മരിപ്പിക്കുന്നു. ഇത് ആദ്യസഹോദരന്മാരുടെ ചരിത്രമല്ല, സകല മനുഷ്യരുടെയും ചരിത്രമാണ്. മനുഷ്യവർഗ്ഗത്തിന്റെ ആരംഭത്തിൽ ജീവിച്ചുമരിച്ച രണ്ടു വ്യക്തികൾ മാത്രമല്ല കായേനും ആബേലും; അവർ മനുഷ്യന്റെ തന്നെ പ്രതീകമാണ്. കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്ന സഹോദരങ്ങളുടെ. അവർ ഇന്നും ജീവിക്കുന്നു.

കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും എന്ന കായേന്റെ ആത്മവിലാപം സഹോദരനെ കൊല്ലുന്നവന്റെ ഉള്ളിൽ നിറയുന്ന ഭയത്തിന്റെ കരകവിഞ്ഞൊഴുകലാണ്. സഹോദര സ്നേഹം അസ്തമിക്കുന്നിടത്ത് ഉദിക്കുന്ന വിദ്വേഷവും ഭയവും പാപിയായ മനുഷ്യനെ എന്നും വേട്ടയാടുന്ന വികാരങ്ങളാണിവ. കായേന്റെ കഥയിലൂടെ പാപത്തിന്റെ മാനുഷികവും സാമൂഹികവമായ വശം എടുത്തു കാട്ടുകയാണ് വിശുദ്ധ ഗ്രന്ഥകാരൻ. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പൊതുവായ ഈ അനുഭവത്തിനു പുറമേ ഇസ്രായേൽ ജനത്തിന്റെ ഒരു പ്രത്യേകാനുഭവം ഈ വിവരണത്തിനു വഴി തെളിച്ചിട്ടുണ്ടാവാം.

കാനാനിലേക്കു കുടിയേറിയ ഇസ്രായേൽക്കാർ ഇടയന്മാരായിരുന്നു, സ്വന്തമായി ഒരു രാജ്യമോ വസിക്കാൻ ഇടമോ ഇല്ലാതെ അലഞ്ഞുനടന്നു നാടോടികൾ. അവർ കടന്നുവന്ന കാനാനിലുള്ളവർ കർഷകരായിരുന്നു. സ്ഥിരവാസികളായ കാനാൻകാരും കടന്നുവന്ന ഇസ്രായേൽക്കാരും തമ്മിൽ സംഘട്ടനം നടന്നു. തങ്ങളുടെ യാത്രയിൽ ഉടനീളം എതിർപ്പുകളും യുദ്ധങ്ങളും പരാജയങ്ങളും നേരിടേണ്ടിവന്ന ഇസ്രായേൽജനത്തിന്റെ ഭാഗത്തുനിന്നുകൊണ്ട് മനുഷ്യചരിത്രത്തെ നോക്കിക്കാണുന്ന ഒരു പ്രതീതിയും ഈ വിവരണത്തിൽ നിന്നു ലഭിക്കുന്നു. കൊല്ലപ്പെടുന്ന ഇടയനായ ആബേൽ ഇസ്രായേലിന്റെ തന്നെ പ്രതീകമാണ്; കായേൻ കാനാൻകാരുടെയും. എന്നാൽ ഇരുവരും പരസ്പരം കലഹിക്കുകയും ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയുമല്ല, സഹോദരതുല്യം സ്നേഹിക്കുകയും സഹകരിക്കുകയുമാണ് വേണ്ടതെന്ന ഉപദേശവും ഈ വിവരണത്തിൽ ഉൾച്ചേർന്നിരിക്കുന്നു. സ്നേഹം സാഹോദര്യത്തിലേക്കു നയിക്കുന്നില്ലെങ്കിൽ ഭയം അക്രമത്തിൽ നിന്നു പിന്തിരിപ്പിക്കുകയെങ്കിലും വേണം എന്നും കായേന്റെ ആത്മരോദനം പഠിപ്പിക്കുന്നു.

# 5. ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും

*മനുഷ്യർ ഭൂമിയിൽ പെരുകാൻ തുടങ്ങുകയും അവർക്കു പുത്രന്മാർ ജനിക്കുകയും ചെയ്തപ്പോൾ മനുഷ്യപുത്രിമാർ അഴകുള്ളവരാണ് എന്നു കണ്ട ദൈവപുത്രന്മാർ തങ്ങൾക്ക് ഇഷ്ടമുള്ളവരെയെല്ലാം ഭാര്യമായി സ്വീകരിച്ചു (ഉൽപ 6,1). ആരാണ് ഇവിടെ പരാമർശിക്കപ്പെടുന്ന ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും?*

മനസ്സിലാക്കാൻ ഏറെ പ്രയാസമുള്ള ഒരു ബൈബിൾ വാക്യമാണ് ഇവിടെ ചോദ്യകർത്താവ് വിഷയമാകുന്നത്. ദൈവം ഒരുവൻ മാത്രമേയുള്ളൂ എന്ന ബൈബിളിന്റെ അടിസ്ഥാനവിശ്വാസം കണക്കിലെടുക്കുമ്പോൾ ദൈവപുത്രന്മാർ എന്ന പ്രയോഗം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാനാവില്ല. ചോദ്യവിഷയമായ വാക്യം മാത്രമല്ല, ഉൽപത്തി 1-11 അധ്യായങ്ങൾ മുഴുവൻ വാച്യാർത്ഥത്തിനുപരി പ്രതീകാത്മകമായ അർത്ഥം ഉൾക്കൊള്ളുന്നുണ്ട് എന്ന് മിക്കവാറും എല്ലാ ബൈബിൾ വ്യാഖ്യാതാക്കളും അംഗീകരിക്കുകയും ചെയ്യും. എന്നാൽ എന്താണ് ഈ വാക്യത്തിന്റെയും അതുൾക്കൊള്ളുന്ന പ്രതീകങ്ങളുടെയും അർത്ഥം എന്ന് അന്വേഷിക്കുമ്പോൾ ഒരേ ഉത്തരമല്ല ലഭിക്കുക. മൂന്നു വ്യാഖ്യാനസാധ്യതകൾ എടുത്തുകാട്ടാറുണ്ട്.

**1. ദൈവപുത്രന്മാർ = ദൈവദൂതന്മാർ**

തനിക്കു ശുശ്രൂഷചെയ്യാനായി ദൈവം സൃഷ്ടിച്ച അശരീരികളായ ആത്മാക്കളെ പൊതുവേ മാലാഖമാർ എന്നും ദൈവദൂ

തന്മാർ എന്നുമാണ് ബൈബിൾ വിളിക്കുന്നത്. ഇവരുടെ എണ്ണത്തെയും ദൗത്യങ്ങളെയും കുറിച്ച് പല അഭിപ്രായങ്ങളും നിലനില്ക്കുന്നുണ്ടെങ്കിലും ദൈവദൂതന്മാർ എന്ന കാഴ്ചപ്പാട് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. "ദൂതൻ" എന്ന അർത്ഥമുള്ള ഹീബ്രുവാക്കാണ് മാലാഖ. ദൈവപുത്രന്മാർ എന്ന വിശേഷണം ബൈബിളിൽ പല തവണ ഈ ദൂതന്മാർക്കു നല്കിയിരിക്കുന്നതായി കാണാം. ജോബ് 1,6; 21;38,7 - ഉദാഹരണങ്ങളാണ്. മറ്റുപല ബൈബിൾ വാക്യങ്ങളിലും "ദൈവപുത്രന്മാർ" എന്ന ഹീബ്രുമൂലം സ്വർഗ്ഗീയ സൈന്യങ്ങൾ (1 രാജാ 22,19), സ്വർഗ്ഗവാസികൾ (സങ്കീ 89,6) എന്നൊക്കെ വിവർത്തനം ചെയ്യാറുണ്ട്. എന്നാലും ദൈവപുത്രന്മാർ എന്ന വിശേഷണം ആത്മാക്കളും ദൈവത്തിന്റെ സൃഷ്ടികളുമായ മാലാഖമാരെ സൂചിപ്പിക്കുന്നു എന്ന വ്യാഖ്യാനത്തിന് പ്രസക്തിയുണ്ട്.

ദൈവികശുശ്രൂഷയ്ക്കായി നിയുക്തരായിരുന്ന മാലാഖമാർ മനുഷ്യപുത്രിമാരായ സ്ത്രീകളുടെ സൗന്ദര്യത്താൽ ആകൃഷ്ടരാവുകയും തങ്ങളുടെ ഉന്നതമായ ദൗത്യം അവഗണിച്ചുകൊണ്ട് സ്ത്രീകളുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെടുകയും ചെയ്തു എന്നതാണ് ചോദ്യവിഷയമായ ബൈബിൾവാക്യത്തിനു നല്കപ്പെടുന്ന ഒരു ഉത്തരം. ദൈവം സൃഷ്ടിച്ച രണ്ടു വ്യത്യസ്ത മേഖലകളിലുള്ളവർ തമ്മിൽ നടന്ന നിഷിദ്ധമായ ഒരു ബന്ധമാണ് ഈ വിവരണത്തിലൂടെ അവതരിപ്പിക്കപ്പെടുന്നത്. തിന്മ വളർന്നു വ്യാപിക്കുന്നതിന്റെ ചിത്രമാണ് ഉൽപത്തി 3-5 അധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തിന്മ സൃഷ്ടിയുടെ സകലമേഖലകളിലേക്കും വ്യാപിച്ചുകഴിഞ്ഞുവെന്നും സമൂലനാശമാണ് അതു വിളിച്ചുവരുത്തുന്നതെന്നും സൂചിപ്പിക്കാൻ വേണ്ടിയാവാം വിശുദ്ധ ഗ്രന്ഥകാരന്മാർ ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും തമ്മിലുള്ള വേഴ്ചയെക്കുറിച്ചു പരാമർശിക്കുന്നത്.

പല പുരാതന മതങ്ങളിലും ഇപ്രകാരമുള്ള വേഴ്ചകൾ പ്രതിപാദ്യവിഷയമാകാറുണ്ട്. അവിടെയൊന്നും പാപത്തിന്റെയോ ദൈവനിഷേധത്തിന്റേയോ സൂചനയില്ല. പുരാതനകാലത്ത് ജീവിച്ചിരുന്നു എന്നു കരുതപ്പെടുന്ന അതിശക്തരായ മനുഷ്യരുടെ ഉത്ഭവത്തെ സൂചിപ്പിക്കാനും അവരുടെ അതിശക്തിയെ വിശദീകരിക്കാനും നല്കുന്ന വ്യാഖ്യാനങ്ങളാണ് ഇപ്രകാരമുള്ള അതിമാനു

ഷികബന്ധങ്ങൾ. ഭാരതത്തിൽ പ്രചാരത്തിലിരിക്കുന്ന പല പുരാണകഥകളും ഇപ്രകാരമുള്ള വിവരണങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇതരസംസ്കാരങ്ങളിൽ നിലവിലിരുന്ന ഒരു വിശ്വാസത്തെ ധാർമ്മികമായ കാഴ്ചപ്പാടിൽ വിശകലനം ചെയ്ത്, അതിനെ അധർമ്മത്തിന്റെ ഉച്ചകോടിയായി ബൈബിൾ അവതരിപ്പിക്കുന്നതായും കരുതാം.

ഇപ്രകാരം ഒരു വിവരണവും വിശദീകരണവും ബി.സി. രണ്ടാം നൂറ്റാണ്ടിൽ പലസ്തീനായിൽ പ്രചാരത്തിൽ വന്ന "ഹെനോക്കിന്റെ ദർശനങ്ങൾ" എന്ന ഗ്രന്ഥത്തിൽ കാണാം. ഏകദേശം ഇരുന്നൂറ് മാലാഖമാർ മനുഷ്യസ്ത്രീകളുമായി ബന്ധപ്പെടുകയും അതികായന്മാരായ സന്താനങ്ങളെ ഉല്പാദിപ്പിക്കുകയും ചെയ്തെന്നും അവർ വഴി ഭൂമിയിൽ സകലതിന്മകളും പെരുകിയപ്പോൾ ദൈവം വഴിപിഴച്ച ദൂതന്മാരെ പാതാളത്തിൽ തടവിലാക്കുകയും അതികായന്മാരെ തമ്മിൽ അടിപ്പിച്ച് നശിപ്പിക്കുകയും ചെയ്തെന്നും ഈ ദർശനഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതെല്ലാം തിന്മയുടെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും ഇതിഹാസരൂപത്തിലുള്ള (myth) വ്യാഖ്യാനങ്ങളാണ്.

## 2. മനുഷ്യപുത്രികൾ = കാനാന്യസ്ത്രീകൾ

### ദൈവപുത്രന്മാർ = ഇസ്രായേൽ പുരുഷന്മാർ

രക്ഷാചരിത്രവുമായി ബന്ധപ്പെടുത്തുന്നതാണ് രണ്ടാമത്തെ വ്യാഖ്യാനം. ഇസ്രായേൽ ജനത്തെ പൊതുവേ ദൈവപുത്രന്മാരായി അവതരിപ്പിക്കുന്ന ധാരാളം ബൈബിൾ ഭാഗങ്ങളുണ്ട്. ഉദാ: പുറ 4,22; ഹോസി 11,1. ദൈവം സ്വന്തം മകനായി പ്രത്യേകം തിരഞ്ഞെടുത്ത ഇസ്രായേൽക്കാർ മറ്റു ദൈവങ്ങളെ ആരാധിക്കാൻ പാടില്ല. വിഗ്രഹാരാധനയാണ് അവരുടെ ഏറ്റം വലിയ പാപം. കാനാൻദേശത്തു വാസമുറപ്പിച്ചപ്പോൾ ഇസ്രായേൽക്കാർ നേരിട്ട് ഒരു വലിയ പ്രലോഭനമായിരുന്നു വിഗ്രഹാരാധന. അതിലേക്ക് അവരെ പ്രേരിപ്പിച്ചത് കാനാൻകാരികളായ സ്ത്രീകളാണ്. ഉദാ: സംഖ്യ 25,1-5. കാനാൻകാരികളുടെ സ്വാധീനവലയത്തിൽ യാഹ്വേയിൽനിന്ന് അകന്നുപോയ ഇസ്രായേൽക്കാരുടെ ചരിത്രപരമായ അനുഭവത്തിന്റെ വെളിച്ചത്തിൽ ചരിത്രാതീത ചരിത്രത്തിലെ പാപത്തിന്റെ വ്യാപനത്തെ വ്യാഖ്യാനിച്ച വിശുദ്ധഗ്രന്ഥകാരൻ നല്കുന്ന

ഒരു വ്യാഖ്യാനമാണ് ചോദ്യവിഷയമായ ബൈബിൾവാക്യം എന്നു കരുതുന്ന ബൈബിൾ വ്യാഖ്യാതാക്കളുണ്ട്. ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പിന് പാത്രമായ ഇസ്രായേൽക്കാരാണ് ദൈവപുത്രന്മാർ. അവർക്കു പ്രലോഭനകാരണമായിത്തീർന്ന കാനാൻകാരി സ്ത്രീകൾ മനുഷ്യപുത്രിമാരും. തദ്ദേശവാസികളുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുത് എന്നൊരു വിലക്ക് ഇസ്രായേൽക്കാർക്കു നല്കിയിരുന്നു (നിയ 7, 3-4). ഈ വിലക്ക് അവഗണിച്ചത് ഇസ്രായേലിന് വലിയ കെണിയായിത്തീർന്നു. ഇസ്രായേൽ ചരിത്രത്തിന്റെ വെളിച്ചത്തിൽ രക്ഷാചരിത്രത്തെ അവതരിപ്പിക്കുന്ന വിശുദ്ധഗ്രന്ഥകാരൻ പാപത്തിന്റെ ഒരു പ്രധാനകാരണമായി, ഇസ്രായേൽക്കാരും കാനാൻകാരും തമ്മിൽ നടന്ന വിവാഹബന്ധങ്ങളെ എടുത്തുകാട്ടുന്നതാവാം

### 3. ദൈവപുത്രന്മാർ = ഇസ്രായേൽരാജാക്കന്മാർ

ഇസ്രായേൽ ചരിത്രത്തിന്റെ വെളിച്ചത്തിൽ രക്ഷാചരിത്രത്തെ വിശകലനം ചെയ്യുന്ന ബൈബിൾ വ്യാഖ്യാതാക്കൾ മറ്റൊരു വിശദീകരണവും ഈ വാക്യത്തിനു നല്കാറുണ്ട്. അതനുസരിച്ച് "ദൈവപുത്രന്മാർ" എന്ന വിശേഷണം എല്ലാ ഇസ്രായേൽക്കാർക്കുമല്ല, ഇസ്രായേലിലെ രാജാക്കന്മാർക്കാണ് മുഖ്യമായും നല്കപ്പെട്ടിരുന്നത്. സ്ത്രീകളുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായ ദൈവപുത്രന്മാർ തങ്ങൾക്ക് ഇഷ്ടമുള്ളവരെയെല്ലാം ഭാര്യമാരായി സ്വീകരിച്ചു എന്ന വിവരണം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സ്ത്രീകളുടെ സൗന്ദര്യത്തിന് ഊന്നൽ നല്കുന്നതോടൊപ്പം തങ്ങൾക്ക് ഇഷ്ടമായവരെയെല്ലാം ഭാര്യമാരായി സ്വീകരിച്ചു എന്ന പ്രവൃത്തിക്കും പ്രത്യേക പ്രാധാന്യം നല്കുന്നു. ദാവീദിന്റെയും മകൻ സോളമന്റെയും കാലത്ത് രൂപംപ്രാപിച്ച "യാഹ്‌വേ പാരമ്പര്യം" (Yahwist tradition) എന്ന് അറിയപ്പെടുന്ന വിവരണത്തിന്റെ ഭാഗമാണ് പഠനവിഷയമായ വാക്യം. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണംവരെ അഭേദ്യം ബന്ധിപ്പിക്കപ്പെടുന്ന കൂദാശയാണ് വിവാഹം എന്നു പറഞ്ഞുവച്ച (ഉൽപ 2,24) വിശുദ്ധഗ്രന്ഥകാരൻ തന്നെയാണ് ആ വിശുദ്ധബന്ധത്തിന്റെ ശിഥിലീകരണത്തെ ഇവിടെ വിവരിക്കുന്നത്.

ബത്ഷേബായുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ ദാവീദ് അവളെ സ്വന്തമാക്കുകയും അതിനായി അവളുടെ ഭർത്താവായ

ഊറിയായെ നിഷ്ക്കരുണം കൊലപ്പെടുത്തുകയും ചെയ്ത സംഭ വങ്ങളുടെ പശ്ചാത്തലത്തിൽ പഠനവിഷയമായ വാകൃത്തിന്റെ അർത്ഥം കൂടുതൽ വ്യക്തമാകും. രാജാഭിഷേകം വഴി ഒരുവൻ ദൈവപുത്രസ്ഥാനത്തേക്ക് ദത്തെടുക്കപ്പെടുകയാണ്. ദൈവജ നത്തെ സംരക്ഷിക്കാനായി തിരഞ്ഞെടുക്കപ്പെട്ട രാജാവുതന്നെ ആ ജനത്തിനു ഭീഷണിയാവുമ്പോൾ, അവരുടെ കുടുംബം തകർക്കുകയും, സ്വത്തും ജീവനും അപഹരിക്കുകയും ചെയ്യു മ്പോൾ, പാപം അതിന്റെ ഉച്ചകോടിയിലെത്തിയതായി ഗ്രന്ഥകാ രൻ കാണുന്നു. ഇസ്രായേലിന്റെ ചരിത്രത്തിലെ ചില സംഭവ ങ്ങൾക്ക് ഇതിഹാസത്തിന്റെ രൂപഭാവങ്ങൾ നല്കി അവതരിപ്പിച്ച താവാം ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും തമ്മിലുള്ള വിവാഹം.

മേൽ വിവരിച്ച മൂന്നു വ്യാഖ്യാനസാധ്യതകളും സ്വീകരി ക്കാവുന്നതാണ്, ഒന്നു മാത്രമേ എടുക്കാവൂ എന്നില്ല ദൈവവചന ത്തിന് പല അർത്ഥതലങ്ങളുണ്ട്. എല്ലാംകൂടി കണക്കിലെടുക്കു മ്പോൾ മാത്രമേ സമഗ്രമായ ഒരു വ്യാഖ്യാനം ലഭിക്കൂ!

# 6. അബ്രാഹം ബലിയർപ്പിച്ചത് ആരെ?

*ഏതു മകനെയാണ് അബ്രാഹം ബലി കഴിക്കാൻ കൊണ്ടു പോയത്? ഇസഹാക്കിനെയെന്നു ബൈബിൾ പറയുമ്പോൾ ഇസ്മായേലിനെ എന്ന് മുസ്ലീങ്ങൾ പറയുന്നു. ഇതിൽ ഏതാണ് ശരി?*

ഇന്നു വളരെയേറെ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയത്തിലേക്കാണ് ചോദ്യകർത്താവ് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഖുറ്ആൻ 37-ാം അധ്യായം 99-122 വാക്യങ്ങളിലാണ് ചോദ്യവിഷയമായ ബലിയെക്കുറിച്ചുള്ള മുസ്ലീമുകളുടെ വിശ്വാസം അടിയുറപ്പിച്ചിരിക്കുന്നത്. "നാഥാ, എനിക്ക് സജ്ജനത്തിൽപ്പെട്ട ഒരു പുത്രനെ പ്രദാനം ചെയ്യണമേ!" (ഈ പ്രാർത്ഥനയ്ക്ക് ഉത്തരമായി) നാം അദ്ദേഹത്തിന് സഹനശാലിയായ ഒരു പുത്രന്റെ ശുഭവാർത്ത കൊടുത്തു. ആ പുത്രൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കുന്ന പ്രായമായപ്പോഴോ, (ഒരുനാൾ) ഇബ്റാഹിം അവനോടു പറയുന്നു: "മകനേ, ഞാൻ നിന്നെ അറുക്കുന്നതായി എനിക്കു സ്വപ്നദർശനമുണ്ടായിരിക്കുന്നു. ഇനി നീ പറയൂ, നിന്റെ അഭിപ്രായമെന്താണ്?" (ഖുർആൻഭാഷ്യം, വിവർത്തനം ടി.കെ. ഉബൈദ്, ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്, 1993, പേജ് 575). ദൈവഹിതം അനുവർത്തിക്കാൻ തയ്യാറായ മകനെ ഇബ്രാഹം ബലികഴിക്കാനായി കമഴ്ത്തിക്കിടത്തി. ഇരുവരുടെയും സമ്പൂർണ്ണ അനുസരണത്തെ അല്ലാഹു ബലിയായി സ്വീകരിച്ചു എന്നും അതിനുശേഷം ഇസഹാക്കിന്റെ ജനനത്തെക്കുറിച്ച് അറിയിച്ചു എന്നും ഖുർആൻ തുടർന്നു പ്രസ്താവിക്കുന്നു.

അബ്രാഹം ബലിയർപ്പിക്കാൻ ഒരുങ്ങിയ മകന്റെ പേര് ഖുർആൻ പറയുന്നില്ല. എന്നാൽ തുടർന്ന് ഇസഹാക്കിന്റെ ജനനത്തെക്കുറിച്ച് പരാമർശിക്കുന്നതിനാൽ ആദ്യജാതനായ ഇസ്മായേലാണ് പ്രതിപാദ്യവിഷയം എന്ന് അനുമാനിക്കാം. അബ്രാഹത്തിന്റെ

പ്രത്യേക പ്രാർത്ഥനയുടെ ഫലമായി ജനിച്ച മകനെയാണ് ബലിയർപ്പിക്കാൻ ആവശ്യപ്പെടുന്നത് എന്ന് ഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമാണ് ബൈബിൾ നല്കുന്ന ചിത്രം.

ഉൽപത്തി പുസ്തകം 12-25 അധ്യായങ്ങളാണ് അബ്രാഹത്തെക്കുറിച്ചു പ്രതിപാദിക്കുന്നത്. വലിയ ജനതകളുടെ പിതാവാകും, തന്നിലൂടെയും തന്റെ സന്തതികളിലൂടെയും ലോകജനതകൾ മുഴുവൻ അനുഗൃഹീതമാകും എന്ന വാഗ്ദാനങ്ങൾ സ്വീകരിച്ച അബ്രാഹത്തിന് വയസ് 90 ആയിട്ടും പുത്രനുണ്ടായില്ല. വന്ധ്യയായ ഭാര്യ സാറായുടെ ഉപദേശം അനുസരിച്ച് അബ്രാഹം അവളുടെ ദാസി ഹാഗാറിനെ പ്രാപിക്കുകയും അവളിൽനിന്ന് ഇസ്മായേൽ എന്ന പുത്രൻ ജനിക്കുകയും ചെയ്തതായി ബൈബിൾ വിവരിക്കുന്നു (ഉൽപ 16). എന്നാൽ ആദ്യജാതനായ ഇസ്മായേലിലൂടെയല്ല, ദൈവത്തിന്റെ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് എന്ന് അബ്രാഹത്തിന് പിന്നീട് വെളിപാടു ലഭിച്ചു (ഉൽപ 21,12). മൂത്തമകൻ ഇളയമകനോടൊപ്പം അവകാശം പങ്കിടാതിരിക്കാനായി അവനെയും അമ്മ ഹാഗാറിനെയും അബ്രാഹം മരുഭൂമിയിലേക്ക് അയച്ചത് ദൈവഹിതവും സാറായുടെ ഉപദേശവും അനുസരിച്ചായിരുന്നു.

ഈ സംഭവത്തിനുശേഷമാണ് ദൈവം അബ്രാഹത്തിനു പ്രത്യക്ഷപ്പെട്ട് ഇസഹാക്കിനെ ബലി കഴിക്കാൻ ആവശ്യപ്പെടുന്നത്: "നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേയ്ക്ക് പോവുക. അവിടെ ഞാൻ കാണിച്ചു തരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം" (ഉൽപ 22,2). ദൈവകല്പന പൂർണ്ണമായി അനുസരിക്കാൻ അബ്രാഹം സന്നദ്ധനായി. ഇസഹാക്കിനെ ബന്ധിച്ച് ബലിപീഠത്തിൽ കിടത്തിയതിനുശേഷം കത്തി കൈയിൽ എടുത്തപ്പോഴാണ് ദൈവം വീണ്ടും ഇടപെടുന്നത്. അനുസരണം ബലിയായി സ്വീകരിച്ചുകൊണ്ട് കർത്താവ് അരുളിച്ചെയ്തു: "നീ നിന്റെ ഏകപുത്രനെപ്പോലും എനിക്കു തരാൻ മടിക്കായ്കകൊണ്ട്......... നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട്, നിന്റെ സന്തതിയിലൂടെ ലോകജനതകളെല്ലാം അനുഗൃഹീതമാകും" (ഉൽപ 2,16-18).

അബ്രാഹം ഏതു മകനെയാണ് ബലിയർപ്പിക്കാൻ കൊണ്ടുപോയത് എന്ന കാര്യത്തിൽ ബൈബിളിന്റെ വിവരണം വ്യക്തമാണ്. "നിന്റെ ഏകമകൻ ഇസഹാക്ക്" എന്ന പ്രയോഗം സംശയ

ത്തിനു കാരണമായേക്കാം. വാസ്തവത്തിൽ ഇസഹാക്ക് അബ്രാഹത്തിന്റെ രണ്ടാമത്തെ മകനാണെന്ന് ബൈബിൾതന്നെ സമ്മതിക്കുന്ന സ്ഥിതിക്ക് ഈ പ്രയോഗത്തെ എങ്ങനെ ന്യായീകരിക്കാനാകും? ഇസ്മായേൽ അബ്രാഹത്തിന് ശാരീരികമായി ജനിച്ച ആദ്യപുത്രനാണ്; എന്നാൽ ആ ജനനം ദൈവത്തിന്റെ വാഗ്ദാനമനുസരിച്ചായിരുന്നില്ല. ഭാര്യ സാറായിൽ നിന്നു ജനിക്കുന്ന പുത്രനെക്കുറിച്ചായിരുന്നു ദൈവത്തിന്റെ വാഗ്ദാനം. അതു പൂർത്തിയാവാനുണ്ടായ കാലതാമസം അബ്രഹാത്തിന്റെ വിശ്വാസത്തിന് ഒരു പരീക്ഷണമായി. ദൈവനിശ്ചിതമായ സമയംവരെ കാത്തിരിക്കാതെ കുറുക്കുവഴി തേടിയപ്പോഴാണ് ഇസ്മായേൽ ജനിച്ചത്. ദാസിയിൽനിന്നു ജനിച്ച ആ പുത്രനെയും ദൈവം അനുഗ്രഹിച്ച്, ഒരു വലിയ ജനതയാക്കി. എന്നാൽ ലോകരക്ഷയെ സംബന്ധിച്ച വാഗ്ദാനങ്ങളുടെ അവകാശി ഇസഹാക്ക് മാത്രമാണ്. അതിനാലാണ് നിന്റെ ഏകമകൻ എന്ന് ആവർത്തിച്ചു പറയുന്നത്.

ഇസ്മായേലിനെയാണ് അബ്രാഹം ബലി കഴിക്കാൻ കൊണ്ടുപോയത് എന്ന മുസ്ലീമുകളുടെ വാദത്തെക്കുറിച്ച് എന്തു പറയണം? ക്രിസ്തുവർഷം ഏഴാം നൂറ്റാണ്ടിലാണ് ഖുർആൻ എഴുതപ്പെട്ടത് എന്ന് മുസ്ലീമുകൾ സമ്മതിക്കും. ഖുർആന്റെ ഉത്ഭവത്തെയും ആധികാരികതയെയും കുറിച്ച് മുസ്ലീമുകളുടെ വിശ്വാസം എന്തുതന്നെ ആയിരുന്നാലും ഖുർആനിൽ നിന്നാണ് ബൈബിൾ ഉദ്ഭവിച്ചതെന്നോ ഖുർആന്റെ പരിഷ്കൃത ഭാഷ്യമാണ് ബൈബിൾ എന്നോ ആരും അവകാശപ്പെടുകയില്ല. ബി.സി. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അബ്രാഹത്തെയും സന്തതികളെയുംകുറിച്ചുള്ള ബൈബിളിന്റെ വിവരണം ബി.സി. പത്താം നൂറ്റാണ്ടിലെങ്കിലും ലിഖിതരൂപത്തിലായി. വാമൊഴിയായി കൈമാറി വന്ന വിശുദ്ധപാരമ്പര്യങ്ങളാണ് ഇങ്ങനെ ലിഖിതരൂപത്തിലായത്.

യഥാർത്ഥത്തിൽ ഇസ്മായേലിനെയാണ് അബ്രാഹം ബലി കഴിക്കാൻ കൊണ്ടുപോയതെങ്കിൽ എന്തുകൊണ്ടാണ് ബൈബിൾ അതു മറച്ചുവച്ച് ഇസഹാക്ക് എന്നു തിരുത്തിയത്? ബൈബിൾ രൂപപ്പെടുന്ന കാലത്ത് ഇസ്മായേലിന്റെ പിൻതലമുറക്കാർ ഇങ്ങനെ ഒരു അവകാശവാദം ഉന്നയിച്ചിരുന്നില്ല. മധ്യപൗരസ്ത്യ ദേശത്തു വാസമുറപ്പിച്ചിരുന്ന അനേകം ജനതകൾ അബ്രാഹമിന്റെ സന്തതികളായി സ്വയം വിശേഷിപ്പിച്ചിരുന്നു. എന്നാൽ ഇസഹാക്കിലൂടെ കടന്നുവരുന്ന ഒരു ജനതമാത്രമാണ് അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനങ്ങളുടെ സൂക്ഷിപ്പുകാരും ദൈവത്തിന്റെ

പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനവുമായി സ്വയം പരിഗണിച്ചിരുന്നത്.

യഹൂദരും ക്രിസ്ത്യാനികളും മുസ്ലീമുകളും അബ്രാഹത്തെ വിശ്വാസികളുടെ പിതാവായി കരുതി ആദരിക്കുന്നുണ്ട്. യഹൂദരും ക്രിസ്ത്യാനികളും ഒരുപോലെ ആദരവോടെ ദൈവവചനമായി സ്വീകരിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ. യഹൂദരുടെ ബൈബിൾ ക്രിസ്ത്യാനികൾ പഴയനിയമമായി കരുതുന്നു, യേശുവിൽ പൂർത്തിയായ രക്ഷാചരിത്രത്തിന്റെ ആദ്യഘട്ടം അവതരിപ്പിക്കുന്ന വിശുദ്ധഗ്രന്ഥം. ബി.സി. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അബ്രാഹത്തെയും ഇസഹാക്കിനെയുംകുറിച്ച് വാമൊഴിയായി കൈമാറി വന്ന വിവരങ്ങൾ ബി.സി. പത്താം നൂറ്റാണ്ടോടെ ലിഖിതരൂപത്തിലായി. അതാണ് ഉൽപത്തി പുസ്തകത്തിലെ വിവരണം.

ഇതിനുശേഷം ഏതാണ്ട് പതിനേഴു നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ഖുർആൻ എഴുതപ്പെടുന്നതും ഇസ്മായേലിന്റെബലിയെക്കുറിച്ചുള്ള വിശ്വാസം രൂപപ്പെടുന്നതും. മധ്യപൗരസ്ത്യദേശത്തുള്ള അനേകം ജനപദങ്ങൾ അബ്രാഹത്തെ തങ്ങളുടെ പൂർവ്വികനായി കരുതി ആദരിച്ചിരുന്നു. എന്നാൽ ഇസ്രായേൽക്കാർ മാത്രമാണ് വ്യക്തമായ വംശവാവലി പട്ടികയിലൂടെ അബ്രാഹവുമായുള്ള തങ്ങളുടെ ബന്ധം ഇടമുറിയാതെ കാത്തു സൂക്ഷിക്കുന്നത്. അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനങ്ങളുടെ ഉടമകൾ എന്ന് അവകാശപ്പെട്ടിരുന്നതും ഇസ്രായേൽജനം മാത്രമാണ്. അപ്പോൾ പിന്നെ ഇസ്മായേലിനെ ബലിയർപ്പിക്കാൻ കൊണ്ടുപോയി എന്ന് ഖുർആനിൽ രേഖപ്പെടുത്തുകയും മുസ്ലീമുകൾ അതു വിശ്വസിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനം എന്തായിരിക്കും?

ബഹുദൈവവിശ്വാസത്തിലും വിഗ്രഹാരാധനയിലും അനേകം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകിയും പരസ്പരം പടവെട്ടിത്തളർന്നും കഴിഞ്ഞിരുന്ന അറേബ്യൻ ഗോത്രങ്ങളെ ഒരുമിപ്പിച്ച് ഒരു ശക്തിയും സാമ്രാജ്യവുമാക്കി മാറ്റാൻ കണ്ടെത്തിയ ഒരു മാർഗ്ഗമായിരിക്കുകയില്ലേ ഇസ്മായേലിനെക്കുറിച്ചുള്ള പ്രതിപാദനം? അബ്രാഹത്തിന്റെ യഥാർത്ഥ അവകാശികൾ തങ്ങളാണ് എന്ന് ഇടമുറിയാത്ത പിന്തുടർച്ച വംശാവലിയിലൂടെ എടുത്തുകാട്ടുന്ന ഇസ്രായേൽ ജനത്തിന്റെ വിശ്വാസത്തെ ഖണ്ഡിച്ച് തങ്ങളാണ് യഥാർത്ഥത്തിൽ അബ്രാഹത്തിന്റെ പിൻതലമുറക്കാർ എന്നു സ്ഥാപിക്കുന്നത് ഈ ഗോത്രങ്ങളുടെ കെട്ടുറപ്പിനു സഹാ

യിക്കും എന്നതിൽ സംശയമില്ല. ഈ ലക്ഷ്യത്തോടെ രൂപംകൊടുത്ത കഥയാവില്ലേ ഇസ്മായേലിന്റെ ബലി?

ഖുർആന്റെ ഉത്ഭവത്തെക്കുറിച്ചുള്ള മുസ്ലീമുകളുടെ നിലപാട് ഒരു വിശ്വാസത്തിന്റെ നിലപാടാണ്. വ്യക്തികളുടെയും സമൂഹങ്ങളുടെയും വിശ്വാസത്തെ മാനിച്ചുകൊണ്ടുതന്നെ അതിന് ആധാരമായി നിലകൊള്ളുന്ന മതഗ്രന്ഥങ്ങൾ ശാസ്ത്രീയമായ അപഗ്രഥനത്തിനു വിധേയമാക്കേണ്ടതുണ്ട്. അങ്ങനെ വിശദമായ പഠനങ്ങൾ നടക്കുമ്പോൾ ബൈബിളും ഖുർആനും തമ്മിലുള്ള ബന്ധവും വ്യത്യാസങ്ങളും വ്യക്തമാകും. ആദ്യം ഉത്ഭവിച്ച ഗ്രന്ഥത്തിൽനിന്ന് രണ്ടാമത് ഉത്ഭവിച്ച ഗ്രന്ഥം കടമെടുക്കുകയോ തിരുത്തുകയോ ചെയ്തു എന്ന് പറയുന്നതാവുമല്ലോ നേരെ മറിച്ച് പറയുന്നതിനേക്കാൾ യുക്തിക്കു നിരക്കുന്നത്? അതിനാൽ ഇസ്മായേലിനെയും ഇസഹാക്കിനെയുംകുറിച്ച് ബൈബിൾ നല്കുന്ന വിവരങ്ങൾ ചില പ്രത്യേക താത്പര്യങ്ങളുടെ സംരക്ഷണത്തിനായി തിരുത്തി അവതരിപ്പിക്കുന്ന ഒരു ഭാഷ്യമാണ് ഖുർആനിൽ കാണുന്നത് എന്ന് അനുമാനിക്കുന്നതല്ലേ കൂടുതൽ യുക്തിസഹം?

പഴയനിയമത്തിൽ മാത്രമല്ല, പുതിയ നിയമത്തിലും പ്രത്യേകിച്ച് വി. പൗലോസിന്റെ ലേഖനങ്ങളിൽ അബ്രാഹത്തിന്റെ രണ്ടുമക്കളും അവർതമ്മിലുള്ള ബന്ധവും വ്യത്യാസവും രക്ഷാചരിത്രത്തിൽ അവർക്കുള്ള സ്ഥാനവും പ്രതിപാദ്യവിഷയമാക്കുന്നുണ്ട് (ഗലാ 14,21-31). ഹാഗാർ-സാറാ, സീനായ്-ജറുസലെം, ഇസ്മായേൽ-ഇസഹാക്ക് എന്നിവ വരാനിരുന്നവയുടെ പ്രതീകങ്ങളായി വ്യാഖ്യാനിക്കുന്ന അപ്പസ്തോലൻ ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്. ഇസ്മായേൽ-ഇസഹാക്ക് എന്നീ വ്യക്തികളുടെ പ്രതീകാത്മകതയ്ക്കാണ്, ചരിത്രപരമായ അവരുടെ പിൻതലമുറക്കാരെക്കാൾ പ്രാധാന്യം. ബലിയർപ്പിക്കാനായി അബ്രാഹം കൊണ്ടുപോയ മകൻ പിന്നീട് യഥാർത്ഥ ബലിയായിത്തീർന്ന യേശുവിന്റെ മുന്നോടിയും പ്രതീകവുമായിരുന്നു. ആ ബലിയിലൂടെയാണ് അബ്രാഹത്തിനു നല്കപ്പെട്ട വാഗ്ദാനങ്ങളെല്ലാം പൂർത്തിയായത്. സകല ജനതകൾക്കും രക്ഷ ലഭ്യമായത്. അതിനാൽ ഇസ്മായേലോ ഇസഹാക്കോ എന്ന ചോദ്യം അപ്രസക്തമാകുന്നു; തന്നെയുമല്ല, ചില സാഹചര്യങ്ങളിൽ അപകടകരവും. രണ്ടിനും അപ്പുറത്ത് യഥാർത്ഥ രക്ഷയുടെ ഉറവിടമായ ദൈവത്തിന്റെ അനന്തസ്നേഹത്തിലേക്കും ആ സ്നേഹത്തിന്റെ പരമപ്രധാനമായ യേശു ബലിയിലേക്കും (യോഹ 3,16) ആണ് ശ്രദ്ധ തിരിക്കേണ്ടത്.

# 7. അന്തിമപ്രവാചകൻ

*വരാനിരിക്കുന്ന ഒരു പ്രവാചകനെക്കുറിച്ച് മോശ പ്രവചിച്ചതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത മുഹമ്മദ്നബിയെക്കുറിച്ചുള്ള ഒരു പ്രവചനമാണെന്ന് മുസ്ലീമുകൾ അവകാശപ്പെടുന്നു. ഇതിൽ എന്തെങ്കിലും സത്യമുണ്ടോ?*

അടുത്തകാലത്ത കൂടുതൽ ശക്തിയാർജ്ജിച്ചുവരുന്ന ഒരു അവകാശവാദമാണ് ചോദ്യവിഷയം. മനുഷ്യരുടെ അടുത്തേക്ക് ദൈവികസന്ദേശവുമായി അയയ്ക്കപ്പെട്ട അവസാനത്തെ പ്രവാചകനാണ് മുഹമ്മദ്നബി എന്ന് മുസ്ലീമുകൾ വിശ്വസിക്കുന്നു. ആ വിശ്വാസം സ്ഥാപിക്കാനായി ബൈബിളിൽ നിന്നും അവർ കണ്ടെത്തിയ ചില പ്രവചനങ്ങളിൽ ഒന്നാണ് ഇവിടെ ചോദ്യവിഷയമായിരിക്കുന്നത്. ബൈബിളിന്റെ ആധികാരികതയെ ഖുർആനും അംഗീകരിക്കുന്നതിനാൽ, തങ്ങളുടെ മതസ്ഥാപകനെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട് എന്നു സ്ഥാപിക്കാൻ കഴിഞ്ഞാൽ അത് തങ്ങളുടെ വിശ്വാസത്തിന് ഉപോദ്ബലകമാകും എന്ന ചിന്തയാവണം ഇങ്ങനെയൊരു അവകാശവാദത്തിനു പ്രേരിപ്പിക്കുന്നത്. പ്രേരകശക്തി എന്തുതന്നെ ആയാലും ചോദ്യം ഗൗരവമായി കണക്കിലെടുക്കേണ്ടതുണ്ട്.

പ്രവചനം മുഹമ്മദ് നബിയെക്കുറിച്ചാണോ അല്ലയോ എന്ന തീരുമാനിക്കുന്നതിനുമുൻപ് എന്താണ് പ്രവചനം, എന്താണ് അതിന്റെ സാഹചര്യം, എന്തർത്ഥമാണ് ബൈബിളിൽ ഈ പ്രവചനത്തിനുള്ളത്, ഇതിന്റെ പൂർത്തീകരണത്തെക്കുറിച്ച് ബൈബിൾ എന്തെങ്കിലും പറയുന്നുണ്ടോ എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണം.

## പ്രവചനത്തിന്റെ സാഹചര്യം

നിയമാവർത്തനപുസ്തകം 18,15.18 വാക്യങ്ങളിലാണ് ചോദ്യ വിഷയമായ പ്രവചനം രേഖപ്പെടുത്തിയിരിക്കുന്നത്. അത് ഇപ്ര കാരമാണ്: "നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങ ളുടെ ഇടയിൽനിന്ന് എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിന ക്കുവേണ്ടി അയയ്ക്കും. അവന്റെ വാക്കാണ് നീ ശ്രവിക്കേണ്ടത്....... അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് നിന്നെപ്പോലുള്ള ഒരു പ്രവാചകനെ ഞാൻ അവർക്കുവേണ്ടി അയയ്ക്കും. എന്റെ വാക്കു കൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കല്പിക്കുന്ന തെല്ലാം അവൻ അവരോടു പറയും." ആ പ്രവാചകന്റെ വാക്കു കേൾക്കാത്തവർ സമൂഹത്തിൽ നിന്നു വിഛേദിക്കപ്പെടണം എന്നും ദൈവം അയയ്ക്കാതെ പ്രവാചകവേഷമണിയുന്നവർ വധിക്കപ്പെ ടുമെന്നും തുടർന്നു കല്പിക്കുന്നു (നിയ 18,19-22).

വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാനൊരുങ്ങി, മൊവാബുസ മതലത്തിൽ പാളയമടിച്ചിരിക്കുന്ന ഇസ്രായേൽ ജനത്തോട്, മോശ നടത്തുന്ന അന്തിമപ്രഭാഷണമായിട്ടാണ് നിയമാവർത്തനപുസ്തകം മുഴുവൻ അവതരിപ്പിച്ചിരിക്കുന്നത്. പുസ്തകത്തിന്റെ ഉത്ഭവത്തെ ക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ടെങ്കിലും പുസ്ത കത്തിന്റെ ഉള്ളടക്കം ഗ്രഹിക്കാൻ ഈ ചരിത്രപശ്ചാത്തലം പ്രസ ക്തമാണ്.

ഈജിപ്തിലെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച അടിമ കളെ സീനായ്മലയുടെ അടിവാരത്തിൽവച്ച് ഉടമ്പടിയിലൂടെ ദൈവ ത്തിന്റെ ജനമാക്കി മാറ്റുകയും നാല്പതുവർഷക്കാലം അവരെ മരു ഭൂമിയിലൂടെ നയിക്കുകയും ചെയ്ത മോശ അവരെ വിട്ടുപിരിയു കയാണ്. വാഗ്ദത്തഭൂമിയിലേക്കു ജനത്തെ പ്രവേശിപ്പിക്കുന്നത് താനായിരിക്കുകയില്ല എന്നു മോശയ്ക്ക് അറിയാം. വാഗ്ദത്തഭൂമി യിൽ പ്രവേശിക്കുന്ന ഇസ്രായേൽ ജനം നിരവധി പ്രലോഭനങ്ങളെ നേരിടേണ്ടിവരും. അപ്പോഴൊക്കെ ആരാണ് അവരെ നയിക്കുക? ഇതുവരെ മോശ വഴിയാണ് അവർ ദൈവഹിതം അറിഞ്ഞിരുന്നത്. മോശയുടെ മരണാനന്തരം എങ്ങിനെയാണ് അവർ ദൈവഹിതം അറിയുക? ഈ ചോദ്യത്തിനുള്ള ഉത്തരമായിട്ടാണ് ചർച്ചാവിഷയ മായ പ്രവചനം പ്രത്യക്ഷപ്പെടുന്നത്.

"നീ കീഴടക്കാൻ പോകുന്ന ജനതകൾ ജോത്സ്യരെയും

പ്രാശ്നികരെയും ശ്രവിച്ചിരുന്നു. എന്നാൽ നിന്റെ ദൈവമായ കർത്താവ് നിന്നെ അതിനനുവദിച്ചിട്ടില്ല" (നിയ 18,14) എന്ന ആമുഖം ഈ ആശയം വ്യക്തമാക്കുന്നു. ദൈവഹിതമറിയാൻ ഇസ്രാ യേൽക്കാർ മറ്റു ജനതകളുടെ മാർഗ്ഗങ്ങൾ തേടിപ്പോകരുത്. അവർക്ക് അതിന്റെ ആവശ്യമില്ല. ദൈവംതന്നെ ഒരു പ്രവാചകനിലൂടെ തന്റെ ഹിതം അവർക്കു വെളിപ്പെടുത്തിക്കൊണ്ടിരിക്കും, മോശയിലൂടെ ചെയ്തതുപോലെ.

## പ്രവചനത്തിന്റെ അർത്ഥം

മോശയുടെ മരണത്തിനുശേഷം ദൈവം മോശയെപ്പോലെ ഒരു പ്രവാചകനെ ഇസ്രായേൽജനത്തിന് അയച്ചുകൊടുക്കും എന്ന താണ് പ്രവചനത്തിന്റെ കാതൽ. ദൈവഹിതം ജനത്തെ അറിയി ക്കുക എന്നതാണ് ഈ പ്രവാചകന്റെ ദൗത്യം. വാഗ്ദത്തഭൂമിയിൽ നേരിടുന്ന പ്രലോഭനങ്ങൾ ഒരു തലമുറയിലോ ഏതാനും വർഷ ങ്ങളിലോ ഒതുങ്ങുന്നതല്ല. ദൈവഹിതം എല്ലാക്കാലത്തും എല്ലാ തലമുറകളും അറിയണം. അതിനാൽ ഈ പ്രവചനം ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയെ എന്നതിനേക്കാൾ തലമുറകളിലൂടെ തുട രുന്ന ഒരു സംവിധാനത്തെയാണ് സൂചിപ്പിക്കുന്നത്. ദൈവംതന്നെ ഒരു പ്രവാചകനിലൂടെ ജനത്തോടു സംസാരിച്ചുകൊണ്ടിരിക്കും; അഥവാ തന്റെ ഹിതം അറിയിക്കാൻ ദൈവം ജനത്തിന്റെ അടുക്ക ലേക്കു പ്രവാചകനെ അയച്ചുകൊണ്ടിരിക്കും. ആ പ്രവാചകനെ യാണ് ജനം ശ്രവിക്കേണ്ടത്.

ഈ പ്രവാചകന്റെ ഒരു പ്രത്യേകത അവൻ ജനത്തിന്റെ "സഹോദരങ്ങളുടെ ഇടയിൽനിന്ന്" ഉള്ളവനായിരിക്കും എന്ന തത്രേ. ഈ വിശേഷണത്തെ തങ്ങളുടെ പ്രബോധനം സ്ഥിരീകരി ക്കാനായി മുസ്ലീമുകൾ ഉപയോഗിക്കാറുണ്ട്. ഇസ്രായേല്യരുടെ സഹോദരങ്ങൾ ഇസ്മായേല്യരാണെന്നും സഹോദരങ്ങളുടെ ഇട യിൽനിന്നുവരുന്ന പ്രവാചകൻ മുഹമ്മദ് ആണെന്നുമത്രേ അവ രുടെ വാദം. എന്നാൽ വാദത്തിൽ കഴമ്പില്ല എന്ന് മോശ രാജാ വിനെക്കുറിച്ചു നല്കുന്ന നിർദ്ദേശം പരിശോധിച്ചാൽ കാണാ നാവും. "നിന്റെ സഹോദരരിൽ നിന്നു മാത്രമേ രാജാവിനെ വാഴി ക്കാവൂ; പരദേശിയെ ഒരിക്കലും രാജാവാക്കരുത്" (നിയ 17,15) എന്ന നിർദ്ദേശം സംശയത്തിനു പഴുതിടുന്നില്ല. ഇസ്രായേലിന്റെ സഹോദരർ ഇസ്രായേൽക്കാർതന്നെയാണ്, മറ്റാരുമല്ല.

ദൈവം തിരഞ്ഞെടുത്തു നിയോഗിക്കുകയും ദൈവത്തോട് നിരന്തരം വിശ്വസ്തത പുലർത്തുകയും ചെയ്ത മോശയെപ്പോലെ ഒരു പ്രവാചകൻ ഇസ്രായേൽക്കാരെ നയിക്കാനായി എന്നും ഉണ്ടായിരിക്കും. അയാൾ ഇസ്രായേൽക്കാരൻതന്നെ ആയിരിക്കും. ആ പ്രവാചകനെയാണ് ജനം അനുസരിക്കേണ്ടത്. അല്ലാതെ ദൈവഹിതം അറിയാൻ വിജാതീയരായ ജോത്സ്യന്മാരെയും പ്രാശ്നികരേയും തേടിപ്പോകേണ്ടതില്ല എന്നത്രെ പ്രവചനം സൂചിപ്പിക്കുന്നത്. പ്രവാചകന്മാരുടെ ഒരു പരമ്പരതന്നെയാണ് ഇവിടെ മുഖ്യമായും വാഗ്ദാനം ചെയ്യപ്പെടുന്നത്. അനേകനൂറ്റാണ്ടുകളിലേക്ക് ഈ വാഗ്ദാനം നിറവേറ്റുകയും ചെയ്തു. എന്നാൽ ഇതു മാത്രമായിരുന്നില്ല പ്രവചനത്തിന്റെ അർത്ഥം.

## യുഗാന്തപ്രവാചകൻ

ബി.സി. നാലാം നൂറ്റാണ്ടായപ്പോഴേക്കും ഇസ്രായേലിൽ പ്രവാചകന്മാർ ഇല്ലാതായി. അവസാനത്തെ പ്രവാചകൻ മലാക്കി ആയിരുന്നു എന്ന് കരുതപ്പെടുന്നു. ദൈവഹിതം അറിയിക്കാൻ ഇനിയും ഒരു പ്രവാചകൻ വരും എന്ന് യഹൂദജനം വിശ്വസിച്ചു. ആ വിശ്വാസത്തിനു മുഖ്യ അടിസ്ഥാനമായി നിന്നത് പഠനവിഷയമായ പ്രവചനമാണ്. ഏതു പ്രവചനത്തിനും രണ്ടു വ്യത്യസ്ത തലങ്ങളുണ്ട്. സമകാലികർക്ക് ഗ്രഹിക്കാൻ കഴിയുന്നതും പ്രസക്തവുമായതാണ് ആദ്യത്തെ തലം. തങ്ങളോട് ദൈവത്തിന്റെ വചനം പറയാൻ എന്നും ഒരു പ്രവാചകൻ ഉണ്ടായിരിക്കും എന്ന വാഗ്ദാനമായി പ്രവചനത്തിന്റെ ആദ്യതലം മനസിലാക്കാം.

എന്നാൽ സമകാലികർക്ക് അജ്ഞാതവും കൂടുതൽ ആഴമേറിയതുമായ ഒരു തലവും പ്രവചനത്തിനുണ്ട്. അതാണ് കൂടുതൽ അർത്ഥവത്തും രക്ഷാചരിത്രത്തിൽ പ്രസക്തവും. ഈ തലത്തിൽ പഠനവിഷയമായ പ്രവചനം ഭാവിയിൽ വരാനിരിക്കുന്ന ഒരു പ്രത്യേക പ്രവാചകനെയാണ് സൂചിപ്പിക്കുക. മോശ ഇസ്രായേൽജനത്തെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച്, ഉടമ്പടി നല്കി ഒരു ജനതയായി രൂപപ്പെടുത്തിയതുപോലെ വരാനിരിക്കുന്ന പ്രവാചകൻ ഒരു പുതുയുഗത്തിനു തുടക്കം കുറിക്കും. അതിനാൽ ആ പ്രവാചകനെ യുഗാന്തപ്രവാചകൻ (eschatological prophet) എന്നും അന്തിമപ്രവാചകൻ എന്നും വിളിക്കാം.

ഇങ്ങനെ ഒരു പ്രതീക്ഷയെക്കുറിച്ചുള്ള സൂചനകൾ പഴയ

നിയമത്തിൽ കാണാം. ആത്മാഭിഷേകത്തോടെ വിമോചനം പ്രഘോഷിക്കാൻ വരുന്ന പ്രവാചകനെക്കുറിച്ച് ഏശ 61,1-2 ൽ പ്രതിപാദിക്കുന്നുണ്ട്. നിയമത്തിന്റെ ആധികാരികമായ വ്യാഖ്യാനം നല്കാൻ വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് 1 മക്ക 4,46 ൽ സൂചനയുണ്ട്. സമറിയാക്കാരുടെ ഇടയിലും ഈ പ്രതീക്ഷ നിലവിലിരുന്നു (യോഹ 4,19-25). മോശയെപ്പോലുള്ള പ്രവാചകൻ, ആഴമേറിയ അർത്ഥത്തിൽ, വരാനിരുന്ന അന്തിമപ്രവാചകൻ, അഥവാ യുഗാന്തപ്രവാചകനാണ്. ആരാണയാൾ?

## യേശു - അന്തിമപ്രവാചകൻ

അന്തിമപ്രവാചകനെക്കുറിച്ചുള്ള നിയമാവർത്തന പുസ്തകത്തിലെ പ്രവചനം യേശുവിൽ പൂർത്തിയായതായി പുതിയ നിയമം അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ പ്രസ്താവിക്കുന്നുണ്ട്. മുടന്തനു ലഭിച്ച സൗഖ്യത്തെ വിശദീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ ഈ പ്രവചനം ഉദ്ധരിച്ചുകൊണ്ടാണ് വി. പത്രോസ് യേശുവിനെ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും തിരസ്കരിച്ചാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തും വിശദീകരിക്കുന്നത് (അപ്പ 3,22-26). മോശയെപ്പോലെയുള്ള പ്രവാചകൻ യേശുതന്നെയാണെന്ന കാര്യത്തിൽ പത്രോസിനോ കേൾവിക്കാർക്കോ സംശയമില്ല.

തങ്ങൾ പ്രതീക്ഷിച്ചിരുന്ന പ്രവാചകനാണ് യേശുവെന്ന് സമകാലികർ ഏറ്റുപറയുന്നതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. നായീനിലെ ജനങ്ങളും (ലൂക്കാ 7,16), സമറിയാക്കാരി സ്ത്രീയും (യോഹ 4,19), കാഴ്ച ലഭിച്ച കുരുടനും (യോഹ 9,17) ജറുസലെം നിവാസികളും (മത്താ 21, 11), മുഖത്തടിച്ച പടയാളികളും (മർക്കോ 14,65) യേശുവിനെ പ്രവാചകനായി അംഗീകരിക്കുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ വിഷാദത്തോടെ യേശുവിനെക്കുറിച്ചു ചിന്തിക്കുന്നത് വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകൻ (ലൂക്കാ 24,19) ആയിട്ടാണ്. ഇതു മോശയുടെ തന്നെ വിശേഷണവുമാണ് (നിയ 34,11-12). ഏശയ്യായുടെ പ്രവചനം തന്നിൽ നിറവേറിയിരിക്കുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ട് നസ്രത്തിൽ വച്ച് യേശു സ്വയം യുഗാന്തപ്രവാചകനായി അവതരിപ്പിച്ചു (ലൂക്കാ 4,18-21). സ്വന്തം സഹോദരങ്ങളാൽ തിരസ്ക്കരിക്കപ്പെട്ട മോശയെപ്പോലെ സ്വന്തം നാട്ടിൽ തിരസ്ക്കരിക്കപ്പെട്ട

പ്രവാചകനാണ് യേശു (ലൂക്കാ 4,24). ദൈവത്തിന്റെ വാക്കുകളാണ് അവൻ സംസാരിക്കുന്നത് (യോഹ 5,19-20.37; 8,28).

മോശയും യേശുവും തമ്മിലുള്ള സാമ്യം എടുത്തുകാട്ടാൻ ഏറ്റം അധികം ശ്രമിക്കുന്നത് വി. മത്തായിയാണ്. ശിശുവധം, ഈജിപ്തിലേക്കുള്ള പലായനം, ഈജിപ്തിൽനിന്നുള്ള തിരിച്ചുവരവ്, മലയിലെ പ്രസംഗം, നിയമത്തിനു നല്കുന്ന പുതിയ വ്യാഖ്യാനം എന്നിങ്ങനെ അനേകം കാര്യങ്ങളിൽ ഈ സാമ്യം ദൃശ്യമാണ്. ഇതെല്ലാമായിരിക്കേ നിയമാവർത്തനപുസ്തകത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്ന പ്രവാചകൻ ആരെന്നന്വേഷിച്ച് ബൈബിളിനു പുറത്തേക്കു പോകേണ്ടതുണ്ടോ? യേശുവിൽ പൂർത്തിയായ ഒരു പ്രവചനത്തെ അതിനപ്പുറത്തേക്കു വലിച്ചു നീട്ടുന്നത് ബൈബിൾ വ്യാഖ്യാനമായല്ല, ചില പ്രത്യേക താൽപര്യങ്ങൾ സ്ഥാപിക്കാനുള്ള ഒരു വൃഥാശ്രമം മാത്രമായേ കരുതാനാവൂ.

# 8. ബൈബിളിലെ സംഖ്യകൾ

*നോഹിന്റെ പേടകം 40-ാം ദിവസം അറാറാത്തു മലയിൽ ഉറച്ചു. യേശുവിനെ 40-ാം ദിവസം ദേവാലയത്തിൽ കാഴ്ചവച്ചു. യേശു നാല്പതു ദിവസം ഉപവസിച്ചു. ഉത്ഥാനത്തിനുശേഷം 40-ാം ദിവസം സ്വർഗ്ഗാരോഹണം ചെയ്തു. എന്താണ് ഈ സംഖ്യയുടെ പ്രസക്തി?*

ആൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ 40 ദിവസത്തേയ്ക്കും പെൺകുഞ്ഞിനെ പ്രസവിക്കുന്നവൾ 80 ദിവസത്തേയ്ക്കും അശുദ്ധ യായിരിക്കുമെന്നും ആ ദിവസങ്ങൾ കഴിയുമ്പോൾ കുഞ്ഞിനുവേണ്ടി ദേവാലയത്തിൽ വരണമെന്നുമുള്ള നിയമം (ലേവ്യർ 12,1-8) അനുസ രിച്ചാണു യേശുവിനെ നാല്പതാം ദിവസം ദേവാലയത്തിൽ കാഴ്ച വച്ചതായി ചോദ്യകർത്താവു ചൂണ്ടിക്കാണിക്കുന്നത്. നാല്പതാം ദിവസം എന്നു ബൈബിൾ (ലൂക്കാ 2,22) പറയുന്നില്ലെങ്കിലും ശുദ്ധീ കരണത്തിന്റെ ദിവസങ്ങൾ പൂർത്തിയായപ്പോൾ........... എന്ന പരാമർശം നാല്പതു ദിവസത്തെയാണു സൂചിപ്പിക്കുന്നത് എന്നതിൽ സംശയ മില്ല. എന്താണീ നാല്പതിന്റെ പ്രത്യേകത?

എടുത്തു കാണിച്ചതിനേക്കാൾ എത്രയോ തവണ കൂടു തൽ നാല്പത് ബൈബിളിൽ പരാമർശിക്കപ്പെടുന്നുണ്ട്. നാല്പത് മാത്രമല്ല മറ്റു പല സംഖ്യകളും വലിയ പ്രാധാന്യത്തോടെ ബൈബി ളിൽ ഉപയോഗിക്കുന്നുണ്ട്. 3,7,10,12, 1000, 144,000 എന്നിവ ഉദാഹര ണങ്ങളാണ്, അപ്പോൾ ചോദ്യം നാല്പത് എന്ന സംഖ്യയെ മാത്ര മല്ല, ബൈബിളിൽ ചില സംഖ്യകൾക്ക് നൽകപ്പെടുന്ന പ്രത്യേ കതയെയാണ് സ്പർശിക്കുന്നത്.

കൃത്യമായ എണ്ണം പറയുന്നതിനു പുറമെ ബൈബിളിൽ സംഖ്യകൾ രണ്ടു വിധത്തിൽ ഉപയോഗിക്കപ്പെടുന്നതായി കാണാം.

1. ഏകദേശം, എന്ന അർത്ഥത്തിൽ ചെറിയ സംഖ്യകളെസൂചിപ്പിക്കാനായി രണ്ട്, മൂന്ന് എന്നീ സംഖ്യകളും രണ്ടോ മൂന്നോ, മൂന്നോ നാലോ എന്നിങ്ങനെയും ഉപയോഗിച്ചു കാണുന്നു. ഇത് മലയാള ഭാഷയിലും സാധാണ പ്രയോഗത്തിലുള്ളതാണല്ലോ. നൂറ്, ആയിരം മുതലായവ വലിയ സംഖ്യകളെ സൂചിപ്പിക്കാനും പതിനായിരം, പതിനായിരങ്ങളുടെ പതിനായിരം മുതലായവ അസംഖ്യം എന്ന അർത്ഥം ദ്യോതിക്കാനും ഉപയോഗിക്കപ്പെടുന്നു. അതിനാൽ കണിശമായ ഒരു സംഖ്യ എന്നതിനേക്കാൾ ഏകദേശരൂപം എന്ന അർത്ഥത്തിൽ ഈ പ്രയോഗങ്ങൾ മനസ്സിലാക്കുകയാണു കൂടുതൽ ഉചിതം.

പ്രതീകാത്മകമായ അർത്ഥസൂചനയോടെ ചില സംഖ്യകൾ ബൈബിളിൽ ഉപയോഗിച്ചു കാണുന്നുണ്ട്. ഇവിടെയും കൃത്യമായ എണ്ണത്തിനല്ല പ്രാധാന്യം, ഏകദേശരൂപത്തിനുമല്ല; സംഖ്യ നൽകുന്ന പ്രതീകത്തിനാണ്. പല പുരാതനമതങ്ങളിലും ഇപ്രകാരം പ്രതീകാത്മകസംഖ്യകൾ പ്രചാരത്തിലിരുന്നു എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. ബൈബിളിൽ കാണുന്ന ചില സുപ്രധാനസംഖ്യകൾ മാത്രമേ ഇവിടെ ചർച്ചാവിഷയമാക്കുന്നുള്ളൂ.

"പൂർണ്ണം", എന്ന സൂചനയാണ് മൂന്ന് എന്ന സംഖ്യ നൽകുന്നത്. ലോകത്തെ ആകാശം, ഭൂമി, പാതാളം എന്നിങ്ങനെ മൂന്നായിട്ടാണു ബൈബിൾ വിഭജിക്കുക. കുടുംബം എന്ന ആശയത്തിനും പ്രാധാന്യമുള്ളതാണല്ലോ മൂന്ന്. പിതാവ്, മാതാവ്, ശിശു എന്നീ മൂന്നു ഘടകങ്ങളാണല്ലോ ഉള്ളത്. കാലവും മൂന്നായിട്ടാണല്ലോ വിഭജിക്കുക. ഭൂതം, വർത്തമാനം, ഭാവി. ഇവ മൂന്നും കൂടുമ്പോൾ നിത്യത, എന്ന അർത്ഥം ലഭിക്കുന്നു. ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും എന്നു ദൈവത്തെ വിശേഷിപ്പിക്കുമ്പോൾ (വെളി 1,4) ദൈവം നിത്യനാകുന്നു എന്നു ഏറ്റുപറയുകയാണ് ചെയ്യുക. ആരാധനക്രമത്തിൽ മൂന്നിനു വലിയ പ്രാധാന്യം നൽകപ്പെടുന്നു. വർഷത്തിൽ മൂന്നു തവണ തിരുനാളാഘോഷിക്കണം (പുറ 23,14), ദിവസം മൂന്നു തവണ പ്രാർത്ഥിക്കണം (ദാനി 6,10). വിധവയുടെ മരിച്ച മകന്റെ മേൽ ഏലിയാ മൂന്നുതവണ കിടന്നു പ്രാർത്ഥിച്ചു (1 രാജാ 17,21).

മൂന്നാംദിവസം എന്ന പ്രയോഗത്തിനുള്ള പ്രാധാന്യം സുവിദിതമാണല്ലോ. "മൂന്നു ദിവസങ്ങൾക്കുശേഷം" എന്നും "മൂന്നാം ദിവസം," എന്നും അർത്ഥവ്യത്യാസമില്ലാതെ ഉപയോഗിച്ചുകാണുന്ന യേശുവിന്റെ ഉത്ഥാനമാണ് ഈ പദപ്രയോഗം നമ്മെ ഓർമ്മി

പ്പിക്കുക. എന്നാൽ മരിച്ച് 72 മണിക്കൂർ കഴിഞ്ഞല്ല യേശു ഉയിർത്തത് എന്ന് എല്ലാ സുവിശേഷകന്മാരും സമ്മതിക്കുന്നു. വെള്ളിയാഴ്ച വൈകുന്നേരം മൂന്നു മണിക്കു ശേഷമാണ് യേശു മരിച്ചത്. ഞായറാഴ്ച രാവിലെ സൂര്യൻ ഉദിക്കുന്നതിനുമുമ്പേ തന്നെ ശവക്കല്ലറ ശൂന്യമായിരുന്നു. അതിനാൽ മൂന്നു ദിവസങ്ങൾക്കുശേഷം അഥവാ മൂന്നാം ദിവസം എന്നതു കൃത്യം 72 മണിക്കൂറുകളെയല്ല സൂചിപ്പിക്കുന്നത് എന്നു വ്യക്തം. "ചുരുങ്ങിയ കാലയളവ്" എന്ന അർത്ഥത്തിൽ ഹോസി 6,2 ൽ "മൂന്നാംദിവസം" ഉപയോഗിച്ചിരിക്കുന്നതായി കാണാം. ദൈവം ചരിത്രത്തിൽ ഇടപെട്ടു രക്ഷ നൽകുന്ന അവസരത്തെ സൂചിപ്പിക്കാനാണ് "മൂന്നാം ദിവസം" എന്ന പദപ്രയോഗം ബൈബിൾ ഉപയോഗിക്കുന്നത്. അല്ലാതെ കണിശമായ സമയപരിധി നിർണ്ണയിക്കാനല്ല. അതിനാൽ യേശുവിന്റെ മൃതദേഹം എത്ര മണിക്കൂർ ശവക്കല്ലറയിൽ ഇരുന്നു എന്നു തിട്ടപ്പെടുത്തുകയല്ല, യേശുവിന്റെ ഉത്ഥാനം ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു എന്ന വിശ്വാസം ഏറ്റുപറയുകയാണ് "മൂന്നാംദിവസം" എന്ന പ്രയോഗത്തിന്റെ ലക്ഷ്യം.

**നാല്:** പൊതുവെ വലിയ പ്രാധാന്യമുള്ള ഒരു സംഖ്യയാണു നാല്. നാലു ദിക്കുകൾ എന്ന ആശയത്തിൽ നിന്നാവാം ഈ പ്രാധാന്യം ആരംഭിച്ചത്. പരന്നു ചരുരത്തിലുള്ള ഒരു തളികയായിട്ടാണ് ബൈബിൾ ഭൂമിയെ കാണുന്നത്. ഭൂമിക്ക് നാലു കോണുകളുള്ളതായാണു സങ്കല്പം (ഏശ 11,12). അതിനാൽ "നാല്" എന്ന സംഖ്യ സമഗ്രതയുടെ അടയാളമായി കരുതപ്പെടുന്നു. എല്ലാം, മുഴുവനും എന്ന അർത്ഥമാണ് "നാല്" എന്ന സംഖ്യയിൽ നിന്നു പലപ്പോഴും ലഭിക്കുക. നാലു സംഹാരകർ (ജെറെ 15:3) എല്ലാം നശിപ്പിക്കുന്നു. നാലു ദൂതന്മാർ കർത്താവിന്റെ സിംഹാസനത്തിനു കാവൽ നിൽക്കുന്നു (എസെ 1:5); അവയ്ക്കുള്ള നാലു മുഖങ്ങൾ (എസെ 1,10) സൃഷ്ടപ്രപഞ്ചം മുഴുവൻ കർത്താവിനു ശുശ്രൂഷ ചെയ്യുന്നു എന്നാണു സൂചന. നാലു രഥങ്ങൾ ലോകം മുഴുവൻ ചുറ്റി സഞ്ചരിക്കുന്നു (സംഖ്യ 6,1-8).

**നാല്പത്**: നാലെന്നതുപോലെ അതിന്റെ ഗുണിതങ്ങളും പ്രാധാന്യമർഹിക്കുന്നു. അവയിൽ ഏറ്റം പ്രധാനം നാല്പതാണ്. സാമാന്യം ദീർഘമായ ഒരു കാലത്തെ സൂചിപ്പിക്കുന്നതിനാണ് 40 അധികമായും ഉപയോഗിച്ചു കാണുന്നത്. അതു മനുഷ്യജീവിത്തേയോ സഹനത്തേയോ സൂചിപ്പിക്കാനാവാം. നാല്പതു വർഷം

ഒരു തലമുറയാണ്. നാല്പതാം വയസ്സിലാണ് ഇസഹാക്കും ഏസാവും വിവാഹിതരാവുന്നത് (ഉത്പ 25,20; 26,34). കർത്താവിന്റെ കല്പന ലംഘിച്ച ഒരു തലമുറ മുഴുവൻ മരിച്ചുതീരുന്നതുവരെ നാല്പതു വർഷം ഇസ്രായേൽജനം മരുഭൂമിയിലൂടെ അലഞ്ഞുനടന്നു എന്നു പറയുന്നതും ഈ അർത്ഥത്തിലാണ് (സംഖ്യ 14,33; 32,13). പുറപ്പാടു മുതൽ ദേവാലയനിർമ്മാണം വരെയുള്ള 480 വർഷം 12 തലമുറകളായി കണക്കാക്കപ്പെടുന്നു (1 രാജാ 6,1; 1 ദിന 6,3-8). മോശ നാല്പതു ദിവസം മലമുകളിൽ പ്രാർത്ഥിച്ചതും (പുറ 24,18) ഏലിയാ നാല്പതു ദിവസം ഹോറേബിലെയ്ക്കു യാത്ര ചെയ്തതും (1 രാജാ 19,8) യേശു നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ചതും (മത്താ 4,2) സാമാന്യം ദീർഘമായ സഹനത്തിന്റെ കാലത്തെ സൂചിപ്പിക്കുന്നു. നാല്പതു ദിവസം ദീർഘമായ ഉപവാസം, പ്രായശ്ചിത്തം, കാത്തിരിപ്പ് ഇവയുടെ കാലമാണ് (ഉല്പ 7,4, 12,17; 8,6; 1 സാമു 17,16; യോനാ 3,4; അപ്പ 1,3). ശിക്ഷയായി നാല്പതു ചാട്ടയടിയാണു നിശ്ചയിക്കപ്പെട്ടിരുന്നത് (നിയ 25,3; 2 കോറി 11,24).

**ഏഴ്:** പല പ്രാചീന മതങ്ങളിലും വലിയ പ്രാധാന്യമുള്ള സംഖ്യയാണ് ഏഴ്. ഈജിപ്തിലും മെസോപ്പൊട്ടേമിയായിലും "7" ഒരു വിശുദ്ധ സംഖ്യയായി പരിഗണിക്കപ്പെട്ടുപോന്നു. മരിച്ച് അധോലോകത്തിൽ എത്തുന്നവരെ 7 പശുക്കളും ഒരു മൂരിയുംകൂടി കണ്ടുമുട്ടുമെന്നും ഏഴു ദേവന്മാരും ഏഴ് സർപ്പങ്ങളും അവരെ സ്വീകരിക്കുമെന്നും ഈജിപ്തുകാർ വിശ്വസിച്ചിരുന്നു. മാന്ത്രികർ 7 ദേവന്മാരെ വിളിച്ചപേക്ഷിക്കുകയും രോഗശാന്തിക്കായി ഏഴ് തൈലങ്ങൾ പൂശുകയും ചെയ്തിരുന്നു.

ആഴ്ചയ്ക്ക് ഏഴ് ദിവസങ്ങൾ എന്ന കാലഗണന ബി.സി. മൂന്നാം സഹസ്രാബ്ദത്തിന്റെ പകുതിമുതൽ നിലനിന്നതായി തെളിവുകളുണ്ട്. ദേവന്മാരുടെ തിരുനാളാഘോഷങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഇപ്രകാരമൊരു കണക്കുകൂട്ടൽ രൂപപ്പെട്ടത് എന്നാണു പണ്ഡിതന്മാരും. ഏഴ് ഗ്രഹങ്ങളെ ആസ്പദമാക്കി ഏഴ് ദിവസങ്ങൾക്കു പേരിടുമ്പോഴും ഓരോ ഗ്രഹത്തെയും ഓരോ ദേവനായി കരുതി അവരുടെ ബഹുമാനാർത്ഥം ഓരോ ദിവസത്തേയും മാറ്റിവയ്ക്കുകയാണ് പ്രാചീനമനുഷ്യർ ചെയ്തത്.

ബൈബിളിൽ മറ്റേതു സംഖ്യയേയുംകാൾ ഏഴിന് പ്രാധാന്യം നല്കപ്പെടുന്നതായി കാണാം. ആറുദിവസംകൊണ്ട്

സൃഷ്ടികർമ്മം നടത്തിയ ദൈവം ഏഴാംദിവസം വിശ്രമിച്ച് അതിനെ വിശുദ്ധീകരിച്ചു (ഉല്പ 2,3). അങ്ങനെ ഏഴാംദിവസം - സാബത്ത് - വിശുദ്ധദിനമായി ആചരിക്കപ്പെട്ടുപോന്നു. കർത്താവിന്റെ വിശ്രമത്തിൽ പങ്കുചേരുന്ന നിത്യവിശ്രമത്തിന്റെ മുന്നോടിയും സൂചനയുമായി സാബത്തു പരിഗണിക്കപ്പെട്ടു. ഏഴാംവർഷം സാബത്തു വർഷമാണ്. ആരാധനക്രമത്തിന്റെ എല്ലാ ഘടകങ്ങളിലും ഏഴിന്റെ സ്വാധീനം കാണാം. പെസഹായും കൂടാരത്തിരുനാളും ഏഴുദിവസംവീതം ആചരിക്കേണ്ട തിരുനാളുകളാണ്. പുരോഹിതന്മാരുടെ അഭിഷേകകർമ്മവും ബലിപീഠത്തിന്റെ ശുദ്ധീകരണവും ഏഴുദിവസം നീണ്ടുനിൽക്കും (പുറ 29,35-37). ബലിയർപ്പിക്കുന്ന മൃഗങ്ങൾ പലപ്പോഴും ഏഴാണ് (ഉല്പ 7,2; ജോബ് 42,8); ബലിരക്തം ഏഴു തവണ തെളിക്കണം (ലേവ്യ 4,6). സാധാരണ രീതിയിൽ കാത്തിരിപ്പിനുള്ള സമയം ഏഴു ദിവസമാണ് (ഉല്പ 7,3-4; 1 സാമു 10,8; 11,3; എസെ 3,16-17). പല വിധത്തിലുള്ള ശാരീരികാശുദ്ധികളും ഏഴുദിവസത്തേക്കു നീണ്ടുനില്ക്കുന്നതായി പരിഗണിക്കപ്പെട്ടുപോന്നു (ലേവ്യ 15,9; സംഖ്യ 19,11).

പുതിയനിയമത്തിലും ഏഴിനു വലിയ പ്രാധാന്യം കല്പിച്ചിരിക്കുന്നു. ഏഴു സഹോദരന്മാർക്കു ഭാര്യയായിരുന്നിട്ടും മക്കളില്ലാതെ മരിച്ച സ്ത്രീ (മത്താ 22,25); നാലായിരം പേർ ഭക്ഷിച്ചു തൃപ്തിയായി ഏഴു കുട്ട മിച്ചം വന്ന ഏഴപ്പം (മർക്കോ 8, 5-8); തന്നേക്കാൾ ദുഷ്ടരായ ഏഴു പിശാചുക്കളുമായി തിരിച്ചുവരുന്ന ദുഷ്ടാത്മാവ് (ലൂക്കാ 11,26); മഗ്ദലേനായിൽനിന്നു ബഹിഷ്ക്കരിക്കപ്പെടുന്ന ഏഴു പിശാചുക്കൾ (ലൂക്കാ 8,2) മുതലായവ ഉദാഹരണങ്ങളാണ്.

വെളിപാടിന്റെ പുസ്തകത്തിലാണ് ഏഴ് ഏറ്റം അധികം പ്രത്യക്ഷപ്പെടുന്നത്. ഏഴു സഭകൾ (1,4); ഏഴു ദീപപീഠങ്ങൾ (1,13); ഏഴു നക്ഷത്രങ്ങൾ (1,16); ഏഴ് ആത്മാക്കൾ (4,5); ഏഴു മുദ്രകൾ (5,1); ഏഴു കാഹളങ്ങൾ (8,2); ഏഴു തലമുറകൾ (12,3); ഏഴു ബാധകൾ (15,1); ഏഴു പാത്രങ്ങൾ (16,1).

മൂന്നും നാലും കൂടിയ സംഖ്യ എന്ന നിലയിലായിരിക്കണം ഏഴ് ഒരു വിശുദ്ധസംഖ്യയായി പരിഗണിക്കപ്പെട്ടിരുന്നത്. ശത്രുവിനോട് ഏഴുതവണ ക്ഷമിക്കുന്നവൻ പൂർണ്ണമായി ക്ഷമിച്ചു എന്ന ധാരണയാണു പത്രോസിന്റെ ചോദ്യത്തിൽ പ്രതിഫലിക്കുക (മത്താ 18,21). എന്നാൽ ഏഴെഴുപതുതവണ എന്ന് തിരുത്തുന്നതി

ലൂടെ വ്യവസ്ഥയില്ലാത്ത ക്ഷമയിലേയ്ക്കു യേശു ശ്രദ്ധ ക്ഷണിക്കുന്നു. ഏഴിന്റെ ഗുണിതങ്ങൾക്കും ബൈബിൾ പ്രാധാന്യം നൽകുന്നതായി കാണാം. 7X2=14; 7X10=70. അബ്രാഹം മുതൽ യേശുവരെ 42 (7X2X3) തലമുറകളായി തിരിക്കുന്ന മത്തായി (1,17) കാലത്തിന്റെ പൂർണ്ണതയിൽ യേശു ജാതനായി എന്നു സൂചിപ്പിക്കുന്നു.

**പന്ത്രണ്ട്**: പ്രാചീനസംസ്ക്കാരങ്ങളിലും ബൈബിളിലും ഒരുപോലെ പ്രാധാന്യമുള്ള മറ്റൊരു സംഖ്യയാണ് "പന്ത്രണ്ട്." രാശി ചക്രത്തിലെ 12 രാശികളെ ആസ്പദമാക്കി വർഷത്തെ 12 മാസങ്ങളായി തിരിക്കുന്നതിൽത്തന്നെ ഈ പ്രാധാന്യം പ്രകടമാണ്. മെസോപ്പൊട്ടാമിയായിൽ നിലവിലിരുന്ന കണക്കൂട്ടലുകളിൽ പന്ത്രണ്ടും അറുപതും വലിയ പ്രാധാന്യമർഹിച്ചിരുന്നു. ഒരു ഡസൻ, പന്ത്രണ്ടിഞ്ച് ഒരടി, അറുപത് സെക്കന്റ് ഒരു മിനിറ്റ്, 24 മണിക്കൂർ ഒരു ദിവസം എന്നിങ്ങനെയുള്ള കണക്കുകൾ ഇന്നും പ്രചാരത്തിലുണ്ടല്ലോ. ഇസ്രായേലിൽ 12 ഗോത്രങ്ങളുണ്ടായിരുന്നു എന്നതുതന്നെ പന്ത്രണ്ടിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ലേവീ ഗോത്രത്തിനു വാഗ്ദത്തഭൂമിയിൽ സ്ഥലം നൽകപ്പെടാതിരുന്നപ്പോൾ ഗോത്രങ്ങളുടെ എണ്ണം പന്ത്രണ്ടായി നിലനിറുത്താൻവേണ്ടി ജോസഫിന്റെ ഗോത്രത്തെ എഫ്രേം, മനാസ്സെ എന്നു രണ്ടായി തിരിച്ചതും യൂദാസിനു പകരം മത്തിയാസിനെ തിരഞ്ഞെടുത്ത് അപ്പസ്തോലന്മാരുടെ എണ്ണം പന്ത്രണ്ടായി തുടർന്നതും ഇവിടെ ശ്രദ്ധേയമാണ്. ദൈവജനത്തിന്റെ പൂർണ്ണതയാണു പന്ത്രണ്ടും അതിന്റെ ഗുണിതങ്ങളും സൂചിപ്പിക്കുക.

പൂർണ്ണസംഖ്യ എന്ന നിലയിൽ പത്തും അതിന്റെ ഗുണിതങ്ങളും ബൈബിളിൽ പലപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ട്. ആയിരം ഒരു വലിയ തുകയായി പരിഗണിക്കപ്പെടുന്നു. ആയിരം വർഷം ദീർഘമായൊരു കാലയളവാണ്. എന്നാൽ പരിമിതമായ ഒരു കാലയളവാണത് – ആരംഭവും അവസാനവുമുള്ള ഒരു കാലയളവ്. ആയിരങ്ങളുടെ ആയിരവും പതിനായിരങ്ങളുടെ പതിനായിരവും അസംഖ്യങ്ങളാണ്.

മൂന്നര: ഏഴിന്റെ പകുതിയായ മൂന്നര ചുരുങ്ങിയ കാലഘട്ടത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചു കാണുന്നു. മൂന്നരദിവസം, മൂന്നരവർഷം, അതിനു തുല്യമായ 42 മാസം, 1260 ദിവസം ഇതെല്ലാം ചുരുങ്ങിയ കാലഘട്ടത്തേയ്ക്ക് അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളെയാണു സാധാരണ സൂചിപ്പിക്കുക. ഏലിയായുടെ കാലത്തു

ണ്ടായ മൂന്നര വർഷക്കാലത്തെ വരൾച്ച (ലൂക്കാ 4,25), ജനതകൾ വിശുദ്ധനഗരത്തെ ചവിട്ടി മെതിക്കുന്ന 42 മാസം (വെളി 11,2), രണ്ടു സാക്ഷികൾ പ്രവചിക്കുന്ന 1260 ദിവസം (വെളി 11,3), സാക്ഷികളുടെ മൃതദേഹം തെരുവീഥിയിൽ കിടക്കുന്ന മൂന്നര ദിവസം (വെളി 11,8) ഇവയെല്ലാം ദൈവം ഇടപെട്ടു പീഡനങ്ങൾക്ക് അറുതിവരുത്തുമെന്ന പ്രതീക്ഷയാണു പ്രകടിപ്പിക്കുന്നത്.

**666** വളരെയേറെ ചർച്ചാവിഷയമായ ഒരു സംഖ്യയാണ് 666 (വെളി 13,18). മൃഗത്തിന്റെ സംഖ്യയും അതേസമയം ഒരു മനുഷ്യന്റെ സംഖ്യയുമായ 666 എന്തിനെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ ഏകാഭിപ്രായമില്ല. ഹീബ്രു ഭാഷയിൽ അക്കങ്ങൾക്കു പ്രത്യേക അടയാളമില്ലാത്തതിനാൽ അവയ്ക്കു പകരം അക്ഷരങ്ങളാണ് ഉപയോഗിച്ചിരുന്നത്. 666 എഴുതാൻ ആവശ്യമായ അക്ഷരങ്ങൾ പലവിധത്തിൽ കൂട്ടിച്ചേർത്ത് ഓരോ പേരുകൾ ഓരോ കാലത്ത് കണ്ടുപിടിച്ചിരുന്നു. നീറോ സീസർ എന്നതാണ് പൊതുവേ അംഗീകരിച്ചിരുന്ന പേര്. ക്രിസ്തുവിന്റെ സഭയ്ക്കെതിരേ ആദ്യമായി മതമർദ്ദനം അഴിച്ചുവിട്ട നീറോയെ തിന്മയുടെ മൂർത്തീഭാവമായി വിശ്വാസികൾ കണക്കാക്കിയിരുന്നു. പിൽക്കാലത്ത് ദുഷ്ടന്മാരായ പല ഭരണാധിപന്മാരേയും - ഹിറ്റ്ലറും സ്റ്റാലിനുംവരെ - ഈ സംഖ്യ സൂചിപ്പിക്കുന്നതായി കരുതപ്പെടുന്നു. എന്നാൽ വിശുദ്ധ സംഖ്യയായ ഏഴിൽനിന്ന് ഒന്നു കുറഞ്ഞ ആറ് അപൂർണ്ണവും അവിശുദ്ധവുമായ സംഖ്യയാണ്. ഈ സംഖ്യതന്നെ മൂന്നുതവണ ആവർത്തിക്കുകവഴി അശുദ്ധിയുടേയും അപൂർണ്ണതയുടെയും തികവ് - തിന്മയുടെ പൂർണ്ണത - എന്ന അർത്ഥത്തിലാണു 666 മനസ്സിലാക്കേണ്ടത് എന്ന വിശദീകരണത്തിനാണ് ഇന്നു കൂടുതൽ സ്വീകാര്യത. ഏതെങ്കിലും ഒരു പ്രത്യേക വ്യക്തി എന്നതിനേക്കാൾ ക്രിസ്തുവിന്റെ സഭയ്ക്കെതിരേ പോരാടുന്ന തിന്മയുടെ ശക്തി എന്നു വേണം ഈ സംഖ്യയെ മനസ്സിലാക്കാൻ.

അങ്ങനെ നോക്കുമ്പോൾ ബൈബിളിലെ സംഖ്യകളെല്ലാം അക്ഷരാർത്ഥത്തിലെടുത്താൽ അർത്ഥം മുഴുവൻ മനസ്സിലാവാതെ പോകും എന്നു മാത്രമല്ല പലപ്പോഴും ശരിയായ അർത്ഥം ഗ്രഹിക്കാൻ കഴിഞ്ഞില്ലെന്നും വരും. പ്രതീകാത്മകമായ അർത്ഥമുള്ളതുകൊണ്ട് അക്ഷരാർത്ഥത്തിനു പ്രാധാന്യമില്ല എന്നു വരുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

# 9. വഞ്ചിച്ചുവാങ്ങിയ അനുഗ്രഹം

*ഏസാവിനേയും അതിനേക്കാൾ കൂടുതലായി ഇസഹാക്കിനെയും കരുതിക്കൂട്ടി ചതിച്ചുകൊണ്ടാണല്ലോ യാക്കോബ് അനുഗ്രഹം വാങ്ങിയത്. ആ അനുഗ്രഹം ശാപമല്ലേ ആകൂ? കൈവച്ചു തന്നെ അനുഗ്രഹിച്ചില്ലെങ്കിൽ അനുഗ്രഹം ലഭിക്കില്ലേ? ട്യൂബിലൂടെ എന്നപോലെ കൈകളിലൂടെ അനുഗ്രഹങ്ങൾ പ്രവഹിക്കുകയാണോ?*

ചോദ്യകർത്താവ് രണ്ടു പ്രധാന ചോദ്യങ്ങൾ ഇവിടെ ഉന്നയിക്കുന്നു. 1. ജ്യേഷ്ഠനേയും പിതാവിനേയും വഞ്ചിച്ച യാക്കോബിന് അനുഗ്രഹം ലഭിക്കാൻ എന്തർഹതയാണുള്ളത്? ദൈവം വഞ്ചനയ്ക്കു കൂട്ടുനില്ക്കുകയോ? 2. അനുഗ്രഹം കൈകളിലൂടെ തന്നെ ആകണമോ? ആദ്യത്തേതു രക്ഷാചരിത്രത്തെ സ്പർശിക്കുമ്പോൾ രണ്ടാമത്തേതു പ്രതീകങ്ങളുടെ പ്രസക്തിയെയാണു സൂചിപ്പിക്കുക.

പ്രത്യക്ഷത്തിൽ തികച്ചും കുറ്റകരമായ ഒരു പ്രവൃത്തിയാണു യാക്കോബ് ചെയ്തത്. എന്നാൽ, ഈ സംഭവത്തെക്കുറിച്ചുള്ള ബൈബിൾ വിവരണം ശ്രദ്ധിച്ചു വായിച്ചാൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ വ്യക്തമാകും. ഒരു പാത്രം പായസത്തിനുവേണ്ടി ഏസാവ് തന്റെ ജ്യേഷ്ഠസ്ഥാനം വിറ്റു കഴിഞ്ഞിരുന്നതിനാൽ തത്ത്വത്തിൽ യാക്കോബാണ് ആദ്യപുത്രൻ. അതിനാൽ പിതാവിന്റെ അനുഗ്രഹത്തിന്റെ അവകാശിയും യാക്കോബുതന്നെ. ആദ്യപുത്രസ്ഥാനത്തിന് ഒരു പാത്രം പായസത്തിന്റെ വില കല്പിക്കാത്തവന് ആ സ്ഥാനത്തോടനുബന്ധിച്ച അനുഗ്രഹത്തിനും അർഹതയില്ല.

പിതാവിന്റെ അനുഗ്രഹം വാങ്ങാൻ യാക്കോബ് സ്വമനസ്സാ

തീരുമാനിച്ചതല്ല. അമ്മയായ റബേക്കായുടെ പ്രേരണയ്ക്കു വഴങ്ങുക മാത്രമാണദ്ദേഹം ചെയ്തത്. അനുഗ്രഹത്തിനു പകരം ശാപം കിട്ടിയേക്കുമോ എന്നു ഭയപ്പെടുന്ന യാക്കോബിനെ ആ ശാപം താൻ ഏറ്റെടുത്തുകൊള്ളാമെന്നു പറഞ്ഞു പിതാവിന്റെയടുക്കലേക്കു തള്ളിവിടുകയാണു റബേക്കാ. അപ്പോൾ പ്രധാന തെറ്റുകാരി അമ്മയാണ്. പക്ഷേ, യാക്കോബിന്റെ ഉത്തരവാദിത്വത്തെ ഇത് ഒരു തരത്തിലും ലഘൂകരിക്കുന്നില്ല.

മരിക്കാൻ കിടക്കുമ്പോൾ കാട്ടിറച്ചി തിന്നാൻ കൊതിക്കുന്ന അപ്പൻ ഇറച്ചി തിന്നു വയറു നിറയുമ്പോൾ അനുഗ്രഹിക്കാമെന്നു പറയുന്നത് അല്പം അസാധാരണമല്ലേ? അനുഗ്രഹിക്കുന്ന ആളിന്റെ ശക്തി അനുഗ്രഹിക്കപ്പെടുന്ന ആളിലേക്കു പ്രവഹിക്കുന്നു എന്ന മാന്ത്രിക സിദ്ധാന്തം ഇതിനു പിന്നിലുണ്ടെന്നു തോന്നും. സ്വരം കേട്ടു യാക്കോബാണെന്നു കരുതിയ മകന്റെ രോമക്കുപ്പായവും കുപ്പായത്തിലെ സുഗന്ധവുംകൊണ്ടു ബാക്കി എല്ലാം മറന്ന് അനുഗ്രഹിക്കുമ്പോൾ ഇസഹാക്ക് അല്പം കടുത്ത കൈയാണു ചെയ്യുക, ഊഹിക്കാവുന്ന നന്മകളെല്ലാംകൂടി ഒരു മകന്റെമേൽ മാത്രം കോരിച്ചൊരിഞ്ഞ് ഇളയവനെ എന്തിന് അടിമയാക്കണം? പിതാവിന്റെ സ്വത്തിൽ രണ്ടു പങ്കിന്റെ അവകാശം മൂത്തമകനുണ്ടെങ്കിലും ഇളയമകനും ഒരു പങ്കിനവകാശമുണ്ടല്ലോ. സ്പഷ്ടമായ ഒരു ചേരിതിരിവ് ഈ കഥയിൽ കാണാം. ഇളയമകനും അമ്മയും ഒരു ഭാഗത്ത്. മൂത്ത മകനും അപ്പനും മറുഭാഗത്ത്. ഉപജാപവും വടംവലികളും വഞ്ചനയും. ചുരുക്കത്തിൽ ഒട്ടും മാതൃകാപരമല്ലാത്ത ഒരു കഥയാണിത്.

ഇതിന്റെയെല്ലാം ഫലമോ? ഒരു കുടുംബം പൂർണ്ണമായി തകരുന്നു. കൗശലം പ്രയോഗിച്ചു മകന് അനുഗ്രഹം വാങ്ങിക്കൊടുത്ത അമ്മ തന്നെയാണ് അവനെ വാഗ്ദത്തഭൂമിയിൽനിന്നു പുറത്തേക്കു പറഞ്ഞയയ്ക്കുന്നത്. ഏതാനും നാളുകൾ മാത്രമേ ഈ പ്രവാസം ദീർഘിക്കുകയുള്ളൂ എന്നു കരുതിയെങ്കിലും അമ്മയും മകനും ഒരിക്കലും കണ്ടുമുട്ടുന്നില്ല. ജ്യേഷ്ഠനെയും പിതാവിനേയും വഞ്ചിച്ച യാക്കോബിനെ ലാബാൻ പല തവണ വഞ്ചിച്ചു. ഇരുപതു വർഷത്തെ പ്രവാസത്തിനുശേഷം മടങ്ങിവരുന്ന യാക്കോബ് വീണ്ടും കടുത്ത പ്രതിസന്ധിയിലാകുന്നു. തന്നെ വേട്ടയാടുന്ന ലാബാൻ പിറകിൽ, താൻ ഭയപ്പെടുന്ന ജ്യേഷ്ഠൻ മുമ്പിൽ. വഞ്ചി

ച്ചെടുത്ത അനുഗ്രഹംകൊണ്ട് എന്തുനേടി? യാക്കോബിനു സമൃദ്ധി യുണ്ടായെങ്കിൽ ഏസാവിനു സമ്പത്ത് ഒട്ടും കുറവായിരുന്നില്ല.

ഒരു കുടുംബകഥയുടെ മാത്രം പശ്ചാത്തലത്തിൽ നോക്കി യാൽ വഞ്ചിച്ചവർ അതിനുള്ള കഠിനശിക്ഷ അനുഭവിച്ചു. റബേ ക്കായ്ക്കു തന്റെ ഇഷ്ടപുത്രൻ നഷ്ടപ്പെട്ടു. യാക്കോബ് ഇരുപതു വർഷം വിദേശവാസം അനുഭവിച്ചു. എന്നാൽ, ഏസാവ് വീട്ടിൽതന്നെ സുഖമായി കഴിഞ്ഞു. അതിനാൽ വഞ്ചനയ്ക്കു പ്രതിഫലം അനുഗ്ര ഹമെന്ന വാദം ശരിയല്ല.

രക്ഷാചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അല്പംകൂടി വിശാ ലമായ ഒരർത്ഥമുണ്ട് ഈ സംഭവത്തിനും. പാപിയായ മനുഷ്യനു ദൈവം നല്കുന്ന രക്ഷയുടെ ചരിത്രമാണു രക്ഷാചരിത്രം. അതിൽ മനുഷ്യന്റെ വഞ്ചനയും ദുഷ്ടതയും അവിശ്വസ്തതയും എല്ലാമുണ്ട്. അവയെ ദൈവം അംഗീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ അല്ല, കണക്കിലെടുക്കുകയാണ്.

എളിയവർക്കും പീഡിതർക്കും ദൈവം നല്കുന്ന രക്ഷയുടെ ചരിത്രമാണു രക്ഷാചരിത്രം. യാക്കോബ് ഇളയവനും പ്രായേണ ദുർബ്ബ ലനുമായിരുന്നു; ഏസാവ് കൂടുതൽ ശക്തനും. ബലവാനെ ഭയന്നോ ടുന്ന ബലഹീനനെ ബലപ്പെടുത്തി അവനിലൂടെയാണു ദൈവം രക്ഷാ ചരിത്രം മുന്നോട്ടു നയിക്കുന്നത്. കായേനും ആബേലും മുതലിങ്ങോട്ടു തുടർച്ചയായി ആവർത്തിക്കപ്പെടുന്ന പ്രമേയമാണിത്.

ദാവീദിന്റെയും സോളമന്റെയും കാലത്തു രൂപംകൊണ്ട യാഹ്‌വേ പാരമ്പര്യത്തിലാണ് ഈ കഥ രേഖപ്പെടുത്തിയിരിക്കു ന്നത്. ദാവീദ് സഹോദരന്മാരിൽ ഏറ്റവും ഇളയവനായിരുന്നു. സോളമനും ആദ്യജാതനായിരുന്നില്ല. ഇളയ മകൻ രാജാവായി തെര ഞ്ഞെടുക്കപ്പെടുന്ന അനുഭവത്തിന്റെ വെളിച്ചത്തിലാണു വി. ഗ്രന്ഥ കാരൻ യാക്കോബിന്റെ അനുഗ്രഹലബ്ധിയെക്കുറിച്ചു പ്രതിപാദി ക്കുന്നത്. വൃദ്ധനായ ദാവീദിന്റെമേൽ സമ്മർദ്ദം ചെലുത്തി മൂത്തമ കനായ അദോനിയായ്ക്കു പകരം ഇളയവനായ സോളമനെ രാജാ വാക്കുന്ന ബദ്ഷേബായുടെ ചിത്രം യാക്കോബിന് അനുഗ്രഹം വാങ്ങിക്കൊടുക്കുന്ന റബേക്കായിൽ പ്രതിഫലിക്കുന്നില്ലേ?

യാക്കോബ് ഇസ്രായേൽക്കാരുടെ പിതാവാണ്; ഏസാവ് ഏദോമ്യരുടെയും. ദാവീദാണ് ഏദോമ്യരെ കീഴടക്കി ഇസ്രായേലിന്റെ ദാസരാക്കിയത്. സോളമന്റെ ആരംഭകാലത്ത് ഈ അവസ്ഥ തുടർന്നു.

ഏദോമ്യരെ ഇസ്രായേലിന്റെ ദാസന്മാരാക്കാൻ ദൈവംതന്നെ തീരുമാനിച്ചിരുന്നു എന്ന് ആനുകാലിക യാഥാർത്ഥ്യത്തിന് ഒരു സാധൂകരണം നല്കാനും ഈ കഥ ഉപകരിച്ചു എന്നതിൽ സംശയമില്ല.

പ്രത്യക്ഷത്തിൽ വഞ്ചന നിറഞ്ഞ ഒരു കുടുംബകഥയായി തോന്നാവുന്ന സംഭവത്തിനു പിന്നിൽ ബൈബിൾ വ്യാഖ്യാനത്തിന്റെയും പുനഃരാഖ്യാനത്തിന്റെയും പല തലങ്ങൾ കാണാൻ കഴിയും. ഒരു പടികൂടി കടന്ന് അനുഗ്രഹം പൈതൃകമായി ലഭിച്ച ഇസ്രായേലിന് എന്തു സംഭവിച്ചു എന്നു ചോദിക്കുന്നതു പ്രസക്തമാണ്. പൈതൃകത്തിന്റെ പേരിൽ ഊറ്റം കൊണ്ട അവരുടെ ഭവനം ശൂന്യമാവുകയും ഒരു പൈതൃകവും സ്വന്തമായി അനുമാനിക്കാനില്ലാതിരിക്കുന്ന വിജാതീയർ രക്ഷാപദ്ധതിയിൽ സ്ഥാനം പിടിക്കുകയും ചെയ്തില്ലേ? പുതിയ ഇസ്രായേൽ യാക്കോബിന്റെ മക്കളേ അല്ലല്ലോ.

വാക്കുകളോടൊപ്പം പ്രതീകങ്ങളും ആശയവിനിമയത്തിന് എക്കാലവും ഉപയോഗപ്പെടുത്തുന്നു. മുദ്രാവാക്യം വിളിക്കുന്നവർ കൈചുരുട്ടി വായുവിനെ പ്രഹരിക്കുന്നു. നമിക്കുന്നവർ കൈകൂപ്പി കുമ്പിടുന്നു; അനുഗ്രഹിക്കുന്നവർ തലയിൽ കൈവയ്ക്കുന്നു. ഇവയെല്ലാം പൊതുവേ അംഗീകരിക്കപ്പെട്ട അടയാളങ്ങൾ എന്ന നിലയിൽ മാത്രമേ അർത്ഥവത്താകുന്നുള്ളൂ. മനസ്സിലാകാത്ത അടയാളങ്ങൾ അർത്ഥശൂന്യങ്ങളാണ്. കുഴലിലൂടെ വെള്ളമെന്നപോലെ കൈയിലൂടെ അനുഗ്രഹം പ്രവഹിക്കുകയല്ല, ഉച്ചരിക്കുന്ന അനുഗ്രഹവചനങ്ങൾക്ക് അകമ്പടി സേവിക്കുന്ന അടയാളം മാത്രമാണു കൈവെപ്പ്. ഇപ്രകാരമുള്ള അടയാളമാണല്ലോ ആരാധനക്രമങ്ങളിൽ ഉടനീളം പ്രത്യക്ഷപ്പെടുക.

# 10. കാർമ്മൽ മലയിലെ പുരോഹിതവധത്തിന്റെ ധാർമ്മികത

*കാർമ്മൽ മലയുടെ മുകളിൽവച്ച് ഏലിയാ പ്രവാചകൻ ബാൽദേവന്റെ പൂജാരികളെയെല്ലാം കൊല്ലിച്ചത് എന്തിന്? ഈ പ്രവൃത്തിയെ നമുക്കു ധാർമ്മികമായി നീതിമത്കരിക്കാനാവുമോ?*

രാജാക്കന്മാരുടെ ഒന്നാം പുസ്തകം 18-ാം അദ്ധ്യാത്തിൽ വിവരിച്ചിരിക്കുന്ന ഒരു സംഭവമാണ് ചോദ്യവിഷയം. പ്രസ്തുത സംഭവത്തിന്റെ ധാർമ്മികത നിർണ്ണയിക്കുന്നതിനുമുമ്പു ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഇസ്രായേൽ ചരിത്രത്തിന്റെ നിർണ്ണായകമായൊരു വഴിത്തിരിവിലാണ് ഏലിയാ പ്രവാചകൻ പ്രത്യക്ഷപ്പെടുന്നത്. ബി. സി. ഒമ്പതാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിൽ വടക്കൻ രാജ്യമായ ഇസ്രായേൽ ഭരിച്ച ആഹാബിന്റെ കാലത്താണ് ബാൽ ആരാധന ഒരു ദേശീയനയമായി ഇസ്രായേലിൽ സ്വീകരിക്കപ്പെട്ടത്. ടയിർ രാജാവായ ഇത്തോബാലിന്റെ മകളായിരുന്നു ആഹാബിന്റെ ഭാര്യയായ ജെസബേൽ. തന്റെ പിതാക്കന്മാർ ആരാധിച്ചിരുന്ന ബാൽ ദേവനെ യാഹ്വേയ്ക്കു പകരം ഇസ്രായേലിന്റെ ദൈവമായി പ്രതിഷ്ഠിക്കാൻ സർവ്വശക്തിയും ഉപയോഗിച്ച് അവൾ പരിശ്രമിച്ചു. യാഹ്വേ വിശ്വാസികളെ തിരഞ്ഞുപിടിച്ചു കൊല്ലുകയും ബാൽ ആരാധന നിർബന്ധമാക്കുകയും ചെയ്ത സാഹചര്യത്തിൽ യാഹ്വേയിലുള്ള വിശ്വാസം ഏറ്റുപറയാൻ ആരും ധൈര്യപ്പെട്ടില്ല.

തന്റെ കല്പനകളിലൂടെ ജനത്തെ നയിക്കുകയും ഭരിക്കുകയും ചെയ്യുന്ന യാഹ്വേയ്ക്ക് പകരം കാഴ്ചകൾ സ്വീകരിച്ച് ഏത്

ഉദ്ദിഷ്ടകാര്യവും സാധിച്ചുകൊടുക്കുന്ന ബാൽ ക്രമേണ ജനഹൃദയങ്ങളിൽ സ്വാധീനം ചെലുത്തി. ആദൃശ്യനായ യാഹ്‌വയേയും അവിടുത്തെ കർശനമായ നിയമങ്ങളെയുംകാൾ കാണാവുന്ന വിഗ്രഹമുള്ള ബാൽ ജനത്തിനു കൂടുതൽ സ്വീകാര്യനായി. തങ്ങളെ ഈജിപ്തിൽനിന്നു മോചിപ്പിച്ചു യാഹ്‌വെയെ ജനം തിരസ്കരിക്കുകയും സാവധാനം മറക്കുകയും ചെയ്യും എന്ന നില വന്നു.

ഈ സാഹചര്യത്തിലാണു പ്രവാചകരിൽ അഗ്രഗണ്യനായ ഏലിയ രംഗപ്രവേശം ചെയ്യുന്നത്. എന്റെ ദൈവം യാഹ്‌വേ എന്നാണ് ഏലിയാഹു എന്ന പേരിന്റെ അർത്ഥം. യാഹ്‌വേയ്ക്കുവേണ്ടി പടപൊരുതാൻ നിരന്തരം ഒരുങ്ങിയിരിക്കുന്ന ഒരു നാസീർ വ്രതക്കാരനായിട്ടാണ് ഏലിയാ ചിത്രീകരിക്കപ്പെടുന്നത്. ഏലിയാ യാഹ്‌വേയുടെ ഒരു പടയാളിയാണ്. ധാർമ്മികനിയമങ്ങളെ കാറ്റിൽ പറത്തി, നാട്ടിൽ അനീതിയും അക്രമവും അഴിച്ചുവിടുന്ന രാജഭരണത്തിന്റെ ശക്തികേന്ദ്രമായി ജെസബേലും അവൾ ഇറക്കുമതി ചെയ്ത ബാൽമതവും പ്രത്യക്ഷപ്പെട്ടു. മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിൽ അവശ്യം പാലിക്കേണ്ട ധാർമ്മികതയ്ക്കു യാതൊരു പ്രാധാന്യവും കല്പിക്കാത്ത വിഗ്രഹാരാധന ഇസ്രായേൽ ജനത്തെ സത്യദൈവമായ യാഹ്‌വേയിൽനിന്ന് അകറ്റുകയും തദ്വാരാ കനത്ത സാമൂഹികാനീതിയിലേക്കു നയിക്കുകയും ചെയ്തപ്പോൾ, ഈ ദേശീയ വിപത്തിനെതിരേ പടവാളുയർത്തിയ യാഹ്‌വേയുടെ പോരാളിയാണ് ഏലിയാ.

യാഹ്‌വേയും ബാലും തമ്മിലുള്ള പോരാട്ടത്തിലെ നിർണ്ണായകമായ ഏറ്റുമുട്ടലാണ് കാർമ്മൽ മലയിൽ വച്ചു നടന്നത്. അഗ്നിയിറക്കി ബലി സ്വീകരിച്ച്, തന്റെ ദൈവത്വം തെളിയിക്കാൻ കഴിയാത്ത ബാൽ ഈ പോരാട്ടത്തിൽ പരാജയപ്പെട്ടു. മലമുകളിൽ സമ്മേളിച്ച ജനം ഒന്നടങ്കം യാഹ്‌വേയെ ദൈവമായി ഏറ്റുപറഞ്ഞത് യാഹ്‌വേയുടെ വിജയത്തിന്റെ അംഗീകാരമായിരുന്നു. യുദ്ധത്തിൽ പരാജയപ്പെടുന്നവർ കൊല്ലപ്പെടുക സാധാരണമാണ്. ബാലിന്റെ പരാജയത്തിൽ അവന്റെ പുരോഹിതരും പങ്കുചേർന്നു എന്നതാണ് പുരോഹിതവധംകൊണ്ട് അർത്ഥമാക്കുന്നത്.

ബാൽ ആരാധനയെ നാട്ടിൽനിന്നു തുടച്ചുനീക്കാനുള്ള ശ്രമമായിട്ടുവേണം ഈ കൂട്ടക്കുരുതിയെ കണക്കാക്കാൻ. രാജ്ഞിയുടെയും ഭരണയന്ത്രത്തിന്റെയും പൂർണ്ണമായ പിന്തുണയോടെ രാജ്യത്ത് വിഗ്രഹാരാധന പ്രചരിപ്പിച്ചിരുന്നവർ തങ്ങളുടെ പ്രവർത്ത

നങ്ങളിൽ നിന്നു പിൻമാറുമായിരുന്നില്ല. അതിനാൽ യാഹ്വേയിലുള്ള വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ബാൽ പുരോഹിതന്മാരെ ഏലിയാ കൊല ചെയ്തത്. യാഹ്വേ വിശ്വാസത്തിന്റെ ജീവന്മരണ പോരാട്ടമായിരുന്നു അത്. എന്നാൽ ഈ പ്രവൃത്തിയെ ഇന്നു ധാർമ്മികമായി നീതിമത്കരിക്കാനാവുമോ?

ഇല്ല എന്നു മാത്രമേ ഉത്തരം പറയാൻ കഴിയൂ. തന്റേതിൽനിന്നു വ്യത്യസ്തമായൊരു വിശ്വാസം വച്ചു പുലർത്തുന്നവരെ വധിക്കാൻ ധാർമ്മികമായി നമുക്കു കഴിയുകയില്ല. മതസ്വാതന്ത്ര്യത്തിന്റേയും സഹിഷ്ണുതയുടേയും സംവാദത്തിന്റെയും കാലമാണിത്. തന്റേതായ ബോദ്ധ്യമനുസരിച്ചു ജീവിക്കാൻ ഓരോ വ്യക്തിക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണം. യാഹ്വേയുടെ വിശ്വാസികളെ പീഡിപ്പിക്കാൻ ബാൽ ആരാധകർക്കോ, ബാൽ ആരാധകരെ വധിക്കാൻ യാഹ്വേ വിശ്വാസികൾക്കോ അവകാശമില്ല. എതിരാളികളെ വധിച്ചല്ല വിശ്വാസം സംരക്ഷിക്കേണ്ടത്. വേണ്ടിവന്നാൽ വിശ്വാസത്തിനുവേണ്ടി മരിക്കാൻ തയ്യാറാവണം; കൊല്ലാനല്ല. ഇതാണു ക്രൈസ്തവരക്തസാക്ഷികൾ നമുക്കു കൈമാറിത്തന്ന വിശുദ്ധ പാരമ്പര്യം.

എന്നാൽ ക്രിസ്തുനാഥൻ കാണിച്ചുതന്ന മാർഗ്ഗത്തിന്റെയും ഇന്നു നിലവിലിരിക്കുന്ന മനോഭാവത്തിന്റെയും വെളിച്ചത്തിൽ ബി. സി. ഒമ്പതാം നൂറ്റാണ്ടിലെ മനുഷ്യരുടെ മേൽ വിധി പറയാൻ നമുക്ക് അവകാശമില്ല. തങ്ങളുടെ ജീവനേക്കാൾ വിലമതിച്ച യാഹ്വേ വിശ്വാസം സംരക്ഷിക്കാനായി അവർ ആയുധമെടുത്തു. ഇന്ന് സ്വയരക്ഷ (ജീവരക്ഷ)ക്കുവേണ്ടി ആയുധമെടുക്കുകയും മറ്റു മാർഗ്ഗമില്ലാത്തപ്പോൾ കൊല ചെയ്യുകയും ചെയ്യുന്നതു നീതിമത്കരിക്കപ്പെടുന്നതുപോലെ വിശ്വാസസംരക്ഷണത്തിനായുള്ള യുദ്ധവും കൊലയും അന്നു നീതിമത്കരിക്കപ്പെട്ടു. മാത്രമല്ല, അതു തങ്ങളുടെ വിശുദ്ധ ധർമ്മമായി അവർ കരുതി. ഇന്നു സ്വീകാര്യമല്ലാത്ത പലതും പഴയ നിയമത്തിൽ നീതിമത്കരിക്കപ്പെടുന്നതായി കാണാം. അതിനാൽത്തന്നെയാണ് അതു ''പഴയനിയമ''മായി പരിഗണിക്കപ്പെടുന്നത്.

ശത്രുക്കളെ സ്നേഹിക്കാനും പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും പഠിപ്പിച്ച യേശുവിൽ പൂർത്തിയായ നിയമമാണു ധാർമ്മികതയുടെ മാനദണ്ഡ

മായി നാം സ്വീകരിക്കുക. പഴയനിയമ ധാർമ്മികത സമൂലം തിരുത്തിക്കുറിക്കുന്ന മലയിലെ പ്രസംഗം ക്രിസ്തീയധാർമ്മികതയുടെ സ്വഭാവം വിശദമാക്കുന്നു.ദൈവത്തെക്കുറിച്ചുള്ള അറിവിലെന്നതുപോലെ ധാർമ്മികതയെക്കുറിച്ചും മനുഷ്യവർഗ്ഗം വളർച്ച പ്രാപിക്കുന്നതിന്റെ ചരിത്രം ബൈബിളിൽ കാണാം. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കാൻ (എഫേ 4,24) "ക്രിസ്തുവിന്റെ പരിപൂർണ്ണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരായി" (എഫേ 4,13). വളരുന്ന പാതയിൽ മനുഷ്യസമൂഹം കടന്നുപോന്ന ഒരു കാലഘട്ടത്തെയാണു കാർമ്മൽ മലയിലെ പുരോഹിത വധം സൂചിപ്പിക്കുന്നത്.

ഏലിയാ നടത്തിയ കൂട്ടക്കൊലയെ ഇന്നു നീതിമത്കരിക്കാനാവില്ലെങ്കിലും യാഹ്‌വേയ്ക്കും അവിടുത്തെ നിയമത്തിൽ അധിഷ്ഠിതമായ നീതിക്കുംവേണ്ടിയുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത ഇന്നും നമുക്കു പ്രചോദനം നൽകേണ്ടതാണ്. വിഗ്രഹാരാധനയ്ക്കും ബാൽ ആരാധനയ്ക്കും എതിരേയുള്ള സമരം കൂടുതൽ ഊർജ്ജസ്വലമായി തുടരേണ്ടിയിരിക്കുന്നു. കാരണം, ബാൽ ദേവന്മാരും അവരുടെ വിഗ്രഹങ്ങളും മറ്റു പേരുകളിലും രൂപങ്ങളിലും പ്രത്യക്ഷപ്പെട്ട് ദൈവവിശ്വാസവും നീതിയും സമൂഹത്തിൽനിന്ന് ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുന്നു. ഏലിയായുടെ തീക്ഷ്ണത സ്വീകരിക്കുക; ക്രിസ്തുവിന്റെ മാർഗ്ഗവും.

# 11. അണലിസന്തതികൾ

*തന്നെ ശ്രവിക്കാൻ വന്ന ജനത്തെ സ്നാപകയോഹന്നാൻ "അണലിസന്തതികളേ" എന്നു വിളിച്ച് അധിക്ഷേപിച്ചത് എന്തു കൊണ്ട്? ഒരു പ്രവാചകന്റെ മാന്യതയ്ക്കു നിരക്കുന്നതാണോ ഇപ്ര കാരമുള്ള അധിക്ഷേപങ്ങൾ?*

ഒറ്റനോട്ടത്തിൽ തികച്ചും പ്രസക്തമാണ് ചോദ്യകർത്താവ് ഉന്നയിച്ചിരിക്കുന്ന പ്രശ്നം. മിശിഹായ്ക്കു വഴിയൊരുക്കാനായി ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകനായിരുന്നു സ്നാപകയോ ഹന്നാൻ. അദ്ദേഹത്തിൽ നിന്നും സഭ്യതയുടെ പരിധിക്കപ്പുറത്തു നില്ക്കുന്നതെന്നു തോന്നാവുന്ന ഇത്തരം സംഭാഷണം ആരും പ്രതീക്ഷിക്കുകയില്ല. "അണലിസന്തതി" എന്നത് അതികഠിനവും സഭ്യേതരവുമായ ഒരു അഭിസംബോധനയാണെന്ന മനോഭാവം നിലനില്ക്കുന്നതുകൊണ്ടാണല്ലോ ഈ ചോദ്യം ഉന്നയിക്കപ്പെടു ന്നത്. അതിനാൽ എന്താണ് ഈ അഭിസംബോധനയുടെ അർത്ഥം, എന്തുകൊണ്ടാണ് സുവിശേഷകന്മാർ ഇതു രേഖപ്പെടുത്തിയിരി ക്കുന്നത് എന്ന് അന്വേഷിക്കണം.

അണലി എന്ന പാമ്പിനെക്കുറിച്ച് നാലുതവണ മാത്രമേ ബൈബിളിൽ പരാമർശിക്കുന്നുള്ളൂ. ഏശ 30,6; 59,5; ജോബ് 20,16; അപ്പ 28,3. സുവിശേഷങ്ങളിൽ നാലുതവണ അണലി പ്രത്യക്ഷ പ്പെടുന്നുണ്ട്, എല്ലാം "അണലിസന്തതികൾ"എന്ന ആലങ്കാരിക പ്രയോഗത്തിലാണ്. അതിൽ രണ്ടുതവണ സ്നാപകന്റെ വാക്കു കൾ (മത്താ 3,7; ലൂക്കാ 3,7) അവതരിപ്പിക്കുന്നു. രണ്ടുതവണ യേശുവും ഇപ്രകാരം ഒരു അഭിസംബോധനാരൂപം ഉപയോഗിച്ച

തായി രേഖപ്പെടുത്തിയിരിക്കുന്നു (മത്താ 12,34; 23,33). അണലി യുടെ എന്തെങ്കിലും ഒരു സവിശേഷത ശ്രോതാക്കളിൽ കാണു ന്നതുകൊണ്ടാണല്ലോ ഈ അഭിസംബോധനാരൂപം ഉപയോഗി ക്കുന്നത്. എന്താണ് ഈ സവിശേഷത?

കൊടിയ വിഷമുള്ള സർപ്പമായിട്ടാണ് അണലി ബൈബി ളിൽ അറിയപ്പെടുന്നത്, അതേസമയം കാണാൻ ഭംഗിയുള്ളതുമാണ് അണലി. മാരകവിഷം ഉള്ളിൽ ഒതുക്കി, മേനി ചമഞ്ഞു നടക്കുന്ന വർ എന്ന അർത്ഥമാണ് ഈ പ്രയോഗത്തിൽ നിന്ന് ആദ്യമേ ലഭി ക്കുക. യേശുവും സ്നാപകനും ഒരുപോലെ വെറുത്തിരുന്നതാണ് കാപട്യം. കപടഭക്തരേ (hypocrite) എന്ന അഭിസംബോധന യേശു വിന്റെ നാവിൽനിന്ന് അനേകം തവണ നാം കേൾക്കുന്നുണ്ട്. അതു പോലെ ഒന്നായി "അണലിസന്തതികളേ"എന്ന വിളിയേയും പരിഗ ണിക്കാവുന്നതാണ്. എന്നാൽ അതു മാത്രമല്ല.

സർപ്പത്തെക്കുറിച്ച് അറിയാവുന്നവർ പറയുന്നത് അവയ്ക്കു കാതുകളില്ല എന്നാണ്. അന്തരീക്ഷത്തിലും നിലത്തും ഉണ്ടാകുന്ന ചലനങ്ങൾ ശരീരത്തിൽ അനുഭവപ്പെടും. നല്ല കാഴ്ചശക്തിയു മുണ്ട്. ഈ രണ്ടു മാർഗ്ഗങ്ങളിലൂടെയാണ് പാമ്പുകൾ കാര്യങ്ങൾ ഗ്രഹിക്കുന്നത്. പാമ്പാട്ടിയുടെ പാട്ടു കേട്ടിട്ടല്ല, ഊതുന്ന കുഴലിന്റെ ചലനം കണ്ടിട്ടാണ് പാമ്പ് താളത്തിനൊത്ത് തലയാട്ടുന്നത്. കേൾവിയില്ല എന്നത് സർപ്പത്തിന്റെ ഒരു സവിശേഷതയായി കരുതാം. അപ്പോൾ സർപ്പസന്തതി എന്ന പ്രയോഗം കേൾക്കാൻ വിസമ്മതിക്കുന്നവരെയാവും സൂചിപ്പിക്കുക. ചോദ്യവിഷയമായ ബൈബിൾ ഭാഗത്ത് തന്റെയടുക്കലേക്കുവന്ന യഹൂദനേതാക്കന്മാ രെയാണ് സ്നാപകയോഹന്നാൻ ഇപ്രകാരം വിശേഷിപ്പിക്കുക (മത്താ 3,7). ആസന്നമായിരിക്കുന്ന ദൈവക്രോധത്തിൽനിന്ന് പുഴ യിൽ മുങ്ങുക എന്ന ബാഹ്യാചാരത്തിലൂടെ രക്ഷപ്പെടാം എന്ന വിചാരത്തെയാണ് സ്നാപകൻ മറനീക്കി തുറന്നുകാട്ടുന്നത്. ദൈവ വചനം ശ്രവിച്ച്, മാനസാന്തരപ്പെടുന്നതിനുപകരം ചില ആചാരാ നുഷ്ഠാനങ്ങളിലൂടെ രക്ഷ പ്രാപിക്കാം എന്ന കാപട്യം അനാവ രണം ചെയ്യപ്പെടുന്ന, വചനത്തിനു കാതടച്ചവർ എന്ന അർത്ഥമാ വണം ഇവിടെ അണലിസന്തതികൾ എന്ന പ്രയോഗത്തിനുള്ളത്.

ഈ പദം യേശു ഉപയോഗിക്കുമ്പോഴും സമാനമായ ഒരു അർത്ഥം ദൃശ്യമാണ്. എന്നാൽ മത്താ 12,34 ൽ അണലിസന്തതി

കൾ എന്നതിനു സമാന്തരമായി ദുഷ്ടർ എന്ന വിശേഷണവും ചേർത്തിരിക്കുന്നു. ദുഷ്ടൻ എന്നത് പിശാചിന് നല്കാറുള്ള ഒരു വിശേഷണമാണ്. മത്താ 23,33 "സർപ്പങ്ങളേ, അണലിസന്തതികളേ" എന്നാണ് പ്രവാചകഘാതകരായ യഹൂദനേതാക്കളെ വിളിക്കുന്നത്. ഇവിടെയും കൂടുതൽ ദുഷ്ടവും ഭീകരവുമായ ഒരു സൂചന ഒളിഞ്ഞിരിക്കുന്നതായി കാണാം. "സർപ്പം" ബൈബിളിൽ പലപ്പോഴും സാത്താന്റെ പര്യായവും പ്രതീകവുമായി പ്രത്യക്ഷപ്പെടാനുണ്ട് (ഉൽപ 3,1-4; വെളി 12,9). പ്രവാചകന്മാരുടെ കൊലപാതകവുമായി ബന്ധിപ്പിച്ചാണ് സർപ്പങ്ങളേ എന്നു വിളിക്കുന്നത്. ഈ പ്രയോഗത്തിൽനിന്ന് ഒരു പൈശാചികതയുടെ സൂചന ലഭിക്കുന്നു.

യഹൂദനേതാക്കളുമായുണ്ടായ ഒരു സംഘട്ടനത്തിന്റെ അവസാനം യേശു അവരെ പിശാചിന്റെ മക്കൾ എന്നു വിളിക്കുന്നത് ശ്രദ്ധേയമാണ്: "നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്നുള്ളവരാണ്. അവനാകട്ടെ ആദിമുതൽ കൊലപാതകിയാണ്.......... അവൻ നുണയനും നുണയുടെ പിതാവുമാണ്" (യോഹ 8,43-44). പിതാവിന്റെ സ്വഭാവം മക്കളിലും പ്രകടമാകും. കൊലപാതകിയും നുണയനുമായ പിശാചിന്റെ മക്കൾ എന്നാണ് യേശു അവരെ വിശേഷിപ്പിക്കുന്നത്. സർപ്പങ്ങൾ, അണലിസന്തതികൾ എന്ന വിശേഷണങ്ങളും ആത്യന്തികമായി ഈ അർത്ഥം ഉൾക്കൊള്ളുന്നു.

അണലികളും സർപ്പങ്ങളും സാത്താന്റെ ഉപകരണങ്ങളും പൈശാചികശക്തിയുടെ പ്രതീകങ്ങളുമായി യേശുതന്നെ ചിത്രീകരിച്ചിട്ടുണ്ട് (ലൂക്കാ 10,19). ദൈവവചനത്തിനു കാതടയ്ക്കുകയും, എന്നാൽ വിശുദ്ധരെന്ന് നടിക്കുകയും ഭക്തകൃത്യങ്ങളിലൂടെ തങ്ങളുടെ കാപട്യം മറച്ചു വയ്ക്കുകയും ചെയ്യുന്നവരെ അണലിസന്തതികളേ എന്നു വിളിക്കുന്നത് അസഭ്യവർഷമല്ല, തങ്ങളുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുന്ന പ്രവാചകവചനമാണ്. പാപബോധവും മാനസാന്തരവുമാണ് ഇതിന്റെ ലക്ഷ്യം.

## 12. യേശു നുണ പറഞ്ഞെന്നോ?

*കള്ളം പറയരുതെന്നു വൈദികരും മറ്റും പഠിപ്പിക്കുന്നു. യേശു കള്ളം പറയുന്നതായി സുവിശേഷത്തിൽ കാണുന്നല്ലോ. യോഹന്നാന്റെ സുവിശേഷം ഏഴാം അദ്ധ്യായത്തിൽ കൂടാരത്തിരുനാളിനു പോകുന്നില്ലായെന്നു തന്റെ സഹോദരരോടു പറഞ്ഞ ശേഷം യേശു പോകുന്നതായി കാണുന്നു.*

*യോഹന്നാന്റെ സുവിശേഷം 7-ാം അദ്ധ്യായം 1-13 വാക്യങ്ങളാണു പ്രശ്നമായി ചോദ്യകർത്താവ് ഉന്നയിക്കുന്നത്. ഒറ്റനോട്ടത്തിൽ യേശുവിന്റെ വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തക്കേടുള്ളതായി തോന്നാം. അതേസമയം ഞാൻ സത്യമാകുന്നു എന്നവകാശപ്പെട്ട യേശു നുണ പറഞ്ഞു എന്നു ധരിക്കാൻ നമുക്കു ബുദ്ധിമുട്ടുണ്ടുതാനും. അപ്പോൾ എന്താണ് ഈ പറഞ്ഞതിന്റെ അർത്ഥം?*

ജറുസലേമിലെ യഹൂദർ യേശുവിനെ വധിക്കാൻ അവസരം നോക്കിയിരിക്കുന്ന സാഹചര്യത്തിലാണ് യേശുവിന്റെ സ്വന്തക്കാർ അവനോടു ജറുസലേമിലേക്കു പോകാൻ ആവശ്യപ്പെടുന്നത്. അവരുടെ പ്രഖ്യാപിതലക്ഷ്യം യേശുവിന്റെ പ്രവൃത്തികൾ കൂടുതൽ പരസ്യമാക്കണമെന്നും അങ്ങനെ അവിടുത്തെ പ്രസിദ്ധി വർദ്ധിപ്പിക്കണമെന്നതുമാണ്. ഈ യാത്രയിലൂടെ യേശു ലോകത്തിനു സ്വയം വെളിപ്പെടുത്തണം എന്ന് അവർ ആവശ്യപ്പെടുന്നു. എന്നാൽ സ്വന്തക്കാർപോലും അവനിൽ വിശ്വസിച്ചിരുന്നില്ലഎന്ന സുവിശേഷകന്റെ വിശദീകരണവും മേൽവിവരിച്ച സാഹചര്യവും സ്വന്തക്കാരുടെ കാപട്യം വ്യക്തമാക്കുന്നു. കൊലമരം ഒരുക്കികാത്തിരിക്കുന്ന ശത്രുക്കളുടെ മധ്യത്തിലേക്ക് യേശുവിനെ പറഞ്ഞയയ്ക്കുകയാണ് അവരുടെ നിഗൂഢ താത്പര്യം.

"എന്റെ സമയം ഇനിയും ആയിട്ടില്ല" എന്ന വചനത്തിലൂടെ സുവിഷേകൻ ഈ യാഥാർത്ഥ്യം വിശദമാക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ "യേശുവിന്റെ സമയം" അവിടുത്തെ മഹത്ത്വീകരണത്തിന്റെ സമയമാണ്. മഹത്ത്വീകരണമാകട്ടെ കുരിശു മരണത്തിലൂടെയാണു സംഭവിക്കുക. സ്വന്തക്കാർ ആവശ്യപ്പെട്ടതുപോലെ ലോകത്തിനു സ്വയം വെളിപ്പെടുത്താനായി ജറുസലേമിലേക്കു പോകുക എന്നാൽ ക്രൂശാരോഹണത്തിലൂടെയുള്ള മഹത്ത്വീകരണത്തിനായി പോകുക എന്നാണ് അർത്ഥമാക്കുക. യേശുവിന്റെ സഹോദരന്മാർ ആവശ്യപ്പെടുന്നത് വലിയ ഒരു അത്ഭുതപ്രവർത്തനത്തിലൂടെ യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുക എന്നതായിരുന്നു. പക്ഷേ, അത്ഭുതപ്രവർത്തനത്തിലൂടെയല്ല കുരിശുമരണത്തിലൂടെയാണ് യേശു സ്വയം വെളിപ്പെടുത്തുന്നത്. ഇപ്രകാരമുള്ള വെളിപ്പെടുത്തൽ കണ്ടു മനസ്സിലാക്കാൻ വിശ്വാസത്തിന്റെ കണ്ണുകൾ ആവശ്യമാണ്; യേശു നല്കിയ പുതിയ കല്പന അനുസരിച്ചു ജീവിക്കാനുള്ള സന്നദ്ധതയും ആവശ്യമാണ്. അതുകൊണ്ടാണ്, യേശു ലോകത്തിനു സ്വയം വെളിപ്പെടുത്തുകയില്ല (യോഹ 14,22) എന്നു പറയുന്നത്.

സ്വയം വെളിപ്പെടുത്താനുള്ള സമയം ഇനിയും ആയിട്ടില്ല എന്നു പറഞ്ഞെങ്കിലും യേശു ജറുസലേമിലേക്കു പോയി, പക്ഷേ, പരസ്യമായല്ല, രഹസ്യമായി. സ്വന്തക്കാർ ആഗ്രഹിച്ച രീതിയിലുള്ള ഒരു ഘോഷയാത്രയ്ക്ക്, മരണത്തിലേക്കുള്ള യാത്രയ്ക്ക്, ഇനിയും സമയമായിട്ടില്ല എന്നാണു യേശു സൂചിപ്പിക്കുന്നത്. അതിനാൽ വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തക്കേടുകൾ വഴി യേശുവിൽ നുണ ആരോപിക്കാൻ ഈ ബൈബിൾഭാഗം ഉപകരിക്കുകയില്ല.

യേശുവിന്റെ വാക്കുകൾക്ക്, പ്രത്യേകിച്ചും യോഹന്നാന്റെ സുവിശേഷത്തിൽ, പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ട്. യേശുവചനങ്ങളെ അവയുടെ മുഴുവൻ സാഹചര്യവും കണക്കിലെടുത്തുകൊണ്ടു മനസ്സിലാക്കാൻ ശ്രമിക്കുകയാണ് യേശു അവസരത്തിനൊത്തു നുണ പറഞ്ഞു എന്ന് ആരോപിക്കുന്നതിനേക്കാൾ മെച്ചം.

# 13. ശപിക്കപ്പെട്ട അത്തിവൃക്ഷം

*അത്തിപ്പഴത്തിന്റെ കാലമല്ലാതിരിക്കെ പഴമില്ലാത്തതിന്റെ പേരിൽ യേശു അത്തിവൃക്ഷത്തെ ശപിച്ച് ഉണക്കിയത് അനീതി യല്ലേ? എന്താണ് ഈ പ്രവൃത്തിയുടെ അർത്ഥം?*

പ്രത്യക്ഷത്തിൽ ദുർഗ്രഹമായ ഈ പ്രവൃത്തിയും അതി ലേറെ സുവിശേഷകന്റെ വിശദീകരണക്കുറിപ്പും ബൈബിൾവ്യാ ഖ്യാതാക്കൾക്ക് എന്നും ഒരു പ്രശ്നമാണ്. ബഥാനിയായിൽനിന്നു രാവിലെ ജറുസലെമിലേക്കു വരുമ്പോൾ വിശന്ന യേശു അകലെ തഴച്ചുവളർന്നു നില്ക്കുന്ന അത്തിവൃക്ഷം കണ്ട് ഫലം തേടി അടു ത്തുചെന്നു. ഫലം ഒന്നും കാണാഞ്ഞതിനാൽ ഇനി അതിൽ ഫലം കായ്ക്കാതിരിക്കട്ടെ എന്നു ശപിച്ചു. തത്ഫലമായി അത്തിവൃക്ഷം ഉണങ്ങിപ്പോയി. ഇതാണ് സംഭവം. മർക്കോസ്, മത്തായി സുവി ശേഷകന്മാർ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ടു പേരും ഒരേവിധത്തിലല്ല ഇതു രേഖപ്പെടുത്തിയിരിക്കുന്നത്.

മത്തായി വളരെ ചുരുക്കത്തിൽ പ്രസക്തമായ സംഭവം രേഖപ്പെടുത്തുന്നു (മത്താ 21,18-19). മർക്കോസാകട്ടെ സംഭവത്തെ രണ്ടായി പിളർത്ത് ശാപത്തിനും അതിന്റെ സാക്ഷാത്കാരത്തിനും മധ്യേ ദേവാലയശുദ്ധീകരണത്തിന്റെ വിവരണം ചേർത്തിരിക്കുന്നു (മർക്കോ 1,12-14<15-19>20). ഈ പ്രത്യേകരചനാസങ്കേതത്തിലൂടെ സംഭവത്തിന്റെ അർത്ഥം വ്യാഖ്യാനിക്കുകയാണ് വി. ഗ്രന്ഥകാരൻ ചെയ്യുക. തഴച്ചുവളരുന്നെങ്കിലും ഫലശൂന്യമായി നില്ക്കുന്ന അത്തി വൃക്ഷം ആഡംബരപൂർണ്ണമായ തീർത്ഥാടനങ്ങളും ബലി യർപ്പണങ്ങളും മറ്റു ഭക്തകൃത്യങ്ങളുംകൊണ്ട് ശ്രദ്ധേയമെങ്കിലും കച്ചവടസ്ഥലമായി അധഃപതിച്ച ദേവാലയത്തിന്റെ പ്രത്യേകമായി

നിലകൊള്ളുന്ന ദേവാലയം ജറുസലെമിലാണ് – മതജീവിതത്തിന്റെ സിരാകേന്ദ്രവും ജനത്തിന്റെ തന്നെ പ്രതീകവുമാണത്. ഫലശൂന്യമായ അത്തിവൃക്ഷത്തിനു സംഭവിച്ചത് ദേവാലയത്തിനും ജറുസലെം നഗരത്തിനും ഇസ്രായേൽ ജനതയ്ക്കും സംഭവിക്കാൻപോകുന്ന നാശത്തിന്റെ മുന്നോടിയും പ്രതീകവുമായിട്ടാണ് മർക്കോസ് സുവിശേഷകൻ അവതരിപ്പിക്കുന്നത് ഇതിനെ ഒരു പ്രതീകാത്മക പ്രവൃത്തിയോ (symbolic action) പ്രവൃത്തിച്ചുകാട്ടുന്ന ഉപമയോ (enacted parable) ആയി മനസിലാക്കാം.

വി. ലൂക്കായുടെ സുവിശേഷത്തിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതിനു സമാനമായ ഒരു ഉപമ 13,6–9–ൽ കാണാം. ഫലം തരാത്ത അത്തിവൃക്ഷം അവിടെയും ഇസ്രായേൽജനത്തിന്റെ പ്രതീകമാണ്; മാത്രമല്ല ദൈവജനം എന്ന് അഭിമാനിക്കുന്ന എല്ലാവർക്കും ഒരു താക്കീതുമാണ് ലൂക്കായുടെ സുവിശേഷത്തിലെ ഉപമ.

അത്തിവൃക്ഷത്തിന്റെയും അതിന്റെ ദുരന്തത്തിന്റെയും പ്രതീകാത്മകത മനസിലാക്കുമ്പോഴും അത് അത്തിപ്പഴങ്ങളുടെ കാലമല്ലായിരുന്നു എന്ന സുവിശേഷകന്റെ വിശദീകരണക്കുറിപ്പ് ഒരു കീറാമുട്ടിയായി അവശേഷിക്കുന്നു. അതുകൊണ്ടുതന്നെയാവണം മത്തായി തന്റെ സുവിശേഷത്തിൽ ഈ പരാമർശം ഒഴിവാക്കിയിരിക്കുന്നത്. രണ്ടു വിശദീകരണങ്ങളാണ് സാധാരണ നല്കപ്പെടുന്നത്. സംഭവം നടന്നത് പെസഹാക്കാലത്തോടനുബന്ധിച്ചാണ് എന്നു സൂചിപ്പിക്കാൻ ആദ്യ കയ്യെഴുത്തു പ്രതിയുടെ മാർജിനിൽ പില്ക്കാലത്ത് ആരോ കൂട്ടിച്ചേർക്കുകയും തുടർന്നു പകർത്തി എഴുതിയവർ അത് പാഠഭാഗമായി ചേർത്തെഴുതുകയും ചെയ്തു (marginal reading) എന്നതാണ് ഒരു വ്യാഖ്യാനം. ഈ സാധ്യത അംഗീകരിച്ചുകൊണ്ടുതന്നെ രണ്ടാമത്തെ വ്യാഖ്യാനം കൂടുതൽ തൃപ്തികരമായി തോന്നുന്നു. അത്തിമരത്തിൽ എന്തെങ്കിലും ഉണ്ടാകും എന്നു വിചാരിച്ചാണ് യേശു മരത്തെ സമീപിച്ചത്. പഴത്തിന്റെ കാലമായില്ലെങ്കിലും പിഞ്ചുകായ ഉണ്ടാവും; സ്വാദില്ലെങ്കിലും വിശപ്പടക്കാൻ അതു മതിയാവും. മാങ്ങ പഴുത്താലേ തിന്നാവൂ എന്നില്ലല്ലോ. മാമ്പഴത്തിനു സ്വാദു കൂടുതലുണ്ടെങ്കിലും പച്ചമാങ്ങ തിന്നും വിശപ്പടക്കാം. ഇതുപോലെയാവും യേശു അത്തിമരത്തെ സമീപിച്ചത്. എന്നാൽ ഇലയല്ലാതെ ഒരു കായപോലും കാണാതായപ്പോൾ

തന്റെ ദൗത്യത്തിൽ പൂർണ്ണമായും പരാജയപ്പെട്ട ഒരു വൃക്ഷമായി ത്തീരുന്നു അത്. അതിന് ഇനി നിലനില്ക്കാൻ അവകാശമില്ല. ഇങ്ങനെ നോക്കുമ്പോൾ ലൂക്കാസുവിശേഷത്തിലെ അത്തിവൃക്ഷ ത്തിന്റെ ഉപമയും മർക്കോസിന്റെ സുവിശേഷത്തിലെ സംഭവവും ഒരേസത്യംതന്നെയാണ് പഠിപ്പിക്കുന്നത് എന്നു വ്യക്തമാകും. വൃക്ഷ ങ്ങളുടെ വേരിനു കോടാലിവയ്ക്കപ്പെട്ടു കഴിഞ്ഞു. നല്ല ഫലം നല്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും (ലൂക്കാ 3,9) എന്നു സ്നാപകവചനങ്ങളിലും അവതരിപ്പിച്ച, എന്നും പ്രസ ക്തമായ സത്യം തന്നെയാണിത്.

# 14. അവിശ്വസ്തനായ കാര്യസ്ഥൻ

*യജമാനന്റെ സ്വത്ത് ധൂർത്തടിക്കുകയും പിരിച്ചുവിടും എന്നു തീർച്ചയായപ്പോൾ കടങ്ങൾ വെട്ടിക്കുറച്ച് വീണ്ടും യജമാനനെ വഞ്ചിക്കുകയും ചെയ്ത കാര്യസ്ഥനെ യേശു പ്രശംസിച്ചത് എന്തുകൊണ്ട്? കള്ളക്കണക്കുണ്ടാക്കുന്നവർക്ക് ഒരു പ്രോത്സാഹനമല്ലേ ഇത്?*

വലിയ തെറ്റിദ്ധാരണകൾക്ക് വഴി തുറക്കുന്ന ഒരു യേശു വചനമാണ് ഇവിടെ ചോദ്യവിഷയമായിരിക്കുന്നത്. അനീതി പ്രവർത്തിക്കുന്നവനെ പ്രശംസിക്കുന്നത് അനീതി പ്രവർത്തിക്കാൻ മറ്റുള്ളവർക്കും പ്രോത്സാഹനമാകും. എന്നാൽ യേശുവിന്റെ പ്രബോധനങ്ങൾ പൊതുവായി കണക്കിലെടുക്കുമ്പോൾ നാഥൻ അനീതിയെ പ്രോത്സാഹിപ്പിക്കുന്നു എന്നു പറയാനാവുകയുമില്ല. അതിനാൽ ചോദ്യവിഷയമായ വാക്യവും അതിന്റെ സാഹചര്യവും സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതുണ്ട്. അനീതിയുടെ പേരിലല്ല, കൗശലപൂർവ്വം പ്രവർത്തിച്ചതിന്റെ പേരിലാണ് യജമാനൻ ഭൃത്യനെ പ്രശംസിച്ചത് (ലൂക്കാ 16,8). പ്രവൃത്തിയുടെ നീതിയുക്തതയല്ല, പ്രവർത്തിച്ച ആളിന്റെ വിവേകവും, സാഹചര്യത്തിന് അനുയോജ്യമായ തീരുമാനം എടുക്കാനുള്ള കഴിവും നിശ്ചയദാർഢ്യവുമാണ് ഇവിടെ പ്രശംസാവിഷയമാകുന്നത്. കൗശലപൂർവ്വം എന്ന വിവർത്തനം ചെയ്യുന്ന ഗ്രീക്കുവാക്കിന് വിവേകത്തോടെ എന്ന അർത്ഥമാണുള്ളത്. വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥൻ (ലൂക്കാ 12,42) എന്നു വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്നതും ഈ പദം തന്നെയാണ്. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി തന്റെ നില ഭദ്രമാക്കാൻ ഒട്ടും വൈകാതെ ഉചിതമായ തീരുമാനങ്ങൾ എടുക്കാനും സാഹചര്യത്തിനനുസരിച്ചു പ്രവർത്തിക്കാനും ഈ ലോകത്തിന്റെ മക്കൾ കൂടുതൽ വൈഭവം പ്രകടിപ്പിക്കുന്നു. ബുദ്ധിശാലികൾ എന്ന വിവർത്തനം ചെയ്യുന്നത് കൗശലപൂർവ്വം എന്ന് ആദ്യം വിവർത്തനം ചെയ്ത ഗ്രീക്കു പദം തന്നെയാണ്.

ഉപമകളുടെ ഉപയോഗത്തെക്കുറിച്ച് പൊതുവേ ഒരു കാര്യം

മനസ്സിലാക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു പ്രധാന ആശയം അഥവാ സത്യം വ്യക്തമാക്കാൻ വേണ്ടി ഉപയോഗിക്കുന്നു, അനുദിന ജീവിതത്തിൽനിന്ന് അടർത്തിയെടുത്ത, ഉദാഹരണങ്ങളാണ് ഉപമകൾ. വിവരണത്തിന്റെ വിശദാംശങ്ങൾ ഓരോന്നും എടുത്തു വ്യാഖ്യാനിക്കാൻ ശ്രമിച്ചാൽ മുഖ്യമായ അർത്ഥം നഷ്ടമായെന്നു വരും. അതിനാൽ ഉപമകൾ പഠിക്കുമ്പോൾ ഓരോന്നും എന്തു ലക്ഷ്യത്തോടെയാണ് പറഞ്ഞത്, അവതരിപ്പിക്കുന്ന മുഖ്യസന്ദേശം എന്ത് എന്നാണന്വേഷിക്കേണ്ടത്.

ചോദ്യവിഷയമായ ഉപമയിൽ കാര്യസ്ഥൻ നേരിട്ട പ്രതിസന്ധിയും അയാളെടുത്ത വിവേകപൂർണ്ണമായ തീരുമാനവുമാണ് പ്രധാനം. കേൾവിക്കാരുടെ ജീവിതാവസ്ഥയും അവരെടുക്കേണ്ട തീരുമാനവുമായി അതിനെ താരതമ്യം ചെയ്യണം. കണക്കു പരിശോധനയ്ക്കു വിധേയനായ കാര്യസ്ഥനെപ്പോലെയാണ് ശ്രോതാക്കൾ. ദൈവം അവരോടു കണക്കു ചോദിക്കാൻ പോകുന്നു. യേശുവിന്റെ വരവോടുകൂടെ രക്ഷയുടെ നിർണ്ണായകമുഹൂർത്തം സമാഗതമായി. സമയത്തിന്റെ ഈ പ്രത്യേകത മനസിലാക്കി തീരുമാനമെടുക്കാൻ ശ്രോതാക്കളെ പ്രേരിപ്പിക്കുകയാണ് ഉപമയുടെ ലക്ഷ്യം. വിവേകപൂർണ്ണമായ തീരുമാനമാണ് ആവശ്യം. സ്വത്ത് നിർദ്ധനരുമായി പങ്കുവച്ച് നിത്യജീവിതം ഉറപ്പുവരുത്താൻ ഉപമയിലൂടെ യേശു ആഹ്വാനം ചെയ്യുന്നു.

കാര്യസ്ഥന്റെ അനീതിയെ ശ്ലാഘിക്കുകയല്ല ഉപമയുടെ ലക്ഷ്യം. നാട്ടിൽ നിലവിലിരുന്ന ഒരു സാഹചര്യത്തെ ദൈവരാജ്യത്തിന്റെ രഹസ്യം വിശദീകരിക്കാൻ ഉദാഹരണമാക്കുക മാത്രമാണ് യേശു ചെയ്തത്. താലന്തുകളുടെ ഉപമയിൽ പലിശയെക്കുറിച്ചും വേലക്കാരുടെ ഉപമയിൽ (മത്താ 20,8-16; 25,14) കൂലിയെക്കുറിച്ചും മറ്റുമുള്ള പരാമർശങ്ങളും ഇപ്രകാരം പരിഗണിക്കേണ്ടതാണ്. ഇതിനുപുറമെ, മറ്റൊരു വിശദീകരണസാധ്യതകൂടെയുണ്ട്. കടപ്പത്രത്തിൽ തിരുത്തലുകൾ വരുത്തിയാണ് കാര്യസ്ഥൻ കടക്കാരുടെ പ്രീതിയും യജമാനന്റെ പ്രശംസയും നേടുന്നത്. കടം വാങ്ങുന്ന തുകയും അതിന്റെ പലിശയും കൂടെയാണ് സാധാരണ കടപ്പത്രത്തിൽ എഴുതുക. കടപ്പത്രം തിരിച്ചുവാങ്ങി തുക വെട്ടിക്കുറയ്ക്കുന്നത് പലിശ ഒഴിവാക്കുന്നതായും പരിഗണിക്കാം - ചിലപ്പോഴൊക്കെ സർക്കാരും ബാങ്കുകളും ചെയ്യുന്നതുപോലെ. അതുവഴി കടക്കാർക്കു ലാഭമുണ്ടാകുന്നു; യജമാനന് തന്റെ മുതൽ നഷ്ടം കൂടാതെ തിരിച്ചുകിട്ടുകയും ചെയ്യുന്ന ഒരു പക്ഷേ ഇതായിരിക്കാം കാര്യസ്ഥന്റെ വിവേകപൂർണ്ണമായ പ്രവൃത്തി.

# 15. സമാധാനവും വാളും

*“സമാധാനമല്ല വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്” എന്നു യേശു പറഞ്ഞത് എന്തുകൊണ്ട്?*

വളരെയേറെ ദുർവ്യാഖ്യാനത്തിനും ദുരുപയോഗത്തിനും വഴി തെളിച്ചിട്ടുള്ള ഒരു യേശുവചനമാണ് ചോദ്യകർത്താവ് ഉദ്ധരിച്ചിട്ടുള്ളത്. സമാധാനമായി കഴിയുന്ന സമൂഹത്തിൽ അസ്വസ്ഥതയും ഭിന്നതയും ഉണ്ടാക്കാൻവേണ്ടിയാണ് യേശു വന്നിരിക്കുന്നത് എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് സുവിശേഷത്തിൽ തുടർന്നു രേഖപ്പെടുത്തിയിട്ടുള്ള വചനങ്ങൾ.

വി. മത്തായിയും വി. ലൂക്കായും മേൽപറഞ്ഞ യേശുവചനങ്ങൾ ഉദ്ധരിക്കുന്നുണ്ട്. എന്നാൽ “വാൾ” എന്ന പ്രയോഗത്തെ ലൂക്കാ “ഭിന്നത” എന്നു വിശേഷിപ്പിക്കുന്നത് ശ്രദ്ധേയമത്രെ (മത്താ 10,34-39; ലൂക്കാ 12,49-53). യുദ്ധത്തിനുപയോഗിക്കുന്ന ആയുധമാണല്ലോ വാൾ. ഒരു സായുധസമരത്തിന് ആഹ്വാനം ചെയ്യുകയാണ് യേശു എന്ന പ്രതീതി ഒഴിവാക്കി, വാക്യത്തിന്റെ അർത്ഥം വ്യക്തമാക്കാൻ വേണ്ടിയാണ് വി. ലൂക്കാ ഈ മൊഴിമാറ്റം നടത്തിയത് എന്ന് അനുമാനിക്കാം. എന്നാലും യേശു വന്നതിന്റെ ഉദ്ദേശം ഭിന്നതയുണ്ടാക്കുകയാണ് എന്നത് മനസിലാക്കാനും അംഗീകരിക്കാനും പ്രയാസമുണ്ട്.

സമൂഹത്തിന്റെ അടിത്തറയായ കുടുംബത്തിൽത്തന്നെയാണ് ഭിന്നത ഉളവാക്കുന്നത് എന്നതു പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. മാതാപിതാക്കന്മാരെയും മക്കളെയും സഹോദരങ്ങളെയും പരസ്പരം ഭിന്നിപ്പിച്ച്, കുടുംബത്തിൽ കലഹം സൃഷ്ടി

ക്കുന്നത് എങ്ങിനെ രക്ഷകനായ യേശുവിന്റെ ലക്ഷ്യമാകും? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. യേശുവിന്റെ സംസാരഭാഷയായ അരമായ ഭാഷയുടെ സവിശേഷതയാണ് ഒന്ന്. ലക്ഷ്യവും ഫലവും തമ്മിൽ വാചകഘടനയിൽ വ്യത്യാസം കല്പിക്കുന്നില്ല എന്നതാണ് ആ ഭാഷയുടെ ഒരു പ്രത്യേകത. ഒരു പ്രവൃത്തി മറ്റൊന്നിന്റെ ലക്ഷ്യമാണോ അഥവാ ഫലമാണോ എന്ന് സാഹചര്യത്തിൽ നിന്നു മാത്രമേ തിരിച്ചറിയാൻ കഴിയൂ. ചർച്ചാവിഷയമായ യേശുവാക്യം വിവർത്തനം ചെയ്യുന്നതിലും ഈ പ്രശ്നം പ്രകടമാണ്. വാചകഘടനപ്രകാരം യേശു വന്നതിന്റെ ലക്ഷ്യം ഭിന്നത ഉണ്ടാക്കുകയാണെന്നു തോന്നാം. എന്നാൽ യഥാർത്ഥത്തിൽ യേശുവിന്റെ സാന്നിധ്യം ഭിന്നതയ്ക്കു കാരണമാകുന്നു എന്നതാണ് വാക്യത്തിന്റെ അർത്ഥം. ഭിന്നത യേശുവിന്റെ വരവിന്റെ ലക്ഷ്യമല്ല, ഫലമാണ് എന്നു ചുരുക്കം.

യേശുവിന്റെ സാന്നിധ്യത്തിൽ സമൂഹം എപ്രകാരം പ്രതികരിക്കുന്നു എന്നതാണ് രണ്ടാമത്തേത്. യേശുവിനെ സ്വീകരിക്കുകയും അനുഗമിക്കുകയും ചെയ്യുന്നവരുണ്ട്; തിരസ്കരിക്കുകയും എതിർക്കുകയും ചെയ്യുന്നവരുമുണ്ട്. തിരസ്ക്കരിക്കുന്നവർ യേശുവിനെ മാത്രമല്ല, അവിടുത്തെ അനുഗമിക്കുന്നവരെയും തിരസ്ക്കരിക്കുകയും എതിർക്കുകയും ചെയ്യുന്നു. തിന്മയ്ക്കു നന്മയേയും അന്ധകാരത്തിനു പ്രകാശത്തെയും സ്വീകരിക്കാൻ കഴിയാത്തതുപോലെ യേശുവിന്റെ ശത്രുക്കൾക്ക് അവിടുത്തെ അനുയായികളെയും സ്വീകരിക്കാനാവില്ല. അതിനാൽ യേശു വരുന്നിടത്തെല്ലാം ഈ ഭിന്നതയും പ്രകടമാകുന്നു.

യേശുവിന്റെ മുമ്പിൽ ആർക്കും നിഷ്ക്രിയരും നിഷ്പക്ഷമതികളുമായി നില്ക്കാനാവില്ല. ഒന്നുകിൽ സ്വീകരിക്കുക, അല്ലെങ്കിൽ എതിർക്കുക. “ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളമായിരിക്കും” (ലൂക്കാ 2,34) എന്ന ശിമയോന്റെ പ്രവചനം വിരൽ ചൂണ്ടിയ അവസ്ഥാവിശേഷംതന്നെയാണിത്. യേശു വന്നത് ഭൂമിയിൽ സമാധാനം സ്ഥാപിക്കാൻ വേണ്ടിയാണെങ്കിലും എല്ലാവരും അവിടുത്തെ സ്വീകരിക്കായ്കയാൽ സമൂഹത്തിൽ ഭിന്നത ഉളവാകുക അനിവാര്യമായിത്തീരുന്നു.

യേശുവിനുവേണ്ടി തീരുമാനമെടുക്കുന്നവരെ യേശുവിനെ

തിരസ്ക്കരിക്കുന്നവർ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യും. ഈ എതിർപ്പും ഭിന്നതയും കുടുംബങ്ങളെയും ബാധിക്കും. ഈ സാഹചര്യത്തിൽ വ്യക്തവും ഉറച്ചതുമായ തീരുമാനമെടുക്കാൻ എല്ലാവരും നിർബ്ബന്ധിതരാകുന്നു. യേശുവിനെ അനുഗമിക്കുക എന്നത് കുടുംബസമാധാനം നിലനിർത്തുക എന്നതിനേക്കാൾ പ്രാധാന്യമുള്ളതായിത്തീരുന്നു. അതുകൊണ്ടാണ് "എന്നെക്കാളധികം പിതാവിനെയോ മാതാവിനെയോ, പുത്രനേയോ, പുത്രിയേയോ സ്നേഹിക്കുന്നവൻ എനിക്കർഹനല്ല" (മത്താ 10,37) എന്ന് യേശു തുടർന്ന് അരുളിച്ചെയ്തത്. സമാധാനത്തിനുവേണ്ടി വിശ്വാസം ത്യജിക്കുകയല്ല, വിശ്വാസം സംരക്ഷിക്കാൻവേണ്ടി ജീവൻ നഷ്ടപ്പെടുത്താൻ തയ്യാറാവുകയാണ് യേശുശിഷ്യന് കരണീയം.

# 16. യേശുവും തീവ്രവാദികളും

*പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളെക്കുറിച്ച് സുവിശേഷം പറയുന്നത് തീവ്രവാദിയായി അറിയപ്പെട്ടിരുന്ന ശിമയോൻ (ലൂക്കാ 6,16) എന്നാണല്ലോ. ശിമയോൻ തീവ്രവാദിയായിരുന്നോ? ആരാണ് തീവ്രവാദി? യേശുവിനു തീവ്രവാദികളുമായി എന്തു ബന്ധം?*

ഇന്നു വളരെയേറെ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയത്തിലേക്കാണു ചോദ്യകർത്താവു ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. അനീതി നിറഞ്ഞ സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥിതികളെ സായുധവിപ്ലവത്തിലൂടെ തകിടം മറിച്ച് നീതിനിഷ്ഠമായ ഒരു പുതിയ സമൂഹം കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന പല ക്രൈസ്തവരും യേശുവിനെ ഒരു വിപ്ലവകാരിയായി കാണുകയും യേശുനാഥൻ വിപ്ലവത്തിന് ആഹ്വാനം ചെയ്തതായി കരുതുകയും ചെയ്യുന്നുണ്ട്. തീവ്രവാദി സംഘങ്ങളുമായി യേശുവിനുണ്ടായിരുന്ന ബന്ധം ഈ സാഹചര്യത്തിൽ പ്രത്യേകം പരാമർശിക്കപ്പെടുന്നു, അതിനാൽ, ആരായിരുന്നു ഈ തീവ്രവാദികൾ എന്നും യേശു അവരോടു സ്വീകരിച്ച നിലപാട് എന്തായിരുന്നു എന്നും വ്യക്തമാക്കുക ആവശ്യമാണ്.

### തീവ്രവാദികൾ

റോമാക്കാരുടെ ആധിപത്യത്തിൽനിന്നു സായുധസമരത്തിലൂടെ പാലസ്തീനായെ മോചിപ്പിക്കാൻ പ്രതിജ്ഞാബദ്ധരായ ഒളിപ്പോരാളികളുടെ ഒരു സംഘടനയാണു തീവ്രവാദികൾ (Zealots) എന്ന പേരിൽ യേശുവിന്റെ കാലത്ത് അറിയപ്പെട്ടിരുന്നത്. ഏ.ഡി. 6-ൽ നടന്ന കാനേഷുമാരിയുടെ അവസരത്തിൽ ഗലീലിക്കാരനായ

യൂദാസിന്റെ നേതൃത്വത്തിലാണ് ഈ സംഘടന ശക്തമായി രംഗ ത്തുവന്നത്. അതിനുശേഷം പല അവസരങ്ങളിലും അവർ റോമാ ക്കാർക്കെതിരേ പൊരുതി. അവസാനം ഏ.ഡി. 66 ൽ റോമിനെ തിരേ പരസ്യമായി യുദ്ധം പ്രഖ്യാപിക്കുകയും രണ്ടു വർഷത്തേക്കു പാലസ്തീനാ മുഴുവൻ കീഴടക്കുകയും ചെയ്തു. ഈ കലാപം റോമിന്റെ ശക്തമായ ആക്രമണത്തെ വിളിച്ചുവരുത്തി. ഏ.ഡി. 70 ൽ റോമാക്കാർ ജറുസലെം ചുട്ടെരിക്കുകയും അനേകം യഹൂദരെ നാടു കടത്തുകയും ചെയ്യാൻ ഇടയാക്കിയത് ഈ തീവ്രവാദിസംഘടന യുടെ പ്രവർത്തനമായിരുന്നു. ഏ.ഡി. 135 ൽ ബർകോക്കുബാ എന്ന നേതാവിന്റെ കീഴിൽ ഇവർ വീണ്ടും റോമിനെതിരേ കലാപം ഇള ക്കിവിട്ടു. റോമാ വീണ്ടും ശക്തമായി തിരിച്ചടിച്ചു. ഏലിയാ കാപ്പി ത്തൊളീനാ എന്ന പേരിൽ ജെറുസലേമിനെ ഒരു റോമൻ പട്ടണ മാക്കി മാറ്റി. ഇസ്രായേൽക്കാർക്ക് അവിടെ പ്രവേശനം നിരോധി ക്കുകയും ചെയ്തു. അങ്ങനെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി സായുധസമരത്തിലേർപ്പെടുകയും ഇസ്രായേൽ റോമിന്റെ പൂർണ്ണ അടിമത്തത്തിലാകുന്നതിനു കാരണമായിതീരുകയും ചെയ്ത ഒരു വിപ്ലവപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായിരുന്നു തീവ്രവാദികൾ.

ഈ സംഘടനയുടെ ഉത്ഭവത്തെക്കുറിച്ചു വ്യക്തമായ അറി വൊന്നും ലഭ്യമല്ല. ഗലീലി ആയിരുന്നു ഇവരുടെ മുഖ്യപ്രവർത്ത നരംഗം. ഏ.ഡി. 6 ൽ കലാപമുണ്ടാക്കിയ ഗലീലിയക്കാരൻ യൂദാ സിന്റെ പിതാവായ ഹെസെക്കിയായും ഒരു കലാപകാരിയായി രുന്നു. ഏ.ഡി. 5 ൽ ജറുസലേമിൽവച്ചു റോമൻ സൈന്യത്തിനെതി രായി ഒരു വലിയ കലാപത്തിന് അദ്ദേഹം നേതൃത്വം നല്കി. സിറി യയിൽനിന്നു മാർച്ചുചെയ്ത രണ്ടു റോമൻ ലീജിയൻകലാപം അടി ച്ചമർത്തിയപ്പോൾ അനേകായിരം യഹൂദർ കൊല്ലപ്പെട്ടു. രണ്ടായിരം കലാപകാരികളെ ജറുസലേമിന്റെ ഭിത്തിയിൽ തറച്ചുകൊന്നത് ഈ കലാപത്തിന്റെ അവസാനമായിരുന്നു.

ഹേറോദേസിന്റെ ഭരണകാലത്തു ഗലീലിയയിൽ അനേകം കലാപകാരികളുണ്ടായിരുന്നു. റോമിന്റെ അനുഗ്രഹാശിസ്സുകളോടെ ഇസ്രായേൽ ഭരിച്ച ആ ഇദുമേയക്കാരനെ സ്ഥാനഭ്രഷ്ടനാക്കി അധി കാരം പിടിച്ചെടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. പക്ഷെ, എതിർപ്പുകളെയെല്ലാം കനത്ത കരത്താൽ അടിച്ചമർത്തിയ ഹേറോ ദേസ് ഈ കലാപകാരികളെ അമർച്ച ചെയ്യുന്നതിലും വിജയിച്ചി രുന്നു.

അന്തിയോക്കസ് നാലാമൻ അഴിച്ചുവിട്ട മതമർദ്ദനത്തിനെതിരേ ഒളിപ്പോരു സംഘടിപ്പിക്കുകയും അവസാനം സ്വാതന്ത്ര്യം നേടി സ്വന്തം രാജത്വം സ്ഥാപിക്കുകയും ചെയ്ത മക്കബായരിൽ സെലട്ടു പ്രസ്ഥാനത്തിന്റെ ആരംഭം കാണുന്നവരുണ്ട്. കർത്താവിനും അവിടുത്തെ നിയമത്തിനുംവേണ്ടി ജീവൻ അർപ്പിക്കാൻ തയ്യാറായ തീവ്രവാദികൾ പഴയ നിയമപ്രവാചകന്മാരിൽനിന്നാണു പ്രചോദനം ഉൾക്കൊണ്ടത്. നിയമം ലംഘിച്ച് ഒരു വിജാതീയ സ്ത്രീയെ വിവാഹം ചെയ്ത ഇസ്രായേൽക്കാരനെ കുത്തിക്കൊന്ന ഫിനഹാസും (സംഖ്യ 25,5-8) കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിക്കുകയും (1 രാജാ 19,10) ബാലിന്റെ പ്രവാചകന്മാരെ വധിക്കുകയും (1 രാജാ 18,40) ചെയ്ത ഏലിയായും ഇവരുടെ പ്രത്യേക ബഹുമാനത്തിനു പാത്രീഭൂതരായിരുന്നു.

ഇസ്രായേൽ ഭവനത്തിന്റെ അടിസ്ഥാനശിലയായിരുന്നു ഏക ദൈവവിശ്വാസം. ദൈവം ഒരുവനെയുള്ളൂ; മറ്റാരെയെങ്കിലും ദൈവമായി ആരാധിക്കുന്നതു ജനത്തിനു മാരകമായ പാപമാണ്. ഈ യാഥാർത്ഥ്യം വിശദമാക്കുന്നതാണ് നിന്റെ ദൈവമായ കർത്താവ് അസഹിഷ്ണു (അസൂയാലു)വായ ദൈവമാണ് എന്ന പ്രസ്താവന. ഇതു പഴയനിയമത്തിൽ ഉടനീളം കാണാം. താൻ തെരഞ്ഞെടുത്ത തന്റെ ജനത്തോടു ദൈവത്തിനുള്ള പ്രത്യേക സ്നേഹവും താത്പര്യവും പ്രകടമാക്കുന്നതാണ് ഈ അസഹിഷ്ണുത, അഥവാ അസൂയ. ഇതിനെ തീക്ഷ്ണമായ സ്നേഹം എന്നു വിളിക്കാം. തീക്ഷ്ണതയും അസൂയയും (Zealous - Jealous) ഒരുമിച്ചുപോകുന്നു. തീക്ഷ്ണമായി തങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ ജനവും തീക്ഷ്ണമായി സ്നേഹിക്കുന്നു. ഈ തീക്ഷ്ണത നിയമം അനുസരിക്കുന്നതിലൂടെ അവർ പ്രകടമാക്കുന്നു. സാവധാനം ശ്രദ്ധ ദൈവത്തിൽനിന്നു നിയമത്തിലേക്കു മാറി. നിയമം അനുസരിക്കാനുള്ള തീക്ഷ്ണത നിയമം ലംഘിക്കുന്നവരോടുള്ള ശത്രുതയും വിദ്വേഷവുമായിത്തീർന്നു. അങ്ങനെ നിയമം ലംഘിക്കാൻ പ്രേരിപ്പിച്ച അന്തിയോക്കസിനും നിയമം അനുസരിക്കാത്ത ഹേറോദേസിനും വിജാതീയരായ റോമാക്കാർക്കുമെതിരേ ശക്തമായി പ്രതികരിക്കാൻ ഇസ്രായേൽ ജനത്തെ പ്രേരിപ്പിച്ചത് ഈ തീക്ഷ്ണതയാണ്. വിജാതീയ മേൽക്കോയ്മക്കെതിരേ ആയുധമെടുക്കാൻ തയ്യാറായവർ തീക്ഷ്ണ

മതികൾ അഥവാ തീവ്രവാദികൾ എന്നറിയപ്പെട്ടതു തികച്ചും സ്വാഭാവികമായിരുന്നു.

## യേശുവും തീവ്രവാദികളും

യേശുവിന്റെ നാടായ ഗലീലിയായിരുന്നു തീവ്രവാദികളുടെ ശക്തിദുർഗ്ഗം. അറിയപ്പെട്ട തീവ്രവാദികളെല്ലാം തന്നെ ഗലീലിക്കാരായിരുന്നു. യൂദായിൽ പലേടത്തും, പ്രത്യേകിച്ചു ജറുസലേമിലും തീവ്രവാദികളോട് അനുഭാവമുള്ളവർ ഉണ്ടായിരുന്നെങ്കിലും ഗലീലിയയിലാണ് അവരുടെ ശക്തി കേന്ദ്രീകരിച്ചിരുന്നത്. യേശുവിന്റെ പല വാക്കുകളും പ്രവൃത്തികളും ഈ തീവ്രവാദികളോട് അനുഭാവം പ്രകടിപ്പിക്കുന്നവയായിരുന്നു. സീസറിനു നികുതി കൊടുക്കുന്നതു നിയമാനുസൃതമോ അല്ലയോ എന്ന ചോദ്യത്തിന് യേശു വ്യക്തമായ ഒരു ഉത്തരം നൽകിയില്ല. നികുതിനിഷേധം തീവ്രവാദികളുടെ ഒരു പ്രധാന നയമായിരുന്നു. ഹേറോദോസിനെ കുറുക്കനെന്നു വിളിക്കുകയും പീലാത്തോസിന്റെ അധികാരത്തെ നിരുപാധികം അംഗീകരിക്കാതിരിക്കുകയും ചെയ്തതും തീവ്രവാദികളുടെ പ്രവർത്തനശൈലിയോടു സാമ്യമുള്ളതാണ്. ദേവാലയത്തിൽ ചാട്ടവാറുമായി പ്രവേശിച്ച യേശു "അങ്ങേ ഭവനത്തെപ്രതിയുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും" എന്ന സങ്കീർത്തനഭാഗം ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നതും (യോഹ 2,17) ഇവിടെ ശ്രദ്ധേയമാണ്. "സമാധാനമല്ല, വാളാണു ഞാൻ കൊണ്ടുവന്നിരിക്കുന്നത്" (മത്താ 10,34); "വാളില്ലാത്തവൻ ഉടുപ്പു വിറ്റു വാൾ വാങ്ങട്ടെ... അവൻ നിയമനിഷേധകരുടെ കൂടെ എണ്ണപ്പെട്ടു" (ലൂക്കാ 22,36-37) എന്നിത്യാദി വചനങ്ങളും യേശുവിനെ ഒരു തീവ്രവാദിയായി ചിത്രീകരിക്കാൻ പോരുന്നതാണ്.

സീസറിനു നികുതി നിഷേധിക്കുന്നു, ജനത്തെ ഇളക്കിവിടുന്നു, സ്വയം രാജാവാണെന്ന് അവകാശപ്പെടുന്നു തുടങ്ങിയ ആരോപണങ്ങളും യേശുവിനെ ഒരു തീവ്രവാദിയായി ചിത്രീകരിക്കുന്നതാണ്. ജറുസലേമിലേക്കുള്ള രാജകീയ പ്രവേശം മറ്റുപല തീവ്രവാദിനേതാക്കളും ആഗ്രഹിച്ചതായിരുന്നു. യേശുവിനെ രാജാവായി ഏറ്റുപറയുകയും ഓശാന വിളിക്കുകയും ചെയ്ത ജനക്കൂട്ടം തീവ്രവാദികളുടെ പ്രതീക്ഷകളാണു ദ്യോതിപ്പിക്കുന്നത്. ദൈവത്തിന്റെ പരമാധികാരത്തെ ഊന്നിപ്പറയുകയും വിജാതീയരുടെ അധികാരപ്രയോഗത്തെ നിഷേധിക്കുകയും (ലൂക്കാ 22,25) ചെയ്യു

ന്നതും തീവ്രവാദികളുടെ ആശയങ്ങളുമായി യോജിക്കുന്നതാണ്. ഇങ്ങനെ നോക്കുമ്പോൾ തീവ്രവാദികൾ യേശുവിനെ തങ്ങളുടെ അനുഭാവിയായി കണ്ടു എന്നു കരുതുന്നതിൽ തെറ്റില്ല.

യേശുവിന്റെ ശിഷ്യന്മാരിൽ പലരും തീവ്രവാദികളോ തീവ്ര വാദികളോടു അനുഭാവമുള്ളവരോ ആയിരുന്നു. ചോദ്യകർത്താവു പരാമർശിക്കുന്ന ശിമയോൻ ഒരു ഉദാഹരണമാണ്. ലൂക്കാ എഴു തിയ സുവിശേഷത്തിലെ "തീവ്രവാദിയായ ശിമയോൻ" (ലൂക്കാ 6,15) മത്തായിയുടെ സുവിശേഷത്തിൽ കാനാൻകാരനായ ശിമ യോൻ (മത്താ 10,4) എന്നാണു വിളിക്കപ്പെടുന്നത്. എന്നാൽ "കാനാൻകാരൻ" എന്ന പി.ഒ.സി. ഓശാന വിവർത്തനങ്ങൾ ശരി യല്ല. ക്നാനായൻ എന്ന മൂലപദത്തിന്റെ അർത്ഥം "കാനാൻകാ രൻ" എന്നല്ല, തീവ്രവാദി എന്നു തന്നെയാണ്. ക്നാനാ എന്ന അരമായ പദമാണു സെലോത്തേസ് എന്നു ഗ്രീക്കിലേക്കു വിവർത്തനം ചെയ്യപ്പെടുന്നത്. ലൂക്കാ ഗ്രീക്കുപദം ഉപയോഗിക്കു മ്പോൾ മത്തായി അരമായ നാമം നിലനിർത്തി എന്ന വ്യത്യാസ മേയുള്ളൂ. മാന്നാനം ബൈബിളിൽ തീവ്രവാദി എന്ന് ശരിയായി തർജ്ജമ ചെയ്തിരിക്കുന്നു.

ശിമയോൻ മാത്രമായിരുന്നില്ല ശിഷ്യന്മാരിൽ തീവ്രവാദി. ഇടിമുഴക്കത്തിന്റെ മക്കൾ എന്നറിയപ്പെടുന്ന സെബദീപുത്രന്മാരും തീവ്രവാദികളായിരുന്നു എന്നാണു ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം.

യൂദാസ് സ്കറിയോത്തയാണു തീവ്രവാദിയായ മറ്റൊരു ശിഷ്യൻ. "കെറിയോത്തുകാരൻ യൂദാ" എന്നാണ് അയാളെ സാധാ രണ വിശേഷിപ്പിക്കുക. എന്നാൽ കെറിയോത്ത് എന്ന സ്ഥലത്തെ പ്പറ്റി ആർക്കും അറിവില്ല. തന്നെയുമല്ല; സിക്കാരി, എന്ന പദത്തിൽ നിന്നാണ് ഇസ്കാരിയോത്ത്, എന്ന പേരുണ്ടായത് എന്നു കരുതു ന്നവർ ഇന്ന് ഏറെയുണ്ട്. തീവ്രവാദികൾ ധരിച്ചിരുന്ന പ്രത്യേക തരം കഠാരയിൽ നിന്നാണു സിക്കാരി എന്ന പേര് അവർക്കു ലഭി ച്ചത്. അപ്പോൾ യൂദാസ് സ്കറിയോത്തോ എന്നതിനു കഠാരിക്കാ രൻ യൂദാ, എന്നായിരിക്കും അർത്ഥം.

ഉടുപ്പു വിറ്റു വാളു വാങ്ങാൻ യേശു ആവശ്യപ്പെട്ടപ്പോൾ ഇതാ ഇവിടെ രണ്ട് വാളുണ്ട് എന്നു പറഞ്ഞതു പത്രോസായി രുന്നു. പടയാളികൾ യേശുവിനെ ബന്ധിച്ചപ്പോൾ വാൾ പ്രയോ

ഗിച്ചതും പത്രോസ്തന്നെ. ബർയോനാ എന്ന പേരിന്റെ അർത്ഥം യോനായുടെ പുത്രൻ, എന്നാണെങ്കിലും തീവ്രവാദികളുടെ ഒരു പര്യായമായിരുന്നു ഇതെന്നു കരുതുന്ന ബൈബിൾ പഠിതാക്കൾ ഇന്ന് ഏറെയുണ്ട്. മേല്പറഞ്ഞതിന്റെ വെളിച്ചത്തിൽ യേശുവിന്റെ ശിഷ്യസമൂഹത്തിൽ നല്ലൊരു പങ്ക് തീവ്രവാദികളായിരുന്നുവെന്ന് അനുമാനിക്കാം. യേശുവിനെ അർദ്ധരാത്രിക്ക് അറസ്റ്റുചെയ്തതും പിടിക്കാൻ വന്നവർ പട്ടാളത്തിന്റെ സഹായം തേടിയതും (യോഹ 18,3) ഇവിടെ ശ്രദ്ധേയമാണ്. ഒരു കവർച്ചക്കാരനെതിരേ എന്നതു പോലെ അവർ വാളും വടിയുമായി (ലൂക്കാ 2,52) വന്നു എന്നു യേശു തന്നെ പറയുന്നു. “കവർച്ചക്കാരൻ” എന്നു വിവർത്തനം ചെയ്യുന്നതു ‘ലേസ്തേസ്’ എന്ന ഗ്രീക്കുപദമാണ്. ഗലീലിയയിലെ തീവ്രവാദികളെ വിശേഷിപ്പിക്കാൻ യഹൂദചരിത്രകാരനായ ജൊസേഫൂസ് ഈ പദമാണു പ്രയോഗിക്കുന്നത്. “കവർച്ചക്കാരൻ” എന്നതിനേക്കാൾ “കലാപകാരി” എന്ന വിവർത്തനമായിരിക്കും ശരി. ഇപ്രകാരമൊരാളായിരുന്നു ബറാബാസ്.

യേശുവിനെ ജനകീയ വിചാരണക്കു വിധേയനാക്കിയ പീലാത്തോസ് യേശുവിനോടൊപ്പം നിർത്തിയതു ബറാബാസിനെ ആയിരുന്നു. യേശുവിനെതിരേ യഹൂദർ ആരോപിച്ച കുറ്റം കലാപം ആയിരുന്നു. കലാപകാരി എന്ന നിലയിലാണ് യേശുവിനെ കുരിശിൽ തറച്ചത്. രണ്ടു കലാപകാരികൾക്കു മദ്ധ്യേ. അപ്പോൾ യേശു തീവ്രവാദി സംഘടനയുടെ അംഗമായ ഒരു കലാപകാരി ആയിരുന്നോ?

മുകളിൽ നിരത്തിയ തെളിവുകളുടെ വെളിച്ചത്തിൽ അങ്ങനെ തോന്നാമെങ്കിലും യേശുവിന്റെ വാക്കുകളും പ്രവൃത്തികളും മുഴുവനായി പരിഗണിക്കുമ്പോൾ അല്ല, എന്നേ പറയാൻ കഴിയൂ. “ശത്രുക്കളെ സ്നേഹിക്കുക” എന്ന യേശുവിന്റെ പ്രമാണം ഒരു തീവ്രവാദിയുടേതായിരുന്നില്ല. വലത്തെ ചെകിട്ടത്തടിക്കുന്നവനു മറ്റേ ചെകിടുകൂടി കാണിച്ചുകൊടുക്കാൻ ഒരു കലാപകാരിയും പറയുമായിരുന്നില്ല. റോമാക്കാരെ വർഗ്ഗശത്രുവായി കണ്ട തീവ്രവാദികൾ ഒരിക്കലും ഒരു ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുമായിരുന്നില്ല.

ദൈവത്തിന്റെ പരമാധികാരം ഊന്നിപ്പറയുകയും ദൈവനിയമത്തെ തീക്ഷ്ണമായി അനുസരിക്കുകയും ചെയ്യുന്നതിൽ തീവ്രവാദികളോട് യേശുവിന് അനുഭാവമുണ്ടായിരുന്നു എന്നതിൽ

സംശയമില്ല. എന്നാൽ, അവരുടെ പ്രവർത്തനശൈലിയെ യേശു ഒരിക്കലും അംഗീകരിച്ചിരുന്നില്ല. തീവ്രവാദികളെ ശിഷ്യന്മാരായി സ്വീകരിച്ചു എന്ന് അംഗീകരിച്ചാൽതന്നെ ആ ശിഷ്യന്മാരെ മറ്റൊരു മനോഭാവത്തിലേക്കും പ്രവർത്തനശൈലിയിലേക്കും യേശു രൂപാന്തരപ്പെടുത്തി എന്നതു വിസ്മരിച്ചുകൂടാ. വാൾ ഉറയിലിടാനാണു പത്രോസിനോടു ആവശ്യപ്പെട്ടത്. വാളെടുക്കുന്നവൻ വാളാൽ നശിക്കും എന്ന പ്രസ്താവന സായുധവിപ്ലവപ്രസ്ഥാനത്തെ പാടേ നിഷേധിക്കുന്നതാണ്.

യേശുവിന്റെ ശിഷ്യന്മാരിൽ തീവ്രവാദികൾ ഉണ്ടായിരുന്നു. അവരിൽ ഏറ്റവും വലിയ തീവ്രവാദി പൗലോസായിരുന്നു. നിയമത്തിനുവേണ്ടിയുള്ള തീക്ഷ്ണതയാൽ ജ്വലിക്കുകയും നിയമം ലംഘിക്കുന്നവരെ കർശനമായി ശിക്ഷിക്കുകയും ചെയ്ത പൗലോസ് തികഞ്ഞ ആത്മാർത്ഥതയോടുകൂടിയ തീവ്രവാദിയായിരുന്നു. എന്നാൽ ഡമാസ്ക്കസിലേക്കുള്ള വഴിയിൽ യേശുവിനെ കണ്ടുമുട്ടിയതോടെ അദ്ദേഹത്തിൽ വന്ന മാറ്റം സുവിദിതമാണല്ലോ.

യേശുവിനെ തീവ്രവാദിയും കലാപകാരിയും സായുധ വിപ്ലവത്തിന്റെ വക്താവും നേതാവുമായി കാണുന്നത് അവിടുത്തെ പ്രവർത്തനങ്ങളേയും പഠനങ്ങളേയും തെറ്റിദ്ധരിക്കുകയോ ഭാഗികമായി മാത്രം കാണുകയോ ചെയ്യുന്നതുകൊണ്ടാണ്. ജീവിതകാലത്തും അതിനു ശേഷവും ഇത്രയേറെ തെറ്റിദ്ധരിക്കപ്പെടുകയും തെറ്റായി ചിത്രീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള വ്യക്തികൾ അധികമുണ്ടാവില്ല. ഐഹികമല്ലാത്ത രാജത്വത്തെക്കുറിച്ചു പറഞ്ഞതു പീലാത്തോസിനു മനസ്സിലായില്ല. കുറ്റമില്ലാത്തവനെ കുരിശിൽ തറയ്ക്കാൻ തയ്യാറായ ആ റോമൻ ന്യായാധിപന്റെ അന്ധത ശിഷ്യന്മാരെപ്പോലും ബാധിച്ചിരുന്നു. ദൈവരാജ്യത്തിന്റെ രഹസ്യം ഗ്രഹിക്കാനായി ദൈവം കണ്ണു തുറന്നു തരാത്തപ്പോൾ ഇന്നും ഈ തെറ്റിദ്ധാരണ പലരിലും തുടരുന്നു എന്നു പറയാതെ വയ്യ. മനുഷ്യപ്രയത്നത്തിന്റെ ഫലമായി, ആയുധമുപയോഗിച്ചുപോലും ഈ ഭൂമിയിൽ സ്ഥാപിതമാകുന്ന ദൈവരാജ്യത്തെക്കുറിച്ചാണ് തീവ്രവാദികളും കലാപകാരികളും പലപ്പോഴും ചിന്തിക്കുക. യേശുവാകട്ടെ, പിതാവു നല്കുന്ന ദാനമായിട്ടാണു ദൈവരാജ്യത്തെ ചിത്രീകരിക്കുന്നത്. ആയുധമെടുത്തും അന്യന്റെ രക്തം ചിന്തിയുമല്ല അതിൽ പ്രവേശിക്കുന്നത്. മറിച്ച് പീഡനങ്ങൾ ഏറ്റും കുരിശു വഹിച്ചും സ്വയം ത്യജിച്ചുകൊണ്ടാണ് - യേശുവിന്റെ പഠനത്തിൽ.

## 17. അബ്രാഹത്തിന്റെ മടി

*"ആ ദരിദ്രൻ മരിച്ചു. ദൈവദൂതന്മാർ അവനെ അബ്രാഹത്തിന്റെ മടിയിലേക്കു സംവഹിച്ചു. ആ ധനികനും മരിച്ച് അടക്കപ്പെട്ടു. അവൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ കണ്ണുകൾ ഉയർത്തി നോക്കി. ദൂരെ അബ്രാഹത്തെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു" (ലൂക്കാ 16,22-23). എന്താണ് ഇവിടെ അബ്രാഹത്തിന്റെ മടി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? ധനികൻ പീഡിപ്പിക്കപ്പെടുന്ന നരകം എന്താണ്? ഇവ രണ്ടും തമ്മിൽ ബന്ധമുണ്ടോ? മരിച്ചവർക്ക് പരസ്പരം തിരിച്ചറിയാനും ബന്ധപ്പെടാനും കഴിയുമോ?*

വളരെയേറെ തെറ്റിദ്ധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇരയായിട്ടുള്ള ഒരു ഗുരുമൊഴിയാണ് ചോദ്യവിഷയം. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ഇരുവരുടെയും മരണശേഷം സംഭവിച്ച വ്യതിയാനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. അബ്രാഹത്തിന്റെ മടി എന്നത് എല്ലാവിധ ഭൗതിക സന്തോഷവും നല്കുന്ന ഒരു താൽക്കാലിക സംവിധാനമാണെന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. അതുപോലെതന്നെ ധനികൻ പീഡിപ്പിക്കപ്പെടുന്ന നരകവും താൽക്കാലികമായി കരുതുന്നവരുണ്ട്. ശരീരങ്ങളുടെ പുനരുത്ഥാനവും അന്തിമവിധിയും വരെ മരിച്ചവർ ഏതവസ്ഥയിലായിരിക്കും എന്നു പഠിപ്പിക്കാനായി യേശു പറഞ്ഞ ഉപമയാണിതെന്നും പല വ്യാഖ്യാതാക്കളും കരുതുന്നു. തന്നെയുമല്ല, നരകത്തിൽ പീഡിപ്പിക്കപ്പെടുന്ന ധനികന്റെ ഏറ്റം വലിയ ദുഃഖം തന്റെ പടിവാതിൽക്കൽ കിടന്ന ദരിദ്രൻ ഇപ്പോൾ സുഖമായി കഴിയുന്നതു കാണുന്നതാണത്രേ! മരിച്ച ലാസറിന്റെ സന്തോഷമാകട്ടെ

തന്നെ പരിഗണിക്കാതിരുന്ന ധനവാന്റെ ശിക്ഷ നേരിൽ കാണുന്നതും. ഇതിൽ എന്തെങ്കിലും വാസ്തവമുണ്ടോ?

യേശുവിന്റെ തിരുവചനങ്ങളുടെ അർത്ഥം കണ്ടെത്താൻ ശ്രമിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. എന്തു സാഹിത്യരൂപമാണ് സന്ദേശം കൈമാറാനായി ഉപയോഗിച്ചിരിക്കുന്നത്. ബൈബിൾ വ്യാഖ്യാനത്തിൽ എപ്പോഴും ശ്രദ്ധിക്കേണ്ട സുപ്രധാന നിയമമായി തിരുസഭ എടുത്തുകാട്ടുന്നതാണിത് (വത്തിക്കാൻ II, ദൈവാവിഷ്ക്കരണം നമ്പർ 12). ചർച്ചാവിഷയമായ തിരുവചനം ഒരു ഉപമയുടെ ഭാഗമാണ്. ഏതെങ്കിലും ഒരു ദൈവികസത്യം വെളിപ്പെടുത്താൻ വേണ്ടി അനുദിന ജീവിതത്തിൽനിന്ന് അടർത്തിയെടുത്ത ഒരു സംഭവത്തിന്റെ കഥാരൂപത്തിലുള്ള അവതരണമാണ് ഉപമ. ഉപമകൾക്ക് കേന്ദ്രവത്തായ ഒരാശയം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. കഥയുടെ വിശദാംശങ്ങൾ വിവരണത്തിനു മിഴിവു നല്കി കേൾവിക്കാരുടെ ശ്രദ്ധയെ പിടിച്ചുനിർത്താൻ വേണ്ടി ചേർക്കുന്ന പൊടിപ്പും തൊങ്ങലുമാണ്. അതിനാൽ ഉപമകൾ വ്യാഖ്യാനിക്കുമ്പോൾ വിശദാംശങ്ങൾ ഒന്നൊന്നായി ഇഴ തിരിച്ച് വ്യാഖ്യാനിക്കുകയല്ല, കഥയുടെ കേന്ദ്രം കണ്ടെത്താൻ ശ്രമിക്കുകയാണ് ചെയ്യേണ്ടത്.

"ധനവാനും ലാസറും" എന്ന ഉപമയുടെ കേന്ദ്രവത്തായ ആശയം വളരെ ലളിതവും ആർക്കും മനസ്സിലാക്കാവുന്നതുമായ ഒരു സത്യമാണ്. ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ അയല്ക്കാരുടെ, പ്രത്യേകിച്ചും ദരിദ്രരുടെ, ആവശ്യങ്ങളും അവശതകളും കണ്ടറിഞ്ഞു സഹായിക്കണം. അതു ചെയ്യാതെ സുഖഭോഗങ്ങളിൽ മുഴുകുന്നവർ മരണാനന്തരം ശിക്ഷിക്കപ്പെടും. ഇപ്പോൾ ദരിദ്രന്റെ നിലവിളിക്കു കാതോർക്കാത്തവർ മരണാനന്തരം നിലവിളിച്ചാൽ ആരും കേൾക്കില്ല; ശിക്ഷ ഇളവു ചെയ്തു കിട്ടുകയുമില്ല. അതിനാൽ സമ്പത്തും മറ്റു സാധ്യതകളും ദരിദ്രരുമായി പങ്കുവച്ച് സ്വർഗ്ഗഭാഗ്യം ഉറപ്പുവരുത്താൻ ശ്രമിക്കണം. അധാർമ്മികസമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ (ലൂക്കാ 16,9) എന്ന ഉപദേശത്തിന്റെ കഥാരൂപത്തിലുള്ള ആവിഷ്ക്കരണമാണ് പഠനവിഷയമായ ഉപമ. മറ്റു വിശദാംശങ്ങൾ അത്രതന്നെ പ്രധാനമല്ല. എന്നാലും എന്താണ് അവകൊണ്ട് അർത്ഥമാക്കുന്നത് എന്നന്വേഷിക്കുന്നത് ഉപകാരപ്രദമാണ്.

രണ്ടുകാര്യങ്ങളാണ് പ്രത്യേകം ചോദ്യവിഷയമായിരിക്കു

ന്നത്. ലാസർ ആശ്വസിപ്പിക്കപ്പെടുന്ന അബ്രാഹത്തിന്റെ മടിയും ധനവാൻ പീഡിപ്പിക്കപ്പെടുന്ന നരകവും. യേശുവിന്റെ കാലത്തു യഹൂദരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തിൽ നിന്ന് ഇതു രണ്ടും മനസിലാക്കാൻ കഴിയും. മരണാനന്തരം, മനുഷ്യർ ചെന്നെത്തുന്ന സ്ഥലത്തിന്റെ "ഭൂമിശാസ്ത്രം" ആധികാരികമായി പഠിപ്പിക്കുകയല്ല, നിലവിലിരുന്ന വിശ്വാസത്തിന്റെ വെളിച്ചത്തിൽ മരണാനന്തരജീവിതത്തെക്കുറിച്ച് വ്യക്തമായ പ്രബോധനവും അതിന്റ വെളിച്ചത്തിൽ ശക്തമായ താക്കീതുകളും നല്കുകയാണ് ഗുരുമൊഴിയുടെ ലക്ഷ്യം.

മക്കബായരുടെ കാലം, അതായത് ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതി, ആയപ്പോഴേക്കും മരണാന്തര ജീവിതത്തിലും ശരീരങ്ങളുടെ പുനരുത്ഥാനത്തിലുമുള്ള വിശ്വാസം യഹൂദരുടെ ഇടയിൽ ശക്തിപ്പെട്ടു. ആ വിശ്വാസം ഏറ്റുപറഞ്ഞവരാണ് ഫരിസേയർ. മരിച്ചവർ നിത്യനിശ്ശബ്ദതയിൽ, ഒരിക്കലും ഉണരാത്ത നിദ്രയിൽ കഴിയുന്നു എന്നായിരുന്നു ആരംഭകാലത്തെ വിശ്വാസം. ഇങ്ങനെ മരിച്ചവർ നിദ്ര ചെയ്യുന്നത് ഭൂമിയുടെ അടിയിൽ "ഷെയോൽ" എന്നു വിളിക്കപ്പെടുന്ന സ്ഥലത്താണ് എന്നു കരുതിയിരുന്നു. അവർ ഒന്നും അറിയുന്നില്ല; ഒന്നും അനുഭവിക്കുന്നുമില്ല. ധനികനും ദരിദ്രനും, പാപിയും പുണ്യവാനും എല്ലാം അന്ത്യം ഒന്നുതന്നെ (സങ്കീ 88,3-6; 10-12; 99,17; സഭാ 2,13-16; 8,10-14) സാവകാശമാണ് മരണാന്തരജീവിതത്തെയും പുനരുത്ഥാനത്തെയുംകുറിച്ചുള്ള വെളിപ്പെടുത്തലുകൾ ലഭിച്ചതും വിശ്വാസം ജനിച്ചതും (ജോബ് 19,23-2; ഏശ 26,13; 2 മക്ക 7).

മരണാന്തരജീവിതത്തെക്കുറിച്ചുള്ള വിശ്വാസം കടന്നുവന്നതോടെ മരിച്ചവരുടെയെല്ലാം അവസ്ഥ ഒന്നുതന്നെയല്ല എന്ന വിശ്വാസവും വളർന്നു. നന്മചെയ്തവർ ആശ്വസിക്കപ്പെടുകയും തിന്മ ചെയ്തവർ പീഡനത്തിന് ഇരയാവുകയും ചെയ്യും എന്ന വിശ്വാസം ശക്തിപ്പെട്ടു. അതോടെ മരിച്ചവർ വസിക്കുന്ന അധോലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലും മാറ്റംവന്നു. പാതാളം (ഷെയോൽ) എന്നു വിളിക്കുന്ന മരിച്ചവരുടെ വാസസ്ഥലം പല തട്ടുകളും അറകളുമായി വിഭാവനം ചെയ്യപ്പെടാൻ തുടങ്ങി. അങ്ങനെ ചില അറകളിൽ പീഡനവും മറ്റു ചിലതിൽ ആശ്വാസവും നല്കപ്പെടുന്നതായി കരുതാൻ തുടങ്ങി.

ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ആരം

ഭിച്ച് എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ രചന പൂർത്തിയായി എന്നു കരുതപ്പെടുന്ന ഏനോക്കിന്റെ പുസ്തകം 22-ാം അധ്യായത്തിൽ ഈ വിശ്വാസം പ്രതിഫലിപ്പിക്കുന്ന ഒരു ചിത്രമുണ്ട്. ദൃശ്യലോകത്തിനപ്പുറമുള്ള വിവിധ മണ്ഡലങ്ങളിലേക്ക് ദൈവദൂതനാൽ നയിക്കപ്പെട്ട ഏനോക്ക് ഒരു ദൃശ്യം കണ്ടു. വലിയ ഒരു മലയുടെ ഉള്ള് അഗാധമായ നാലു ഗർത്തങ്ങളായി തിരിച്ചിരിക്കുന്നു. അടികാണാനാവാത്ത ഗർത്തങ്ങളിൽ മൂന്നെണ്ണം ഇരുൾമുറ്റി നിൽക്കുന്നു. നാലാമത്തെ ഗർത്തം പ്രകാശപൂരിതവും മനോഹരവുമാണ്. ആദ്യത്തെ മൂന്നുഗർത്തങ്ങൾ പാപികൾ പീഡിപ്പിക്കപ്പെടുന്ന സ്ഥലവും നാലാമത്തേത് നീതിമാന്മാർ ആശ്വാസവും സന്തോഷവും അനുഭവിക്കുന്ന ഇടവുമാണെന്ന് ദൈവദൂതൻ ഏനോക്കിന് വ്യാഖ്യാനിച്ചുകൊടുത്തു. മരണാന്തരപീഡനവും ആശ്വാസവും നല്കപ്പെടുന്ന വ്യത്യസ്തതലങ്ങൾ അടുത്തടുത്തായി സ്ഥിതിചെയ്യുന്നു എന്ന ഈ കാഴ്ചപ്പാട് യേശു പറഞ്ഞ ഉപമയിൽ നിഴലിക്കുന്നുണ്ട്. ഇതിൽ ആശ്വാസത്തിന്റെ സ്ഥലത്തെയാണ് "അബ്രാഹത്തിന്റെ മടി" എന്നു വിശേഷിപ്പിക്കുന്നത്.

അബ്രാഹത്തിന്റെ മടിയിൽ ആയിരിക്കുന്നതിന്റെ ചിത്രത്തിന് രണ്ടു വ്യത്യസ്ത പശ്ചാത്തലങ്ങളുണ്ട്. സാധാരണമായി കുഞ്ഞുങ്ങളെയാണല്ലോ മാതാപിതാക്കന്മാർ മടിയിലിരുത്തി താലോലിക്കുന്നത്. ഏതെങ്കിലും തരത്തിൽ വേദനിക്കുകയോ ദുഃഖിക്കുകയോ ചെയ്യുന്ന കുഞ്ഞുങ്ങളെ മാതാവും പിതാവും മടിയിലിരുത്തി ആശ്വസിപ്പിക്കും. ലാസറിനെ സംബന്ധിച്ച് യേശു വരച്ചുകാട്ടുന്ന ചിത്രം ഇതായിരിക്കും. യഹൂദരുടെ ഇടയിൽ നിലവിലിരുന്ന കാഴ്ചപ്പാട് ഈ വ്യാഖ്യാനത്തിനു പിൻതുണയായുണ്ട്.

16-ാം നൂറ്റാണ്ടുമുതൽ മറ്റൊരു വ്യാഖ്യാനം നല്കപ്പെടാൻ തുടങ്ങി. വിരുന്നിന്റെ പശ്ചാത്തലത്തിലാണ് ഈ വ്യാഖ്യാനം. യേശുവിന്റെ കാലത്ത് സമ്പന്നരായ യഹൂദർ റോമാക്കാരെപ്പോലെയാണ് വിരുന്നാഘോഷിച്ചിരുന്നത്. വിരുന്നുശാലയിൽ ഇരുന്നല്ല, ഇടതുകൈകുത്തി സോഫായിൽ ചാരികിടന്നാണ് വിരുന്നാഘോഷിക്കന്നതും ഭക്ഷണം കഴിക്കുന്നതും. വലിയ സോഫാകളിൽ രണ്ടും മൂന്നുംപേർവീതം ചാരിക്കിടക്കും. അപ്പോൾ ഒരാളുടെ ശിരസ് മറ്റെയാളുടെ വക്ഷസിൽ എത്തിനില്ക്കും. വിരുന്നിനു ക്ഷണിക്കപ്പെട്ടവരിൽ ഏറ്റം പ്രധാനപ്പെട്ട അതിഥി ഗൃഹനാഥന്റെ അടുത്തായിരിക്കും ഉപവിഷ്ടനാകുക. ഗൃഹനാഥന്റെ വക്ഷസിലേക്കു ചാരി

ക്കിടക്കാൻ നല്കുന്ന അവസരമാണ് ഏറ്റം വലിയ ആദരവും അംഗീകാരവുമായി പരിഗണിച്ചിരുന്നത് (യോഹ 13,23). ഈ കാഴ്ചപ്പാടിൽ ഈ ഭൂമിയിൽ ഒന്നുമല്ലാതിരുന്ന ലാസർ മരണാന്തരജീവിതത്തിൽ മുഖ്യാതിഥിയായി പരിഗണിക്കപ്പെട്ടു.

സ്വർഗ്ഗഭാഗ്യത്തെക്കുറിച്ചു പഠിപ്പിക്കാൻ യേശു പല തവണ വിരുന്നിന്റെ ഉപമ പറഞ്ഞിട്ടുണ്ട് (മത്താ 22,1-14; 25,1-13). "ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ" (ലൂക്കാ 14,15) എന്ന ഉദ്ഘോഷണം യഹൂദരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തിന്റെ പ്രകടനമാണ്. പിതാക്കന്മാരായ അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ഒപ്പം വിരുന്നിനിരിക്കുന്ന സ്വർഗ്ഗരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചപ്പോൾ (മത്താ 8,11) യേശു ഈ സത്യം വ്യക്തമാക്കുകയായിരുന്നു. അബ്രാഹത്തിന്റെ മടി എന്ന പ്രതീകം നീതിമാന്മാർക്കു ലഭിക്കുന്ന മരണാനന്തര ഭാഗ്യത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് ഇതിൽനിന്നു വ്യക്തമാകുന്നു.

ധനവാൻ പീഡിപ്പിക്കപ്പെട്ട സ്ഥലത്തെ നരകം എന്നാണ് മലയാള വിവർത്തനങ്ങളിൽ കാണുന്നത്. "ഹാദെസ്" എന്ന ഗ്രീക്കു പദമാണ് "നരകം" എന്നു വിവർത്തനം ചെയ്യാവുന്നതാണ്. ഏനോക്കിന്റെ പുസ്തകത്തിൽ വിവരിക്കുന്ന ഗർത്തങ്ങളുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ അബ്രാഹത്തിന്റെ മടിയും നരകവും അടുത്തടുത്തായിത്തന്നെ സ്ഥിതിചെയ്യുന്നു എന്ന സങ്കല്പമാണുള്ളത്. തന്നെയുമല്ല, ധനവാന് ലാസറിനെ കാണാനും അബ്രാഹവുമായി സംഭാഷണത്തിൽ ഏർപ്പെടാനും കഴിയണമെങ്കിൽ രണ്ടും അടുത്താകണമല്ലോ. എന്നാൽ ഇതെല്ലാം കഥയുടെ വിശദാംശങ്ങൾ എന്നല്ലാതെ കാതലായ സന്ദേശവുമായി ബന്ധമില്ല.

"അബ്രാഹത്തിന്റെ മടി"യെ "പറുദീസാ" എന്നും യേശുവിന്റെ സമകാലികരായ യഹൂദർ വിശേഷിപ്പിച്ചിരുന്നു. ദൈവത്തോടൊന്നിച്ചുള്ള വാസമാണ് പറുദീസായുടെ കാതൽ. ഈ അർത്ഥത്തിലാണല്ലോ നല്ല കള്ളന് യേശു പറുദീസാ വാഗ്ദാനം ചെയ്തത് (ലൂക്കാ 23,43). യേശു പറഞ്ഞ കഥയിലെ രണ്ടവസ്ഥകളും കേൾവിക്കാർക്ക് പരിചിതമായിരുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തോടെ "അബ്രാഹത്തിന്റെ മടി" എന്നത് സ്വർഗ്ഗത്തിന്റെ തന്നെ പ്രതീകമായി മാറുന്നു. പിതാവായ അബ്രാഹത്തിന്റെ വാക്കുകളാകട്ടെ സ്വർഗ്ഗസ്ഥനായ പിതാവായ ദൈവത്തിന്റെ വാക്കുകളായും പരിഗണിക്കാനാവും.

യേശു പറഞ്ഞ ഉപമയുടെ ആനുകാലികമായ പുനർവായനയിൽ ലാസർ എല്ലാ വിശുദ്ധരോടുമൊത്ത് സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നു. ധനവാനാകട്ടെ നിത്യനരകത്തിൽ ശിക്ഷിക്കപ്പെടുന്നു. രണ്ടവസ്ഥകൾക്കും മാറ്റമില്ല. ശരീരങ്ങളുടെ പുനരുത്ഥാനവും അന്തിമവിധിയുംവരെ മാത്രമേ ഈ അവസ്ഥകൾ നിലനില്ക്കുന്നുള്ളൂ എന്ന് സഭ കരുതുന്നില്ല. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗികപഠനം ഇതാണ്: മരണത്തോടെ ഓരോ വ്യക്തിയുടെയും ജീവിതം നിത്യവിധിക്കു വിധേയമാകുന്നു. നീതിമാന്മാർ സ്വർഗ്ഗഭാഗ്യത്തിലേക്കും, മാനസാന്തരപ്പെടാതെ മാരകമായ പാപത്തിൽ മരിച്ചവർ നിത്യനരകത്തിലേക്കും പ്രവേശിക്കുന്നു. ലഘുവായ പാപങ്ങൾ വഴി ദൈവസ്നേഹത്തിന്റെ പൂർണ്ണതയിലെത്താതെ മരിക്കുന്നവർ ശുദ്ധീകരണത്തിലൂടെ പരിപൂർണ്ണരാക്കപ്പെട്ട് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നു.

## 18. കുപ്പായം വിറ്റ് വാൾ വാങ്ങുക

*"വാളില്ലാത്തവൻ സ്വന്തം കുപ്പായം വിറ്റ് വാൾ വാങ്ങട്ടെ" (ലൂക്കാ 22,36) എന്നു കല്പിച്ച യേശു തന്റെ അനുയായികളെ സായുധ വിപ്ലവത്തിന് ആഹ്വാനം ചെയ്തില്ല എന്നു പറയാൻ കഴി യുമോ?*

പ്രത്യക്ഷത്തിൽ തികച്ചും സാധ്യമായൊരു ചോദ്യമാണിത്. "അവൻ നിയമലംഘകരോടുകൂടെ എണ്ണപ്പെട്ടു എന്ന് എഴുതപ്പെട്ടി രുന്നത് എന്നിൽ നിറവേറേണ്ടിയിരിക്കുന്നു" എന്നു തുടർന്നുവ രുന്ന യേശുവാക്യം ഈ ചോദ്യത്തെ കൂടുതൽ പ്രസക്തമാക്കുന്നു. നിയമലംഘകരായ കലാപകാരികളുടെ തലവനായി ചിത്രീകരി ക്കപ്പെടാൻ യേശു ആഗ്രഹിച്ചു എന്നു ദ്യോതിപ്പിക്കുന്നതാണ് ഈ രണ്ടു വാക്യങ്ങൾ. പടയാളികൾ യേശുവിനെ ബന്ധിച്ചപ്പോൾ ശിഷ്യ ന്മാരിലൊരാൾ വാളെടുത്തു വെട്ടിയെന്നതും ഇവിടെ ശ്രദ്ധേയ മാണ്. അതിനാലായിരിക്കണം മഹാപുരോഹിതന്റെ മുറ്റത്ത് തീ കാഞ്ഞിരുന്ന പത്രോസ്, കണ്ടുപിടിക്കപ്പെട്ടപ്പോൾ, തന്റെ ജീവൻ അപകടത്തിലായെന്നു മനസ്സിലാക്കി, ഗുരുവിനെ പല തവണ തള്ളി പ്പറയുകയും യേശുവുമായി തനിക്കൊരു ബന്ധവുമില്ലെന്നു ശാപ പൂർവ്വം തെളിയിക്കാൻ ശ്രമിക്കുകയും ചെയ്തത്. യേശുവിന്റെ മര ണത്തിനുശേഷവും ശിഷ്യന്മാർ യഹൂദരെ ഭയന്ന് ഒളിച്ചിരുന്നതും തങ്ങൾ കലാപകാരികളാണെന്ന പൊതുധാരണ നിലനിന്നതുകൊ ണ്ടാവണം.

യേശു സായുധവിപ്ലവത്തിന് ആഹ്വാനം ചെയ്തു എന്നു സ്ഥാപിക്കാൻ മേലുദ്ധരിച്ച ബൈബിൾ വാചകങ്ങൾ ഇന്നു പല പ്പോഴും ഉപയോഗിക്കപ്പെടുന്നുണ്ട് എന്നതിനാൽ ഈ വാക്യങ്ങൾ

സൂക്ഷ്മമായ പഠനം ആവശ്യപ്പെടുന്നു. കാരണം, യേശുവിന്റെ പൊതുവായ പഠനങ്ങൾക്കും നിലപാടുകൾക്കും നിരക്കാത്ത ഒരു സമീപനമാണിത്. ശത്രുക്കളെ സ്നേഹിക്കുക, പീഡിപ്പിക്കുന്ന വർക്കുവേണ്ടി പ്രാർത്ഥിക്കുക, വലതു ചെകിടത്തടിക്കുന്നവർക്കു മറുചെകിടുകൂടി കാണിച്ചുകൊടുക്കുക മുതലായ പഠനങ്ങൾ അക്രമത്തെ (violance) യും സായുധസമരത്തേയും സംബന്ധിച്ച യേശുവിന്റെ നിലപാടു വ്യക്തമാക്കുന്നതാണ്.

നിർണ്ണായകനിമിഷത്തിൽ വാളുപയോഗിച്ച പത്രോസിനെ ശകാരിച്ചുകൊണ്ടു വാൾ ഉറയിൽ ഇടാൻ ആവശ്യപ്പെട്ടതു തന്ത്രപരമായ (strategic) ഒരു നിർദ്ദേശം മാത്രമായിരുന്നോ? തന്നെ ബന്ധിക്കാൻ വന്നിരിക്കുന്ന സൈന്യത്തെ ചെറുത്തുനിൽക്കാൻ തങ്ങളുടെ ആയുധശേഖരത്തിൽ രണ്ടു വാൾ മാത്രമുള്ള ശിഷ്യഗണത്തിനു സാധിക്കുകയില്ലെന്നു മനസ്സിലാക്കിയ യേശുവിന്റെ പ്രായോഗികബുദ്ധിയാണോ ഈ ശകാരത്തിൽ പ്രതിഫലിക്കുക? തന്റെ സംരക്ഷണത്തിനായി ദൈവദൂതന്മാരുടെ വ്യൂഹങ്ങളെ പിതാവ് അയയ്ക്കും എന്നു ബോദ്ധ്യമുണ്ടായിരുന്ന യേശു (മത്താ 26,53) എന്തേ ഒരു ചെറുത്തുനില്പിനു തയ്യാറായില്ല എന്ന ചോദ്യം മാത്രമല്ല ഇവിടെ അവശേഷിക്കുന്നത്. അവസരത്തിനനുസരിച്ചു വാക്കു മാറ്റി പറയുന്ന ഒരു ചഞ്ചലചിത്തനും ഭീരുവും ആയിരുന്നു യേശു എന്നും സമ്മതിക്കേണ്ടിവരും. യേശുവിന്റെ വ്യക്തിത്വത്തെയും പഠനത്തിന്റെ സാധുതയേയും ചോദ്യം ചെയ്യുന്ന ഒന്നായിത്തീരുന്നു ചർച്ചാവിഷയമായ വാക്യം.

ബൈബിൾ വ്യാഖ്യാനത്തിന്റെ ബാലപാഠങ്ങളിൽ ഒന്നാണ് അർത്ഥശങ്കക്കിട നൽകുന്ന വാക്യങ്ങൾ അവയുടെ സമഗ്രമായ സാഹചര്യത്തിൽ അപഗ്രഥിച്ചു വ്യാഖ്യാനിക്കുക എന്നത്. വാക്യം ഖണ്ഡികയുടെയും ഖണ്ഡിക പുസ്തകത്തിന്റേയും ഭാഗമാകയാൽ പഠനവിഷയമായ വാക്യം പ്രത്യക്ഷപ്പെടുന്ന ഖണ്ഡികയിൽ അതിന്റെ സ്ഥാനമെന്ത്? ഖണ്ഡിക പരാമർശിക്കുന്ന പ്രധാനവിഷയമേത്, ഏതു സാഹചര്യത്തിലാണു പ്രസ്തുത വിഷയം പരാമർശിക്കപ്പെടുന്നത്, പുസ്തകത്തിൽ ആ വിഷയം എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നു എന്നൊക്കെ അന്വേഷിക്കേണ്ടിവരും. ഗ്രന്ഥകാരൻ പരസ്പരവിരുദ്ധമായ ആശയങ്ങൾ പ്രകടിപ്പിക്കുകയില്ല എന്നും യേശു തന്നെ തന്റെ പഠനം സാഹചര്യത്തിനനുസരിച്ചു മാറ്റിമറിക്കുകയില്ല എന്നുമുള്ള ഒരു പൊതുതത്ത്വം അംഗീക

രിച്ചുകൊണ്ടായിരിക്കണം ബൈബിൾ ഭാഗങ്ങൾ വ്യാഖ്യാനിക്കുക – മറിച്ചു വ്യക്തമായ തെളിവില്ലെങ്കിൽ. അതിനാൽ പരസ്പരവിരുദ്ധങ്ങളെന്നു തോന്നിയേക്കാവുന്ന പ്രസ്താവനകളും പഠനങ്ങളും ഗ്രന്ഥത്തിന്റെ സമഗ്രമായ കാഴ്ചപ്പാടിൽ അപഗ്രഥിക്കേണ്ടതാണ്.

പഠനവിഷയമായ വാക്യം യേശുവിന്റെ പീഡാസഹനത്തിനു തൊട്ടുമുമ്പുള്ള വിടവാങ്ങൽ പ്രസംഗത്തിന്റെ ഭാഗമായിട്ടാണു വി. ലൂക്കാ അവതരിപ്പിച്ചിരിക്കുന്നത്. പ്രസ്തുതവാക്യം മൂന്നാം സുവിശേഷത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്നതും ശ്രദ്ധേയമാണ്. യേശു തന്റെ പീഡാനുഭവത്തിന്റെ സാഹചര്യത്തിലാണ് ഈ വാക്യം അരുളിച്ചെയ്യുന്നത്. പുതിയ ഉടമ്പടിയുടെ സ്ഥാപനത്തിനുശേഷം (ലൂക്കാ 22,14–23), ശിഷ്യന്മാർക്ക് അധികാരത്തേയും വിനീതമായ സേവനത്തെയും സംബന്ധിച്ച പഠനം നൽകുന്നു. (22,24–30). യേശുവിന്റെ പീഡാനുഭവം ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം വിശ്വാസത്യാഗത്തിലേക്കു നയിക്കാൻപോന്ന വലിയ പ്രലോഭനമാകും. സാത്താന്റെ ശക്തമായ പ്രവർത്തനത്തിനു മുന്നിൽ പതറിവീഴാൻ പോകുന്ന ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകുകയും പിടിച്ചുനിൽക്കാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഉപദേശങ്ങളാണു തുടർന്നുവരുന്നത് (22,31–34). തന്റെ പരസ്യജീവിതകാലത്തു യേശു ശിഷ്യന്മാർക്കു സമ്പൂർണ്ണ സംരക്ഷണം നൽകിയിരുന്നു. അവിടുത്തെ പ്രവർത്തനങ്ങളിൽ പങ്കുചേർന്ന അപ്പസ്തോലന്മാർക്കു യാതൊരു കുറവും അനുഭവപ്പെട്ടില്ല (22,35). തന്നെയുമല്ല, സാത്താന്റെ ശക്തിയുടെ മേൽ വിജയം വരിക്കാൻ അവർക്കു കഴിയുകയും ചെയ്തു (ലൂക്കാ 10,17–20). മരുഭൂമിയിലെ പ്രലോഭനത്തിൽ സാത്താന്റെമേൽ വിജയം വരിച്ച യേശുവാണു ശിഷ്യന്മാർക്ക് ഈ വിജയം സാദ്ധ്യമാക്കിയത്. പ്രലോഭനങ്ങളുടെ അന്ത്യത്തിൽ സാത്താൻ നിശ്ചിതകാലത്തേക്ക് അവനെ വിട്ടുപോയി (ലൂക്കാ 4,13) എന്ന പ്രസ്താവനയിലൂടെ യേശുവിന്റെ പരസ്യജീവിതകാലം സാത്താന്റെ പ്രലോഭനങ്ങൾ അനുഭവപ്പെടാത്ത, അഥവാ സാത്താൻ നിർവീര്യനാക്കപ്പെട്ട അവസരമായിട്ടാണു ലൂക്കാ സുവിശേഷകൻ കാണുന്നത്.

എന്നാൽ പീഡാനുഭവത്തിന്റെ ആരംഭത്തോടെ സാഹചര്യം ആകെ മാറുകയായി. യൂദാസിൽ സാത്താൻ പ്രവേശിക്കുന്നതോടെ (ലൂക്കാ 22,3) പീഡാനുഭവത്തിന്റെ തുടക്കമായി. അന്ധകാരത്തിന്റെ ആധിപത്യം പ്രകടമാകുന്ന (ലൂക്കാ 22,53) വേളയാണ്

യേശുവിന്റെ പീഡാനുഭവം. സാത്താൻ നിർവീര്യമാക്കപ്പെട്ടിരുന്ന പരസ്യജീവിതകാലം അവസാനിക്കുകയും പീഡാനുഭവത്തിന്റെ കാലം ആരംഭിക്കുകയും ചെയ്യുന്നു എന്ന സൂചനയാണു പഠനവിഷയമായ വാക്യങ്ങൾ നൽകുന്നത്. മണവാളൻ അകറ്റപ്പെടുകയും മണവറക്കാർ ഉപവസിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തെക്കുറിച്ചു യേശു നേരത്തെതന്നെ മുന്നറിയിപ്പു നൽകിയിരുന്നു (ലൂക്കാ 5,35). ശിഷ്യന്മാരുടെ വിശ്വാസവും ജീവൻതന്നെയും അപകടത്തിലാകുന്ന ഈ സാഹചര്യത്തിൽ വലിയ ജാഗ്രത ആവശ്യമായിത്തീരുന്നു. ശിഷ്യപ്രധാനനായ പത്രോസിന്റെപോലും വിശ്വാസത്തിന് ഇളക്കം തട്ടും. യേശുവിന്റെ പ്രത്യേക പ്രാർത്ഥന ഒന്നുകൊണ്ടുമാത്രമാണു പത്രോസിനു മടങ്ങിവരാനും ശിഷ്യന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കാനും വേണ്ട ശക്തി ലഭിക്കുക. പ്രാർത്ഥിക്കുന്ന യേശുവിനോടൊപ്പം ഉണർന്നിരുന്നു പ്രാർത്ഥിച്ചെങ്കിലേ പ്രലോഭനത്തിൽ വീണുപോകാതിരിക്കാൻ അവർക്കു കഴിയൂ എന്ന് യേശു മുന്നറിയിപ്പു നല്കി (ലൂക്കാ 22,39-46). ഈ വാക്യങ്ങൾ പ്രാർത്ഥനയുടെ ആവശ്യകതയെ ആവർത്തിച്ച് ഊന്നിപ്പറയുന്നു. സാത്താന്റെ ശക്തിയെ കാര്യമായിത്തന്നെ പരിഗണിക്കുകയും പ്രാർത്ഥനയിലൂടെ മാത്രമേ അതിനെ നേരിടാൻ കഴിയുകയുള്ളൂ എന്നു ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ഭാഗമാണിത്.

യേശുവിന്റെ വേർപാടോടുകൂടി സംജാതമാകുന്ന പുതിയ സാഹചര്യത്തിൽ ശിഷ്യന്മാർ കഠിനമായ പരീക്ഷണങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകും എന്ന മുന്നറിയിപ്പാണ് ഈ വാക്യങ്ങളിൽ മുഴങ്ങി കേൾക്കുന്നത്. യഹൂദരിൽനിന്നും വിജാതീയരിൽനിന്നും ആദിമക്രൈസ്തവർ നേരിടേണ്ടിവന്ന പീഡനങ്ങളേയും സഭക്കുള്ളിൽ തന്നെയുണ്ടായ ശിഥിലീകരണ പ്രവണതകളേയും കുറിച്ചു ലൂക്കാതന്നെ അപ്പസ്തോലപ്രവർത്തനങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അകമെനിന്നും പുറമെനിന്നും സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്ന ശക്തികളെ സാത്താന്റെ പ്രവർത്തനമായിട്ടാണു സുവിശേഷകൻ വ്യാഖ്യാനിക്കുന്നത്. വെളിപാടുഗ്രന്ഥകാരൻ ഈ ആശയം നാടകീയമായി അവതരിപ്പിക്കുന്നുണ്ട്.

ആസന്നമായിരിക്കുന്ന ഭീകരവിപത്തിനെക്കുറിച്ചു മുന്നറിയിപ്പു നൽകുന്ന യേശു അതിനെ നേരിടാൻ വേണ്ട മുൻകരുതലുകൾക്കായി ശിഷ്യന്മാരെ ആഹ്വാനം ചെയ്യുന്നതാണ് പഠനവിഷയ

മായ വാക്യങ്ങൾ. ഒലിവുമലയിൽവച്ച് യേശു ബന്ധിക്കപ്പെടുന്ന നിമിഷം മാത്രമല്ല ഇവിടെ വിവക്ഷിക്കപ്പെടുക. മറിച്ച് അവിടുത്തെ വേർപാടിനുശേഷം ശിഷ്യസമൂഹം നേരിടേണ്ടിവരുന്ന ദീർഘമായ പ്രലോഭനങ്ങളും പീഡനങ്ങളും ഇവിടെ പരാമർശിക്കപ്പെടുന്നു. മടിശ്ശീലയും ഭാണ്ഡവും, എടുക്കാൻ ആവശ്യപ്പെടുന്നതു സുവിശേഷപ്രഘോഷണത്തിനായി ലോകമെമ്പാടും യാത്ര ചെയ്യുന്ന മിഷണറിമാർക്കു വേണ്ട തയ്യാറെടുപ്പിനെയാണു സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിലാണു കുപ്പായം വിറ്റു വാൾ വാങ്ങാൻ യേശു ആവശ്യപ്പെടുന്നത് എന്നു മറന്നുകൂടാ. യാത്ര ചെയ്യുന്നവർക്ക് അത്യാവശ്യം വേണ്ട വസ്ത്രമാണു കുപ്പായം. അരക്കച്ച, ഉടുപ്പ് (കിത്തോനാ), കുപ്പായം (ഹിമാത്തിയോൺ) എന്നീ മൂന്നു വസ്ത്രങ്ങളാണു യഹൂദർ ധരിച്ചിരുന്നത്. കുപ്പായം എന്നതു പുറങ്കുപ്പായം എന്നു വിവർത്തനം ചെയ്യാറുണ്ട്. പകൽ ധരിക്കുകയും രാത്രി പുതക്കുകയും ചെയ്യാൻ ഉപയോഗിക്കുന്ന കുപ്പായം, തണുപ്പിൽനിന്നു രക്ഷ നേടാൻ ആവശ്യമാണ്. വാൾ എന്ന് യേശു പറയുമ്പോൾ സ്വയരക്ഷയ്ക്കാവശ്യമായ ആയുധം എന്ന അർത്ഥമാണു പ്രത്യക്ഷത്തിൽ ലഭിക്കുക. കള്ളന്മാരിൽനിന്നും കൊള്ളക്കാരിൽനിന്നും സ്വയം രക്ഷ നേടാൻവേണ്ടിയാണു യാത്രക്കാർ വാൾ ധരിച്ചിരുന്നത്. ഈ വിശദീകരണം സ്വീകരിക്കുകയാണെങ്കിൽ സായുധവിപ്ലവത്തിന് ആഹ്വാനം ചെയ്യുകയല്ല, സ്വയരക്ഷയ്ക്കായി ഒരുങ്ങാൻ ആവശ്യപ്പെടുകയാണ് യേശു ചെയ്തത് എന്നു തോന്നും. പടയാളികൾക്കെതിരേ വാളെടുത്ത പത്രോസിനെ ശകാരിക്കുന്നതും ഈ സാഹചര്യത്തിൽ മനസ്സിലാക്കാൻ കഴിയും.

യേശുവിന്റെ ഉത്ഥാനത്തിനുശേഷം സുവിശേഷ പ്രഘോഷണത്തിനായി ഇറങ്ങിത്തിരിച്ച ശിഷ്യന്മാരാരും വാൾ കൊണ്ടുനടക്കുകയോ ഉപയോഗിക്കുകയോ ചെയ്തതായി നാം കാണുന്നില്ല എന്നത് ഈ വ്യാഖ്യാനത്തിന്റെ സാധുതയെ സംശയാസ്പദമാക്കുന്നു. തന്നെയുമല്ല, "ഇതാ ഇവിടെ രണ്ടു വാൾ ഉണ്ട്", എന്നു പറയുന്ന ശിഷ്യന്മാരോടു "മതി" എന്ന ഒറ്റ വാക്കുകൊണ്ടാണു യേശു മറുപടി പറയുന്നതും. രണ്ടു വാൾ മതി എന്നല്ല, "നിങ്ങൾ പറഞ്ഞതു മതി", എന്നാണിത് അർത്ഥമാക്കുക. താൻ പറഞ്ഞതിന്റെ അർത്ഥം അവർ ഗ്രഹിച്ചില്ല എന്നു സൂചിപ്പിക്കുന്ന ഈ വാക്ക് ഒരു അംഗീകാരമല്ല, ശകാരമാണ്. അപ്പോൾ മുറിപ്പെടുത്താൻ ഉപയോഗിക്കുന്ന ഇരുമ്പായുധമല്ല യേശു ഇവിടെ വിവക്ഷിച്ചത് എന്നു വ്യക്തം.

വിശ്വാസത്യാഗത്തിലേക്കു നയിക്കുന്ന സാത്താന്റെ പ്രലോഭനങ്ങളും അതിരൂക്ഷമായ മതമർദ്ദനവും ഇരുമ്പായുധം കൊണ്ടല്ല നേരിടേണ്ടത്. അത്യന്തം അപകടകരമായ ഒരു കാലഘട്ടം ആരംഭിക്കുകയാണെന്നും നിതാന്തമായ ജാഗ്രത പുലർത്തണമെന്നും ശിഷ്യന്മാരെ പഠിപ്പിക്കാൻ യേശു ഉപയോഗിച്ച പ്രതീകാത്മകമായ ഒരു പ്രയോഗമായിരുന്നു "കുപ്പായം വിറ്റു വാൾ വാങ്ങുക" എന്നത്.

നിരന്തരവും ഏകാഗ്രവുമായ പ്രാർത്ഥനയാണു പ്രധാന മായും യേശു നിർദ്ദേശിക്കുന്ന ഒരുക്കം. പരിശുദ്ധാത്മാവിന്റെ ശക്തി യാൽമാത്രമേ സാത്താന്റെ ശക്തിയെ ചെറുത്തുനിൽക്കാൻ കഴി യുകയുള്ളൂ എന്നു യേശു പഠിപ്പിച്ചിട്ടുണ്ട്; ശിഷ്യന്മാർ അനുഭവിച്ച റിഞ്ഞിട്ടുമുണ്ട് (ലൂക്കാ 4,1-14; 10,18; 11,13; 24,49; അപ്പ 13,4-12). സ്വർഗ്ഗാ രോഹണം ചെയ്ത യേശു മടങ്ങിവരുന്നതുവരെയുള്ള സഭയുടെ കാലം പീഡനങ്ങളുടെയും ഞെരുക്കത്തിന്റെയും കാലമാണ്. യേശു വിന്റെ പീഡാനുഭവത്തോടുകൂടി ഈ സഹനത്തിന്റെ കാലം ആരം ഭിച്ചുകഴിഞ്ഞു. ഈ കാലമത്രയും ശിഷ്യന്മാരെ നയിക്കുകയും ശക്തി പ്പെടുത്തുകയും ചെയ്യുന്നതു പരിശുദ്ധാത്മാവായിരിക്കും. പരിശു ദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനായി സ്വയം വിട്ടുകൊടുക്കുന്ന ശിഷ്യന്മാർ ഏതു ത്യാഗത്തിനും സന്നദ്ധരായിരിക്കണം. കൊടും തണുപ്പിൽ സംരക്ഷണം നൽകുന്ന കുപ്പായംപോലും വിറ്റു വാൾ വാങ്ങാൻ ആവശ്യപ്പെടുന്നത് ഇപ്രകാരമൊരു ത്യാഗത്തിന് ഒരു ങ്ങാനുള്ള ആഹ്വാനമായേ കരുതാൻ പറ്റൂ. യേശുവിന്റെ ശിഷ്യ ന്മാർ വാളെടുത്ത് ശത്രുവിന്റെ തല കൊയ്യുന്നവരല്ല; സ്വന്തം ജീവൻ ത്യജിക്കാൻ സന്നദ്ധരാകുന്ന ത്യാഗോജ്ജ്വലമായ ധീരതയുടെ മാതൃ കകളാണ്.

# 19. പുത്രന്റെ ജ്ഞാനം

*ആ ദിവസത്തെക്കുറിച്ചോ മണിക്കൂറിനെ കുറിച്ചോ പിതാവിനല്ലാതെ സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലും അറിഞ്ഞുകൂടാ (മത്താ 24,36). യേശുവിന്റെ അറിവിന്റെ പരിമിതിയിലേക്കല്ലേ ഈ വചനം ശ്രദ്ധതിരിക്കുന്നത്? പരിമിതമായ അറിവു മാത്രമുള്ളവനെ എങ്ങനെ ദൈവമായി പരിഗണിക്കാനാവും?*

വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്കാണ് ചോദ്യകർത്താവ് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. യാതൊരു പരിമിതിയും ഇല്ലാത്തവനാണ് ദൈവം; പരിമിതമായതൊന്നും ദൈവമല്ല. അപ്പോൾ, തന്റെ പരിമിതിയെക്കുറിച്ച് യേശുതന്നെ പറയുന്നത് സ്വന്തം ദൈവികതയെ നിഷേധിക്കുന്നതിനു തുല്യമല്ലേ എന്ന സംശയം തികച്ചും പ്രസക്തമാണ്. ഈ ചോദ്യത്തിന് തൃപ്തികരമായ ഉത്തരം കണ്ടെത്താൻ രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 1. ചോദ്യവിഷയമായ യേശു വചനത്തിന്റെ സാഹചര്യം 2. മനുഷ്യാവതാരത്തിന്റെ ലക്ഷ്യം.

ലോകാവസാനം എപ്പോൾ സംഭവിക്കും, അതിന്റെ അടയാളങ്ങൾ എന്തൊക്കെ ആയിരിക്കും എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് ഉത്തരം നല്കുന്ന അവസരത്തിലാണ് (മത്താ 24,3) തന്റെ പരിമിതിയെക്കുറിച്ചുള്ള യേശുവചനം സുവിശേഷത്തിൽ പ്രത്യക്ഷമാകുന്നത്. ഈ ലോകത്തിന് അവസാനം ഉണ്ടാകും എന്ന് തറപ്പിച്ചു പറയുന്നുണ്ടെങ്കിലും അത് എപ്പോൾ സംഭവിക്കും എന്ന് ബൈബിളിൽ ഒരിടത്തും വ്യക്തമായി പറയുന്നില്ല. തന്നെയുമല്ല, ലോകാവസാനത്തിന്റെ കാലമോ സമയമോ ശിഷ്യന്മാർ അന്വേഷിക്കേണ്ട കാര്യമല്ലെന്നും അത് പിതാവ് ആർക്കും വെളിപ്പെടുത്തിയിട്ടില്ല എന്നും യേശു ആവർത്തിച്ചു പറയുന്നുമുണ്ട്. “പിതാവ് സ്വന്തം അധികാരത്തിൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട കാര്യമല്ല” (അപ്പ 1,7). തങ്ങളെ ഏല്പിച്ചിരിക്കുന്ന ദൗത്യം അവസാനംവരെ വിശ്വസ്തതയോടെ നിറവേറ്റുകയാണ് ശിഷ്യന്മാരുടെ കർത്തവ്യം, ഭാവിയെ സംബന്ധിച്ച കണക്കുകൾ കൂട്ടുകയല്ല.

ലോകാവസാനത്തെ സംബന്ധിച്ച പല കണക്കുകൂട്ടലുകളും യേശുവിന്റെ കാലത്തെ യഹൂദരുടെ ഇടയിൽ, പ്രത്യേകിച്ചും അപ്പോകലിപ്പറ്റിക് സാഹിത്യങ്ങളിൽ നിലവിലിരുന്നു. അപ്രകാരം ഒരു സാഹചര്യത്തിൽ ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠ വെടിഞ്ഞ്, ദൈവഹിതമനുസരിച്ചുള്ള ജീവിതത്തിലേക്കു ശ്രദ്ധതിരിക്കുകയാണ് യേശു വചനത്തിന്റെ മുഖ്യലക്ഷ്യം.

മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ശ്രദ്ധേയമായ രണ്ടാമത്തെ കാര്യം. ദൈവത്തിന്റെ എല്ലാ രഹസ്യങ്ങളും വെളിപ്പെടുത്തുകയല്ല, മനുഷ്യരക്ഷയ്ക്ക് ആവശ്യമായ കാര്യങ്ങൾ മാത്രം വെളിപ്പെടുത്തുകയും മനുഷ്യന് രക്ഷ ലഭ്യമാക്കുകയുമാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിന്റെ ലക്ഷ്യം. മനുഷ്യരക്ഷയ്ക്ക് ആവശ്യമായ കാര്യങ്ങൾ മാത്രമേ അവിടുന്ന് വെളിപ്പെടുത്തുകയുള്ളൂ. "പുത്രനുപോലും അറിയില്ല" എന്നു പറയുന്നതിന്റെ അർത്ഥം അതു വെളിപ്പെടുത്തുക എന്നത് മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ ദൗത്യമല്ല എന്നത്രെ. അറിവിന്റെ പരിമിതി എന്നതിനേക്കാൾ ദൗത്യത്തിന്റെ പരിമിതിയായി ഈ വാക്യത്തെ മനസിലാക്കുന്നതാവും ഉചിതം. യുഗാന്തത്തിന്റെ സമയം വെളിപ്പെടുത്തുക എന്നതല്ല മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം.

മനുഷ്യനായി അവതരിച്ചപ്പോൾ ദൈവപുത്രൻ ഏറ്റെടുത്ത പരിമിതികളിലേക്കും ഈ വചനം വെളിച്ചം വീശുന്നുണ്ട്. ഇതിനെക്കുറിച്ച് വി. പൗലോസ് പറയുന്നതു ശ്രദ്ധേയമത്രെ. "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല, തന്നത്തന്നെ ശൂന്യനക്കിക്കൊണ്ട്............. തന്നെത്തന്നെ താഴ്ത്തി" (ഫിലി 2,6-8). ഈ സ്വയം ശൂന്യവൽക്കരണവും ചോദ്യവിഷയമായ യേശു വചനത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. ദൈവം എന്ന നിലയിൽ പരിമിതികൾക്ക് അതീതനെങ്കിലും മനുഷ്യസ്വഭാവം അതിന്റെ പൂർണ്ണതയിൽ സ്വീകരിക്കുകവഴി പരിമിതികൾ സ്വയം ഏറ്റെടുത്തവനാണ് യേശു. പരിമിതമായ മനുഷ്യസ്വഭാവവും അപരിമിതമായ ദൈവസ്വഭാവവും ദൈവപുത്രന്റെ ഏകവ്യക്തിത്വത്തിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു എന്ന സഭയുടെ പ്രബോധനമാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. മനുഷ്യബുദ്ധിക്ക് പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയാത്ത ഒരു ദൈവിക രഹസ്യമാണ് ദൈവപുത്രന്റെ മനഷ്യാവതാരം. ക്രിസ്തുവിശ്വാസികൾ ആരംഭംമുതൽ ഇന്നുവരെ നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ്, വിശ്വാസത്തിന്റെ വിഷയമായ ഈ മഹാരഹസ്യം.

# 20. ഏതു മകൻ?

*വി. മത്തായി എഴുതിയ സുവിശേഷത്തിൽ യേശു പറഞ്ഞ രണ്ടു പുത്രന്മാരുടെ ഉപമ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 21,28 -32). പി.ഒ.സി. ബൈബിളിൽ കൊടുത്തിരിക്കുന്നതനുസരിച്ച് ഒന്നാമത്തെ മകൻ പിതാവിന്റെ നിർദ്ദേശം സ്വീകരിച്ച് മുന്തിരി തോട്ടത്തിൽ പോയി ജോലി ചെയ്യാം എന്നു സമ്മതിച്ചെങ്കിലും പോയില്ല. രണ്ടാമത്തെ മകൻ മനസ്സില്ല എന്നു പറഞ്ഞെങ്കിലും പിന്നീട് പശ്ചാത്തപിച്ച്, പോയി. ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത് എന്ന ചോദ്യത്തിന് രണ്ടാമത്തവൻ എന്ന് അവർ മറുപടി പറഞ്ഞു. പി.ഒ.സി. ബൈബിൾ മാത്രം വായിക്കുന്നവർക്ക് ഈ വിവരണം വളരെ വ്യക്തമാണ്, സന്ദേശം ഗ്രഹിക്കാനും ബുദ്ധിമുട്ടില്ല. എന്നാൽ മറ്റ് ബൈബിൾ വിവർത്തനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഗൗരവമായ ഒരു പ്രശ്നം ഉദിക്കുന്നു.*

*മലയാളത്തിൽ ലഭ്യമായ, സത്യവേദപുസ്തകം, മാന്നാനം ബൈബിൾ, ഓശാന ബൈബിൾ, പ്ശീത്താബൈബിൾ, ലത്തീൻ വിവർത്തനമായ വുൾഗാത്തായിൽനിന്ന് ഫാ. തോമസ് മൂത്തേടൻ വിവർത്തനം ചെയ്ത വിശുദ്ധഗ്രന്ഥം ഇവയിലെല്ലാം ആദ്യത്തെ മകൻ മനസ്സില്ല എന്നു പറയുകയും പിന്നീട് പശ്ചാത്തപിച്ച് വേലയ്ക്കു പോവുകയും ചെയ്തതായും രണ്ടാമത്തെ മകൻ പോകാം എന്നു പറഞ്ഞെങ്കിലും പോകാതിരുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ സ്വാഭാവികമായും ആദ്യത്തെ മകനാണ് പിതാവിന്റെ ഇഷ്ടം നിർവ്വഹിച്ചത് എന്ന മറുപടിയും മേൽപറഞ്ഞ വിവർത്തനങ്ങളിലെല്ലാം കാണാം. ഇതിൽ ഏതാണു ശരി? മറ്റെല്ലാ വിവർത്തനങ്ങൾക്കും തെറ്റുപറ്റിയെന്നും പി.ഒ.സി. വിവർത്തനം മാത്രമാണ് ശരിയെന്നും പറയാനാവുമോ? ഇനി പി.*

*ഒ.സി. വിവർത്തനം തെറ്റാണെങ്കിൽ ഇനിയെങ്കിലും അത് തിരുത്തിക്കൂടേ?*

തികച്ചും ന്യായമായ ഒരു ചോദ്യം. ഇതിന് ഉത്തരം പ്രതീക്ഷിച്ച് ഇംഗ്ലീഷ് വിവർത്തനങ്ങൾ പരിശോധിച്ചാലും അവസ്ഥ മലയാളം വിവർത്തനങ്ങളുടേതുതന്നെയാണ്. ഇന്ന് ഏറ്റം ആധികാരികമായി പരിഗണിക്കപ്പെടുന്ന RSV (Revised Standard Version ) NIV (New International Version) Good New Bible, NAB (New American Bible), JB (Jerusalem Bible) എന്നിങ്ങനെ മിക്ക പ്രമുഖ ഇംഗ്ലീഷ് വിവർത്തനങ്ങളിലും ആദ്യത്തെ മകനാണ് പോകില്ല എന്നു പറഞ്ഞിട്ട് അനുതപിച്ച് പോകുന്നത്. ഫ്രഞ്ച് ഭാഷയിൽ അടുത്തകാലത്തു തയ്യാറാക്കിയ എക്യുമേനിക്കൽ വിവർത്തനവും (tradition oecumerique de la Bible), പല ഇറ്റാലിയൻ വിവർത്തനങ്ങളും ഇതേ ക്രമം തന്നെ സ്വീകരിച്ചിരിക്കുന്നു. വിവിധ ഭാഷകളിലെ ബഹുഭൂരിപക്ഷം വിവർത്തനങ്ങൾക്കും എതിരായി പി.ഒ.സി. ബൈബിൾ നല്കുന്ന വിവർത്തനം അബദ്ധവശാൽ സംഭവിച്ചതാണോ?

പി.ഒ.സി. ബൈബിളിന്റെ വിവർത്തനവും പ്രസാധനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഒരാൾ എന്ന നിലയിൽ ഈ ചോദ്യത്തിനു മറുപടി നല്കാൻ ഞാനും ബാധ്യസ്ഥനാണ്. തെറ്റിയെങ്കിൽ അത് അംഗീകരിക്കുക; അല്ലെങ്കിൽ കാരണം വിശദമാക്കുക. പുതിയ നിയമത്തിന്റെ വിവർത്തനവും പ്രസാധനവുമായി ഞാൻ നേരിട്ടു ബന്ധപ്പെട്ടിട്ടില്ല. എന്നാലും ഈ ചോദ്യത്തിന് ഉത്തരം നല്കാനുള്ള കടമയിൽനിന്ന് ഒഴിഞ്ഞുമാറുന്നില്ല. നോട്ടപ്പിശകോ, അറിയാതെ വന്ന അബദ്ധമോ അല്ല, വിശദമായി പഠിച്ചതിനുശേഷം എടുത്ത ഒരു തീരുമാനത്തിന്റെ ഫലമാണ് ഈ വിവർത്തനം എന്ന് ആദ്യമേ പറയട്ടെ.

മലയാളം, ഇംഗ്ലീഷ്, ഫ്രഞ്ച്, ഇറ്റാലിയൻ ഭാഷകളിലെ ഭൂരിഭാഗം വിവർത്തനങ്ങളും മൂത്തമകൻ പശ്ചാത്തപിച്ച് ജോലിക്കു പോയി എന്നുതന്നെയാണ് പറയുന്നത്. എന്നാൽ ചുരുക്കം ചില വിവർത്തനങ്ങൾ നേരെമറിച്ചും പറയുന്നുണ്ട്. മൂത്തമകൻ പോകാം എന്നു പറഞ്ഞെങ്കിലും പോയില്ല; രണ്ടാമത്തവൻ മനസ്സില്ലാ എന്നു പറഞ്ഞെങ്കിലും പിന്നീട് അനുതപിച്ച് വേലയ്ക്കുപോയി. ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, ഐർലണ്ട് എന്നീ രാജ്യങ്ങളിലെ പ്രോട്ടസ്റ്റന്റ് സഭ

കളും കത്തോലിക്കാസഭയും സംയുക്തമായി, സുപ്രസിദ്ധ ബൈബിൾ പണ്ഡിതനായ സി.എച്ച്. ഡോഡിന്റെ നേതൃത്വത്തിൽ വിവർത്തനം ചെയ്ത് 1970 ൽ പ്രസിദ്ധീകരിച്ച NEB (The New English Bible) ഈ വിവർത്തനമാണ് നല്കിയിരിക്കുന്നത്. ജർമ്മനിയിലെ കത്തോലിക്കാസഭയും പ്രോട്ടസ്റ്റന്റ് സഭകളും സംയുക്തമായി 1980 ൽ പ്രസിദ്ധീകരിച്ച എക്യുമേനിക്കൽ വിവർത്തനവും ഈ പാഠം സ്വീകരിച്ചിരിക്കുന്നു. ബൈബിൾ പഠനത്തിനുവേണ്ടിയുള്ള കത്തോലിക്കാസഭയുടെ ഏറ്റം പ്രധാനപ്പെട്ട പഠനകേന്ദ്രമായ റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ 1961 ൽ പ്രസിദ്ധീകരിച്ച la sacra Bibbia എന്ന ഇറ്റാലിയൻ ബൈബിളും ഇതേ നിലപാട് സ്വീകരിച്ചിരിക്കുന്നു.

ഈ താരതമ്യപഠനത്തിൽനിന്ന് ഒരുകാര്യം വ്യക്തമാകുന്നു. എണ്ണത്തിൽ കൂടുതൽ വിവർത്തനങ്ങൾ ഒന്നാമത്തെ മകൻ പിതാവിന്റെ ഹിതം അനുവർത്തിച്ചവനായി ചിത്രീകരിക്കുമ്പോൾ സുപ്രധാനമായ മറ്റുചില വിവർത്തനങ്ങൾ രണ്ടാമത്തെ മകനെയാണ് അപ്രകാരം അവതരിപ്പിക്കുന്നത്. ആധികാരികതയുടെ കാര്യത്തിൽ എണ്ണത്തിനല്ല, മൂല്യത്തോട് വിശ്വസ്തത പുലർത്തുന്നതിനാണ് പ്രാധാന്യം. അതിനാൽ പി.ഒ.സി. ബൈബിളിന്റെ വിവർത്തനം തെറ്റോ അബദ്ധമോ ആണെന്നു പറയാനാവില്ല. എന്നാൽ ഈ വിവർത്തനങ്ങളെല്ലാം മൂലഭാഷയായ ഗ്രീക്കിനെ ആശ്രയിച്ചാണ് നില്ക്കുന്നത്. അതിനാൽ എന്താണ് മൂലഭാഷയിൽ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

മൂലഭാഷയെക്കുറിച്ചു പറയുമ്പോൾ ആദ്യമേ ഓർത്തിരിക്കേണ്ട കാര്യം മത്തായി എഴുതിയ സുവിശേഷത്തിന്റെ എന്നല്ല, ബൈബിളിലെ ഒരു പുസ്തകത്തിന്റെയും ആദ്യത്തെ കയ്യെഴുത്തു പ്രതികൾ ലഭ്യമല്ല എന്നതാണ്. ഏ.ഡി. ഒന്നാംനൂറ്റാണ്ടിന്റെ അവസാനത്തോടെ ബൈബിൾ രചന പൂർത്തിയായെങ്കിലും ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന സമ്പൂർണ്ണ ബൈബിളിന്റെ കയ്യെഴുത്തു പ്രതികളിൽ ഏറ്റം പഴക്കമുള്ളത് ഏ.ഡി. നാലാം നൂറ്റാണ്ടിലേതാണ്. പലതവണ പകർത്തിയെഴുതിയതിന്റെ പകർപ്പുകളാണിവ. രണ്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ രചിക്കപ്പെട്ട ചില കയ്യെഴുത്തു പ്രതികളുടെ ചുരുക്കം ഭാഗങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും അത് ഏതാനും വാക്യങ്ങളോ പുസ്തകഭാഗങ്ങളോ മാത്രമാണ്.

അതിപുരാതന കയ്യെഴുത്തു പ്രതികളിൽ ഏറ്റം പ്രധാന

പ്പെട്ടതാണ് കോഡെക്സ് വത്തിക്കാനൂസ് (codex vaticanus) എന്ന പേരിൽ അറിയപ്പെടുന്ന കയ്യെഴുത്തുപ്രതി 'B' എന്ന അക്ഷരമാണ് ഇതിനെ സൂചിപ്പിക്കുന്ന സാങ്കേതിക സംജ്ഞ. നാലാം നൂറ്റാണ്ടിൽ അലക്സാണ്ട്രിയായിൽ വച്ചു രചിക്കപ്പെട്ട ഈ കയ്യെഴുത്തു പ്രതി 14-ാം നൂറ്റാണ്ടിൽ മാർപ്പാപ്പയ്ക്കു ഒരു സമ്മാനമായി കോൺസ്റ്റാന്റിനോപ്പിളിൽനിന്ന് റോമിലേക്ക് കൊണ്ടുവന്നു. ഇന്ന് വത്തിക്കാൻ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന പഴയനിയമവും പുതിയ നിയമവും ഏതാണ്ട് പൂർണ്ണമായി ഉൾക്കൊള്ളുന്ന ഈ കയ്യെഴുത്തു പ്രതിയാണ് ഏറ്റം ആധികാരികരേഖയായി പരിഗണിക്കപ്പെടുന്നത്.

പ്രാധാന്യത്തിൽ രണ്ടാം സ്ഥാനത്തു നില്ക്കുന്നത് കോഡക്സ് സിനായിത്തിക്കുസ് (codex Sinaiticus) എന്ന പേരിൽ അറിയപ്പെടുന്ന രേഖയാണ്. 's' എന്ന് സാങ്കേതികസംജ്ഞ. സീനായ് മലയടിവാരത്തുള്ള വി. കത്തറീനായുടെ ആശ്രമലൈബ്രറിയിൽനിന്ന് 1844 റ്റീഷൻഡോർഫ് (C. von Tischendorf) എന്ന ജർമ്മൻ പണ്ഡിതൻ കണ്ടെടുത്ത് റഷ്യയിലേക്ക് കൊണ്ടുപോകുകയും പിന്നീട് 1933 ൽ ബ്രിട്ടീഷ് മ്യൂസിയത്തിന് വില്ക്കപ്പെടുകയും ചെയ്തതാണ് ഈ രേഖ. ഇതും അലക്സാണ്ട്രിയായിൽ, നാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതാണ്. താരതമ്യപഠനത്തിൽ രണ്ടാം സ്ഥാനമാണ് ഈ രേഖയ്ക്കു പൊതുവേ നല്കപ്പെടുന്നത്.

കോഡക്സ് ബേസേ (Codex Beze = D സാങ്കേതിക സംജ്ഞ) എന്നറിയപ്പെടുന്ന കയ്യെഴുത്തു പ്രതിയും ബൈബിൾ പഠനത്തിലും പാഠനിർണ്ണയത്തിലും വലിയ പങ്കുവഹിക്കുന്നുണ്ട്. ഉത്തരാഫ്രിക്കയിൽ വച്ച് അഞ്ചാംനൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്നു കരുതപ്പെടുന്ന ഈ രേഖ 1562 ൽ ഫ്രഞ്ചു പ്രോട്ടസ്റ്റന്റിസത്തിന്റെ ഒരു നേതാവായ ബെസേ (T.D. Beze) വിലയ്ക്കുവാങ്ങി പിന്നീട് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിക്കു സമ്മാനിച്ചു. 1581 മുതൽ ഈ രേഖ ആ യൂണിവേഴ്സിറ്റിയുടെ ലൈബ്രറിയിൽ സൂക്ഷിച്ചുവരുന്നു. ഒമ്പതു വ്യത്യസ്ത എഴുത്തുകാർ പലപ്പോഴായി തിരുത്തിയതാണ് ഈ രേഖ. ലത്തീൻ വാക്കുകൾ ഗ്രീക്കിന്റെ ഇടയിൽ കലർന്നിട്ടുണ്ട്. പല പുരാതന കയ്യെഴുത്തു പ്രതികളുടെയും സ്വാധീനം ഇതിൽ ദൃശ്യമാണ്. കയ്യെഴുത്തു പ്രതികളുടെ പാശ്ചാത്യകുടുംബത്തിൽപെട്ട ഇത് ആധികാരികതയിൽ പിന്നോക്കമാണ്. ആദ്യമേ കണ്ട രണ്ടു രേഖകളിൽനിന്ന് വ്യത്യസ്തമായ ഒരു ലേഖനപാര

മ്പര്യം പ്രകടമാക്കുന്നു എന്നതിനാൽ ഇതും പഠനത്തിന് സഹായ കമാകും.

1906 മുതൽ വാഷിംഗ്ടണിൽ സൂക്ഷിച്ചിരിക്കുന്ന വാഷിംഗ്ടൺ കോഡക്സ് ആണ് സുപ്രധാനമായ മറ്റൊരു രേഖ. അമേരിക്കയിൽ ഇന്നുള്ള ഏറ്റം പ്രധാനപ്പെട്ട കയ്യെഴുത്തു പ്രതിയാണിത്. W എന്ന സാങ്കേതികസംജ്ഞ. നാലാം നൂറ്റാണ്ടിന്റെ അവസാനമോ അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ഈജിപ്തിൽവച്ചു രചിക്കപ്പെട്ട ഇതും പല പുരാതന കയ്യെഴുത്തു പ്രതികളിൽനിന്ന് പകർത്തിയെഴുതിയാണ്.

കരിങ്കടലിന്റെ കിഴക്കെ തീരത്തുള്ള കൊറിദേത്തി ആശ്രമത്തിൽ നിന്ന് കണ്ടെത്തിയ കോഡക്സ് കൊറിദേത്തിയാനൂസ് (Codex koridethians) (H സാങ്കേതികസംജ്ഞ) 9—ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതാണ്. എല്ലാ സുവിശേഷങ്ങളും ഉൾക്കൊള്ളുന്ന ഈ കയ്യെഴുത്തു പ്രതിയും സുപ്രധാനമായി കരുതപ്പെടുന്നു.

മേൽ വിവരിച്ച കയ്യെഴുത്തു പ്രതികൾ അഞ്ചും ഗ്രീക്ക് വലിയ അക്ഷരത്തിൽ (Capital letters) എഴുതിയിട്ടുള്ള രേഖകളാണ്; സുവിശേഷങ്ങൾ നാലും ഇവയിൽ കാണാം. ഇവയ്ക്കു പുറമേ ഇതുപോലെ വലിയ അക്ഷരത്തിൽ എഴുതിയിട്ടുള്ളതും 10-ാം നൂറ്റാണ്ടിനു മുമ്പു വിരചിതവുമായ മുന്നൂറോളം കയ്യെഴുത്തു പ്രതികളുണ്ട്. ഒമ്പതാം നൂറ്റാണ്ടുമുതൽ ചെറിയ അക്ഷരത്തിൽ എഴുതാൻ തുടങ്ങിയതോടെ കയ്യെഴുത്തു പ്രതികൾ കൂടുതൽ വ്യാപകമായി. 1514 ൽ ആദ്യത്തെ ബൈബിൾ അച്ചടിക്കുന്നതുവരെ ചെറിയ ലിപിയിൽ എഴുതപ്പെട്ട അയ്യായിരത്തോളം കയ്യെഴുത്തു പ്രതികൾ ഇന്നു ലഭ്യമാണ്. ഗ്രീക്കു ബൈബിളിന്റെ ആധികാരിക പ്രസിദ്ധീകരണം നടത്തുന്നവർ ഈ കയ്യെഴുത്തു പ്രതികൾ, പ്രാധിനിത്യസ്വഭാവമുള്ളവയെങ്കിലും, പരിശോധിച്ചതിനുശേഷമാണ് പാഠനിർണ്ണയം ചെയ്യുന്നത്. പലപ്പോഴും സങ്കീർണ്ണവും ക്ലേശകരവുമായ ഒരു പ്രക്രിയയാണിത്.

ഇനി ചർച്ചാവിഷയമായ ബൈബിൾ ഭാഗത്തേക്കു തിരിച്ചുവരാം. ആദ്യത്തെ മകൻ മനസ്സില്ല എന്നു പറഞ്ഞു - പിന്നീട് പശ്ചാത്തപിച്ച് പോയി എന്ന് S,D,W എന്നീ കയ്യെഴുത്തു പ്രതികൾ രേഖപ്പെടുത്തിയിരിക്കുന്നു. അതിനെതിരായി പോകാം എന്നു പറഞ്ഞു, പക്ഷേ പോയില്ല എന്ന് B,H രേഖകളും. ഇവിടെ പ്രശ്നം

വീണ്ടും സങ്കീർണ്ണമാകുന്നു. അലക്സാണ്ട്രിയൻ കുടുംബത്തിൽപ്പെട്ട രേഖകളായ B,S ഒരേ പാഠം നല്കുകയാണെങ്കിൽ അത് പൊതുവേ ആധികാരികമായി സ്വീകരിക്കുകയാണ് പതിവ്. എന്നാൽ ഇവിടെ ഈ മൂലരേഖകൾ തന്നെ രണ്ടു വിധത്തിലാണ് കാണുന്നത്. ഈ പ്രശ്നം മൂലരേഖകളുടെ ആധുനിക പ്രസിദ്ധീകരണങ്ങളിലും പ്രതിഫലിക്കുന്നുണ്ട്.

ഗ്രീക്കു പുതിയ നിയമത്തിന്റെ രണ്ട് ആധികാരികപതിപ്പുകൾ ഇന്ന് പ്രചാരത്തിലുണ്ട്. കുർട്ട് ആലന്റ് (Kurt Alend) നേതൃത്വം നല്കി ജർമ്മനിയിലെ സ്റ്റുട്ട് ഗാർട്ടിൽനിന്നും പ്രസിദ്ധീകരിക്കുന്ന Greek New Testament ആണ് ഒന്ന്. അഗസ്റ്റിൻ മെർക്ക് (Augustine Merk S.J.) ന്റെ നേതൃത്വത്തിൽ തയ്യാറാക്കി റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഗ്രീക്കിലും ലത്തീനിലുമുള്ള പുതിയനിയമം (Novum Testamentum Graece et Latine) രണ്ടാമത്തേത്. ഇതിൽ ആദ്യത്തേത് മൂത്തമകൻ മനസ്തപിച്ച് ജോലിക്കുപോയതായി രേഖപ്പെടുത്തുമ്പോൾ രണ്ടാമത്തേത് ഇളയമകനാണ് മനസ്തപിച്ച് ജോലിക്കുപോയതെന്ന് രേഖപ്പെടുത്തുന്നു. ഏറ്റം ആധികാരികതയുള്ള ഈ രേഖകളിൽ പോലും വ്യത്യാസം നിലനില്ക്കുന്നതിനാൽ ഏതാണ് കൂടുതൽ സ്വീകാര്യം എന്ന് നിർണ്ണയിക്കുക പ്രയാസംതന്നെ.

ഈ സാഹചര്യത്തിൽ റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തെ കത്തോലിക്കാസഭയുടെ ഔദ്യോഗികരേഖയായി സ്വീകരിക്കുകയാണ് പി.ഒ.സി. ബൈബിൾ ചെയ്തിരിക്കുന്നത്. ഇങ്ങനെ ഒരു തീരുമാനത്തിന് വേറെയും ചില കാരണങ്ങൾ ഉണ്ട്.

രണ്ടുമക്കളെ ഉദാഹരണമായി എടുത്തുകാട്ടുമ്പോൾ മൂത്തമകൻ പ്രത്യക്ഷത്തിൽ നല്ലവനും സ്വീകാര്യനുമായി തോന്നിയാലും ഇളയവനാണ് കൂടുതൽ മെച്ചം എന്ന ഒരു അവതരണരീതിയാണ് ബൈബിളിൽ പൊതുവേ കാണുന്നത്. ലൂക്കാ അവതരിപ്പിക്കുന്ന ധൂർത്തപുത്രന്റെ ഉപമയാണ് ഇതിന് ഏറ്റം വ്യക്തമായ ഉദാഹരണം. മൂത്തമകൻ വിശ്വസ്തരെന്ന് കരുതപ്പെടുന്ന ഫരിസേയരുടെയും ഇളയമകൻ ചുങ്കക്കാരും പാപികളും എന്നു മുദ്രകുത്തപ്പെട്ടവരുടെയും പ്രതീകങ്ങളായി നിലകൊള്ളുന്നു.

മത്താ 21,31-32 വാക്യങ്ങളിൽ തുടർന്നു വരുന്ന യേശുവച

നങ്ങളും ഈ തീരുമാനത്തിന് പിന്തുണയായി നില്ക്കുന്നു: "യോഹന്നാൻ ഈ നീതിയുടെ മാർഗ്ഗത്തിലൂടെ നിങ്ങളെ സമീപിച്ചു; നിങ്ങൾ അവനിൽ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യകളും അവനിൽ വിശ്വസിച്ചു. നിങ്ങൾ അതു കണ്ടിട്ടും അവനിൽ വിശ്വസിക്കത്തക്കവിധം അനുതപിച്ചില്ല." പിതാവ് ആദ്യമേ സമീപിച്ചത് പോകാം എന്നു പറഞ്ഞിട്ടും പോകാതിരുന്ന മകനെയാണ് എന്ന സൂചനയാണല്ലോ ഈ വാക്യത്തിൽ നിന്നു ലഭിക്കുന്നത്. ആദ്യമേ വിളി കിട്ടിയവർ പോകാതിരുന്നപ്പോൾ മറ്റുള്ളവർ വിളിക്കപ്പെടുകയും അവർ പോകുകയും ചെയ്തു എന്ന കഥാരൂപത്തിലൂടെ അവതരണവും (മത്താ 22,8-10) ഇതേ ആശയം ഉൾക്കൊള്ളുന്നു. വിളി തിരസ്ക്കരിക്കുകയും പുറന്തള്ളപ്പെടുകയും ചെയ്യുന്നത് ആദ്യമേ വിളി ലഭിച്ചവരാണ് എന്ന് അനേകം ഉപമകളിലൂടെയും സാദൃശ്യവാക്യങ്ങളിലൂടെയും യേശു പഠിപ്പിച്ചിട്ടുണ്ട്.

മൂത്തവരേക്കാൾ ഇളയവരെ കൂടുതൽ സ്വീകാര്യരായി ചിത്രീകരിക്കുക ബൈബിളിന്റെ പൊതുവായ ഒരു രീതിയാണ്. ആബേലും യാക്കോബും ദാവീദും എല്ലാം ഉദാഹരണങ്ങളത്രെ. തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന യഹൂദരെയാണ് എപ്പോഴും മൂത്തമകന്റെ സ്ഥാനത്ത് കരുതിയിരുന്നത്. അവർക്കാണ് വാഗ്ദാനങ്ങളും ഉടമ്പടിയും എല്ലാം അവകാശമായി നല്കപ്പെട്ടിരുന്നത്. എന്നാൽ അവർ തന്നെയാണ് ഉടമ്പടിയോടുള്ള അവിശ്വസ്തതമൂലം ഈ അവകാശങ്ങളെല്ലാം തിരസ്കരിച്ചത്. കാപട്യം നിറഞ്ഞ ബാഹ്യാനുഷ്ഠാനങ്ങളിൽ ഒതുങ്ങിനിന്ന അവരുടെ അനുസരണം വെറും ഒരു മുഖംമൂടി മാത്രമായിരുന്നു എന്ന് യേശു അനേകം തവണ തുറന്നുകാട്ടിയിട്ടുണ്ട്. അതിനാൽ പോകാം എന്നു പറഞ്ഞിട്ട് പോകാതിരുന്നത് ഇളയമകനല്ല, മൂത്തമകൻ തന്നെയാണ് എന്ന് ന്യായമായും അനുമാനിക്കാം. ഈ നിഗമനത്തിന്റെ വെളിച്ചത്തിലാണ് പി.ഒ.സി. ബൈബിൾ പാഠഭാഗം തിരഞ്ഞെടുത്തത്.

പിന്നെ എന്തുകൊണ്ട് സുപ്രധാനമായ മൂലഗ്രന്ഥവും അനേകം വിവർത്തനങ്ങളും വ്യത്യസ്തമായ പാഠം തിരഞ്ഞെടുത്തിരിക്കുന്നു എന്ന ചോദ്യം ഉയരാം. മൂല കയ്യെഴുത്തു പ്രതികളിൽനിന്ന് പാഠഭാഗം തിരഞ്ഞെടുക്കുമ്പോൾ ഉപയോഗിക്കുന്ന ചില സാങ്കേതികനിയമങ്ങളായിരിക്കാം അതിനു കാരണം. ഒരേ വാക്യത്തിന്റെ രണ്ടോ അതിലധികമോ വ്യത്യസ്തരൂപങ്ങൾ കയ്യെഴുത്തു

പ്രതികളിൽ കണ്ടാൽ ഏതു തിരഞ്ഞെടുക്കണം എന്ന പ്രശ്നത്തി നാണ് ഈ നിഗമനങ്ങളിലൂടെ ഉത്തരം നല്കുന്നത്. 1. മനസ്സിലാ ക്കാൻ കൂടുതൽ ബുദ്ധിമുട്ടുള്ളതു തിരഞ്ഞെടുക്കുക. മനസ്സിലാ ക്കാത്തതിനാൽ എഴുത്തുകാരൻ തിരുത്തിയതാവാം എളുപ്പമുള്ളത്. 2. കൂടുതൽ കയ്യെഴുത്തു പ്രതികളിൽ കാണുന്നത് (multiple attes- tation) സ്വീകരിക്കുക. പല കുടുംബങ്ങളിൽപ്പെട്ട കയ്യെഴുത്തു പ്രതി കൾ തമ്മിൽ പൊരുത്തം കാണുന്നെങ്കിൽ മൂലപാഠം അതായിരി ക്കാൻ കൂടുതൽ സാധ്യതയുണ്ട്. 3. പില്ക്കാലത്ത് കൂട്ടിച്ചേർത്ത തോ, വിശദീകരിച്ചതോ ആവാൻ സാധ്യത കുറഞ്ഞപാഠം മൂല മായി സ്വീകരിക്കുക. ഈ നിയമങ്ങളുടെ വെളിച്ചത്തിലായിരിക്കാം മൂത്തമകൻ അനുതപിച്ച് ജോലിക്കുപോയി എന്ന പാഠം സ്വീകരി ക്കുന്നത്. എന്നാൽ ഇവിടെയും ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ട തുണ്ട്.

1. മനസ്സിലാക്കാനുള്ള ബുദ്ധിമുട്ടും എളുപ്പവും പഠനവിഷ യമായ വാക്യത്തെ കാര്യമായി സ്വാധീനിക്കുന്നില്ല. 2. കയ്യെഴുത്തു പ്രതികളുടെ എണ്ണം നോക്കിയാൽ പോരാ, ആധികാരികത പരിഗ ണിക്കണം. ഇന്നു ലഭ്യമായതിൽ ഏറ്റം ആധികാരികമായ മൂലരേഖ വത്തിക്കാൻ കോഡക്സ് തന്നെ. 3. ധൂർത്തപുത്രന്റെ കഥയുടെ വെളിച്ചത്തിൽ പകർത്തി എഴുതിയ ആൾ തിരുത്തിയതാവാം എന്നു വാദിക്കാമെങ്കിലും മേൽ വിവരിച്ച പൊതുവായ പതിവിന്റെ വെളി ച്ചത്തിൽ തിരുത്തൽ വാദം അംഗീകരിക്കണമെന്നില്ല.

ഇനി ഏതു പാഠം സ്വീകരിച്ചാലും ആശയത്തിൽ കാത ലായ മാറ്റമില്ല എന്നും കാണാവുന്നതാണ്. അനുസരിക്കാം എന്നു പറഞ്ഞാൽ പോരാ, അനുസരിക്കണം. വാക്കിലും സംസാരത്തി ലുമല്ല പ്രവൃത്തിയിലാണ് അനുസരണം പ്രകടമാകേണ്ടത്. എന്നാലും ഇപ്രകാരം രണ്ടു വിവർത്തനസാധ്യതകൾ ഉൾക്കൊ ള്ളുന്നതാണ് വാക്യങ്ങൾ എന്ന ഒരു സൂചന അടിക്കുറിപ്പായി നല്കുന്നത് ഉചിതമായിരിക്കും. പി.ഒ.സി. ബൈബിളിന്റെ പരിഷ്ക്ക രിച്ച പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുമ്പോൾ ഇതും ശ്രദ്ധിക്കപ്പെടും എന്നു പ്രതീക്ഷിക്കാം.

# 21. സംസാരിക്കുന്ന കല്ലുകൾ

*ഈ കല്ലുകൾ ആർത്തു വിളിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു എന്ന യേശു വചനത്തിന്റെ പൊരുൾ എന്താണ്? ഏതു കല്ലുകളെക്കുറിച്ചാണ് യേശു പറയുന്നത്? കല്ലുകൾക്ക് ആർത്തു വിളിക്കാനാവുമോ?*

സംസാരിക്കുന്ന കല്ലുകളെക്കുറിച്ചുള്ള യേശുവചനം അക്ഷരാർത്ഥത്തിലല്ല, പ്രതീകാർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത് എന്ന കാര്യത്തിൽ തർക്കമില്ല. ഇത് സാധാരണ സംസാരത്തിൽ നിലവിലുള്ള ഒരു ഭാഷാപ്രയോഗവുമാണല്ലോ. വഴിയിൽ നാട്ടിയിരിക്കുന്ന മൈൽക്കുറ്റികളും പരസ്യപ്പലകകളും ഒക്കെ ഒരുവിധത്തിൽ പറഞ്ഞാൽ സംസാരിക്കുന്ന കല്ലുകളാണ്. എന്നാൽ ഏതു കല്ലുകളെക്കുറിച്ചാണ് യേശു പറയുന്നത് എന്ന് അന്വേഷിക്കേണ്ടതുണ്ട്.

ഓശാന വിളികളുടെ മധ്യേ ജറുസലെം നഗരിയിലേക്ക് കഴുതപ്പുറത്ത് രാജകീയമായി പ്രവേശിച്ച സാഹചര്യത്തിലാണ് യേശുനാഥൻ ഈ വചനം ഉച്ചരിച്ചത് (ലൂക്കാ 19,37-40). "ഗുരോ നിന്റെ ശിഷ്യന്മാരെ ശാസിക്കുക" എന്ന ഫരിസേയരുടെ താക്കീതു നിറഞ്ഞ അഭ്യർത്ഥനയ്ക്കുള്ള മറുപടിയായിരുന്നു അത്. യേശുവിനെ രാജാവായി ഏറ്റുപറയുകയും ജയഘോഷത്തോടെ എതിരേല്ക്കുകയും ചെയ്യുന്നത് റോമാക്കാരുടെ ഭാഗത്തുനിന്ന് എതിർപ്പിനും അടിച്ചമർത്തലിനും കാരണമായേക്കും എന്ന ഭയമായിരിക്കാം ഇപ്രകാരമൊരു അഭ്യർത്ഥനയ്ക്കു ഫരിസേയരെ പ്രേരിപ്പിച്ചത്. എന്നാൽ യേശുവിന്റെ മറുപടി കൂടുതൽ ആഴമേറിയ ഒരു വെളിപ്പെടുത്തലും ഭീതിദമായ ഒരു താക്കീതും ഉൾക്കൊള്ളുന്നു.

ശിഷ്യന്മാരുടെ ഏറ്റുപറയലും ജയഘോഷങ്ങളും സത്യമാണെന്നും അതു ദൈവഹിതാനുസൃതമാണെന്നും യേശു ആദ്യമേ വെളിപ്പെടുത്തുന്നു. "കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ്" നൂറ്റാണ്ടുകളായി ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന രക്ഷകനായ മിശിഹായാണ്. അബ്രാഹത്തിനു നല്കിയതും പ്രവാചകന്മാർ വഴി ആവർത്തിക്കപ്പെട്ടതുമായ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണവൻ. അതു താൻ തന്നെയാണെന്ന് യേശു ആദ്യമേ അംഗീകരിക്കുന്നു. ഈ സത്യം ഏവരും അംഗീകരിക്കുകയും ഉറക്കെ പ്രഘോഷിക്കുകയും ചെയ്തേ മതിയാവൂ. രക്ഷ ലഭിക്കാനുള്ള ഉപാധിയായി യേശു ചൂണ്ടിക്കാട്ടിയതും ഈ അംഗീകാരവും പരസ്യമായ ഏറ്റുപറയലും ആണ് (ലൂക്കാ 13,35). എന്നാൽ യേശു ജറുസലെമിൽ എത്തിയപ്പോൾ ശിഷ്യന്മാർ മാത്രമേ ഇപ്രകാരം ഒരു പരസ്യ പ്രഘോഷണത്തിനു തയ്യാറായുള്ളൂ. അവരും നിശ്ശബ്ദരായിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും എന്നാണ് യേശു പറയുന്നത്. ഏതു കല്ലുകൾ എന്നതാണല്ലോ മുഖ്യ ചോദ്യവിഷയം.

ഈ ചോദ്യത്തിന് രണ്ട് ഉത്തരങ്ങൾ സാധ്യമാണ്. കല്ലുകളെ പൊതുവായി കാണുന്നതാണ് ഒരു സാധ്യത. "ഈ കല്ലുകളിൽനിന്ന് അബ്രാഹത്തിനു സന്താനങ്ങളെ പുറപ്പെടുവിക്കാൻ ദൈവത്തിന് കഴിയുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കാ 3,8) എന്ന സ്നാപകവചനത്തോടു സമാനമായിരിക്കാം കല്ലുകളെക്കുറിച്ചുള്ള പരാമർശം. ഏതെങ്കിലും പ്രത്യേക കല്ലിനെയല്ല യേശുവിനെ മിശിഹാരാജാവും രക്ഷകനുമായി ഏറ്റുപറയും എന്നതാകും ധ്വനി. യേശുവിന്റെ മരണവേളയിൽ പ്രകൃതിയിലുണ്ടായ അസാധാരണപ്രതിഭാസങ്ങൾ (മത്താ 27,51-53) ഉദാഹരണമാണ്. മനുഷ്യൻ അംഗീകരിച്ചാലും ഇല്ലെങ്കിലും ദൈവം അയച്ച മിശിഹാ യേശുവാണ് എന്ന സത്യം അനിഷേധ്യമായി തെളിയുകയും അംഗീകരിക്കപ്പെടുകയും ചെയ്യും എന്ന ഉറപ്പാണ് ഈ വാക്യത്തിനു പിന്നിലുള്ളത്.

ഈ വാക്യത്തിന് മറ്റൊരു വ്യാഖ്യാനസാധ്യതയുണ്ട്. തുടർന്നുവരുന്ന പ്രവചനത്തിൽനിന്നാണ് ഈ വ്യാഖ്യാനം സാധ്യമാകുന്നത്. പട്ടണത്തെ നോക്കി വിലപിക്കുന്ന യേശു ആസന്നമായിരിക്കുന്ന അതിന്റെ നാശത്തെക്കുറിച്ച് പ്രവചിക്കുന്നത് ഇപ്രകാരമാണ്. "നിന്റെയും നിന്റെ മക്കളെയും നശിപ്പിക്കുകയും നിന്നിൽ കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതിരിക്കുകയും ചെയ്യും. എന്തെന്നാൽ

നിന്റെ സന്ദർശനദിനം നീ അറിഞ്ഞില്ല'' (ലൂക്കാ 19,44). യേശുവിനെ സ്വീകരിക്കാൻ വിസമ്മതിച്ചതിന്റെ ഭവിഷ്യത്താണ് ഇവിടെ പ്രവചനരൂപത്തിൽ വിവരിക്കുന്നത്. കല്ലിന്മേൽ കല്ലു ശേഷിക്കാതിരിക്കുന്നത് സമൂലനാശത്തെ സൂചിപ്പിക്കുന്നു എന്നതിൽ സംശയമില്ല. പട്ടണം ശത്രുക്കളുടെ ആക്രമണത്തിന് ഇരയായി നശിച്ചത് രക്ഷകനെ സ്വീകരിക്കാൻ കഴിയാതെ പോയതിന്റെ ഫലമാണ്.

ഈ സാഹചര്യത്തിൽ ആർത്തുവിളിക്കുന്ന കല്ലുകൾ ഒരു പ്രത്യേകമാനം ആർജ്ജിക്കുന്നു. ഏതെങ്കിലും കല്ലുകളല്ല, തകർന്നു വീണ നഗരത്തിന്റെയും ദേവാലയത്തിന്റെയും കല്ലുകളാണ് ആർത്തുവിളിക്കുന്നത്. വ്യക്തമായി പറഞ്ഞാൽ, നഗരം നശിച്ചുകഴിയുമ്പോൾ എല്ലാവർക്കും വ്യക്തമാകും യഥാർത്ഥത്തിൽ മിശിഹായും രക്ഷകനുമായി കർത്താവിന്റെ നാമത്തിൽ വന്നവനായിരുന്നു യേശു എന്ന്. സമാധാനരാജാവായി കർത്താവിന്റെ നാമത്തിൽ വന്ന അവനെ സ്വീകരിച്ചിരുന്നെങ്കിൽ ജറുസലെം നഗരത്തിന് നാശം സംഭവിക്കുമായിരുന്നില്ല എന്ന സൂചനയും ഈ പ്രവചനത്തിലുണ്ട്. എ.ഡി. 70 ൽ ഈ പ്രവചനം ഒരു യാഥാർത്ഥ്യമായി. റോമൻ സൈന്യം ജറുസലെമിന്റെ മതിലുകൾ ഇടിച്ചു നിരത്തി; ദേവാലയം അഗ്നിക്കിരയാക്കി. തകർന്ന നഗരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ യേശുവിന്റെ വചനത്തെ സ്ഥിരീകരിച്ചു.

ആ കല്ലുകളുടെ ആർപ്പുവിളി ഇന്നും കേൾക്കാം, കേൾക്കണം. കഴിഞ്ഞ കാര്യങ്ങളുടെ വസ്തുനിഷ്ഠമായ അവതരണം മാത്രമല്ല സുവിശേഷം; അത് എക്കാലത്തും ജീവിച്ചിരിക്കുന്നവർക്കുള്ള താക്കീതും മുന്നറിയിപ്പും ഉൾക്കൊള്ളുന്നു. യേശുവിനെ രക്ഷകനായി അംഗീകരിക്കുക, അവന്റെ രാജഭരണത്തിന് സ്വയം വിധേയരാവുക - സമൂലനാശം ഒഴിവാക്കാനുള്ള ഏക മാർഗ്ഗം ഇതു മാത്രമാണെന്ന് ഈ യേശുവചനം ഉദ്ബോധിപ്പിക്കുന്നു. അവന്റെ രാജഭരണമാണ് നിത്യസമാധാനവും സാഹോദര്യവും മുഖമുദ്രയാക്കിയ ദൈവരാജ്യം. ശാശ്വതമായ ശാന്തിയും സമാധാനവും ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തോടെ മാത്രമേ യാഥാർത്ഥ്യമാകൂ.

# 22. അപസ്മാരരോഗവും പിശാചുബാധയും

*അപസ്മാരരോഗം ബാധിച്ച ഒരു കുട്ടിയിൽനിന്ന് പിശാചു വിട്ടുപിരിഞ്ഞപ്പോൾ കുട്ടി സുഖം പ്രാപിച്ചതായി മത്തായി 17,14-18ൽ രേഖപ്പെടുത്തിയിരിക്കുന്നു. പിശാചുബാധമൂലമാണോ അപസ്മാരമുണ്ടാകുന്നത്? അപസ്മാരം ബാധിച്ചവരെ ചികിത്സിക്കുകയാണോ അതോ ബാധയൊഴിപ്പിക്കുകയാണോ ചെയ്യേണ്ടത്?*

സമാന്തരസുവിശേഷങ്ങൾ മൂന്നിലും രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണ് (മത്താ 17,14-18; മർക്കോ 9,14-27; ലൂക്കാ 9,37-43) ചർച്ചാവിഷയം. മർക്കോസിന്റെ സുവിശേഷത്തിലെ വിവരണമാണ് ഏറ്റം ദീർഘം. മത്തായിയും ലൂക്കായും ആ വിവരണത്തെ തങ്ങളുടേതായ രീതിയിൽ ചുരുക്കി എഴുതിയിട്ടുണ്ട്. ബാലനെ മൂകനായ ഒരു ആത്മാവ് ആവേശിച്ചിരിക്കുന്നതായി മർക്കോസും അശുദ്ധാത്മാവ് പിടികൂടുന്നതായി ലൂക്കായും പറയുന്നു. പിശാചുബാധയുടെ ഫലമെന്നു പറയുന്ന ലക്ഷണങ്ങൾ മൂന്നു സുവിശേഷങ്ങളിലും സമാനമാണ്. എന്നാൽ ചില വ്യത്യാസങ്ങളുമുണ്ട്.

"അവനെ നിലം പതിപ്പിക്കുന്നു. അപ്പോൾ അവൻ പല്ലുകടിക്കുകയും നുരയും പതയും പുറപ്പെടുവിക്കുകയും മരവിച്ചു പോകുകയും ചെയ്യുന്നു" എന്ന് മർക്കോസും അശുദ്ധാത്മാവു പിടികൂടുമ്പോൾ "അവൻ പെട്ടെന്ന് നിലവിളിക്കുന്നു. നുരയും പതയും പുറപ്പെടുന്നതുവരെ അത് അവനെ ഞെരുക്കി പീഡിപ്പിക്കുകയും പരുക്കേൽപ്പിക്കുകയും ചെയ്യുന്നു" എന്ന് ലൂക്കായും രേഖപ്പെടുത്തിയിരിക്കുന്നു. മത്തായി ആകട്ടെ "അവൻ അപസ്മാരം പിടിപെട്ട്

വല്ലാതെ കഷ്ടപ്പെടുന്നു. പലപ്പോഴും അവൻ തീയിലും വെള്ള ത്തിലും വീഴുന്നു'' എന്നാണ് എഴുതിയിരിക്കുന്നത്. ബാലനിൽ പ്രത്യക്ഷപ്പെടുന്ന ലക്ഷണങ്ങൾ എല്ലാംതന്നെ അപസ്മാരരോഗ ത്തിന്റേതാണെന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ രോഗത്തിന്റെ മൂലകാരണവും രോഗശാന്തി നല്കുന്ന വിധ വുമാണ് സംശയം ഉളവാക്കുന്നത്.

''മൂകനായ ആത്മാവ്'' എന്ന് മർക്കോസും ''അശുദ്ധാത്മാവ്'' എന്ന് ലൂക്കായും രേഖപ്പെടുത്തിയിരിക്കുന്നതിനെയാണ് അപ സ്മാരരോഗം എന്നു മത്തായി വിശേഷിപ്പിക്കുന്നത്. ബാലനു സൗഖ്യം ലഭിക്കുന്നത് പിശാച് വിട്ടുപോയപ്പോഴാണ്. എന്നാൽ രോഗശാന്തി നല്കുന്ന വിധവും അതിന്റെ ഫലവും വിവരിക്കുന്നി ടത്തും സുവിശേഷങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. യേശു അശു ദ്ധാത്മാവിനെ ശകാരിച്ചു: മൂകനും ബധിരനുമായ ആത്മാവേ നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു. അവനിൽനിന്നു പുറത്തു പോകുക. ഇനി ഒരിക്കലും അവനിൽ പ്രവേശിക്കരുത്. എന്ന് ദീർഘവും വിശദവുമാണ് മർക്കോസിന്റെ വിവരണം. ലൂക്കായുടെ വിവരണം ഹ്രസ്വവും വ്യത്യസ്തവുമാണ്; ''യേശു അശുദ്ധാത്മാ വിനെ ശാസിക്കുകയും കുട്ടിയെ സുഖപ്പെടുത്തി പിതാവിനെ ഏല്പിക്കുകയും ചെയ്തു.'' മത്തായിയുടെ വിവരണം വീണ്ടും വ്യത്യസ്തമാണ്. ''യേശു അവനെ ശാസിച്ചു. പിശാച് അവനെ വിട്ടുപോയി. ബാലൻ തൽക്ഷണം സുഖം പ്രാപിച്ചു.''

ഈ അപഗ്രഥനത്തിൽനിന്നു താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്. മർക്കോസിന്റെ സുവിശേഷത്തിലെ വിവരണത്തിൽ ആദ്യന്തം പിശാചു ബഹിഷ്ക്കരണത്തിന്റെ ശൈലിയാണ് സ്വീക രിച്ചിരിക്കുന്നത്. എന്നാൽ മത്തായി ബാലൻ രോഗബാധിതനായി രുന്നു എന്നും പിശാചു വിട്ടുപോയപ്പോൾ അവൻ സുഖം പ്രാപിച്ചു എന്നും പറയുന്നു. ലൂക്കായാകട്ടെ കുട്ടിയെ പിശാചു ബാധിത നായി അവതരിപ്പിച്ചെങ്കിലും അശുദ്ധാത്മാവ് അവനെ വിട്ടുപോയി എന്നല്ല, മറിച്ച് കുട്ടിയെ സുഖപ്പെടുത്തി എന്നത്രേ പറയുന്നത്. മർക്കോസും ലൂക്കായും യേശു പിശാചിനെ ശാസിച്ചു എന്നു പറ യുമ്പോൾ മത്തായി ആകട്ടെ ബാലനെ ശാസിച്ചു എന്നത്രേ പറ യുന്നത്.

ഇതിൽനിന്നു വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. ബാലനെ പിശാചുബാധിച്ചിരുന്നു എന്നും പിശാചിനെ ഒഴിപ്പിച്ചപ്പോളാണ്

ബാലൻ സുഖം പ്രാപിച്ചത് എന്നും മൂന്നു സുവിശേഷങ്ങളും പഠിപ്പിക്കുന്നു. ഇവിടെ പിശാചുബാധയും രോഗവും തമ്മിലുള്ള ബന്ധമാണ് ശ്രദ്ധേയം. "അപസ്മാരം പിടിപെട്ടു" എന്നു വിവർത്തനം ചെയ്യുന്നത് "സെലേനിയാസെത്തായി" എന്ന ഗ്രീക്കു വാക്കാണ്. "ചന്ദ്രൻ" എന്നർത്ഥമുള്ള "സെലേനേ" എന്ന ഗ്രീക്കു നാമത്തിൽ നിന്നു വരുന്ന ക്രിയാരൂപമാണിത്. "ചന്ദ്രാഘാതം ഏല്പിക്കപ്പെടുന്നു" എന്നാണ് വാച്യാർത്ഥം. അപസ്മാരം എന്നു വിവർത്തനം ചെയ്യുന്ന രോഗത്തെ സൂചിപ്പിക്കാൻ ഗ്രീക്കിൽ "എപ്പിലെപ്സിസ്" എന്ന വാക്കുണ്ട്. അതിന്റെയും വാച്യാർത്ഥം പിടികൂടുക, പിടിച്ചു കുടയുക എന്നൊക്കെയാണ്.

ചർച്ചാവിഷയമായ വാക്ക് അപസ്മാരമാണ്. മസ്തിഷ്ക്കത്തിലെ കാന്തികപ്രവർത്തനങ്ങളിലെ വ്യതിയാനങ്ങൾമൂലം ഉണ്ടാകുന്ന ഒരു രോഗമാണല്ലോ അപസ്മാരം. എന്നാൽ അങ്ങനെ ഒരറിവ് പുതിയനിയമകാലത്ത് ലഭ്യമായിരുന്നില്ല. ചന്ദ്രാഘാതം എന്നു രേഖപ്പെടുത്തുമ്പോൾ ചന്ദ്രന്റെ വൃദ്ധിക്ഷയകൾക്കനുസൃതമായി മനുഷ്യമസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ എന്നാണോ മനസ്സിലാക്കിയത് എന്ന കാര്യത്തിൽ സംശയമുണ്ട്. ചന്ദ്രനെ ഒരു ദേവതയായി കരുതിയിരുന്നു; സൂര്യനെയും നക്ഷത്രങ്ങളെയും ദേവതകളായി കരുതിയിരുന്നതുപോലെ. അപ്പോൾ ചന്ദ്രദേവതയുടെ ആഘാതമേറ്റതാണ് ഈ രോഗലക്ഷണങ്ങൾക്കു കാരണം എന്ന് അവർ വിശ്വസിച്ചിരുന്നതായി കരുതാനാവും. അതുകൊണ്ടുതന്നെയാവും പിശാചു വിട്ടുപോയി എന്നും ബാലൻ സൗഖ്യം പ്രാപിച്ചു എന്നും മത്തായി തുടർന്നു വിവരിക്കുന്നത്. രോഗവും പിശാചുബാധയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സമൂഹത്തിൽ നിലനിന്ന വിശ്വാസം ഇവിടെ പ്രസക്തമാണ്.

എല്ലാ രോഗങ്ങളുടെയും മൂലകാരണം പാപമാണ് എന്നു ബൈബിൾ പഠിപ്പിക്കുന്നുണ്ട്. ഓരോ രോഗത്തിനും ഓരോ പാപം കാരണമാകുന്നു എന്നർത്ഥമില്ല. എന്നാൽ ഇന്നത്തെ രോഗാതുരമായ മനുഷ്യന്റെ അവസ്ഥയ്ക്കു കാരണം ആദിമനുഷ്യൻ മുതൽ ഇന്നുവരെയുള്ള എല്ലാ മനുഷ്യരുടെയും പാപമാണ് എന്ന അടിസ്ഥാനവിശ്വാസം ഇതിനു പിന്നിലുണ്ട്. തന്നെയുമല്ല, രോഗങ്ങളെല്ലാം മുറിവുകളായി പരിഗണിക്കപ്പെട്ടിരുന്നു. പുറമെ മുറിവേറ്റാൽ കാണാൻ കഴിയും. എന്നാൽ ആന്തരികാവയവങ്ങൾക്കും മന

സിനും ഏല്ക്കുന്ന മുറിവ് അദൃശ്യമായിരിക്കും. എന്നാലും അതിന്റെ ഫലം മനുഷ്യൻ അനുഭവിക്കും. ഇപ്രകാരം ആന്തരികമായ മുറിവുണ്ടാക്കുന്ന ശക്തിയെ പിശാച് എന്നു വിശേഷിപ്പിക്കുന്നു. രോഗിയിൽ കാണുന്ന ലക്ഷണങ്ങൾ ആവേശിച്ചിരിക്കുന്ന പിശാചിന്റെ പ്രത്യേകതകളായി പരിഗണിക്കപ്പെട്ടിരുന്നു. സംസാരശക്തിയില്ലാത്തവനെ മൂകനായ പിശാചും കേൾവിയില്ലാത്തവനെ ബധിരനായ പിശാചും ബാധിച്ചു എന്നു കരുതപ്പെട്ടിരുന്നു. അതിനാലാണ് രോഗത്തെ പിശാചുബാധയായും ബാധയൊഴിപ്പിക്കലിനെ സുഖപ്പെടുത്തലായും വിശേഷിപ്പിക്കുന്നത് "അശുദ്ധാത്മാക്കളാൽ പീഡിതരായവർ സുഖമാക്കപ്പെട്ടു" (ലൂക്കാ 6,18) എന്നു പറയുമ്പോഴും ഇതേ ആശയമാണല്ലോ അവതരിപ്പിക്കുന്നത്.

എന്നാൽ എല്ലാ രോഗത്തിന്റെയും കാരണം പിശാചുബാധയാണ് എന്ന് ഇന്ന് ആരും കരുതുന്നില്ല. രോഗവും പിശാചുബാധയും വേർതിരിച്ചു കാണണം എന്ന് കത്തോലിക്കാസഭ നിഷ്കർഷിക്കുന്നുണ്ട്. മനസ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും മാനസിക രോഗങ്ങളെക്കുറിച്ചും വ്യക്തമായ അറിവില്ലാതിരുന്ന ഒരു കാലത്ത് ഹിസ്റ്റീരിയാ, എപ്പിലെപ്സി, സ്കിസോപ്രേനിയാ മുതലായ രോഗങ്ങളെയെല്ലാം പിശാചുബാധയായി കരുതിയിരുന്നു. അന്ന് രോഗശാന്തിക്കായി പിശാചുക്കളെ ബഹിഷ്ക്കരിക്കുമായിരുന്നു. ആധുനിക മനഃശാസ്ത്രത്തിന്റെ വളർച്ചയോടെ മാനസിക രോഗങ്ങളെക്കുറിച്ച് കൂടുതൽ അറിവു ലഭിച്ചു. അതുപോലെ തന്നെ ചികിത്സാരീതികളും ലഭ്യമായി.

ഈ സാഹചര്യത്തിൽ പിശാചുബാധയും മാനസികരോഗങ്ങളും വേർതിരിച്ചറിയാൻ ശ്രദ്ധിക്കണം എന്ന് സഭ പഠിപ്പിക്കുന്നു. പിശാചിനെ ബഹിഷ്ക്കരിക്കാൻ കർത്താവ് അധികാരം നല്കിയിട്ടുണ്ട്. സഭ ഔദ്യോഗികമായി അതുപയോഗിക്കുന്നുമുണ്ട്. എന്നാൽ അസാധാരണമായി കാണുന്ന പ്രതിഭാസങ്ങളെല്ലാം പിശാചുബാധയായി കണ്ട് ഒഴിപ്പിക്കാൻ ശ്രമിക്കുന്നതിനെതിരേ ശക്തമായ താക്കീതും നല്കുന്നുണ്ട്. "രോഗങ്ങൾ, പ്രത്യേകിച്ച് മാനസികരോഗങ്ങൾ, വളരെ വ്യത്യസ്തമായ പ്രശ്നങ്ങളാണ്. ഇതിന്റെ ചികിത്സ വൈദ്യശാസ്ത്രത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. അതുകൊണ്ട് പിശാചു ബഹിഷ്കരണത്തിനൊരുങ്ങുന്നതിനുമുമ്പ് അത് പിശാചിന്റെ സാന്നിദ്ധ്യം മൂലമുള്ള പ്രശ്നമാണോ അതോ രോഗമാണോ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട് (CCC 1673). പിശാചി

ല്ലെന്നോ പിശാച് വ്യക്തികളെ ബാധിക്കുകയില്ലെന്നോ ഇതിനർത്ഥ മില്ല. എന്നാൽ എല്ലാ രോഗങ്ങളുടെയും പരാജയങ്ങളുടെയും പിന്നിൽ പിശാചുബാധ കാണാനും ചികിത്സിക്കുന്നതിനുപകരം ബാധയൊഴിപ്പിക്കാനും ഉള്ള പ്രവണതയ്ക്കെതിരേയാണ് സഭ താക്കീതു നല്കുന്നത്. പിശാചുബാധയെപ്പറ്റി അതിശയോക്തി കലർത്തി പ്രസംഗിക്കുകയും ബാധയൊഴിപ്പിക്കാൻ തത്രപ്പെടുകയും ചെയ്യുമ്പോഴും യഥാർത്ഥ പിശാചിനെയും അവന്റെ പ്രവർത്തന ങ്ങളെയും തിരിച്ചറിയാതെ പോകുന്നു എന്ന ദുഃഖസത്യം അവ ശേഷിക്കുന്നു.

ബാധയെയും ബാധയൊഴിപ്പിക്കലിനെയുംകാൾ കൂടുതൽ യേശുനാഥൻ പഠിപ്പിച്ചതും മുന്നറിയിപ്പുകൾ നല്കിയതും വ്യക്തി കളിലും സമൂഹത്തിലുമുള്ള പിശാചിന്റെ പ്രവർത്തനങ്ങളെക്കുറി ച്ചാണ്. ഇവിടെ സാത്താൻ എന്ന പേരാണ് ബൈബിളിൽ കൂടു തൽ ഉപയോഗിക്കുന്നത്. തെറ്റായ ചിന്താധാരകളിലൂടെ മനുഷ്യന്റെ ബോധമണ്ഡലത്തിലും തുടർന്ന് മൂല്യശ്രേണികളിലും സമൂഹജീ വിതത്തിലുമാണ് സാത്താൻ കടന്നുകയറുക. ഇതിനെ യേശുനാഥൻ ഒറ്റവാക്കിൽ "പ്രലോഭനം" എന്നു വിശേഷിപ്പിച്ചു. സാത്താന്റെ രണ്ടു വിശേഷണങ്ങളും നാഥൻ നല്കിയിട്ടുണ്ട്. അവൻ ആരംഭംമുതലേ കൊലപാതകിയാണ്; നുണയനും നുണയുടെ പിതാവുമാണ് (യോഹ 8,44).

രോഗികളിൽനിന്നു ബാധയൊഴിപ്പിക്കാൻ ശ്രമിക്കുന്നതിനേ ക്കാൾ സാത്താന്റെ പ്രലോഭനങ്ങളും കുടിലിതന്ത്രങ്ങളും തിരിച്ച റിഞ്ഞ് തിരസ്കരിക്കാനാണ് ശ്രമിക്കേണ്ടത്. നന്മയെ തിന്മയും തിന്മയെ നന്മയുമായും, നേരിനെ നുണയും നുണയെ നേരും ആയും ചിത്രീകരിച്ചാണ് പ്രലോഭകൻ കടന്നുവരുന്നത്. വാലും കൊമ്പും നീണ്ട മൂക്കും ചെവിയും കൂർത്ത നഖവുമുള്ള വികൃത രൂപിയായി ട്ടല്ല സാത്താൻ പ്രത്യക്ഷപ്പെടുന്നത്. അത് തിന്മയുടെ യഥാർത്ഥ രൂപം ചിത്രീകരിക്കാൻ ശ്രമിച്ച കലാകാരന്റെ ഭാവനാസൃഷ്ടിയാണ്. സാക്ഷാൽ സാത്താൻ അതീവസുന്ദരൻ (സുന്ദരി) ആണ്. ആകർഷ കമായി അണിഞ്ഞൊരുങ്ങി, വശ്യമായ രീതിയിലാണ് സമീപിക്കുക. അത് തിരിച്ചറിയാൻ എളുപ്പമായിരിക്കുകയില്ല. നുണയനും കൊല പാതകിയും എന്ന രണ്ടു വിശേഷണങ്ങൾ ഇവിടെ സഹായക മാകും.

ജീവനെ നശിപ്പിക്കാൻ, അത് ദയാവധമോ, ഗർഭഛിദ്രമോ

മറ്റേതെങ്കിലും വിധത്തിലോ ആകട്ടെ പ്രേരണ നല്കുന്ന ശക്തി സാത്താന്റേതാണെന്നു തിരിച്ചറിയണം. മനുഷ്യരെ പരസ്പരം അകറ്റുകയും ശത്രുക്കളായി ചിത്രീകരിക്കുകയും ചെയ്യുന്നിടത്തും സാത്താന്റെ സാന്നിധ്യം തിരിച്ചറിയണം. സാത്താന് യേശു നല്കിയ പേരാണ് മാമ്മോൻ. ദൈവത്തിനു വിരുദ്ധമായി, ദൈവത്തിന്റെ സ്ഥാനത്ത് കയറി ഇരിക്കുന്നവനാണ് മാമോൻ. അതിനെ പണം എന്നു വിളിക്കാം. പരിശുദ്ധമായ ലക്ഷ്യത്തോടെ തുടങ്ങുന്ന പ്രസ്ഥാനങ്ങൾപോലും അവസാനം മാമ്മോൻ സേവയായി അധഃപതിക്കുകയും സാത്താന്റെ പാദസേവയായിത്തീരുകയും ചെയ്യുന്നതിന് ഉദാഹരണങ്ങൾതേടി അകലെയൊന്നും പോകേണ്ടതില്ലല്ലോ?

പിശാചുബാധിതരെ ഭൂതോച്ചാടനത്തിലൂടെ രക്ഷിക്കണം; മാനസികരോഗികളെ ചികിത്സിച്ചു സുഖപ്പെടുത്തണം. അതേസമയം സാത്താന്റെ പ്രലോഭനങ്ങളെയും തന്ത്രങ്ങളെയും തിരിച്ചറിഞ്ഞു തോല്പിക്കാൻ ''സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കുവിൻ'' (ലൂക്കാ 21,36).

# 23. വിധവയുടെ ചില്ലിക്കാശ്

*ഏറ്റം വിലകുറഞ്ഞ രണ്ടു ചെമ്പുനാണയങ്ങൾ നേർച്ചപ്പെട്ടിയിലിട്ട വിധവയെ യേശു പ്രശംസിച്ചു; മാതൃകയായി എടുത്തുകാട്ടി. എന്താണ് ഇതിനർത്ഥം? ഉപജീവനത്തിനുള്ളതുപോലും മുഴുവനായും പള്ളിയിലെ നേർച്ചപ്പെട്ടിയിൽ ഇടുന്നു എന്നാണോ? നേർച്ചപ്പെട്ടിയിൽ വീഴുന്ന പണം എങ്ങിനെയാണ് ദൈവത്തിനു നല്കലാവുക?*

വളരെയേറെ ആനുകാലിക പ്രസക്തിയുള്ള ഒരു വിഷയത്തിലേക്കാണ് ചോദ്യകർത്താവ് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ജറുസലെം ദേവാലയത്തിന്റെ പല ഭാഗങ്ങളിലായി വലിയ നേർച്ചപ്പെട്ടികൾ വച്ചിരുന്നു. ദേവാലയം സന്ദർശിക്കുന്നവർ ഇഷ്ടമുള്ള തുക നിക്ഷേപിക്കുകയും പതിവായിരുന്നു. ദൈവത്തിന്റെ ആലയത്തിൽ വച്ചിരിക്കുന്ന പെട്ടികളിൽ നിക്ഷേപിക്കുന്ന തുക ദൈവത്തിനു തന്നെ നല്കുന്നതായി പരിഗണിക്കപ്പെട്ടുപോന്നു. നിർബ്ബന്ധമായും നല്കേണ്ട തുകയല്ല പൊതുവേ ഈ പെട്ടികളിൽ നിക്ഷേപിക്കുക. വ്യക്തികൾ ഓരോ കാര്യങ്ങൾക്കായി സ്വന്തം ഇഷ്ടപ്രകാരം സ്വതന്ത്രമായി നല്കുന്ന കാണിക്കയാണ്, നേർച്ചയായി നിശ്ചയിച്ച തുക നിക്ഷേപിക്കുന്നതിൽനിന്നാണല്ലോ നേർച്ചപ്പെട്ടി എന്ന പേരുണ്ടായത്.

ദേവാലയത്തിലെ ഭണ്ഡാരപ്പെട്ടികളിൽ വീഴുന്ന തുക മുഖ്യമായും മൂന്നു കാര്യങ്ങൾക്കുവേണ്ടിയാണ് ഉപയോഗിച്ചിരുന്നത്. 1. ദേവാലയസംബന്ധമായ അറ്റകുറ്റപ്പണികൾക്കും മറ്റു ചെലവുകൾക്കും 2. പുരോഹിതന്മാരുടെ ഉപജീവനത്തിന് 3. സാധുജന സംരക്ഷണത്തിന്. മൂന്നും ദൈവശുശ്രൂഷയുമായി ബന്ധപ്പെട്ടതാ

കയാൽ ദേവാലയത്തിൽ സമാഹരിക്കപ്പെടുന്ന തുക ദൈവത്തിനു നല്കുന്നതായും ദൈവത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നതായും പരിഗണിക്കാം. ഈ അർത്ഥത്തിലാണ് യേശു ദേവാലയത്തിലെ നിക്ഷേപത്തെക്കുറിച്ചു പറഞ്ഞത്. വലിയ തുകകൾ നിക്ഷേപിച്ച ധനികരേക്കാൾ കൂടുതൽ വിലപ്പെട്ടതാണ് വിധവ നിക്ഷേപിച്ച രണ്ടു ചെമ്പുതുട്ടുകൾ എന്ന അവലോകനം ദൈവശുശ്രൂഷയ്ക്കായി നടത്തുന്ന സമ്പൂർണ്ണ സമർപ്പണത്തിന്റെ മാഹാത്മ്യത്തെ എടുത്തുകാട്ടുകയും ചെയ്യുന്നു. ഈ കാഴ്ചപ്പാടിൽ കൊടുക്കുന്ന തുകയല്ല, തുക നിക്ഷേപിക്കുന്ന ആളിന്റെ സമർപ്പണമനോഭാവമാണ് കൂടുതൽ പ്രധാനം എന്നു കാണാം. അതിനാൽത്തന്നെയാണ് തന്റെ തുച്ഛമായ സമ്പാദ്യം മുഴുവൻ ദൈവത്തിനു നല്കിയ വിധവയെ പ്രശംസിക്കുന്നത് മാതൃകയായി എടുത്തുകാട്ടുന്നതും.

വിധവയെ പ്രശംസിച്ചതിനു തൊട്ടുമുൻപ് യേശു പറഞ്ഞ ചില വാക്യങ്ങൾ കൂട്ടിച്ചേർത്തു വായിച്ചാലേ ഈ സംഭവത്തിന്റെ അർത്ഥവ്യാപ്തി വ്യക്തമാവുകയുള്ളൂ. മർക്കോസും ലൂക്കായും മാത്രമാണ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. യഹൂദമത നേതാക്കൾക്കെതിരേയുള്ള കഠിനമായ വിമർശനമാണ് "അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നുവെന്ന് നടിക്കുകയും ചെയ്യുന്നു. ഇവർക്കു കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും" (മർക്കോ 12,40). ഇതിനു തൊട്ടുപിന്നാലെയാണ് വിധവയുടെ കാണിക്ക അവതരിപ്പിച്ചിരിക്കുന്നത്.

ബൈബിൾ വ്യാഖ്യാനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ് ഓരോ വാക്യവും സംഭവവും അത് അവതരിപ്പിച്ചിരിക്കുന്ന സാഹചര്യവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കണം എന്നത്. സാഹചര്യം ചരിത്രപരമായിരിക്കാം. അല്ലെങ്കിൽ സുവിശേഷകൻതന്നെ സൃഷ്ടിച്ചതായിരിക്കാം. ഏതാണെങ്കിലും നമുക്കു ലഭിച്ചിരിക്കുന്ന ബൈബിളിൽ അവതരിപ്പിച്ചിരിക്കുന്ന സാഹചര്യമാണ് പ്രധാനം. സാഹചര്യത്തിൽനിന്ന് അടർത്തിയെടുത്ത് ഒറ്റപ്പെട്ട വാക്കുകളും വാക്യങ്ങളുമായി വ്യാഖ്യാനിക്കുമ്പോൾ വിശുദ്ധ ഗ്രന്ഥകാരൻ ഉദ്ദേശിച്ചതും ദൈവം നല്കുന്നതുമായ സന്ദേശം ഗ്രഹിക്കാൻ കഴിയാതെ പോകാം. അതിനാൽതന്നെയാണ് വിധവയുടെ കാണിക്ക മതാത്മകജീവിതത്തിൽ ഉദാത്തമായ ഒരു മാതൃകയായി അവതരിപ്പിക്കുമ്പോൾ അതിന്റെ പിന്നിലുള്ള രൂക്ഷമായ വിമർശനം കാണാതെ പോകുന്നത്.

വിധവയുടെ സമ്പൂർണ്ണസമർപ്പണത്തെ ശ്ലാഘിച്ച യേശു അതിന്റെ പിന്നിലുള്ള മതാത്മകചൂഷണത്തിനെതിരേ നിശിതമായ വിമർശനശരമാണ് തൊടുത്തുവിടുന്നത്. ദീർഘമായി പ്രാർത്ഥിക്കുന്നു എന്നു നടിച്ചുകൊണ്ട്, ആ പ്രാർത്ഥനയുടെ പേരിൽ, വിധവയുടെ വീടുവിഴുങ്ങുന്ന നിയമജ്ഞരെയും ഫരിസേയപ്രമാണികളെയും കുറിച്ചുള്ള പരാമർശം യേശുവിന്റെ കാഴ്ചപ്പാട് വ്യക്തമാക്കും. ദൈവത്തിനായി സ്വയം സമർപ്പിക്കുന്ന വ്യക്തികളെ, അവർ പാവങ്ങളാണെങ്കിലും അവർ സമർപ്പിക്കുന്ന തുക എത്ര തുഛമാണെങ്കിലും ദൈവം സ്വീകരിക്കും. എന്നാൽ ഉപജീവനത്തിന് ആവശ്യമായ തുകപോലും നേർച്ചപ്പെട്ടിയിൽ നിക്ഷേപിക്കാൻ സാധുജനങ്ങളെ പ്രേരിപ്പിക്കുന്ന മതനേതാക്കൾക്കു ദൈവത്തിൽ നിന്നു ലഭിക്കുന്നത് പ്രശംസയല്ല, കഠിനമായ ശിക്ഷയായിരിക്കും.

ദേവാലയഭണ്ഡാരത്തിൽ വീഴുന്ന തുകയിൽ മുഖ്യപങ്ക് സാധുജനസേവനത്തിനായി നീക്കിവയ്ക്കപ്പെട്ടതായിരുന്നു. എന്നാൽ കാലക്രമത്തിൽ അതു ദേവാലയത്തിന്റെ മോടിയും പുരോഹിതരുടെ ധൂർത്തും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചിലവഴിക്കപ്പെടാൻ തുടങ്ങി. യേശുവിന്റെ കാലത്തെ യഹൂദമതത്തിനു മാത്രം സംഭവിച്ച ഒരു അപചയമല്ല ഇത്; മിക്കവാറും എല്ലാ മതങ്ങളിലും ഈ പരിണാമം കാണാം. തീർത്ഥാടനകേന്ദ്രങ്ങളിലും ആരാധനാലയങ്ങളിലും മാത്രമല്ല, സകല വഴിക്കവലകളിലും മരച്ചുവടുകളിലും നേർച്ചപ്പെട്ടികൾവച്ച്, പാവപ്പെട്ടവരുടെ വിശ്വാസത്തെ അന്ധവിശ്വാസമാക്കി ചൂഷണം ചെയ്തു പണം പിരിക്കുന്ന സകലരും ശ്രദ്ധിക്കേണ്ടതാണ് ശിക്ഷാവിധിയെക്കുറിച്ചുള്ള യേശുവിന്റെ താക്കീത്. നേർച്ചപ്പെട്ടിയിൽ വീഴുന്ന തുക ദൈവത്തിന് ജനം നല്കുന്ന കാഴ്ചയാണ്; അത് ദൈവശുശ്രൂഷയ്ക്കായി ഉപയോഗിക്കപ്പെടണം. ദൈവശുശ്രൂഷയെന്നാൽ എന്താണെന്ന് അന്തിമവിധിയുടെ മാനദണ്ഡത്തിൽ (മത്താ 25,31-46) യേശു പഠിപ്പിച്ചിട്ടുണ്ട്. ദൈവത്തിന്റെ പേരുപറഞ്ഞ് പാവപ്പെട്ടവരെ പിഴിഞ്ഞ് ധൂർത്തടിക്കുന്ന മതാത്മകത യേശുവിന്റെ മനോഭാവത്തിന് നിരക്കുന്നതല്ല.

## 24. നന്മനിറഞ്ഞവൾ?

*"നന്മനിറഞ്ഞമറിയമേ, സ്വസ്തി" എന്ന അഭിസംബോധന ശരിയാണോ? നന്മനിറഞ്ഞവൻ ദൈവം മാത്രമല്ലേ? നാം അനുദിനം അനേകം തവണ ആവർത്തിച്ചുചൊല്ലുന്ന ഈ പ്രാർത്ഥന എവിടെനിന്നു കിട്ടി? ഇത് ബൈബിളിനും ക്രിസ്തീയ വിശ്വാസത്തിനും വിരുദ്ധമല്ലേ?*

പല മുനകളുള്ള ഒരു ചോദ്യമാണിത്. അതിനാൽ ഓരോന്നും പ്രത്യേകം വിശകലനം ചെയ്യണം. "നന്മനിറഞ്ഞമറിയമേ സ്വസ്തി" എന്ന അഭിസംബോധനാരൂപമാണ് ആദ്യമേ ചോദ്യം ചെയ്യപ്പെടുന്നത്. അതിന്റെ ഉറവിടം വ്യക്തമായും ബൈബിൾ തന്നെയാണ്. ലൂക്കാ 1,28 ൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവദൂതന്റെ അഭിസംബോധനയാണിത്. എന്നാൽ ബൈബിളിൽ നല്കിയിരിക്കുന്നതും ഇന്നു സാധാരണപ്രാർത്ഥനകളിൽ ഉരുവിടുന്നതും തമ്മിൽ അല്പം വ്യത്യാസമുണ്ട്.

ദൈവകൃപനിറഞ്ഞവളേ സ്വസ്തി എന്നാണ് ബൈബിളിൽ കാണുന്നത്. ദൈവകൃപയാൽ നിറഞ്ഞവൾ ആകയാൽ തിന്മയുടെ അംശംപോലും സ്വന്തം ജീവിതത്തിൽ ഇല്ലാത്തവൾ എന്ന അർത്ഥത്തിലാണ് നന്മനിറഞ്ഞവൾ എന്ന് പ്രാർത്ഥനയിൽ മറിയത്തെ അഭിസംബോധന ചെയ്യുന്നത്. ബൈബിൾ വാക്യം അതേപടി ആവർത്തിക്കുന്നതിനുപകരം കത്തോലിക്കാ സഭയുടെ പരമ്പരാഗതമായ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഒരു വ്യാഖ്യാനം നല്കി അവതരിപ്പിക്കുകയാണ് പ്രാർത്ഥനയിൽ ചെയ്യുന്നത്. ഇതിലൂടെ ബൈബിളിനെ വളച്ചൊടിക്കുകയോ തിരുത്തുകയോ അല്ല, യഥാർത്ഥസന്ദേശം വ്യക്തമാക്കാൻവേണ്ടി വ്യാഖ്യാനിക്കുകയാണ്

ചെയ്യുന്നത്. "മറിയമേ" എന്ന അഭിസംബോധനയും പ്രാർത്ഥന യുടെ ഭാഗമായി കൂട്ടിച്ചേർക്കപ്പെട്ടതാണ്. ഉത്ഭവത്തിന്റെ ആദ്യനി മിഷംമുതൽ മറിയം പാപരഹിതയായിരുന്നു എന്ന സഭയുടെ വിശ്വാ സത്തിന്റെ അടിസ്ഥാനമായി കരുതപ്പെടുന്ന ഒരു വാക്യമാണിത്. ആ അർത്ഥത്തിലും "നന്മനിറഞ്ഞവൾ" എന്ന വ്യാഖ്യാനം ശരി യാണ്. സ്വന്തം നന്മയാലല്ല, ദൈവം നല്കിയ ദാനത്താലാണ് മറിയം നന്മനിറഞ്ഞവൾ ആയത്. ഇതു മറിയത്തെ ദൈവതുല്യ യാക്കുന്നില്ല. എല്ലാ മനുഷ്യർക്കും ലഭിച്ചിരിക്കുന്ന ഒരു വിളിയും എല്ലാവരിലും പൂർത്തിയാകേണ്ട ഒരു ലക്ഷ്യവുമാണ് നന്മനിറഞ്ഞ വർ ആകുക എന്നത്. ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ അത് മറിയത്തിൽ ആരംഭം മുതലേ പൂർത്തിയായി. മറ്റു മനുഷ്യ രിൽ ഇത് ക്രമേണ ഒരു യാഥാർത്ഥ്യമായിത്തീരുന്നു. ദൈവികജീ വന്റെ പൂർണ്ണതയിൽ പങ്കുചേരുന്ന "സ്വർഗ്ഗവാസികൾ" എല്ലാം നന്മ നിറഞ്ഞവരാണ്, തിന്മയുടെ അംശം അല്പം പോലും തങ്ങളിൽ ഇല്ലാത്തവർ.

ഈ വിശദീകരണം ശരിയാണെങ്കിലും ചോദ്യവിഷയമായ ബൈബിൾവാക്യം അടുത്തു പരിശോധിക്കുമ്പോൾ മറ്റൊരു പ്രശ്നം ദൃശ്യമാകുന്നു. "ദൈവകൃപനിറഞ്ഞവളേ" എന്ന മലയാള വിവർത്തനം മൂലത്തോട് പൂർണ്ണവിശ്വസ്തത പുലർത്തുന്നുണ്ടോ എന്നതാണ് അടുത്ത പ്രശ്നം. പല ഇംഗ്ലീഷ് വിവർത്തനങ്ങളും ഈ വാക്യശകലം പലവിധത്തിലാണ് വിവർത്തനം ചെയ്യുന്നത്. greetings, favoured one എന്നാണ് RSV യുടെ പുതിയ പതിപ്പ് വിവർത്തനം ചെയ്യുന്നത്. Hail, full of grace എന്നായിരുന്നു RSV പഴയപതിപ്പ്. ജറുസലെം ബൈബിൾ Rejoice, highly favoured എന്നു വിവർത്തനം ചെയ്യുന്നു. വിർത്തനങ്ങളിലെ ഈ വ്യാഖ്യാനം മൂല വാക്യത്തിന്റെ വ്യത്യസ്ത വ്യാഖ്യാനങ്ങളെയാണ് സൂചിപ്പിക്കുന്നത്. അതിനാൽ മൂലഭാഷയായ ഗ്രീക്കിലേക്കു ശ്രദ്ധ തിരിക്കേണ്ടിയിരി ക്കുന്നു.

"കയിരേ കെക്കരിത്തോമെനേ" എന്നാണ് ഗ്രീക്കുമൂലം. "കരിത്തോവോ" എന്ന ക്രിയയുടെ ഭൂതകാലരൂപം (past perfect tense) ആണിത്. "കാരിസ്" എന്ന ധാതുവുമായി ബന്ധപ്പെട്ടതാണ് ഈ ക്രിയാരൂപം. 'കൃപ' എന്നാണ് കാരിസ് എന്ന വാക്കിന്റെ അർത്ഥം. കൃപ നല്കുക എന്ന് കർത്തരിപ്രയോഗത്തിലും കൃപ സ്വീകരിക്കുക, കൃപയ്ക്കു പാത്രീഭൂതമാവുക എന്നു കർമ്മണിപ്ര

യോഗത്തിലും അർത്ഥമുണ്ട്. ചർച്ചാവിഷയമായ പദം വാച്യാർത്ഥത്തിൽ വിവർത്തനം ചെയ്യേണ്ടത്: "ദൈവകൃപ ലഭിച്ചവളേ", എന്നോ ദൈവത്തിന്റെ കൃപാകടാക്ഷമുള്ളവളേ എന്നോ ആണ്.

ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പിലേക്കു ശ്രദ്ധ തിരിക്കുന്നതാണ് ഈ പ്രയോഗം. ഒരു പ്രത്യേക ദൗത്യം ഏൽപ്പിക്കാൻവേണ്ടി ദൈവം തിരഞ്ഞെടുക്കുന്ന ആൾക്ക് ആ ദൗത്യം നിർവ്വഹിക്കാൻ ആവശ്യമായ കൃപയും നല്കുന്നു എന്നത് ബൈബിളിൽ കാണുന്ന ഒരു പൊതു തത്ത്വമാണ്. അതിന്റെ വെളിച്ചത്തിൽ, മറിയത്തെ ഏല്പിക്കുന്ന ദൈവപുത്രന്റെ അമ്മയാകുക എന്ന ദൗത്യത്തിന് ആനുപാതികമായ കൃപയെ ആണ് ദൈവകൃപ നിറഞ്ഞവൾ എന്നു വ്യാഖ്യാനിക്കുന്നത്.

ഈ വ്യാഖ്യാനം ആദ്യമായി നല്കിയത് ഗ്രീക്കിൽ നിന്നു ലത്തീനിലേക്കു വിവർത്തനം ചെയ്ത വി. ജെറോം ആണ്, gratia plena എന്നാണ് അദ്ദേഹം ചർച്ചാവിഷയമായ വാക്യശകലം വിവർത്തനം ചെയ്തത്. Full of grace എന്ന ഇംഗ്ലീഷ് വിവർത്തനം ദൈവകൃപ നിറഞ്ഞവൾ എന്നു ബൈബിളിലും നന്മനിറഞ്ഞവൾ എന്നു പ്രാർത്ഥനയിലും ആയി.. മൂലഭാഷയിൽ വ്യംഗ്യമായിരുന്ന ഒരു സത്യം മാതാവിന്റെ അമലോത്ഭവം, വിവർത്തനത്തിൽ വ്യക്തമാക്കുക മാത്രമാണ് ചെയ്തത്. അതു തെറ്റാണെന്നു പറയാനാവില്ല.

സ്വസ്തി എന്ന വാക്കും ശ്രദ്ധയർഹിക്കുന്ന hail എന്നാണ് പലപരിഭാഷകളും ഇതിനെ വിവർത്തനം ചെയ്യുന്നത്. കയിരേ എന്ന ഗ്രീക്കുവാക്കിന്റെ വാച്യാർത്ഥം സന്തോഷിച്ചാലും എന്നാണ്. rejoice എന്ന് ജറുസലേം ബൈബിൾ വിവർത്തനം ചെയ്തിരിക്കുന്നു. ഇതിൽ ഏതാണ് ശരി? കയിരേ എന്നത് ഗ്രീക്കുകാരുടെ ഇടയിൽ നിലവിലിരുന്ന പൊതുവായ ഒരു അഭിസംബോധനാരൂപമാണ്. ലത്തീനിൽ slave എന്നും 'ആവേ' എന്നും പറയും. "ആവേ മരിയാ" എന്നു മലയാളത്തിലും പാടാറുണ്ടല്ലോ. നിനക്കു നന്മ നേരുന്നു, സ്വാഗതം അരുളുന്നു എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. ഈ അർത്ഥത്തിലാണ് "സ്വസ്തി" എന്നു വിവർത്തനം ചെയ്യുന്നത്. ലത്തീൻവിവർത്തനമായ വുൾഗാത്തായിലെ "Ave gratia plena" എന്ന പ്രയോഗമാണ് "നന്മനിറഞ്ഞവളേ സ്വസ്തി" എന്നു പ്രാർത്ഥിക്കാൻ പ്രേരണ നല്കിയത്.

വ്യാഖ്യാനം ശരിയാണെങ്കിലും മൂലഭാഷയിലെ പ്രയോഗത്തിന്റെ ആഴമോ ധ്വനിയോ ഈ വിവർത്തനത്തിൽ അത്ര തന്നെ വ്യക്തമല്ല എന്നു സമ്മതിച്ചേ മതിയാകൂ. "ദൈവകൃപയ്ക്കു പാത്രമായവളേ സന്തോഷിച്ചാലും" എന്ന മൂലമാണ് "നന്മനിറഞ്ഞമറിയമേ, സ്വസ്തി" എന്നു വ്യാഖ്യാനിച്ചു പ്രാർത്ഥിക്കുന്നത്. ഇങ്ങനെ പ്രാർത്ഥിക്കുമ്പോഴും മറിയത്തിനു ദൈവം നല്കിയ പ്രത്യേകദൗത്യവും കൃപയും അതിലൂടെ മറിയത്തിനു മാത്രമല്ല, ലോകത്തിനു മുഴുവൻ ലഭ്യമായ സന്തോഷവും ശ്രദ്ധയിലേക്കുവരണം. "സ്വർലോകരാജ്ഞീ, ആനന്ദിച്ചാലും" എന്ന പ്രാർത്ഥനയിൽ ഈ അഭിസംബോധനാരൂപം മൂലത്തോടു കൂടുതൽ വിശ്വസ്തമായി വിവർത്തനം ചെയ്തിട്ടുണ്ട്. ബൈബിൾ വിവർത്തനവും കുടുംബപ്രാർത്ഥനകളും പുനഃപരിശോധിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യുമ്പോൾ ആ അഭിസംബോധനയും പരിഗണിക്കപ്പെടും എന്നു പ്രതീക്ഷിക്കുന്നു. അതുവരെ, പൂർണ്ണമായും തൃപ്തികരമല്ലെങ്കിലും തെറ്റല്ലാത്തതും, ചില ആഴമേറിയ സത്യങ്ങളെ അനുസ്മരിപ്പിക്കാൻ കഴിയുന്നതുമായ ഇപ്പോഴത്തെ അഭിസംബോധനാരൂപം തുടരുന്നതിൽ യാതൊരു അപാകതയുമില്ല.

# 25. സ്ത്രീയേ എനിക്കും നിനക്കും എന്ത്?

*യേശു തന്റെ മാതാവിനെ പരസ്യമായി അമ്മേ എന്നു വിളിക്കാതെ സ്ത്രീയേ എന്ന് അഭിസംബോധന ചെയ്തത് എന്തുകൊണ്ട്? ശാരീരികമായ മാതൃത്വത്തിനു പ്രാധാന്യം കല്പിക്കുന്നില്ല എന്നതിനു തെളിവല്ലേ ഇത്? ഈ നിഗമനം ശരിയാണെങ്കിൽ കത്തോലിക്കാസഭയിൽ നിലനില്ക്കുന്ന മരിയഭക്തി യേശുവിന്റെ നിലപാടിനു വിരുദ്ധമല്ലേ?*

പ്രത്യക്ഷത്തിൽ തികച്ചും ന്യായമായ ഒരു ചോദ്യമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഒരു പുത്രൻ തന്റെ മാതാവിനെ അഭിസംബോധനചെയ്യാൻ ഉപയോഗിക്കുന്ന ഒരു പദമല്ല സ്ത്രീയേ എന്നത്. തന്നെയുമല്ല, എനിക്കും നിനക്കും എന്ത്? എന്ന ചോദ്യം സംശയം വർദ്ധിപ്പിക്കുന്നു. ശാരീരികമായ മാതൃത്വത്തിന്റെ പേരിൽ തന്റെ മേൽ അവകാശവാദം ഒന്നും ഉന്നയിക്കേണ്ടതില്ല എന്ന സൂചനയാണ് ഈ ചോദ്യത്തിനു പിന്നിലുള്ളത് എന്നു പലരും വ്യാഖ്യാനിക്കാറുണ്ട്. ഈ ആശയം കൂടുതൽ ഊന്നിപ്പറയാൻവേണ്ടി ചിലർ "എനിക്കും നിനക്കും തമ്മിൽ എന്ത്?" എന്നും വിവർത്തനം ചെയ്യാറുണ്ട്. "തമ്മിൽ" എന്ന വാക്കുകൂട്ടിച്ചേർക്കുന്നതിലൂടെ യേശുവിന്റെ ഉദ്ദേശ്യം കൂടുതൽ വ്യക്തമാക്കുക മാത്രമാണ് തങ്ങൾ ചെയ്യുന്നത് എന്നും ഇക്കൂട്ടർ അവകാശപ്പെടുന്നു. ഇതാണോ സുവിശേഷകൻ ഉദ്ദേശിക്കുന്നത്?

സ്ത്രീയേ എന്ന അഭിസംബോധന യേശുവിന്റെ നാവിൽ നിന്ന് മറ്റു മൂന്നുതവണകൂടി പുറപ്പെടുന്നതായി വി. യോഹന്നാൻ

രേഖപ്പെടുത്തിയിട്ടുണ്ട്. യാക്കോബിന്റെ കിണറ്റിൻകരയിലെ സമറിയാക്കാരിയെയും (യോഹ 4,21), പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയേയും (യോഹ 8,9) ശൂന്യമായ കല്ലറയിങ്കൽ കരഞ്ഞുകൊണ്ടുനിന്ന മഗ്ദലേനായെയും (യോഹ 20,15) സ്ത്രീയേ എന്നാണു യേശു അഭിസംബോധന ചെയ്യുന്നത്. കല്ലറയിൽ പ്രത്യക്ഷപ്പെട്ട ദൂതന്മാരും മഗ്ദലേനാമറിയത്തെ സ്ത്രീയേ എന്നു വിളിക്കുന്നു (യോഹ 20,13). വിശ്വാസത്തിന്റെ മാതൃകയായി എടുത്തുകാട്ടിയ കാനാൻകാരിയെയും "സ്ത്രീയേ" എന്നാണ് യേശു വിളിക്കുന്നത്. തന്റെ നേരെ വിരൽചൂണ്ടിയ പരിചാരികയെ പത്രോസും "സ്ത്രീയേ" എന്നു വിളിക്കുന്നു (ലൂക്കാ 22,57). ഇതിൽനിന്നെല്ലാം വ്യക്തമാകുന്ന ഒരു കാര്യം യേശുവിന്റെ കാലത്ത് പലസ്തീനായിൽ പൊതുവേ ഉപയോഗത്തിലിരുന്ന ഒന്നാണ് സ്ത്രീയേ എന്ന അഭിസംബോധനാരൂപം എന്നത്രേ. പ്രത്യേകമായ അടുപ്പമോ അകലമോ ഇല്ലാതെ, ബഹുമാനസൂചകമായ ഒരു അഭിസംബോധനയാണിത്. എന്നാൽ ഇതു മാത്രമാണോ തന്റെ അമ്മയെ സ്ത്രീയേ എന്നു വിളിക്കുമ്പോൾ യേശു ഉദ്ദേശിച്ചത്? ഇതു മാത്രമാണോ യോഹന്നാന്റെ വിവരണത്തിന്റെ ലക്ഷ്യം?

വിവാഹവിരുന്നിൽ വീഞ്ഞുതീർന്ന കാര്യം പറഞ്ഞ് തന്നെ സമീപിച്ച അമ്മ അനാവശ്യമായി സ്വാധീനം ചെലുത്താൻ ശ്രമിച്ചതായി യേശു കരുതിയെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെ രണ്ടാമതൊരിക്കൽക്കൂടി അതേ അഭിസംബോധന ഉപയോഗിക്കുന്നത് സംശയം ജനിപ്പിക്കുന്നു. കുരിശിൽ മരിക്കുന്നതിനു തൊട്ടുമുൻപ് സ്ത്രീയേ ഇതാ നിന്റെ മകൻ എന്നു പറയുമ്പോൾ എന്തെങ്കിലും അവിഹിതമായ സ്വാധീനമോ അവകാശവാദമോ ഒന്നും കാരണമായി പറയാനില്ല. മരിക്കാൻ പോകുന്ന മകൻ അമ്മയെ തന്റെ ശിഷ്യന് ഏല്പിച്ചുകൊടുക്കുന്നത് തള്ളിപ്പറയുന്നതിന്റെ അടയാളവുമല്ല. ന്യായമായും അമ്മേ എന്ന വിളിയാണ് ഇവിടെ നാം പ്രതീക്ഷിക്കുക. പക്ഷേ കേൾക്കുന്നത് സ്ത്രീയേ എന്ന വിളിയാണ്. അപ്പോൾ ഈ അഭിസംബോധനയ്ക്ക് പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ട് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

കാനായിലും കാൽവരിയിലുമാണ് യേശു തന്റെ അമ്മയെ "സ്ത്രീയേ" എന്നു വിളിക്കുന്നത്. രണ്ടും തമ്മിൽ അഭേദ്യമായ ബന്ധവുമുണ്ട്. യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു

പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് ഗലീലിയായിലെ കാനായിൽ ചെയ്ത ഈ അത്ഭുതം (യോഹ 2,11). ഈ മഹത്ത്വം പൂർണ്ണമായി വെളിപ്പെട്ടത് കുരിശിലാണ്. അങ്ങനെ നോക്കുമ്പോൾ യേശുവിന്റെ മഹത്ത്വീകരണത്തിന്റെ ആരംഭത്തിലും അവസാനത്തിലും അമ്മയുണ്ട്; അമ്മയെ യേശു സ്വാഭാവികമായി "അമ്മേ" എന്നു വിളിക്കുന്നതിനു പകരം "സ്ത്രീയേ" എന്നു വിളിക്കുന്നു. യോഹന്നാൻ മാത്രമാണ് ഈ രണ്ടു സംഭവങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ടിനും ആഴമേറിയതും പ്രതീകാത്മവുമായ അർത്ഥവുമുണ്ട്.

ശാരീരികമായ അമ്മ ആയി മാത്രമല്ല മറിയം ഇവിടെ പ്രത്യക്ഷപ്പെടുന്നത്. മറിയം യേശുവിന്റെ അമ്മയാണെന്ന് ഓരോ തവണയും യോഹന്നാൻ പറയുന്നുണ്ടെങ്കിലും "അമ്മ" എന്നതിലുപരി "സ്ത്രീ" ആയിട്ടാണ് ഇവിടെ അവൾ നിലകൊള്ളുന്നത്. ഒരേ സമയം വലിയൊരു പ്രതീകവും സ്ത്രീത്വത്തിന്റെ മുഴുവൻ പ്രതിനിധിയുമാണ്. രക്ഷാചരിത്രത്തിന്റെ തുടക്കത്തിൽ നല്കപ്പെട്ട ആദ്യവാഗ്ദാനത്തിലേക്കു വിരൽ ചൂണ്ടുന്നതാണ് "സ്ത്രീയേ" എന്ന അഭിസംബോധനാരൂപം. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേല്പിക്കുകയും ചെയ്യും" (ഉൽപ 3, 15) എന്ന പ്രവചനത്തിന്റെ പൂർത്തീകരണമാണ് ഈ അഭിസംബോധനയിലൂടെ എടുത്തു കാട്ടുന്നത്. അമ്മേ എന്നു വിളിച്ചാൽ ഈ അർത്ഥവ്യാപ്തി ഉണ്ടാവുകയില്ല. തിന്മയുടെ ശക്തിയോടു നിരന്തര പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതീകവും പ്രതിനിധിയുമാകുന്നു സ്ത്രീ.

മനുഷ്യവർഗ്ഗത്തിന്റെ പതനത്തിന് ഒരു സ്ത്രീ കാരണമായിത്തീർന്നു. അതുപോലെ പാപത്തിൽനിന്നുള്ള മോചനത്തിൽ ഒരു സ്ത്രീ സഹകാരിണിയാകുന്നു എന്ന സത്യമാണ് കാനായിലും കാൽവരിയിലും പ്രഘോഷിക്കപ്പെടുന്നത്.

മനുഷ്യന് പാപത്തിൽനിന്നു രക്ഷ നല്കുന്നത് യേശുക്രിസ്തുവാണ്. അവിടുന്നാണ് സർപ്പത്തിന്റെ തല തകർക്കുന്ന "സ്ത്രീയിൽനിന്നു ജനിച്ചവൻ." എന്നാൽ യേശുവിനു ജന്മം നല്കിയ മറിയവും പ്രവചനത്തിന്റെ പൂർത്തീകരണത്തിന്റെ ഭാഗമാണ്. രക്ഷകനോട് ഏറ്റം അടുത്തു സഹകരിച്ച വ്യക്തി, അഥവാ സഹരക്ഷക

എന്ന അർത്ഥത്തിലാണ് യേശു തന്റെ അമ്മയെ "സ്ത്രീയേ" എന്നു വിളിക്കുന്നത്. ഇതു തള്ളിപ്പറയലോ ശാസനയോ അല്ല, പരമമായ അംഗീകാരമാണ്.

കാനായിൽവച്ച് മറിയത്തിന്റെ യാചന തിരസ്ക്കരിച്ചില്ല എന്നതും ശ്രദ്ധേയമത്രേ. "എനിക്കും നിനക്കും എന്ത്?" എന്ന ചോദ്യത്തിന് പല അർത്ഥതലങ്ങളും വ്യാഖ്യാനസാധ്യതകളുണ്ട്. സുവിശേഷത്തിന്റെ മൊത്തം സാഹചര്യം കണക്കിലെടുക്കുമ്പോൾ സ്വീകാര്യമായ വ്യാഖ്യാനം ഇതാണ്: ഈ യാചനയുടെ അർത്ഥം നന്നായി ഗ്രഹിക്കുന്നുണ്ടോ? ഇതിലൂടെ എനിക്കും നിനക്കും എന്താണ് സംഭവിക്കുന്നത് എന്നറിയാമോ? എന്റെ സമയം ഇനിയും ആയിട്ടില്ല. നിന്റെ യാചന സ്വീകരിച്ച് ഇപ്പോൾ അത്ഭുതകരമായി ഇവിടെ വീഞ്ഞു നല്കുകയെന്നാൽ ആ സമയം തുടങ്ങുക എന്നാണ് അർത്ഥമാവുക. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ, കുരിശുമരണത്തിലേക്കുള്ള എന്റെ യാത്ര ആരംഭിക്കുക എന്നാണ് അതിനർത്ഥം. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ സമയം അവിടുത്തെ മരണം വഴിയുള്ള മഹത്ത്വീകരണത്തെയാണ് സൂചിപ്പിക്കുന്നത്.

പിന്നീട് യാചനയോ തർക്കമോ ഇല്ല, മറിയം പരിചാരകരെ ഉപദേശിച്ചു; യേശു അവർക്കു നിർദ്ദേശം നല്കി. വെള്ളം വീഞ്ഞായി, മഹത്ത്വീകരണത്തിന്റെ തുടക്കമായി. യേശു മറിയത്തിന്റെ മാധ്യസ്ഥ്യം സ്വീകരിച്ചു. കാൽവരിയിലാകട്ടെ യേശു തന്നെയാണ് മുൻകൈ എടുക്കുന്നത്. സ്ത്രീയേ ഇതാ നിന്റെ മകൻ, ഇതാ നിന്റെ അമ്മ എന്ന വചനത്തിലൂടെ മറിയത്തെ സഭാമാതാവായും ശിഷ്യസമൂഹത്തെ മറിയത്തിന്റെ മക്കളായും പ്രഖ്യാപിക്കുകയാണ്. ഈ രണ്ടു സംഭവങ്ങളിലൂടെയും ലഭിക്കുന്ന അറിവും വെളിപ്പെടുന്ന സത്യവും അംഗീകരിച്ച്, അതനുസരിച്ചു പ്രവർത്തിക്കുക മാത്രമാണ് കത്തോലിക്കാസഭ ചെയ്യുന്നത്.

## 26. മഗ്ദലേനാ വേശ്യയോ?

*പശ്ചാത്തപിക്കുന്ന പാപികളുടെ മാതൃകയായി മറിയം മഗ്ദലേനായെ എടുത്തുകാട്ടാറുണ്ട്. ഇതിന് എന്തെങ്കിലും ചരിത്രപരമായ തെളിവുണ്ടോ?*

സുവിശേഷപ്രസംഗങ്ങളിലും സഭയുടെ ചില ഔദ്യോഗികപ്രാർത്ഥനകളിൽപോലും കാണുന്ന ഒരു വിശ്വാസത്തിലേക്കാണ് ചോദ്യകർത്താവ് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. മഗ്ദലേനാ ഒരു പരസ്യവേശ്യയായിരുന്നു എന്നും മാനസാന്തരപ്പെട്ട് യേശുവിനെ അനുഗമിച്ച അവൾ പശ്ചാത്താപത്തിന്റെയും ശിഷ്യത്വത്തിന്റെയും മാതൃകയാണെന്നും ഒരു ധാരണ പൊതുവേ നിലനില്ക്കുന്നുണ്ട്. എന്നാൽ സുവിശേഷങ്ങളിൽ ഇങ്ങനെ ഒരു ധാരണയ്ക്ക് യാതൊരു അടിസ്ഥാനവും കാണുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

നാലു സുവിശേഷങ്ങളിലും പ്രത്യക്ഷപ്പെടുന്ന ഒരു പ്രധാന വ്യക്തിയാണ് മറിയം മഗ്ദലേനാ. കുരിശിൻചുവട്ടിലും ശൂന്യമായ കല്ലറയുടെ മുമ്പിലുമാണ് അവൾ മുഖ്യമായും പ്രത്യക്ഷപ്പെടുന്നത്. യേശുവിനെ അനുഗമിച്ചിരുന്ന ഗലീലിയിൽനിന്നുള്ള സ്ത്രീകളിൽ ഒരുവളായി ലൂക്കാ 8,2 ൽ മഗ്ദലേനാ പ്രത്യക്ഷപ്പെടുന്നുണ്ട്. അവളിൽ നിന്ന് യേശു ഏഴു പിശാചുക്കളെ ബഹിഷ്ക്കരിച്ചു എന്ന് ലൂക്കാ 8,2; മർക്കോ 16,9 എന്നീ സുവിശേഷഭാഗങ്ങളിൽ രേഖപ്പെടുത്തിയിരുന്നു. വേശ്യാവൃത്തിയെ പിശാചുബാധയായി ബൈബിൾ കാണുന്നില്ല. എന്നാൽ അവൾ ഒരു പരസ്യപാപിനിയായിരുന്നു എന്ന് ഒരു സുവിശേഷകനും രേഖപ്പെടുത്തിയിട്ടില്ല; തന്നെയുമല്ല, അങ്ങനെ ഒരു നിഗമനത്തിനു വിരു

ഢമായി നില്ക്കുന്നതാണ് സുവിശേഷങ്ങളിലെ പരാമർശങ്ങൾ എല്ലാംതന്നെ. പിന്നെ എങ്ങിനെയാണ് മഗ്ദലേനായുടെ മേൽ വേശ്യയുടെ കുപ്പായം വന്നുവീണത്?

ഏ.ഡി. ആറാം നൂറ്റാണ്ടു മുതലാണ് മറിയം മഗ്ദലേനാ പരസ്യപാപിനിയായിരുന്നു എന്ന ഒരു ധാരണ പ്രചരിക്കാൻ തുടങ്ങിയത്; അതും പാശ്ചാത്യസഭയിൽ മാത്രം. വളരെക്കാലത്തിനു ശേഷമാണ് ഈ ധാരണ സാർവ്വത്രികമായി വ്യാപിച്ചത്. മറിയം മഗ്ദലേനാ പരസ്യപാപിനിയായിരുന്നു എന്ന ധാരണയ്ക്ക് അടിസ്ഥാനമായി നിന്നത് മുഖ്യമായും മഗ്ദലേനാ എന്ന പേരു സൂചിപ്പിക്കുന്ന നഗരത്തിന്റെ പ്രത്യേകതയാണ്.

ഗലീലിത്തടാകതീരത്ത്, ടൈബീരിയാസ് പട്ടണത്തിനു വടക്കായി സ്ഥിതിചെയ്തിരുന്ന സാമാന്യം വലിയ ഒരു നഗരമായിരുന്നു മാഗ്ദല. പുരാവസ്തു ഗവേഷകന്മാർ ആ നഗരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ട്. ഏകദേശം അമ്പതിനായിരം ആളുകൾ വസിച്ചിരുന്ന ഒരു നഗരമായിരുന്നത്രേ മാഗ്ദല. സമ്പന്നമായിരുന്നു ആ നഗരം, അതോടൊപ്പം ധാർമ്മികമായി തീർത്തും അധഃപതിച്ചതും ആയിരുന്നു. അധികപങ്കും വിജാതീയർ വസിച്ചിരുന്ന ആ നഗരത്തിൽ വിഗ്രഹാരാധനയും വേശ്യാവൃത്തിയും വ്യാപകമായിരുന്നു. അധാർമ്മികതയുടെ പേരിൽ ദൈവം ആ നഗരത്തെ നശിപ്പിച്ചുകളഞ്ഞു എന്നാണ് യഹൂദറബ്ബിമാരുടെ വാദം. നഗരത്തിന്റെ സ്വഭാവം നഗരവാസിയിൽ ആരോപിക്കപ്പെട്ടതാണ് മഗ്ദലേനാ വേശ്യയായി പരിഗണിക്കപ്പെടാൻ കാരണം. സുവിശേഷങ്ങളിലെ ചില പരാമർശങ്ങളുടെ ദുർവ്യാഖ്യാനവും ഈ തെറ്റിദ്ധാരണയ്ക്കു വഴിതെളിച്ചു.

ലൂക്കാ 7,36-50 ൽ ഒരു പരസ്യപാപിനിയെക്കുറിച്ചു പറയുന്നുണ്ട്. ശിമയോന്റെ വീട്ടിൽ വിരുന്നിനിരുന്ന യേശുവിന്റെ കാൽക്കൽ കുമ്പിട്ടു കണ്ണീരൊഴുക്കുകയും പാദങ്ങളിൽ സുഗന്ധതൈലം പൂശുകയും ചെയ്തവൾ അനുതാപത്തിന്റെ മാതൃകയാണ്. ആ സ്ത്രീതന്നെയാണ് മറിയം മഗ്ദലേനാ എന്ന നിഗമനത്തിലേക്ക് ആറാം നൂറ്റാണ്ടിൽ എത്തിച്ചേരുകയായിരുന്നു. എന്നാൽ ഈ വിവരണത്തിനു തൊട്ടുപിന്നാലെ 8,2 ൽ ലൂക്കാ മഗ്ദലേനാ എന്നു വിളിക്കപ്പെടുന്ന മറിയത്തെ അവതരിപ്പിക്കുന്നത് തികച്ചും പുതിയ ഒരു വ്യക്തിയായിട്ടാണ്. മുൻവിധികൂടാതെ സുവിശേഷം വായി

ക്കുന്നവർക്ക് ഈ രണ്ടു വ്യക്തികളെയും രണ്ടായിട്ടു മാത്രമേ കാണാൻ കഴിയൂ.

സുവിശേഷത്തിൽ പേരുപറയുന്ന വ്യക്തികളുടെ പേരും മറ്റു വിശദവിവരങ്ങളും അറിയാനുള്ള പ്രവണത പൊതുവേ ദൃശ്യമാണ്. ഇതിന്റെ ഫലം പലപ്പോഴും ഭാവനാസൃഷ്ടികളായിരിക്കും. മഗ്ദലേനായുടെ കാര്യത്തിൽ ഇത് കൂടുതൽ അന്വർത്ഥമായി. ശിമയോന്റെ വീട്ടിൽ വച്ചു കരഞ്ഞ പാപിനിയുടെ ഊരും പേരും തേടിയവർ വേറെ ചില രസകരമായ കണ്ടുപിടുത്തങ്ങളും നടത്തി. ലാസറിന്റെ സഹോദരി മറിയം തന്നെയാണ് ഈ പാപിനിയായ മഗ്ദലേനാ മറിയം എന്നതാണ് ഒരു കണ്ടുപിടുത്തം. ഇതിന് അടിസ്ഥാനമായി നില്ക്കുന്നത് തൈലം പൂശലാണ്. ബഥാനിയായിൽ ഭക്ഷണത്തിനിരുന്ന യേശുവിന്റെ പാദങ്ങളിൽ മറിയം വിലയേറിയ സുഗന്ധതൈലം പൂശി എന്ന് യോഹ 12,3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിൽവച്ചാണ് ഇതു സംഭവിച്ചതെന്ന് ആദ്യത്തെ രണ്ടു സുവിശേഷകന്മാരും രേഖപ്പെടുത്തുന്നു (മത്താ 26,6; മർക്കോ 14,3). ബഥാനിയായിലെ തൈലാഭിഷേകം ലൂക്കാ രേഖപ്പെടുത്തിയിട്ടില്ല. ഈ വസ്തുതകളെല്ലാം കൂടി പരിഗണിച്ചു കൊണ്ടാണ് പാപിനിയായ സ്ത്രീ, മറിയം മഗ്ദലേനാ, ലാസറിന്റെ സഹോദരി മറിയം എന്നീ മൂന്നു വ്യക്തികളെ ഒറ്റ വ്യക്തിയായി ചിത്രീകരിച്ചത്.

ഒരു പടികൂടി കടന്ന് നാലാമതൊരു വ്യക്തിയും മഗ്ദലേനാ പാരമ്പര്യത്തിലേക്കു കടന്നുവന്നിട്ടുണ്ട്. യോഹ 8,1-11 ൽ പിടിക്കപ്പെട്ട ഒരു പാപിനിയെക്കുറിച്ചുള്ള വിവരണമുണ്ട്. ഇതും മഗ്ദലേനാതന്നെ ആയിരുന്നു എന്നാണ് ഏറ്റം അവസാനത്തെ നിഗമനം. കാടുകയറുന്ന ഭാവനയുടെ സൃഷ്ടി എന്നല്ലാതെ ചരിത്രവസ്തുതകളായി ഈ നിഗമനങ്ങളെ കാണാനാവില്ല.

ഗലീലിയിലെ ഒരു നഗരമാണ് മാഗ്ദല. അവിടെനിന്നുള്ള ഒരു ശിഷ്യയാണ് മറിയം മഗ്ദലേനാ. ലാസറിന്റെ സഹോദരി ബെഥാനിയായിലാണ് വസിച്ചിരുന്നത്. രണ്ടുംതമ്മിൽ നൂറ്റമ്പതോളം കിലോമീറ്റർ അകലമുണ്ട്. മറിയം മഗ്ദലേനാ പാപിനിയായിരുന്നു എന്ന് ഒരു സുവിശേഷകനും പറയുന്നില്ല; പാപിനിയായ സ്ത്രീയുടെ പേര് ലൂക്കായോ യോഹന്നാനോ വെളിപ്പെടുത്തുന്നുമില്ല. അതിനാൽ മേൽ വിവരിച്ച നാലു വ്യക്തികളെ സുവിശേഷ

ങ്ങൾ അവതരിപ്പിക്കുന്ന വിധത്തിൽ വ്യത്യസ്തവ്യക്തികളായി കരുതുകയാണ് ഉചിതം.

മറിയം മഗ്ദലേനാ ശിഷ്യത്വത്തിന്റെ ഉത്തമമാതൃകയാണ്. യേശുവിനെ അനുഗമിക്കുകയും സ്വന്തം സമ്പാദ്യം കൊണ്ട് യേശുവിനും ശിഷ്യസമൂഹത്തിനും സേവനം അനുഷ്ഠിക്കുകയും ചെയ്ത അവൾ മറ്റെല്ലാവരും ഓടിഒളിച്ചപ്പോഴും ചുരുക്കം ചില സ്ത്രീകളോടൊപ്പം കുരിശിൻ ചുവട്ടിൽ പതറാതെ നിന്നു. മരണത്തെ മറികടന്നതാണ് അവളുടെ വിശ്വാസവും സ്നേഹവും. ശൂന്യമായ കല്ലറയുടെ മുമ്പിൽ കരഞ്ഞുകൊണ്ടുനിന്ന അവൾക്കാണ് ഉത്ഥിതന്റെ ദർശനം ആദ്യമെ ലഭിച്ചത്; ഒളിച്ചിരുന്ന ശിഷ്യന്മാരുടെ അടുക്കലേക്ക് ഉത്ഥാനത്തിന്റെ സുവിശേഷവുമായി അവളെയാണ് യേശു അയച്ചത്. ആദിമക്രൈസ്തവസമൂഹത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം മറിയം മഗ്ദലേനായ്ക്ക് ഉണ്ടായിരുന്നു. സഭയിൽപുരുഷമേധാവിത്വം വർദ്ധിക്കുകയും സ്ത്രീകൾ സാവകാശം പിൻനിരയിലേക്കു തള്ളപ്പെടുകയും ചെയ്തപ്പോഴാവാം ധീരയായ മഗ്ദലേനാ പശ്ചാത്തപിച്ച വേശ്യയായി പരിഗണിക്കപ്പെടാൻ തുടങ്ങിയത്.

# 27. അന്തിക്രിസ്തു

*താഴെ വരുന്ന ബൈബിൾ ഭാഗങ്ങളിൽ 'അന്തിക്രിസ്തു' വിനെക്കുറിച്ചു പറയുന്നു: മർക്കോ 13,22; 2 തെസ 2,4; 1 യോഹ 2,18 –22. ആരാണ് ഈ അന്തിക്രിസ്തു?*

ചോദ്യകർത്താവു ചൂണ്ടിക്കാണിച്ചിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ രണ്ടു വ്യത്യസ്ത വ്യക്തികളെക്കുറിച്ചു പരാമർശിക്കുന്നവയാണ്. മർക്കോ 13,22. "കള്ളക്രിസ്തു"മാരെക്കുറിച്ചു പ്രതിപാദിക്കുന്നു. അവർ ആരാണെന്ന് വായനക്കാർക്ക് അറിയാം എന്ന ധാരണയോടെയാണ് യോഹന്നാൻ എഴുതുന്നത്. 1 യോഹ 4,3; 2 യോഹ 7 എന്നീ ബൈബിൾ ഭാഗങ്ങളിലും അന്തിക്രിസ്തുവിനെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. 2 തെസ 2,4 നാശത്തിന്റെ സന്താനമായ അരാജകത്വത്തിന്റെ മനുഷ്യനെക്കുറിച്ചാണു പറയുന്നത്. അന്തിക്രിസ്തു എന്ന പേര് ഇവിടെ കാണുന്നില്ല. എന്നാലും ഇതും യോഹന്നാൻ പ്രതിപാദിക്കുന്ന അന്തിക്രിസ്തുവും ഒരാളെത്തന്നെയാണു സൂചിപ്പിക്കുന്നത് എന്ന് ഊഹിക്കാൻ മതിയായ ന്യായമുണ്ട്.

## കള്ളക്രിസ്തു

ദാവീദിന്റെ ഗോത്രത്തിൽ നിന്നൊരാൾ ഇസ്രായേൽ രാജാവായി എന്നും ഭരിക്കാനുണ്ടാവും എന്ന വിശ്വാസം നാഥാന്റെ പ്രവചനത്തിൽ വേരൂന്നി വളർന്നു (2 സാമു 7, 12–17). ബാബിലോൺ പ്രവാസത്തോടെ ഇസ്രായേലിലെ രാജത്വം അവസാനിച്ചെങ്കിലും ദൈവം ഒരു രാജാവിനെ അയച്ച് ദാവീദിന്റെ സിംഹാസനം പുനഃസ്ഥാപിക്കും എന്ന പ്രതീക്ഷ കാലം കഴിയുന്തോറും ശക്തിപ്പെട്ടു വന്നു. ഇസ്രായേലിനെ വിദേശാധിപത്യത്തിൽനിന്നു മോചിപ്പി

ക്കാൻ വരുന്ന രാജാവിനെ കർത്താവിന്റെ അഭിഷിക്തൻ – അഥവാ മിശിഹാ – എന്ന് അവർ വിളിച്ചു. മിശിഹാ എന്ന ഹെബ്രായ പദത്തിന്റെ ഗ്രീക്കു രൂപമാണു ക്രിസ്തു.

യേശുവിന്റെ കാലമായപ്പോഴേക്കും ഈ പ്രതീക്ഷ ഇസ്രായേലിൽ വളരെ ശക്തമായിരുന്നു. ജനം പ്രതീക്ഷിക്കുന്ന രക്ഷകനും രാജാവുമായ ക്രിസ്തു താനാണെന്നു പറഞ്ഞ് ഈ കാലഘട്ടത്തിൽ പലരും രംഗപ്രവേശം ചെയ്തതായി യഹൂദചരിത്രകാരനായ ജൊസേഫൂസ് ഫ്ളാവിയൂസ് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവാണെന്ന് അവകാശപ്പെട്ട ഒരു തെവുദാസിനെയും ഗലീലിക്കാരനായ യൂദാസിനെയുംകുറിച്ച് അപ്പ 5,36–37 പരാമർശിക്കുന്നുണ്ട്. ഇപ്രകാരം പലരും കടന്നുവന്നതായി കാണാം. ഏ.ഡി. 66–ൽ റോമാക്കാർക്കെതിരേ യുദ്ധം ചെയ്യാൻ ഇസ്രായേൽക്കാരെ പ്രേരിപ്പിച്ചതും ഇപ്രകാരമുള്ള “ക്രിസ്തു”മാരായിരുന്നു. ജനങ്ങളെ വഴിതെറ്റിക്കുന്ന ഇവരെക്കുറിച്ചാണു സുവിശേഷങ്ങൾ “കള്ളക്രിസ്തുമാർ” (മത്താ 24,23–26; മർക്കോ 13,22) എന്നു പറയുന്നത്.

ഇസ്രായേൽജനത്തെ മരുഭൂമിയിലൂടെ നയിക്കുകയും അത്ഭുതകരമായി അവരെ പരിപാലിക്കുകയും ചെയ്ത മോശയെപ്പോലെ അത്ഭുതകരമായ പുതിയ പുറപ്പാടു നയിക്കാമെന്ന വാഗ്ദാനമാണു കള്ളക്രിസ്തുമാർ നൽകുന്നത്. മരുഭൂമിയിൽ പ്രത്യക്ഷപ്പെടുന്നതിനേയും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനേയും കുറിച്ചുള്ള സൂചനകൾ ഏ.ഡി. ഒന്നാം നൂറ്റാണ്ടിലെ സംഭവങ്ങളിലേക്കു വിരൽചൂണ്ടുന്നു. അത്ഭുതപ്രവർത്തനങ്ങളും ലോകാവസാനത്തെ സംബന്ധിക്കുന്ന പ്രവചനങ്ങളുംവഴി ആരും ഒരിക്കലും വഴിതെറ്റിക്കപ്പെടരുത് എന്ന പഠനവും ഈ സുവിശേഷഭാഗങ്ങൾ നൽകുന്നു. ക്രിസ്തു ഒരുവനേയുള്ളൂ. അതു നസ്രത്തിലെ യേശുവാണ്. അവൻ മടങ്ങിവരുന്നത് എപ്പോഴാണെന്ന് ആർക്കും അറിയാത്തതിനാൽ എപ്പോഴും ഒരുങ്ങിയിരിക്കണം എന്ന ഉപദേശവും ഇവിടെ കാണാം.

## അന്തിക്രിസ്തു

“കള്ളക്രിസ്തു”മാരിൽനിന്നു തികച്ചും വ്യത്യസ്തമായ ഒന്നാണ് അന്തിക്രിസ്തു. 1 യോഹ 2,18–22; 4,3; 2 യോഹ 7 എന്നീ ബൈബിൾ ഭാഗങ്ങളിൽ മാത്രമേ ഈ പദം പ്രത്യക്ഷപ്പെടുന്നുള്ളൂ. എങ്കിലും ഇതിന് പിന്നിലുള്ള ആശയം മറ്റു പല ഭാഗങ്ങളിലും

കാണാം. "പകരം" എന്നും "എതിരെ" എന്നും അർത്ഥമുള്ള "ആന്റി" (Anti) എന്ന ഉപസർഗ്ഗം ക്രിസ്തോസ് എന്ന പദത്തോടു ചേർന്നുണ്ടാകുന്ന ആന്റികിസ്തോസ്, എന്ന ഗ്രീക്കു നാമമാണ് "അന്തിക്രിസ്തു," എന്നു തർജ്ജമ ചെയ്തിരിക്കുന്നത്. "പ്രതിക്രിസ്തു," എന്ന് ഇതിനെ അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യാം. ക്രിസ്തുവിന്റെ പ്രതിപുരുഷൻ എന്നും പ്രതിയോഗി എന്നും അർത്ഥമുണ്ട്. ക്രിസ്തുവായി പ്രത്യക്ഷപ്പെടുകയും യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ എതിരാളിയായിരിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. തിന്മയുടെ അഥവാ സാത്താന്റെ അവതാരമാണിത്. പക്ഷേ ഏതെങ്കിലും ഒരു ചരിത്രപുരിഷനെയാണോ ഈ പദം സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ ഭിന്നാഭിപ്രായമാണുള്ളത്. നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം അതിരൂക്ഷമാണെന്നും അവസാനം നന്മ വിജയം വരിക്കുമെന്നുമുള്ള വിശ്വാസം മിക്കവാറും എല്ലാ സംസ്കാരങ്ങളിലും കാണാം. ബൈബിളിലെ അന്തിക്രിസ്തു എന്ന സങ്കല്പത്തിലും ഈ വിശ്വാസം പ്രതിഫലിക്കുന്നുണ്ട്.

ബാബിലോണിയൻ ഇതിഹാസമായ "എനുമാഏലിഷ്" ഇപ്രകാരമൊരു സംഘട്ടനത്തെ ചിത്രീകരിക്കുന്നതു ശ്രദ്ധേയമാണ്. ദേവസമൂഹത്തെ ഒന്നടങ്കം നശിപ്പിക്കാൻ ശ്രമിച്ച തിയാമത് എന്ന ജലദേവതയെ മർദുക്ക് ദേവൻ രണ്ടായി പിളർന്ന് മുകൾ ഭാഗം കൊണ്ട് ആകാശവും കീഴ്ഭാഗംകൊണ്ട് ഭൂമിയും സൃഷ്ടിച്ചു എന്നതാണു കഥയുടെ ചുരുക്കം. സർവ്വസംഹാരിണിയായി ചമയുന്ന തിയാമത് അന്തിക്രിസ്തുവിന്റെ ഒരു പ്രാകൃതരൂപമാണെന്നു പറയുന്നു.

ഇസ്രായേൽജനതയെ സംഹരിക്കാനായി വലിയ സൈന്യസന്നാഹങ്ങളോടെ വടക്കുനിന്നു വരുന്ന മാഗോഗ് ദേശത്തിന്റെ അധിപനായ ഗോഗിനെക്കുറിച്ച് എസെക്കിയേൽ (38-39) പ്രവാചകൻ നടത്തിയ പ്രവചനങ്ങളിൽ "അന്തിക്രിസ്തു" സങ്കല്പത്തിന്റെ ആരംഭം കാണാൻ കഴിയും. ഭൂമിയെ മറയ്ക്കുന്ന കാർമേഘംപോലെ ഇസ്രായേലിനെതിരെ പാഞ്ഞടുക്കുന്ന ഗോഗ് ക്രൂരനായ ഏതെങ്കിലുമൊരു സ്വേച്ഛാധിപതി എന്നതിനേക്കാൾ ദൈവജനത്തെ ഉന്മൂലനം ചെയ്യാൻ വരുന്ന സകലശത്രുക്കളുടെയും പ്രതീകമാണ്. ഗോഗിനെ അവന്റെ ശക്തിയുടെ മൂർദ്ധന്യത്തിൽ കർത്താവുതന്നെ നേരിട്ടു നശിപ്പിക്കും എന്ന പ്രഖ്യാപനം വഴി നന്മയും തിന്മയും

തമ്മിലുണ്ടാകുന്ന നിർണ്ണായക യുദ്ധത്തിൽ ദൈവം തിന്മയെ ഉന്മൂലനം ചെയ്യും എന്ന വിശ്വാസമാണ് എസെക്കിയേൽ പ്രകടമാക്കുന്നത്.

ദാനിയേലിന്റെ ദർശനത്തിലെ നാലു മൃഗങ്ങൾ (ദാനി 7,11). പ്രത്യേകിച്ചും ഗ്രീക്കു സാമ്രാജ്യത്തെ സൂചിപ്പിക്കുന്ന നാലാം മൃഗവും അതിന്റെ വമ്പു പറയുന്ന ചെറിയ കൊമ്പും അന്തിക്രിസ്തുവിന്റെ മറ്റൊരു മുന്നോടിയാണ്. ഇസ്രായേൽജനത്തെ അതിക്രൂരമായ മതമർദ്ദനത്തിനിരയാക്കിയ അന്തിയോക്കസ് നാലാമനാണ് ഈ കൊമ്പ്. പിൽക്കാലത്തുണ്ടായ എല്ലാ മർദ്ദനങ്ങളുടെയും മൂലകാരണമായ തിന്മയുടെ ശക്തിയുടെ തന്നെ പ്രതീകമായി മാറി, അയാൾ. അന്തിക്രിസ്തുവിനെക്കുറിച്ചുള്ള പിൽക്കാലസങ്കല്പങ്ങൾ ദാനിയേലിന്റെ ദർശനങ്ങളോടും അന്തിയോക്കസ് നാലാമന്റെ മതമർദ്ദനങ്ങളോടും ഏറെ കടപ്പെട്ടിരിക്കുന്നു.

“പന്ത്രണ്ട് ഗോത്രപിതാക്കന്മാരുടെ ഉടമ്പടി” എന്ന പേരിൽ അറിയപ്പെടുന്ന ഒരു യഹൂദഗ്രന്ഥത്തിൽ ഇസ്രായേൽജനത്തെ ദൈവത്തിൽ നിന്നകറ്റാൻ ശ്രമിക്കുന്ന ബെലിയാർ, പരാമർശിക്കപ്പെടുന്നുണ്ട്. ലേവീ ഗോത്രത്തിൽനിന്നുവരുന്ന മിശിഹാ അവനെ നിത്യാഗ്നിയിലെറിയും എന്ന വിശ്വാസമാണ് ഈ അപ്രമാണിക ഗ്രന്ഥം പ്രകടിപ്പിക്കുന്നത്. മിശിഹായ്ക്ക് എതിരായി നിൽക്കുന്നവൻ എന്ന അർത്ഥത്തിൽ ബെലിയാറിനെ അന്തിക്രിസ്തു എന്നു വിളിക്കാം. ആരാണത് എന്ന് ഈ ഗ്രന്ഥം വ്യക്തമാക്കുന്നില്ല.

ചാവുകടൽ തീരത്തു ഖുമ്റാനിൽ വസിച്ചിരുന്ന എസ്സേൻ സന്യാസസമൂഹത്തിന്റെ ചില ലിഖിതങ്ങളിൽ, പ്രത്യേകിച്ചും യുദ്ധത്തിന്റെ ചുരുൾ എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൽ ബെലിയാർ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രകാശത്തിന്റെ മക്കൾ അന്ധകാരത്തിന്റെ മക്കൾക്കെതിരേ നടത്തുന്ന യുദ്ധത്തിൽ അന്ധകാര സൈന്യത്തിന്റെ തലവനായിട്ടാണ് ബെലിയാർ (ബെലിയാൽ എന്ന് പാഠഭേദം) പ്രത്യക്ഷപ്പെടുന്നത്. നിർണ്ണായകമായ അന്ത്യപോരാട്ടത്തിൽ ദൈവജനത്തിന്റെ കാവൽദൂതനായ മിഖായേൽ ബെലിയാലിനെ തോല്പിച്ചു ലജ്ജിതനാക്കും.

മൂന്നുതലയും പന്ത്രണ്ടു ചിറകുമുള്ള ഒരു കഴുകനെക്കുറിച്ച് “നാലാം എസ്രാ” എന്ന യഹൂദ അപ്രമാണികഗ്രന്ഥം പരാമർശിക്കുന്നുണ്ട്. എല്ലാറ്റിനെയും നശിപ്പിച്ചു മുന്നേറുന്ന കഴുകനെ ഒരു

സിംഹം തോല്പിച്ചു നശിപ്പിക്കുമെന്നാണ് എസ്രായുടെ ദർശനം. കഴുകൻ റോമാ സാമ്രാജ്യത്തിന്റെയും സിംഹം മിശിഹായുടേയും പ്രതീകങ്ങളാണ്. ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥം റോമാസാമ്രാജ്യത്തെ മിശിഹായുടെ എതിരാളി അഥവാ അന്തിക്രിസ്തു ആയി ചിത്രീകരിക്കുന്നു.

സ്വന്തം അമ്മയെ കൊല്ലുകയും ആത്മഹത്യവഴി ജീവിതം ഒടുക്കുകയും ചെയ്ത റോമൻ ചക്രവർത്തിയായ നീറോ യഥാർത്ഥത്തിൽ മരിച്ചിട്ടില്ല എന്നും റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യകളിൽനിന്ന് വലിയ സൈന്യത്തെ ശേഖരിച്ചുകൊണ്ടു റോമാസാമ്രാജ്യവും ജറുസലേം നഗരവും നശിപ്പിക്കാൻ വരും എന്നും ഒരു വിശ്വാസം ഒന്നാം നൂറ്റാണ്ടിന്റെ അവസാന കാലത്തു പ്രചാരത്തിലിരുന്നു. ക്രിസ്തു സഭയ്ക്കെതിരേ ഔദ്യോഗികമായ മതമർദ്ദനത്തിനു തുടക്കം കുറിച്ചു നീറോ അന്തിക്രിസ്തുവിന്റെ മാതൃകയായി യഹൂദഗ്രന്ഥങ്ങളിൽ കാണുന്നു. "സിബില്ലിയൻ പ്രവചനങ്ങൾ" എന്ന ഗ്രന്ഥം മടങ്ങിവരുന്ന നീറോയെ മിശിഹാ പരാജയപ്പെടുത്തും എന്ന വിശ്വാസത്തിനു സാക്ഷ്യം നൽകുന്നു.

അന്തിക്രിസ്തുവിനെക്കുറിച്ചുള്ള പുതിയ നിയമസങ്കല്പത്തിനു പിന്നിൽ മേല്പറഞ്ഞ യഹൂദവിശ്വാസങ്ങളും ഇതിഹാസങ്ങളും ദൃശ്യമാണ്. ലോകാവസാനത്തിനു മുമ്പു സംഭവിക്കാനിരിക്കുന്ന അന്തിമ പോരാട്ടത്തെപ്പറ്റി തെസലോനിക്കാക്കാരെ ഓർമ്മിപ്പിക്കുമ്പോഴാണു പൗലോസ് അരാജകത്വത്തിന്റെ മനുഷ്യനെക്കുറിച്ചു പ്രതിപാദിക്കുന്നത്. ദൈവത്തെ എതിർക്കുകയും ദൈവത്തിനുപരി സ്വയം പ്രതിഷ്ഠിക്കുകയും ചെയ്യുന്ന അയാൾ ആരാണെന്നു പൗലോസ് വ്യക്തമാക്കുന്നില്ല. ഇത് ഏതെങ്കിലും ഒരു വ്യക്തിയാണോ അതോ തിന്മയുടെ മൂർത്തീഭാവമാണോ എന്ന കാര്യത്തിൽ ബൈബിൾ പണ്ഡിതന്മാർ തമ്മിൽ അഭിപ്രായ ഐക്യമില്ല. ഏതായാലും അവസാന നാളിൽ വലിയ ശക്തിയും അത്ഭുതങ്ങളും അടയാളങ്ങളും പ്രകടിപ്പിച്ച് അനേകരെ വഴിതെറ്റിക്കുകയും തന്റെ വിജയത്തിന്റെ പാരമ്യത്തിൽ ക്രിസ്തുവിനാൽ നശിപ്പിക്കപ്പെടുകയും ചെയ്യുന്ന ഇയാൾ അന്തിക്രിസ്തുവായിട്ടാണു ചിത്രീകരിക്കപ്പെടുന്നത് എന്നതിൽ സംശയമില്ല. സത്യത്തെ നിഷേധിക്കുകയും അനീതിയിൽ ആഹ്ലാദിക്കുകയും ചെയ്യുന്ന തിന്മയുടെ ശക്തിതന്നെ അന്തിക്രിസ്തുവായി പ്രത്യക്ഷപ്പെടുന്നു. സത്യത്തിന്റെ അവതാരമായ ക്രിസ്തുവിന്റെ പ്രതിയോഗി അസത്യ

ത്തിന്റെ അവതാരമാണ്. നസ്രത്തിലെ യേശുവിനെപ്പോലെ ഒരു ചരിത്രപുരുഷനായിരിക്കുമോ ഈ പ്രതിയോഗി എന്ന കാര്യത്തിൽ തീർച്ചയില്ല. തിന്മ അതിന്റെ പരമകാഷ്ഠയിലെത്തുമ്പോൾ നശിപ്പിക്കപ്പെടും എന്ന പൊതു വിശ്വാസമാണ് ഇവിടെയും പ്രതിഫലിക്കുന്നത് എന്നു കരുതുകയാവും ഉചിതം. ഖുമ്റാൻ ചുരുളുകളിൽ പ്രത്യക്ഷമാകുന്ന ബെലിയാർ സങ്കല്പം ഇവിടെയും പ്രതിഫലിക്കുന്നുണ്ട്. നുകമില്ലാത്തവൻ എന്നാണ് ബെലിയാർ എന്ന പദത്തിന്റെ അർത്ഥം. നിയമത്തെ നുകമായിട്ടാണു ബൈബിൾ കരുതുന്നത്. നിയമത്തിന്റെ നുകമില്ലാത്തവനെ അരാജകത്വത്തിന്റെ മനുഷ്യൻ എന്നു വിവർത്തനം ചെയ്യുന്നത് നിയമവിരോധി എന്ന അർത്ഥമുള്ള ഗ്രീക്കുപദമാണ് എന്നതും ശ്രദ്ധേയമാണ്.

വെളിപാടിന്റെ പുസ്തകത്തിൽ അന്തിക്രിസ്തു എന്ന പദം ഉപയോഗിക്കപ്പെടുന്നില്ലെങ്കിലും ദൈവത്തിനെതിരായി ഘോര യുദ്ധം നടത്തുന്ന ശക്തികളെക്കുറിച്ചു വ്യക്തമായ പരാമർശങ്ങൾ കാണാം. ആയിരം വർഷത്തെ തടവിനുശേഷം മോചിതനാവുന്ന സാത്താൻ ഗോഗിനെയും മാഗോഗിനെയും ഒന്നിച്ചു കൂട്ടി അസംഖ്യം സൈന്യവുമായി ദൈവജനത്തിനെതിരേ യുദ്ധം ചെയ്യും.എന്നാൽ സ്വർഗ്ഗത്തിൽനിന്ന് അഗ്നിയിറങ്ങി അവരെ വിഴുങ്ങുകയും അവരുടെ നേതാവായ പിശാച് അഗ്നിതടാകത്തിൽ എറിയപ്പെടുകയും ചെയ്യും (വെളി 20,7-10). സാത്താൻ, പിശാച്, ഗോഗ്, മാഗോഗ് ഇവയെല്ലാം ഒന്നിച്ചാണു യുദ്ധത്തിനു പുറപ്പെടുക. ഈ ശക്തിയെ ക്രിസ്തുവിന്റെ എതിരാളിയായിട്ടാണു വെളിപാടു ഗ്രന്ഥകാരൻ കാണുന്നത്. പാതാളത്തിൽനിന്നു കയറിവരുന്ന വെട്ടുക്കിളികൾ (വെളി 9,1-11); മനുഷ്യനെ നശിപ്പിക്കാനായി അയയ്ക്കപ്പെടുന്ന കുതിരപ്പട (വെളി 9,16-19); ഹമാർഗദ്ദോൻ യുദ്ധത്തിനായി സൈന്യത്തെ അണിനിരത്തുന്ന പിശാചുക്കൾ (വെളി 16,12-16); കുഞ്ഞാടിനോടു യുദ്ധം ചെയ്യുന്ന രാജാക്കന്മാർ (വെളി 17, 13-14), ഇവിടെയെല്ലാം അന്തിക്രിസ്തു എന്ന സങ്കല്പത്തിന്റെ വിവിധ രൂപങ്ങൾ പ്രകടമാകുന്നു.

കടലിൽനിന്നും ഭൂമിക്കടിയിൽനിന്നും കയറിവരുന്ന രണ്ടു മൃഗങ്ങൾ (വെളി 13) അന്തിക്രിസ്തുവിന്റെ മറ്റൊരുരൂപം വർണ്ണിക്കുന്നു. സ്ത്രീക്കെതിരെ യുദ്ധം ചെയ്യുകയും സ്ത്രീയുടെ മകനെ വിഴുങ്ങാൻ കാത്തുനില്ക്കുകയും ചെയ്യുന്ന ഉഗ്രസർപ്പം അന്തിക്രിസ്തുവിന്റെ യഥാർത്ഥരൂപം വിശദമാക്കുന്നു. "സാത്താൻ" ആണ്

ഈ സർപ്പമെന്നും സാത്താനിൽനിന്ന് അധികാരം സ്വീകരിക്കുന്ന മൃഗങ്ങൾ സാത്താന്റെ തന്നെ അവതാരങ്ങളാണെന്നും വെളിപാടു ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. യേശുവിന്റെ സഭയെ പീഡിപ്പിക്കുന്ന റോമാസാമ്രാജ്യത്തിൽ മൂർത്തഭാവം സ്വീകരിച്ച തിന്മയുടെ ശക്തി യാണു മൃഗങ്ങൾ. കുഞ്ഞാടിന്റെ എല്ലാ അടയാളങ്ങളും ധരിക്കുന്ന മൃഗം (വെളി 13,11–15) ക്രിസ്തുവിന്റെ പ്രതിയോഗിയായ അന്തി ക്രിസ്തുവാണ്.

മതമർദ്ദനത്തിലൂടെ ക്രിസ്തുവിന്റെ സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയശക്തിയായി വെളിപാടുപുസ്തകം അന്തി ക്രിസ്തുവിനെ ചിത്രീകരിക്കുമ്പോൾ വിശ്വാസികളെ ഉള്ളിൽനിന്ന് നശിപ്പിക്കുന്ന പാഷണ്ഡതയും അന്തഃഛിദ്രവുമായിട്ടാണ് യോഹ ന്നാന്റെ ലേഖനങ്ങൾ അന്തിക്രിസ്തുവിനെ കാണുന്നത്. യേശു ക്രിസ്തു ദൈവപുത്രനാണെന്നു നിഷേധിക്കുന്നവനാണ് അന്തി ക്രിസ്തു (1 യോഹ 2,18–23) എന്നും യേശുക്രിസ്തു മനുഷ്യശ രീരം ധരിച്ചു വന്നു എന്നു സമ്മതിക്കാത്തവനാണ് അന്തിക്രിസ്തു (2 യോഹ 7) എന്നും പറയുമ്പോൾ യേശുവിന്റെ ദൈവത്വത്തെയോ മനുഷ്യത്വത്തെയോ നിഷേധിക്കുന്ന പാഷണ്ഡതയെ അന്തിക്രി സ്തുവായി ചിത്രീകരിക്കുകയാണു ചെയ്യുന്നത്.

ചുരുക്കത്തിൽ, ദൈവജനത്തെ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽനിന്നു വ്യതിചലിപ്പിച്ചു നിത്യനാശത്തിലേക്കു നയി ക്കുന്ന ഏതൊരു ശക്തിയും, അതു രാഷ്ട്രീയമോ സാംസ്കാരി കമോ മതപരമോ ആകട്ടെ, പുതിയ നിയമത്തിന്റെ കാഴ്ച്പ്പാടിൽ അന്തിക്രിസ്തുവാണ്; അഥവാ ക്രിസ്തുവിന്റെ പ്രതിയോഗിയാണ്. മനുഷ്യനെ നാശത്തിലേക്കു നയിക്കുന്ന തിന്മയുടെ ശക്തിയെ സാത്താനായി ചിത്രീകരിക്കുമ്പോൾ അന്തിക്രിസ്തു സാത്താന്റെ അവതാരമായി പ്രത്യക്ഷപ്പെടുന്നു. വെളിപാടു ഗ്രന്ഥങ്ങളുടെ ശൈലിയിൽ ആവൃതമായിട്ടാണ് ഈ സങ്കല്പം പ്രത്യക്ഷപ്പെടു ന്നത് എന്നതിനാൽ ഇതു മനസ്സിലാക്കാൻ പലപ്പോഴും വൈഷമ്യം നേരിടുന്നു.

സഭാചരിത്രത്തിൽ പലപ്പോഴും അന്തിക്രിസ്തു എന്ന സങ്കല്പം പലരിലും ആരോപിക്കപ്പെട്ടതായി കാണാം. റോമാസാ മ്രാജ്യവും പ്രത്യേകിച്ച് നീറോ ചക്രവർത്തിയും ആയിരുന്നു അന്തി ക്രിസ്തുവിന്റെ ഉത്തമമാതൃകകൾ. കത്തോലിക്കാ വിശ്വാസത്തെ

എതിർത്ത പാഷണ്ഡതകളുടെ പ്രണേതാക്കളെ അന്തിക്രിസ്തു മാരായി സഭാപിതാക്കന്മാർ ചിത്രീകരിച്ചു. മദ്ധ്യശതകങ്ങളിൽ സഭാ നേതാക്കന്മാരും സഭാവിരോധികളും അന്തിക്രിസ്തു എന്ന നാമം പരസ്പരം ഉപയോഗിച്ചു. പ്രൊട്ടസ്റ്റന്റു നവീകരണത്തിന്റെ നേതാക്കൾ മാർപ്പാപ്പമാരെ വ്യക്തിപരമായും പാപ്പാ അധികാരത്തെ പൊതുവായും അന്തിക്രിസ്തു എന്നു വിളിച്ചപ്പോൾ കത്തോലിക്കാ സഭാനേതാക്കൾ തങ്ങളുടെ വിരോധികളായ രാജാക്കന്മാർക്കും ദൈവശാസ്ത്രജ്ഞന്മാർക്കും ഈ പേരു നൽകാൻ മടിച്ചില്ല. നീറോ മുതൽ സ്റ്റാൻലിവരെയുള്ള ഭരണാധികാരികളും അന്തിക്രിസ്തുവായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.

വളരെയധികം തെറ്റിദ്ധരിക്കപ്പെടുകയും ദുരുപയോഗിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു സങ്കല്പമാണ് അന്തിക്രിസ്തു ദൈവത്തിനും ദൈവജനത്തിനും എതിരേ, അഥവാ നന്മയ്ക്കെതിരേ നിരന്തരം പോരാടുന്ന തിന്മയുടെ ശക്തിയുടെ മൂർത്തീഭാവമാണ് അന്തിക്രിസ്തു എന്നു ചുരുക്കിപ്പറയാം. ഓരോ കാലഘട്ടത്തിന്റെ പ്രത്യേകതയനുസരിച്ച് ഈ സങ്കല്പത്തിന് ഭാവഭേദങ്ങൾ വന്നുകൊണ്ടിരുന്നു എന്നുമാത്രം.

## 28. ജീവൻ മരിക്കുമോ?

*സുപ്രസിദ്ധനായ ഒരു ധ്യാനഗുരു ഒരിക്കൽ ഇപ്രകാരം പ്രസംഗിക്കുന്നതു കേൾക്കാൻ ഇടയായി: സഹോദരങ്ങളേ, ജീവനും ജീവികളുമുണ്ട്. ജീവൻ ഉള്ളവയാണ് ജീവികൾ. ജീവികൾക്കു ജനിമൃതികളുണ്ട്. അവ ജനിക്കുന്നു, മരിക്കുന്നു. എന്നാൽ ജീവൻ ഒരിക്കലും മരിക്കുന്നില്ല. യേശുക്രിസ്തു ഒരു ജീവിയല്ല, ജീവൻതന്നെയാണ്. "വഴിയും സത്യവും ജീവനും ഞാനാണ്" (യോഹ 14,6). ആകയാൽ യേശുക്രിസ്തുവിനു മരണമില്ല. ഈ പ്രമേയത്തിന് ഉപോദ്ബലകമായി മറ്റൊരു വാദവും ധ്യാനഗുരു ഉന്നയിച്ചു. "പിതാവേ, അവിടുത്തെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23,46) എന്നു പറഞ്ഞ് സ്വന്തം ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിക്കുകയാണ് യേശു ചെയ്തത്. അതിനാൽ യേശു മരിച്ചു എന്നു പറയുന്നത് സാധാരണ മനുഷ്യരുടെ മരണം പോലെയല്ല മനസ്സിലാക്കേണ്ടത്. കേൾവിക്കാരിൽ പലരും അസ്വസ്ഥരായി, ചോദ്യങ്ങൾ ഉന്നയിച്ചു. പക്ഷേ ധ്യാനഗുരു തന്റെ നിലപാടിൽ ഉറച്ചുനിന്നു. ജീവികൾ മരിക്കുന്നു, ജീവൻ മരിക്കുന്നില്ല. ജീവനായ യേശു മരിച്ചില്ല. ഈ വ്യാഖ്യാനം ബൈബിളിന്റെയും സഭയുടെ ആധികാരിക പ്രബോധനത്തിന്റെയും വെളിച്ചത്തിൽ സ്വീകരിക്കാനാകുമോ?*

പ്രത്യക്ഷത്തിൽ സത്യം എന്നു തോന്നാവുന്ന ഈ പ്രബോധനം അപകടകാരികളായ അനേകം പാഷണ്ഡതകളുടെ ഒരു സമാഹാരമാണ്; തന്നെയുമല്ല, ഇതിനെ സത്യമായി സ്വീകരിച്ചാൽ കത്തോലിക്കാസഭയുടെ മിക്ക പ്രബോധനങ്ങളും, സഭയുടെ തന്നെ ലക്ഷ്യവും നിലനില്പും അപകടത്തിലാകുക മാത്രമല്ല, അർത്ഥശൂന്യവുമായിത്തീരുകയും ചെയ്യും.

“ജീവൻ മരിക്കുന്നില്ല” എന്ന പ്രസ്താവന പ്രത്യക്ഷത്തിൽ സത്യവും യുക്തിക്കു നിരക്കുന്നതുമാണ്. ജീവന് എങ്ങനെയാണ് മരിക്കാൻ കഴിയുക? പരസ്പരവിരുദ്ധങ്ങളായ യാഥാർത്ഥ്യങ്ങളാണല്ലോ ജീവനും മരണവും. അതിനാൽ ഞാൻ ജീവനാണ് എന്ന സ്വയം വിശേഷിപ്പിച്ചവന് മരിക്കാൻ കഴിയുകയില്ലല്ലോ? എന്നാൽ ഈ പ്രസ്താവനയ്ക്ക് ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങളുണ്ട്. അതിനാൽത്തന്നെ പ്രസ്താവനയും അതിനെ താങ്ങിനിർത്തുന്ന വാദമുഖങ്ങളും ബൈബിളിന്റെയും സഭാപ്രബോധനങ്ങളുടെയും വെളിച്ചത്തിൽ അപഗ്രഥിക്കണം.

ജീവന് മരിക്കാൻ സാധിക്കുകയില്ലെങ്കിൽ ജനിക്കാനും സാധിക്കുകയില്ലല്ലോ? ജനനവും മരണവും ഇല്ലെങ്കിൽ പിന്നെ ഉയിർപ്പുണ്ടാകുമോ? എന്നാൽ കത്തോലിക്കാവിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളാണ് ദൈവപുത്രന്റെ മനുഷ്യാവതാരവും മരണവും ഉയിർപ്പും. അതിനാൽ കത്തോലിക്കാ വിശ്വാസത്തെ പൂർണ്ണമായി തള്ളിപ്പറയുന്നതിനു തുല്യമാണ് യേശുക്രിസ്തു യഥാർത്ഥത്തിൽ മരിച്ചില്ല എന്നു പറയുന്നത്. യേശുവിന്റെ മനുഷ്യപ്രകൃതിയും ജനനവും മരണവും വെറും ഒരു തോന്നൽ മാത്രമായിരുന്നു, യഥാർത്ഥത്തിൽ ദൈവപുത്രൻ ജനിക്കുകയോ മരിക്കുകയോ ചെയ്തില്ല എന്നു പഠിപ്പിച്ച ഡൊസേറ്റിസത്തിന്റെ പ്രതിഫലനം ഈ വിശദീകരണത്തിനു പിന്നിൽ കാണാനാവും.

മരിച്ച്, അടക്കപ്പെട്ടു; പാതാളങ്ങളിൽ ഇറങ്ങി. മൂന്നാം ദിവസം മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നതാണ് അപ്പസ്തോലന്മാർവഴി സഭയ്ക്കു ലഭിച്ച വിശ്വാസം (1 കോറി 15,4). അതിനാൽ യേശുക്രിസ്തു മരിച്ചില്ലെങ്കിൽ അവൻ ഉയിർത്തിട്ടുമില്ല. ദൈവപുത്രന്റെമനുഷ്യാവതാരവും മരണവും ഉത്ഥാനവും വഴി മനുഷ്യവർഗ്ഗത്തിനു മുഴുവൻ രക്ഷ ലഭിച്ചു എന്ന സഭയുടെ വിശ്വാസം വ്യർത്ഥവും അർത്ഥശൂന്യവും അടിസ്ഥാനരഹിതവും ആയിത്തീരുന്നു. ഇത്രയും വലിയ ഭവിഷ്യത്തുകൾ തന്റെ പ്രബോധനത്തിലുണ്ട് എന്നു കരുതി കൊണ്ടായിരിക്കുകയില്ല ധ്യാനഗുരു പഠിപ്പിച്ചത്.

ഭവിഷ്യത്തുകൾ ഏറെ ഉണ്ടെന്നു പറഞ്ഞതുകൊണ്ടുമാത്രം ജീവൻ മരിക്കുമോ എന്ന ചോദ്യത്തിന് ഉത്തരമാകുന്നില്ല. അതിനാൽ എന്താണ് മരണം കൊണ്ടു വിവക്ഷിക്കുന്നത് എന്ന് കൃത്യമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. പിതാവേ, അവിടുത്തെ കര

ങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു എന്നു പറഞ്ഞതിനു ശേഷമാണ് യേശു മരിച്ചതെന്ന് വാദിക്കുന്നതു കേട്ടു. അപ്പോൾ എന്താണ് മരണം? ആത്മാവിനെ സമർപ്പിച്ചതിനുശേഷവും യേശു ജീവിച്ചു എന്ന് ഈ പ്രസ്താവനകൾ അർത്ഥമാക്കുന്നുണ്ടോ?

ശരീരത്തിൽനിന്ന് ആത്മാവു വേർപെടുന്നതിനെയാണ് മരണംകൊണ്ട് അർത്ഥമാക്കുന്നത് (CCC 997; 1005-1019) പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ സമർപ്പിച്ചതുതന്നെയാണ് യേശുവിന്റെ മരണം. ആത്മാവു വേർപെട്ട ശരീരം നിർജ്ജീവമായിത്തീരുന്നു. ജീവനു മരിക്കാൻ സാധിക്കുകയില്ല - എന്ന പ്രസ്താവന ശരിയാണ്. മരിക്കുന്ന ജീവൻ ജീവനല്ല. ജീവൻ ശരീരത്തിൽനിന്നു വേർപിരിയുന്നതാണ് മരണം. മനുഷ്യനെ സംബന്ധിച്ചു പറയുമ്പോൾ ആത്മാവും ശരീരവും യോജിക്കുന്ന നിമിഷമാണ് മനുഷ്യജീവന്റെ തുടക്കം; അവ വേർപിരിയുമ്പോൾ മരണം സംഭവിക്കുന്നു.

ശരീരത്തിൽനിന്നു വേർപിരിയുന്ന ആത്മാവ് മരിക്കുന്നില്ല. ബൈബിളിൽ അധിഷ്ഠിതമായ കത്തോലിക്കാസഭയുടെ പ്രബോധനം അനുസരിച്ച് ശരീരത്തിൽനിന്ന് വേർപെട്ട ആത്മാവ് താഴെ പറയുന്ന മൂന്നിൽ ഏതെങ്കിലും ദുരവസ്ഥയിലായിരിക്കും. 1. ദൈവത്തോടുള്ള പൂർണ്ണമായ ഐക്യത്തിലാണ് ആത്മാവെങ്കിൽ മരണനിമിഷത്തിൽത്തന്നെ അത് സ്വർഗ്ഗത്തിൽ, അഥവാ ദൈവികസാന്നിധ്യത്തിൽ പ്രവേശിച്ച് ദൈവത്തിന്റെ മുഖം ദർശിച്ച്, നിത്യസന്തോഷം അനുഭവിക്കുന്നു. 2. കഠിനമായ പാപംമൂലം ദൈവികജീവൻ നഷ്ടപ്പെട്ട അവസ്ഥയിലാണ് ആത്മാവു വേർപിരിയുന്നതെങ്കിൽ അത് എന്നേക്കുമായി ദൈവസന്നിധിയിൽ നിന്ന് അകറ്റപ്പെടുന്നു, അഥവാ നരകത്തിൽ പതിക്കുന്നു. 3. ലഘുവായ പാപങ്ങൾവഴി ദൈവസ്നേഹത്തിന്റെ പൂർണ്ണതയിൽ എത്താൻ കഴിയാതെ വേർപിരിയുന്ന ആത്മാവ് ശുദ്ധീകരണപ്രക്രിയയ്ക്കു വിധേയമാകുന്നു. ഇതിനെ "ശുദ്ധീകരണസ്ഥലം" എന്നു വിളിക്കുന്നു. ശുദ്ധീകരണം പൂർണ്ണമാകുമ്പോൾ സ്വർഗ്ഗഭാഗ്യത്തിൽ പ്രവേശിക്കുന്നു. ഈ മൂന്നവസ്ഥകളിലും ആത്മാവ് ഇല്ലാതാകുന്നില്ല. ഒരിക്കൽ സൃഷ്ടിക്കപ്പെട്ട മനുഷ്യാത്മാവ് പിന്നീടൊരിക്കലും ഇല്ലാതാകുകയില്ല എന്നാണ് സഭയുടെ പ്രബോധനം. അതിനാൽ ജീവൻ മരിക്കുന്നില്ല എന്ന പ്രസ്താവന മനുഷ്യനെ സംബന്ധിച്ചും ശരിയാണ്.

ജീവൻതന്നെ ആയ യേശുവിന്റെ മരണത്തിൽ എന്താണ് സംഭവിച്ചത്? പരിശുദ്ധ ത്രിത്വത്തിലെ രണ്ടാം ആളായ ദൈവ

പുത്രൻ മനുഷ്യസ്വഭാവം സ്വീകരിച്ച് കന്യകയിൽനിന്ന് പിറന്നപ്പോഴാണ് യേശുക്രിസ്തു ആയത്. ദൈവപുത്രന്റെ ഏക വ്യക്തിത്വത്തിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അതിന്റെ പൂർണ്ണതയിൽ നിലകൊള്ളുന്നു. ദൈവസ്വഭാവത്തിനു മരിക്കാനാവില്ല; മനുഷ്യസ്വഭാവത്തിനേ മരിക്കാൻ കഴിയൂ. അതിനാലാണ് അമർത്യനായ ദൈവവചനം, മർത്ത്യമായ മനുഷ്യപ്രകൃതി സ്വീകരിച്ചത്. ആത്മാവും ശരീരവും ഉൾക്കൊള്ളുന്ന പൂർണ്ണമായ മനുഷ്യപ്രകൃതിയാണ് ദൈവപുത്രൻ സ്വീകരിച്ചത്. അതേസമയം മനുഷ്യസ്വഭാവത്തിൽ പ്രത്യക്ഷപ്പെട്ടതും പ്രവർത്തിച്ചതും ദൈവപുത്രന്റെ വ്യക്തിത്വമായിരുന്നു. പ്രവർത്തനങ്ങളുടെ ഉടമ പ്രകൃതിയല്ല, വ്യക്തിയാണ്. അതിനാൽ മനുഷ്യപ്രകൃതിയിൽ നടന്ന ജനനം, മരണം, ഉത്ഥാനം എന്ന പ്രവൃത്തികളെല്ലാം ദൈവത്തിന്റെ തന്നെ പ്രവൃത്തികളാണ്. അതിനാൽ ദൈവം ജനിച്ചു, ദൈവം മരിച്ചു, ദൈവം ഉയിർത്തെഴുന്നേറ്റു എന്ന് പൂർണ്ണമായ അർത്ഥത്തിൽ പറയാനാവും.

ഈ സത്യം അംഗീകരിക്കാൻ കഴിയാതെ പോയതാണ് നെസ്തോറിയൻ പാഷാണ്ഡതയുടെ കാതൽ. പ. കന്യകാമറിയത്തെ ക്രിസ്തുവിന്റെ അമ്മ (ക്രിസ്തോതോക്കോസ്) എന്നല്ലാതെ ദൈവമാതാവ് (തെയോതോക്കോസ്) എന്നു വിശേഷിപ്പിക്കാൻ സാധിക്കുകയില്ല എന്ന് നെസ്തോറിയൂസ് വാദിച്ചു. മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ മാതാവ് എന്നു വിശഷിപ്പിക്കാനും അദ്ദേഹം ഒരുക്കമായിരുന്നു. എന്നാൽ അതുപോരാ, ദൈവമാതാവ് എന്നുതന്നെ ഏറ്റു പറയണം എന്ന് കൗൺസിൽ പിതാക്കന്മാർ നിർബ്ബന്ധം പിടിച്ചു. അതിന് സമ്മതിക്കാത്ത നെസ്തോറിയസ് സഭയ്ക്കു പുറത്താക്കപ്പെട്ടു; അദ്ദേഹത്തിന്റെ പ്രബോധനം പാഷണ്ഡതയായി തിരസ്ക്കരിക്കപ്പെട്ടു.

യേശുക്രിസ്തുവിൽ ഏകവ്യക്തിത്വമേ ഉള്ളൂ. അതിനാൽ ജനിച്ചതും മരിച്ചതും ഉയിർത്തെഴുന്നേറ്റതും ദൈവം തന്നെ എന്ന് അംഗീകരിച്ചാലേ വിശ്വാസസത്യം പൂർണ്ണമാകൂ. അതേസമയം ജനിച്ചതും മരിച്ചതും പിതാവല്ല, പുത്രനാണ് എന്നും തറപ്പിച്ചു പറയുന്നു. ചുരുക്കത്തിൽ ദൈവം മൂന്നു വ്യക്തികളുടെ ഒരു കൂട്ടായ്മയായ ഏകത്വമാണെന്നും യേശുവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും വ്യത്യസ്തവും വ്യതിരക്തവും ആയി ദൈവപുത്രന്റെ ഏക വ്യക്തിത്വത്തിൽ സമ്മേളിക്കുന്നു എന്നും സഭാപിതാക്കന്മാർ പഠിപ്പിച്ചു.

ഈ വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് യേശുവിന്റെ മരണവും ഉത്ഥാനവും മനസിലാക്കേണ്ടത്. യേശുവിനെ സംബന്ധിച്ചും ശരീരത്തിൽനിന്ന് ആത്മാവു വേർപിരിഞ്ഞതിനെയാണ് മരണം എന്നു വിശേഷിപ്പിക്കുന്നത്. ആത്മാവ് വിട്ടുപോയ ശരീരം സംസ്ക്കരിക്കപ്പെട്ടു, പാതാളങ്ങളിൽ ഇറങ്ങി എന്ന് വിശ്വാസപ്രമാണത്തിൽ എടുത്തുപറയുന്നത്. ശരീരത്തിൽ നിന്നു വേർപിരിയുമ്പോൾ ആത്മാവു മരിക്കുന്നില്ല എന്ന വാദം മനസിലാക്കാനാവും. എന്നാൽ യേശു മരിച്ചില്ല എന്നു പറയുന്നത് അനേകം തെറ്റിദ്ധാരണകൾക്കേ വഴി തെളിക്കൂ.

യേശുവിൽ സംഭവിച്ചത് ഓരോ വിശ്വാസിയിലും സംഭവിക്കും. മരണംവഴി ശരീരത്തിൽനിന്ന് വേർപിരിയുന്ന ആത്മാവ് ദൈവത്തോടൊന്നിച്ചായിരിക്കും. അതിനാൽ യേശു പറഞ്ഞതുപോലെ പിതാവേ അവിടുത്തെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു എന്നു ഓരോ വിശ്വാസിക്കും പറയാൻ കഴിയും. യേശുവിന്റെ ശരീരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതുപോലെ യുഗാന്തത്തിൽ ഓരോ വ്യക്തിയുടെയും ആത്മാവ് അതതുശരീരങ്ങളിൽ പ്രവേശിച്ച് ഉയിർത്തെഴുന്നേല്ക്കും. അതിന്റെ അടിസ്ഥാനവും തെളിവുമാണ് യേശുക്രിസ്തുവിന്റെ മരണവും ഉയിർപ്പും.

# 29. ബലഹീനതയിൽ ശക്തി

*"ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്" (2 കോറി 12,9) എന്ന് യേശു പൗലോസിനോടു പറയുന്നു. ഇവിടെ "ബലഹീനത" എന്ത്?*

വാക്യത്തിന്റെ മുഴുവൻ സാഹചര്യവും കണക്കിലെടുത്താലേ അർത്ഥം വ്യക്തമാകൂ. സുവിശേഷപ്രഘോഷണത്തിലൂടെ വി. പൗലോസ് സ്ഥാപിച്ചതാണ് കോറിന്തോസിലെ ക്രൈസ്തവസഭ. എന്നാൽ പൗലോസ് പട്ടണം വിട്ടപ്പോൾ മറ്റ് സുവിശേഷപ്രഘോഷകർ കോറിന്തോസിൽ വരുകയും പൗലോസിനെതിരേ പ്രചരണങ്ങൾ നടത്തുകയും ചെയ്തു. അപ്പസ്തോലൻ എന്ന നിലയിലുള്ള പൗലോസിന്റെ അധികാരിങ്ങളും പ്രബോധനങ്ങളുടെ വിശ്വസ്തതയും ചോദ്യം ചെയ്യപ്പെട്ടു. ഈ സാഹചര്യത്തിൽ പൗലോസിന് സ്വയം വിശദീകരിക്കുകയും ന്യായീകരിക്കുകയും തന്റെ അപ്പസ്തോലികമായ ആധികാരികത സ്ഥാപിക്കുകയും ചെയ്യേണ്ടിവന്നു.

മറ്റ് അപ്പസ്തോലന്മാരെപ്പോലും താനും ക്രിസ്തുവിനെ കണ്ടിട്ടുണ്ടെന്നും ക്രിസ്തുവിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുക മാത്രമല്ല ഏറെ സഹിക്കുകയും ചെയ്തിട്ടുണ്ടെന്നും വിവരിച്ചതിനുശേഷം (2 കോറി 11,16–33) തനിക്കു ലഭിച്ച പ്രത്യേക വരങ്ങളെയും ആത്മീയാനുഭൂതിയെയും കുറിച്ച് പൗലോസ് പ്രതിപാദിക്കുന്നു (2 കോറി 12,1–6). അഭൗമികമായ ഈ അനുഭൂതികൾ മൂലം അഹങ്കരിക്കാതിരിക്കാൻ ശരീരത്തിൽ ഒരു മുള്ള് എനിക്കു നല്കപ്പെട്ടിരിക്കുന്നു (2 കോറി 12,7) എന്ന് തുടർന്നു പറയുന്നു. ദൈവം അനുവദിച്ചതും സാത്താന്റെ ദൂതൻ എന്ന് വിശേഷിപ്പിക്കുന്നതുമായ എന്തോ ഒന്ന് തന്നെ നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്നതായും അപ്പസ്തോലൻതന്നെ സാക്ഷ്യപ്പെടു

ത്തുന്നു. ഇതിൽനിന്നു മോചനം ലഭിക്കാൻവേണ്ടി പ്രാർത്ഥിച്ചെങ്കിലും ഫലമുണ്ടായില്ല. ഈ സാഹചര്യത്തിലാണ് ചോദ്യവിഷയമായ യേശു വാക്യം പ്രത്യക്ഷപ്പെടുന്നത്. എന്താണ് ഈ മുള്ള് എന്നതിനെക്കു റിച്ച് ബൈബിൾവ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായഐക്യമില്ല. ഇടവിട്ടുണ്ടാകാറുള്ള ഏതോ ഒരു രോഗമായിരുന്നു അതെന്നു കരു തുന്നവരുണ്ട്. മലേറിയമുതൽ അപസ്മാരംവരെ പല രോഗങ്ങളുടെ പേരും നിർദ്ദേശിക്കാറുണ്ട്. മുൻകോപമായിരുന്നു എന്നു മറ്റുചിലർ. ലൈംഗികപ്രലോഭനങ്ങളെന്നു വേറൊരു കൂട്ടർ. വ്യാഖ്യാതാക്കളുടെ അനുഭവവും ഭാവനയും അനുസരിച്ച് മുള്ളിന്റെ സ്വഭാവം മാറുന്നു. ഇതിൽ ഏതാണ് അപ്പസ്തോലൻ ഉദ്ദേശിച്ചത് എന്ന് വ്യക്തമല്ല. ഒരു പക്ഷേ ഇതൊന്നും അല്ലെന്നും വരാം. എന്നാൽ ഒരുകാര്യം വ്യക്ത മാണ്.

അനേകം വരങ്ങളും വലിയ സിദ്ധികളും ഉണ്ടായിരുന്നെ ങ്കിലും തന്റെ ബലഹീനതകളെക്കുറിച്ചും അപ്പസ്തോലന് പൂർണ്ണ മായ ബോധ്യമുണ്ടായിരുന്നു. ഈ ബലഹീനതയിൽനിന്നു മോചനം നേടണം എന്ന് തീവ്രമായി ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥി ക്കുകയും ചെയ്തെങ്കിലും ഫലമുണ്ടായില്ല. മനുഷ്യന്റെ ബലഹീനത കൾ ദൈവത്തിന്റെ പ്രവർത്തനത്തിന് വിലങ്ങുതടിയാവുന്നില്ല, നേരെ മറിച്ച് അവസരങ്ങളാകുന്നു എന്ന് യേശു വചനത്തിലൂടെ അപ്പസ്തോ ലൻ പഠിച്ചു; ആ പാഠം തന്റെ അനുവാചകരുമായി പങ്കുവച്ചു. ഇത് നമുക്കു വലിയ പ്രത്യാശയും ധൈര്യവും തരുന്നു. സ്വന്തം ഇല്ലായ്മ കളെയും കഴിവുകേടുകളെയും കുറിച്ച് വിലപിച്ചും പരാതിപറഞ്ഞും സമയം നഷ്ടപ്പെടുത്താതെ നമ്മിലൂടെ പ്രവർത്തിക്കാൻ ദൈവത്തെ അനുവദിക്കുക. ബലഹീനരിലൂടെ ദൈവം വലിയ കാര്യങ്ങൾ ചെയ്യു മ്പോൾ ആർക്കും അഹങ്കരിക്കാൻ ഇടയുണ്ടാവില്ല (1 കോറി 1,26-29). ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കുന്നതിന് ഞാൻ പൂർവ്വാ ധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശം സിക്കും (2 കോറി 1,26-29) എന്ന് പറയുമ്പോൾ അത് ഏതെങ്കിലും പ്രത്യേക രോഗമോ, വൈകല്യമോ, പ്രലോഭനമോ മാത്രമായി കരു തേണ്ടതില്ല; താൻ അനുഭവിക്കുന്ന സകല കുറവുകളെയും കഴിവു കേടുകളെയും വീഴ്ചകളെയും പരാജയങ്ങളെയും കുറിച്ചുള്ള പരാ മർശമായും കാണാവുന്നതാണ്. ദൈവത്തിൽ ആശ്രയിക്കാൻ നമുക്കു ലഭിക്കുന്ന അവസരവും സാഹചര്യവുമായി ഈ ബലഹീനതകളെ കാണാൻ ഈ യേശുവചനം ഉദ്ബോധിപ്പിക്കുന്നു.

# 30. സ്ത്രീക്കു രക്ഷ പ്രസവത്തിലൂടെയോ?

*1 തിമോത്തി 2,9-15 ൽ വി. പൗലോസ് സ്ത്രീകൾക്കു നൽകുന്ന ഉപദേശത്തിന്റെ അവസാനം നിയമങ്ങളെല്ലാം അനുസരിക്കുന്ന സ്ത്രീ മാതൃത്വത്തിലൂടെ രക്ഷിക്കപ്പെടും എന്നു പറയുന്നു. അതേസമയം 1 കോറി 7-ാം അദ്ധ്യായത്തിൽ വൈവാഹികജീവിതത്തെക്കാൾ മെച്ചമാണ് കന്യാത്വം എന്നു പറയുന്നു. അപ്പോൾ കന്യകകൾ എങ്ങനെ മാതൃത്വത്തിലൂടെ രക്ഷ പ്രാപിക്കും? റോമാക്കാർക്കുള്ള ലേഖനത്തിൽ ക്രിസ്തുവിലുള്ള വിശ്വാസം രക്ഷ നല്കും എന്നു വി. പൗലോസ് പഠിപ്പിക്കുന്നതു പുരുഷന്മാരെമാത്രം ഉദ്ദേശിച്ചാണോ?*

ബൈബിളിലെ ഏറ്റം വലിയ സ്ത്രീ വിരോധിയായിട്ടാണു വി. പൗലോസ് പലപ്പോഴും ദുർവ്യാഖ്യാനിക്കപ്പെടുക. കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ആ തുറമുഖനഗരത്തിലെ അഴിഞ്ഞാട്ടക്കാരികളെ നിയന്ത്രിക്കാൻ നൽകിയ ചില നിർദ്ദേശങ്ങൾ (തലമൂടുക, സഭയിൽ സംസാരിക്കാതിരിക്കുക മുതലായവ) സ്ഥലകാലപരിമിതികൾക്കതീതമായി സാർവ്വത്രികസാധുതയുള്ള നിയമങ്ങളായി പരിഗണിക്കുന്നതാണിതിനു കാരണം. സ്ത്രീകൾക്ക് എപ്പോഴും രണ്ടാംസ്ഥാനം മാത്രം നൽകുന്ന സഭ, ഇപ്രകാരമൊരു പാരമ്പര്യത്തിലാണു പലപ്പോഴും ഊന്നിനില്ക്കുക. പൗലോസിന്റെ സ്ത്രീവിരോധത്തെ മുന്നിൽ കണ്ടുകൊണ്ടാവണം ചോദ്യകർത്താവു സംശയമുന്നയിച്ചിരിക്കുന്നത്.

നിത്യരക്ഷയുടെ കാര്യത്തിൽ സ്ത്രീപുരുഷഭേദമില്ലായെന്നു

പൗലോസ് പലതവണ ഊന്നിപ്പറഞ്ഞിട്ടുണ്ട്. യേശുവിൽ ആയിരിക്കുക, ഒരു പുതിയ സൃഷ്ടി ആയിത്തീരുക, ഇതാണു സർവ്വപ്രധാനം. ഇതിനായി ഏതെങ്കിലും ഒരു പ്രത്യേക ജീവിതാന്തസ്സ് തിരഞ്ഞെടുക്കണം എന്നു പൗലോസ് ആവശ്യപ്പെടുന്നില്ല. വിവാഹിതരും അവിവാഹിതരും, സ്ത്രീകളും പുരുഷന്മാരും എല്ലാം ഒരുപോലെ ക്രിസ്തുവിൽ ഒരു ശരീരമായിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ പിന്നെ കന്യാത്വത്തിന് എന്തു പ്രാധാന്യം?

കോറിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം ഈ പ്രശ്നം ചർച്ചചെയ്ത് പൂർണ്ണഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കാനുള്ള കല്പനയുടെ ഉത്തമമായ അനുഷ്ഠാനമായി കന്യാത്വത്തെ അദ്ദേഹം അവതരിപ്പിച്ചു. എന്നാൽ കാലക്രമത്തിൽ വിവാഹവും ഗർഭധാരണവും പ്രസവവും എല്ലാം ഹീനവും പാപകരവുമായ പ്രവൃത്തികളായി പരിഗണിക്കാനുള്ള പ്രവണത ക്രൈസ്തവരുടെ ഇടയിലും പ്രത്യക്ഷപ്പെടാൻ തുടങ്ങി (1 തിമോ 4,3). ഈ സാഹചര്യത്തിൽ വിവാഹത്തിന്റെയും ലൈംഗികതയുടെയും പരിശുദ്ധി എടുത്തു കാട്ടാൻവേണ്ടിയാണു ചോദ്യകർത്താവ് ഉദ്ധരിച്ച വാചകം പൗലോസ് എഴുതിയത്. മാതൃത്വം പാപകരമല്ല എന്നു മാത്രമല്ല, പവിത്രവുമാണ്, രക്ഷണീയമാണ് എന്നുകൂടി പൗലോസ് പ്രഖ്യാപിക്കുന്നു.

ശാരീരികമായ മാതൃത്വത്തിന്റെ രക്ഷാകരമാനം എടുത്തു കാട്ടുമ്പോൾ കന്യാത്വത്തിന്റെ പ്രസക്തി നിഷേധിക്കുകയാണോ? ഒരിക്കലുമല്ല. ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാനും ആ സ്നേഹത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ടുകൊണ്ടു ദൈവജനത്തിനു പൂർണ്ണഹൃദയത്തോടെ സേവനമനുഷ്ഠിക്കാനും അങ്ങനെ ഭൂമിയിൽ ദൈവരാജ്യത്തിന്റെ അടയാളമായി വർത്തിക്കാനുവേണ്ടി സ്വീകരിക്കുന്ന കന്യാത്വവും വിശുദ്ധമാണ്. രക്ഷണീയമാണ്. പക്ഷേ, ലൈംഗികവേഴ്ചയിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നതുകൊണ്ടുമാത്രം കന്യാത്വമോ കുഞ്ഞുങ്ങളെ പ്രസവിക്കുന്നതുകൊണ്ടുമാത്രം മാതൃത്വമോ രക്ഷണീയമാവുന്നില്ല. സ്നേഹത്താൽ ഫലമണിയാത്ത കന്യാത്വം വന്ധ്യത്വമാണ്, മക്കൾക്കുവേണ്ടി ഉരുകിത്തീരാത്ത മാതൃത്വവും അതുപോലെതന്നെ. ശാരീരികമായി ശിശുക്കൾക്കു ജന്മം നല്കിയോ ഇല്ലയോ എന്നതിനെക്കാൾ സ്നേഹവും സേവനവുംവഴി ജീവിതം അർത്ഥവത്തും ഫലപ്രദവും ആക്കിയോ എന്നതാണു പ്രധാനം.

# 31. വെളിപാടുപുസ്തകത്തിലെ സ്ത്രീ

*വെളിപാടുപുസ്തകം 12-ാം അധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്ന സ്ത്രീ പരിശുദ്ധ കന്യകാമറിയമല്ല, കത്തോലിക്കാസഭയാണെന്ന് ബ. കാരിമറ്റത്തിലച്ചൻ എഴുതിയ വെളിപാടുപുസ്തകവ്യാഖ്യാനത്തിൽ വായിക്കുകയുണ്ടായി. സൂര്യനെ ഉടയാടയാക്കിയ സ്ത്രീ ദൈവമഹത്ത്വത്തിൽ പങ്കുചേർന്നവളാണ്; അവൾ മിശിഹായുടെ മാതാവുമാണ് എന്ന് മുൻവിധിയില്ലാതെ വായിക്കുന്ന ആർക്കും ഗ്രഹിക്കാൻ കഴിയും. സഭയാകട്ടെ എല്ലാ പാപങ്ങൾക്കും മ്ലേഛതകൾക്കും അടിമകളായ പാപികളുടെ സമൂഹമാണ്. മിശിഹായുടെ അമ്മ പ. കന്യകാമറിയമായിരിക്കെ മൈക്കിളച്ചന്റെ വ്യാഖ്യാനം മാതാവിനെ വിലകുറച്ചു കാണിക്കാനുള്ള ഒരു നിഗൂഢശ്രമത്തിന്റെ ഭാഗമാണെന്നും അത് സാത്താന്റെ തന്നെ കെണിയാണെന്നും ഒരു മാസികയിൽ വായിക്കാനിടയായി. ഇതിനെക്കുറിച്ച് പ്രതികരണം അറിയാൻ ആഗ്രഹിക്കുന്നു.*

ചോദ്യകർത്താവ് സൂചിപ്പിച്ച ലേഖനം ഞാനും വായിക്കുകയുണ്ടായി. ആരോപണം ഗൗരവാവഹമായതിനാൽ മറുപടി അത്യന്താപേക്ഷിതമായിരിക്കുന്നു. ഈ വിഷയം ഞാൻ എഴുതിയ വ്യാഖ്യാനപുസ്തകത്തിൽ മാത്രമല്ല, ഈ മാസികയുടെ തന്നെ ഈ വർഷത്തെ ഏപ്രിൽ ലക്കത്തിൽ, ഈ പംക്തിയിൽ 20-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി പ്രതിപാദിച്ചതാണ്. ആ ഉത്തരത്തിൽ വിവരിച്ച കാര്യങ്ങൾ വീണ്ടും ആവർത്തിക്കുന്നില്ല. എന്നാലും വിഷയത്തിന്റെയും ആരോപണത്തിന്റെയും ഗൗരവം പരിഗണിച്ച്, ആമുഖമായ ചില കാര്യങ്ങൾ സൂചിപ്പിച്ചതിനുശേഷം ചോദ്യത്തിലേക്കു കടക്കാം.

ഏതു ബൈബിൾ ഭാഗവും വ്യാഖ്യാനിക്കുമ്പോൾ

വ്യാഖ്യാതാവ് അവശ്യം പാലിക്കേണ്ട ചില വ്യവസ്ഥകളെക്കുറിച്ച് രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ ദൈവാവിഷ്ക്കരണം (Dei Verbum) എന്ന പ്രാമാണികരേഖ 12-13 ഖണ്ഡികകളിൽ വ്യക്തമായ ചില നിർദ്ദേശങ്ങൾ നല്കുന്നുണ്ട്: "വി. ഗ്രന്ഥകാരന്മാരുടെ ഉദ്ദേശ്യം ആരായുന്നവർ ഇതിനുവേണ്ടി മറ്റു പലതിനെയും കൂട്ടത്തിൽ പരിശോധിക്കേണ്ടത് അവരുടെ സാഹിത്യരൂപത്തെയാണ്. കാരണം വിവിധ രീതികളിലാണ് വി. ഗ്രന്ഥത്തിൽ സത്യം ആവിഷ്ക്കരിച്ചു പ്രകാശിപ്പിച്ചിട്ടുള്ളത്. ഒരുസ്ഥലത്ത് ചരിത്രാനുസാരേണയാണെങ്കിൽ മറ്റൊരിടത്ത് പ്രവചനപരമായിരിക്കും; വേറൊരിടത്ത് കവിതയിലൂടെയോ മറ്റേതെങ്കിലും സാഹിത്യരൂപത്തിലൂടെയോ ആകാം. വി. ഗ്രന്ഥകാരൻ എന്താണ് പ്രകാശിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും, അദ്ദേഹത്തിന്റെ കാലത്ത് ഒരു പ്രത്യേക സ്ഥലത്ത് നിലവിലിരുന്ന ഗ്രഹണരീതി, സംസാരരീതി, വർണ്ണനാസമ്പ്രദായം, ഇവ സസൂക്ഷ്മം മനസ്സിലാക്കേണ്ടതുണ്ട്. ഇനിയും അക്കാലത്തെ ആളുകൾ പരസ്പരസംസർഗ്ഗത്തിന് സാധാരണ ഉപയോഗിച്ചിരുന്ന മാർഗ്ഗങ്ങളെയും പരിഗണിക്കണം.

"ഇവയ്ക്കെല്ലാം പുറമെ, വി. ലിഖിതങ്ങൾ പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ടിരിക്കയാൽ അതേ ആത്മാവിൽത്തന്നെ വായിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യണം. അതിലെ വാക്യങ്ങളുടെ ശരിയായ അർത്ഥം ഗ്രഹിക്കാൻ വി. ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളടക്കവും പൊരുത്തവും കണക്കിലെടുക്കണം. ഇതു ചെയ്യുന്നത് സഭ മുഴുവനിലും ജീവിക്കുന്ന പാരമ്പര്യവും വിശ്വാസസത്യങ്ങൾ തമ്മിലുള്ള പൊരുത്തവും പരിഗണിച്ചുകൊണ്ടുമാണ്."

വിശദീകരണം ആവശ്യമില്ലാത്തത്ര വ്യക്തമാണ് സൂനഹദോസ് നല്കുന്ന നിർദ്ദേശങ്ങൾ. അവയിൽ നിന്ന് "ആത്മാവിൽ വായിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യണം" എന്ന ഒരു ഘടകംമാത്രം എടുക്കുകയും ബാക്കിയെല്ലാം അവഗണിക്കുകയും തങ്ങൾക്കു ആത്മാവിന്റെ നിറവു ലഭിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്യുന്നവരുടെ വ്യാഖ്യാനത്തിൽ പിഴവു പറ്റാൻ സാധ്യതകൾ ഏറെയുണ്ട്. സൂനഹദോസ് നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ ബൈബിളിലെ എല്ലാ പുസ്തകങ്ങൾക്കും ബാധകമാണ്. എന്നാൽ മറ്റേതു പുസ്തകത്തെക്കാളും ദുർഗ്രഹമായ വെളിപാടു പുസ്തകത്തെ സംബന്ധിച്ച ഇവ കൂടുതൽ പ്രസക്തമത്രേ.

വെളിപാടു പുസ്തകത്തിന്റെ സാഹിത്യരൂപം, അത് എഴുതപ്പെട്ട സാഹചര്യം, ആ പുസ്തകത്തിന്റെ മുഖ്യ പ്രമേയങ്ങൾ,

അതിൽ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ, ആ പ്രതീകങ്ങൾക്കും പ്രമേയങ്ങൾക്കും ബൈബിളിന്റെ ഇതരഭാഗങ്ങളുമായുള്ള ബന്ധം ഇവയെല്ലാം സമഗ്രമായി പരിഗണിച്ചാലേ ചോദ്യവിഷയമായ പ്രതീകത്തിന്റെ അർത്ഥവും പ്രസക്തിയും ഗ്രഹിക്കാൻ കഴിയൂ. ഇതെല്ലാം ചോദ്യകർത്താവ് സൂചിപ്പിച്ച പുസ്തകത്തിൽ ഞാൻ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ പ്രസക്തമായ കാര്യങ്ങൾമാത്രം ചുരുക്കമായി എടുത്തുകാട്ടട്ടെ.

"വെളിപാട്" (apocalypsis- അപ്പോകലിപ്സിസ് ഗ്രീക്ക്) എന്ന വാക്കുതന്നെ പുസ്തകം എഴുതിയിരിക്കുന്ന സാഹിത്യരൂപത്തെ സൂചിപ്പിക്കുന്നതാണ്. ഈ വാക്കുകൊണ്ടാണ് ഗ്രീക്കുഭാഷയിൽ എഴുതിയിരിക്കുന്ന പുസ്തകം ആരംഭിക്കുന്നത്. ബി.സി. രണ്ടാം നൂറ്റാണ്ടുമുതൽ എ.ഡി. രണ്ടാം നൂറ്റാണ്ടുവരെ യഹൂദരുടെയും ക്രിസ്ത്യാനികളുടെയും ഇടയിൽ പ്രചാരത്തിലിരുന്ന ഒരു സാഹിത്യരൂപമാണിത്. ദാനിയേൽ, ജോയേൽ സഖറിയാ എന്നീ പ്രവാചകഗ്രന്ഥങ്ങളിലും മത്തായി 24; മർക്കോ 13; ലൂക്കാ 21; 1 തെസ 4-5; തുടങ്ങിയ പുതിയനിയമഭാഗങ്ങളിലും ഈ സാഹിത്യരൂപത്തിന്റെ ഉദാഹരണങ്ങൾ കാണാം.

സത്യദൈവത്തിലുള്ള തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന ദൈവജനത്തിന് പ്രത്യാശയും ധൈര്യവും നല്കുക എന്നതാണ് ഈ സാഹിത്യരൂപത്തിന്റെ മുഖ്യലക്ഷ്യം. ദൈവജനത്തെ പീഡിപ്പിക്കുകയും വിശ്വാസത്യാഗത്തിനു പ്രേരിപ്പിക്കുകയും ചെയ്യുന്ന രാഷ്ട്രീയ ശക്തികൾ യഥാർത്ഥത്തിൽ ദൈവത്തിന്റെ ശത്രുക്കളും സാത്താന്റെ ഉപകരണങ്ങളുമാണ്. ദൈവം തന്നെ ചരിത്രത്തിൽ ഇടപെട്ട് തന്റെ ജനത്തിനു സംരക്ഷണവും രക്ഷയും നല്കും. സാത്താനെയും അവന്റെ ഉപകരണങ്ങളായ സാമ്രാജ്യശക്തികളെയും അതിവേഗം ഉന്മൂലനം ചെയ്യും. അപ്പോൾ ദൈവജനം ദൈവമഹത്ത്വത്തിൽ പങ്കുചേർന്ന് നിത്യസന്തോഷത്തിൽ ജീവിക്കും. ദൈവം മനുഷ്യനോടൊത്ത് എന്നേക്കും വസിക്കും. എന്നിങ്ങനെയുള്ള പ്രബോധനങ്ങൾ നല്കിക്കൊണ്ടാണ് ഗ്രന്ഥകാരന്മാർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നത്.

കാലത്തിനും സ്ഥലത്തിനും അതീതമായ സത്യങ്ങൾ പ്രതിപാദിക്കാൻ പ്രതീകങ്ങളുടെ ഭാഷയാണ് വെളിപാടു സാഹിത്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അതിനുപല കാരണങ്ങളുണ്ടാവാം. സനാതനസത്യങ്ങൾ സൂചിപ്പിക്കാൻ പ്രതീകങ്ങൾക്കേ കഴിയൂ. ദൂതന്മാർ വഴി ദൈവം തന്നെ വെളിപ്പെടുത്തുകയും വ്യാഖ്യാനിച്ചു

കൊടുക്കുകയും ചെയ്യുന്ന സത്യങ്ങളാണിവ. സാമ്രാജ്യശക്തിയുടെ ആസന്നമായ അന്ത്യം പ്രവചിക്കുന്നതിനാൽ അധികാരികളുടെ കൈകളിൽ ഈ രേഖകൾ എത്തിച്ചേരുന്നത് അപകടകരമായതിനാലാവാം വിജാതീയർക്ക് ദുർഗ്രഹങ്ങളായ പ്രതീകങ്ങളിലൂടെ സത്യങ്ങൾ അവതരിപ്പിക്കുന്നത്.

ഈ പശ്ചാത്തലത്തിൽവേണം ചോദ്യവിഷയമായ വെളിപാട് 12-ാം അധ്യായം വ്യാഖ്യാനിക്കാൻ. ആ അധ്യായത്തിന് പുസ്തകത്തിലുള്ള സ്ഥാനം, അധ്യായത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രതീകങ്ങൾ, സ്ത്രീയെക്കുറിച്ചു പറയുന്ന കാര്യങ്ങൾ, ഈ സ്ത്രീക്ക് പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും മറ്റുഭാഗങ്ങളുമായും വെളിപാടു പുസ്തകത്തിൽത്തന്നെ പ്രതിപാദിക്കപ്പെടുന്ന മറ്റു സ്ത്രീകളുമായും ഉള്ള ബന്ധം എന്നിവയെല്ലാം പരിഗണിക്കണം.

ഡൊമിഷ്യൻ ചക്രവർത്തി (ഏ.ഡി. 81-96) ക്രിസ്തുവിശ്വാസികൾക്കെതിരേ നടത്തിയ മതപീഡനത്തിന്റെ കാലത്താണ് ബൈബിളിലെ അവസാനത്തെ ഗ്രന്ഥമായ വെളിപാടുപുസ്തകം എഴുതപ്പെടുന്നത്. പീഡനത്തിന് ഇരയാകുന്ന വിശ്വാസികൾക്കു ധൈര്യവും ശക്തിയും പകരുക ഈ ഗ്രന്ഥത്തിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. സ്വന്തം ജീവൻ ബലിയായി അർപ്പിച്ചുകൊണ്ട് പാപത്തിന്റെയും മരണത്തിന്റെയും തിന്മയുടെ സകലശക്തികളുടെയും മേൽ വിജയം വരിച്ച്, ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവാണ് ലോകത്തിന്റെ അധിപൻ. അവനാണ് ചരിത്രത്തെ നയിക്കുന്നത് എന്ന് വി. ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ഈ വിശ്വാസമാണ് മതപീഡനത്തിൽ വിശ്വാസം നഷ്ടപ്പടാതെ ഉറച്ചു നില്ക്കുവാൻ ക്രിസ്ത്യാനിയെ ശക്തിപ്പെടുത്തുന്നത്.

വെളിപാടുപുസ്തകം രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1-3 അധ്യായങ്ങൾ മുഖ്യമായും തന്റെ സഭയെക്കുറിച്ചുള്ള ക്രിസ്തുനാഥന്റെ അവലോകനവും സഭയ്ക്കു നല്കുന്നനിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നു. ചുരുൾ വിടർത്തുന്ന രക്ഷാചരിത്രമാണ് 4-22 അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്. നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ നടക്കുന്ന നിരന്തര സംഘട്ടനമായി രക്ഷാചരിത്രം പ്രത്യക്ഷപ്പെടുന്നു. ഈ സംഘട്ടനത്തിൽ കുഞ്ഞാടിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ക്രിസ്തുവും മണവാട്ടിയായി അവതരിപ്പിക്കപ്പെടുന്ന ദൈവജനവും ദൈവത്തിന്റെ പക്ഷത്തും, സർപ്പമായി പ്രത്യക്ഷപ്പെടുന്ന സാത്താനും മൃഗങ്ങളും വേശ്യയും വ്യാജപ്രവാചകനുമായി അവതരിപ്പിക്കപ്പെടുന്ന സാമ്രാ

ജ്യശക്തികളും മറുപക്ഷത്തും നില്ക്കുന്നു. രക്ഷാചരിത്രത്തിന്റെ നാടകീയവും പ്രതീകാത്മകവുമായ ഈ അവതരണത്തിൽ ചരിത്രസംഭവങ്ങളും ചരിത്രാതീതയാഥാർത്ഥ്യങ്ങളും കൂടിക്കുഴയുന്നു. അതിനാൽ പ്രതീകങ്ങളുടെ അർത്ഥം എപ്പോഴും വ്യക്തമായില്ലെന്നുവരും. തിന്മ പടിപടിയായിട്ടാണ് നശിപ്പിക്കപ്പെടുന്നത്. ഈ പോരാട്ടത്തിന്റെ പശ്ചാത്തലത്തിൽവേണം ചോദ്യവിഷയമായ 12-ാം അധ്യായവും അതിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീയും പഠനവിഷയമാക്കാൻ.

22 അധ്യായങ്ങളുള്ള വെളിപാടുപുസ്തകത്തിന്റെ കേന്ദ്രമാണ് 12-ാം അധ്യായം, ഘടനാപരമായും പ്രമേയത്തിന്റെ കാര്യത്തിലും. ഈ അധ്യായത്തിൽ പ്രതിപാദിക്കുന്ന രക്ഷാചരിത്രവും സംഘട്ടനവും മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു; 1-6; 7-12; 13-18. ആദ്യഭാഗത്ത് (12,1-6) മൂന്നു പ്രധാനകഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഗർഭിണിയായ സ്ത്രീ, അവൾ പ്രസവിക്കുന്ന ശിശു, ശിശുവിനെ വിഴുങ്ങാൻ കാത്തു നില്ക്കുന്ന സർപ്പം. രക്ഷകനായ മിശിഹായാണ് ശിശു എന്ന പ്രതീകം സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. സർപ്പം സാത്താന്റെ പ്രതീകവുമാണ്. സ്ത്രീയാണല്ലോ ചർച്ചാവിഷയം. മിശിഹായെ പ്രസവിച്ച സ്ത്രീ പരിശുദ്ധ കന്യകാമറിയം ആണെന്ന കാര്യത്തിൽ തർക്കമില്ല. അതിനാൽ വെളിപാടു പുസ്തകം 12-ാം അധ്യായത്തിലെ സ്ത്രീ യേശുവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയം തന്നെയെന്ന നിഗമനത്തിലേക്കാണ് സ്വാഭാവികമായും ഈ അപഗ്രഥനം എത്തിക്കുക. ഈ അർത്ഥത്തിലാണ് പല സഭാപിതാക്കന്മാരും ഈ പ്രതീകത്തെ വ്യാഖ്യാനിച്ചിട്ടുള്ളത് നക്ഷത്രകിരീടം ചൂടി, ചന്ദ്രനെ പാദപീഠമാക്കി നില്ക്കുന്ന മാതാവിന്റെ ചിത്രീകരണവും ഈ വ്യാഖ്യാനം തന്നെ നല്കുന്നു. എന്നാൽ ഇതു മാത്രമാണോ വെളിപാടുപുസ്തകം അവതരിപ്പക്കുന്ന സത്യം?

സ്ത്രീയെ സംബന്ധിച്ചു പറയുന്ന പല കാര്യങ്ങളും മാതാവിൽ നിറവേറിയതാണ്. സൂര്യനെ ഉടയാടയാക്കുക ദൈവമഹത്ത്വത്തിൽ പങ്കുചേരുന്നതിന്റെ സൂചനയാണ്. അമലോത്ഭവയും സ്വർഗ്ഗാരോപിതയുമായവൾക്കു ചേരുന്ന വിശേഷണമാണിത്. അപ്പസ്തോലന്മാരുടെ രാജ്ഞി എന്ന വിശേഷണമായി നക്ഷത്രകിരീടത്തെയും വ്യാഖ്യാനിക്കാം. എന്നാൽ മറ്റുപലതും മാതാവിൽ നിറവേറിയെന്നു പറയുക സാധ്യമല്ല. അമലോത്ഭവയും നിത്യകന്യകയുമായ മറിയം യേശുവിനു ജന്മം നല്കിയത് ഇത്ര വലിയ വേദന

യോടും നിലവിളിയോടും കൂടി ആയിരുന്നോ? സ്വർഗ്ഗത്തിൽ കാണുന്ന ഒരടയാളമാണിത്. മാതാവിന്റെ ഗർഭാരിഷ്ടതയും പ്രസവവും ഇത്ര വലുതായിരുന്നോ.

സർപ്പത്തിന്റെ വായിൽപ്പെടാതെ സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ട ശിശുവിനെ പ്രസവിച്ച സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി, 1260 ദിവസം അവിടെ സംരക്ഷിക്കപ്പെടുന്നു. മാതാവ് ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്നാണ് സ്വർഗ്ഗാരോപണം എന്ന വിശ്വാസസത്യത്തിലൂടെ കത്തോലിക്കാസഭ പഠിപ്പിക്കുന്നത്. സ്വർഗ്ഗരോപിത മരുഭൂമിയിലല്ലല്ലോ 1260 ദിവസം എന്നത് പ്രതീകാത്മസംഖ്യയാണ്. അതിനെ 42 മാസമെന്നും 3 1/2 വർഷമെന്നും പറയാറുണ്ട്. സുദീർഘവും അതേസമയം പരിമിതവുമായ പീഡനത്തിന്റെ കാലമാണ് ഇത്. മിശിഹായുടെ സ്വർഗ്ഗാരോഹണത്തിനുശേഷം ദീർഘകാലമായി പീഡനമേല്ക്കുകയും എന്നാൽ പീഡനമധ്യത്തിലും സംരക്ഷണം അനുഭവിക്കുകയും ചെയ്യുന്ന ഈ സ്ത്രീ ആരാണ്?

12,7-12 വാക്യങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാം ഭാഗം മറ്റൊരു ദൃശ്യം അവതരിപ്പിക്കുന്നു. രണ്ടു സൈന്യങ്ങൾ സ്വർഗ്ഗത്തിൽ ഏറ്റുമുട്ടുന്നു. മിഖായേലും ദൂതന്മാരും ഒരുവശത്ത്, സർപ്പവും അവന്റെ ദൂതന്മാരും മറുവശത്ത്. സ്വർഗ്ഗത്തിൽ പരാജയപ്പെട്ട സർപ്പവും ദൂതന്മാരും ഭൂമിയിൽ വസിക്കുന്ന ക്രിസ്തുശിഷ്യർക്കെതിരേ യുദ്ധത്തിനു പുറപ്പെടുന്നു. സഭ നേരിടുന്ന മതപീഡനത്തിന്റെ പ്രതീകാത്മകമായ ഒരു ചിത്രീകരണമാണിത് എന്നു മനസ്സിലാക്കാൻ പ്രയാസമില്ല. യേശുവിന്റെ വിശ്വസ്തദാസരെ പീഡിപ്പിക്കുന്നത് യഥാർത്ഥത്തിൽ റോമാ ചക്രവർത്തിയോ മറ്റേതെങ്കിലും സാമ്രാജ്യശക്തിയോ അല്ല, സാക്ഷാൽ സാത്താൻതന്നെയാണ്. പീഡനമേല്ക്കുന്ന ക്രിസ്തുവിശ്വാസികളും മരുഭൂമിയിൽ സംരക്ഷിക്കപ്പെടുന്ന സ്ത്രീയും തമ്മിലുള്ള ബന്ധം ഇവിടെ തെളിഞ്ഞുവരുന്നതു കാണാം.

12,13-18 വാക്യങ്ങൾ ഉൾക്കൊള്ളുന്ന മൂന്നാം ഭാഗത്തിൽ സ്ത്രീയും ക്രിസ്തുസഭയും തമ്മിലുള്ള ബന്ധം വ്യക്തമാകുന്നു; അല്ല രണ്ടും ഒന്നുതന്നെയാണെന്ന് തെളിയുന്നു. സർപ്പം സ്ത്രീയെ വേട്ടയാടുകയും സ്ത്രീ വൻകഴുകന്റെ ചിറകുകളിൽ സംവഹിക്കപ്പെട്ട് മരുഭൂമിയിലേക്ക് പറന്നുപോകുകയും ഇവിടെ സാത്താന്റെ എല്ലാ പീഡനങ്ങളെയും അതിജീവിക്കുകയും ചെയ്യുന്നതിന്റെ ചിത്രീകരണത്തിൽ പീഡനങ്ങൾക്കു മധ്യേ സംരക്ഷിക്കപ്പെടുന്ന

സഭയുടെ ചിത്രം തന്നെയല്ലേ തെളിഞ്ഞുവരുന്നത്? സ്ത്രീയുടെ നേരെ കോപിച്ച സർപ്പം അവളുടെ സന്തതികൾക്കെതിരേയാണ് യുദ്ധം ചെയ്യുന്നത്. ആ യുദ്ധത്തിന്റെ ചിത്രീകരണം തുടർന്നുള്ള അധ്യായങ്ങളിൽ കാണാം.

12-ാം അധ്യായം മുഴുവനും പരിഗണിക്കുമ്പോൾ അവിടെ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീയുടെ പ്രതീകത്തിലൂടെ യഥാർത്ഥത്തിൽ ദൈവജനത്തെയാണ് വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് എന്നു കാണാം. ദൈവജനത്തിന്റെ പ്രതീകവും സഭയുടെ മാതാവും മിശിഹായുടെ അമ്മയും എന്ന നിലയിൽ പ. കന്യകാമറിയവും ഈ പ്രതീകത്തിൽ ഉൾച്ചേർന്നിരിക്കുന്നു എന്നതിൽ സംശയമില്ല.

പാപികളുടെ സമൂഹമായ സഭയെ സൂര്യനെ ഉടയാടയാക്കിയ സ്ത്രീ ആയി ചിത്രീകരിക്കാനാവില്ല എന്നതാണ് ചോദ്യകർത്താവിന്റെ ഒരു ന്യായം. സഭ പാപികളുടെ സമൂഹമാണ് എന്ന് അംഗീകരിക്കുകതന്നെ വേണം. പക്ഷേ അതു മാത്രമാണോ? വിശ്വാസികളുടെ സമൂഹത്തെ വിശുദ്ധർ എന്നാണ് പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിലെല്ലാം വിശേഷിപ്പിക്കുന്നത് (എഫേ 1,1; ഫിലി 1,1; കൊളോ 1,1; 2 കോറി 9,1). വിശുദ്ധരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണവർ (1 കോറി 1,2; റോമാ 1,6). സഭാസമൂഹത്തിൽ പാപികളില്ല എന്ന് ഇതിനർത്ഥമില്ല. പാപികളിൽ ഏറ്റം വലിയവനാണ് താൻ എന്നു സ്വയം വിശേഷിപ്പിക്കുന്ന പൗലോസാണ് സഭയെ വിശുദ്ധർ എന്നു വിളിക്കുന്നത്. ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടവരാണ് വിശുദ്ധർ.

തന്നെയുമല്ല, സഭ യേശുക്രിസ്തുവിന്റെ മണവാട്ടിയും ശരീരവുമാണ് (എഫേ 1,22-23; 5,22-30). അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന് ജലം കൊണ്ട് കഴുകി വചനത്താൽ വെണ്മയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റുകുറവുകളോ ഇല്ലാതെ മഹത്ത്വപൂർണ്ണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയും ആയിരിക്കുന്നതിനും വേണ്ടിയാണ് (എഫേ 5,26-27). അതിനാൽ പാപികളുടെ സമൂഹമായ സഭയ്ക്ക് ദൈവികവിശുദ്ധിയുടെ പരിവേഷമില്ല എന്ന വാദം അറിവില്ലായ്മയിൽ നിന്നുവരുന്നതായേ കരുതാനാവൂ.

വെളിപാടുപുസ്തകത്തിൽ പ്രധാനമായും രണ്ടു സ്ത്രീകളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. 12,19, 21 അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത് ദൈവത്തോടു വിശ്വസ്തത പുലർത്തി അവിടു

ത്തോടു ചേർന്നു നില്ക്കുന്ന സ്ത്രീ. അവൾ ഗർഭിണിയാണ്; രക്ഷകനു ജന്മം നല്കുന്നു; സാത്താന്റെ പീഡനത്തിന് ഇരയാകുന്നു; എന്നാൽ ദൈവത്തിന്റെ സംരക്ഷണം എപ്പോഴും അവൾക്കു ലഭിക്കുന്നു. അവൾ മിശിഹായുടെ മണവാട്ടിയും വിശുദ്ധരുടെ പുണ്യപ്രവൃത്തികളാൽ അലംകൃതയുമായ പുതിയ ജറുസലെമാണ്. ഈ സ്ത്രീയെ പൊതുവെ ദൈവജനം അഥവാ ക്രിസ്തുവിന്റെ സഭ എന്നു വിളിക്കാം. 17,18 അധ്യായങ്ങളിൽ പ്രത്യക്ഷപ്പെടുന്ന രണ്ടാമത്തെ സ്ത്രീയാകട്ടെ മഹാവേശ്യ, സമുദ്രങ്ങളുടെമേൽ ഉപവിഷ്ഠയായ സാമ്രാജ്യം, മഹാനഗരം, ബാബിലോൺ എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്നു. ഇത് സാത്താന്റെ ജനമാണ്– ദൈവത്തെ തിരസ്ക്കരിക്കുകയും എതിർക്കുകയും ചെയ്തവരുടെ സമൂഹം. ഈ രണ്ടു സ്ത്രീകളും ഒറ്റപ്പെട്ട വ്യക്തികളെയല്ല, രണ്ടു സമൂഹങ്ങളെയാണ് സൂചിപ്പിക്കുന്നത്. ഇരുവരും മരുഭൂമിയിലാണെന്നതും ശ്രദ്ധേയമത്രേ (വെളി 17,3) പീഡനമേല്ക്കുന്ന ക്രിസ്തുവിന്റെ സഭയും പീഡിപ്പിക്കുന്ന സാത്താന്റെ സഭയും. ആദ്യത്തേതു വിശ്വസ്തയായ മണവാട്ടിയും ഗർഭിണിയും അമ്മയുമാണ് – രണ്ടാമത്തേതാകട്ടെ വേശ്യയും രക്തം കുടിച്ച് ഉന്മത്തയും. വേശ്യ നശിപ്പിക്കപ്പെട്ടു; മണവാട്ടിയാകട്ടെ മണവാളനായ ക്രിസ്തുവിനോടൊപ്പം എന്നേക്കു വാഴും.

ഇതിൽ നിന്നെല്ലാം സംശയത്തിന് പഴുതില്ലാത്ത വിധം വ്യക്തമാകുന്ന സത്യമിതാണ്. വെളിപാട് 12–ാം അധ്യായത്തിലെ സ്ത്രീ ദൈവജനത്തിന്റെ പ്രതീകംതന്നെ. ദൈവജനത്തെ ഒരു സ്ത്രീയായി ചിത്രീകരിക്കുക പഴയനിയമത്തിലും പ്രത്യേകിച്ച് പ്രവാചകഗ്രന്ഥങ്ങളിൽ, സാധാരണമാണ്. ഇസ്രായേൽ കന്യക, സീയോൻ പുത്രി, എന്റെ ജനത്തിന്റെ പുത്രി, ദൈവത്തിന്റെ വധു, ദൈവജനത്തിന്റെ മാതാവ്, എന്നിങ്ങനെ അനേകം വിശേഷണങ്ങൾ അവൾക്കു നല്കപ്പെടുന്നു. (ആമോ 5,1; ഹോസി 2,14–20; ജറെ 2,2; എസെ 16; വിലാ 1,1; ഏശ 1,21). പ്രവാചകന്മാർ തുടങ്ങിവച്ച ഈ പാരമ്പര്യം പുതിയ നിയമത്തിലും നിലനില്ക്കുന്നു. ഇതേ ആശയം തന്നെയാണല്ലോ തിരുസ്സഭാമാതാവ് എന്ന വിശേഷണത്തിനു പിന്നിലുള്ളത്. ഒരുപക്ഷേ ഇതിനെ ക്കുറിച്ചൊന്നും അറിവില്ലാത്തതിനാലാവാം ഞാൻ നല്കിയ വിശദീകരണം. മാതാവിനെ തള്ളിപ്പറയുന്നതായിചോദ്യകർത്താവിനു തോന്നിയത്.

## 32. വിശുദ്ധരോടുള്ള ഭക്തി

*ക്രിസ്തുവിനെക്കാൾ സഭ ഇന്ന് വിശുദ്ധർക്കു പ്രാധാന്യം നല്കുന്നതിനാൽ വിശുദ്ധരോടുള്ള വണക്കം വിഗ്രഹാരാധനയാകുന്നില്ലേ?*

ക്രിസ്തീയജീവിതത്തിൽ വളരെ പ്രസക്തവും പ്രധാനവുമായ ഒരു വിഷയത്തിലേക്കാണ് ചോദ്യകർത്താവ് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. വിശുദ്ധരോടുള്ള വണക്കം ഭക്തിയുടെയും ആദരവിന്റെയും അതിരുകൾ കടന്ന് ആരാധനയായിത്തീരുന്നില്ലേ എന്നതാണ് ചോദ്യം. വിശുദ്ധരെ ആരെങ്കിലും ആരാധിക്കുന്നുണ്ടെങ്കിൽ അതു വിഗ്രഹാരാധനതന്നെ, സംശയമില്ല. കാരണം ദൈവമല്ലാതെ മറ്റാരെയെങ്കിലുമോ എന്തിനെയെങ്കിലുമോ ആരാധിക്കുന്നതാണല്ലോ വിഗ്രഹാരാധന. എന്നാൽ ഇപ്രകാരം ഒരു വിഗ്രഹാരാധന സഭയിൽ നിലവിലുണ്ടോ, സഭ അതിനെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

ക്രിസ്തുവിനെക്കാൾ വിശുദ്ധർക്കു സഭ പ്രാധാന്യം നൽകുന്നു എന്ന പ്രസ്താവനയിൽ സഭ എന്ന വാക്കിന്റെ അർത്ഥം വ്യക്തമാക്കേണ്ടതുണ്ട്. വിശ്വാസികളുടെ മുഴുവൻ സമൂഹമായ സാർവ്വത്രികസഭയെന്നോ, പ്രബോധനാധികാരമുള്ള സഭ നേതൃത്വമെന്നോ ഒക്കെയാണ് അർത്ഥമാക്കുന്നതെങ്കിൽ ഈ പ്രസ്താവന സത്യവിരുദ്ധമാണെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ഏതാനും വിശ്വാസികൾ ഒരുപക്ഷേ ഒരു വലിയ വിഭാഗം വിശ്വാസികൾ, വിശുദ്ധർക്കു നല്കുന്ന വണക്കം അതിരുകൾ കടന്നുപോകുന്നുണ്ട് എന്നാണ് ചോദ്യകർത്താവ് ഉദ്ദേശിക്കുന്നതെങ്കിൽ അതിൽ കുറെ വാസ്തവമുണ്ട് എന്ന് അംഗീകരിക്കേണ്ടിയിരിക്കുന്നു.

സഭ വിശുദ്ധരെ വണങ്ങുകയും അവരോടുള്ള ഭക്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനു മുഖ്യമായും രണ്ടു കാരണങ്ങളുണ്ട്. വിശുദ്ധരെ ജീവിതമാതൃകകളാക്കി, അവരെ അനുകരിക്കാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക. 2. വിശുദ്ധരുടെ മാധ്യസ്ഥതയും പ്രാർത്ഥനാസഹായവും തേടുക. സഭയുടെ ഔദ്യോഗികവും പ്രഖ്യാപിതവുമായ ലക്ഷ്യങ്ങൾ ഇതാണെങ്കിലും സാധാരണ വിശ്വാസികൾ വിശുദ്ധരോടുള്ള ഭക്തി തങ്ങളുടെ കാര്യസാധ്യത്തിനുള്ള ഉപാധിയായിട്ടാണ് പലപ്പോഴും കാണുക. ആത്മീയവും ഭൗതികവുമായ ആവശ്യങ്ങൾ സാധിച്ചുകിട്ടുന്നതിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നതും അതിനായി വിശുദ്ധരുടെ മാധ്യസ്ഥ്യം തേടുന്നതും തെറ്റല്ല എന്നു മാത്രമല്ല, യേശു തന്നെ അപ്പം തരണമേ എന്നു പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും മനുഷ്യരുടെ മാധ്യസ്ഥ്യം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്വന്തം കാര്യങ്ങൾ സാധിക്കാനുള്ള വ്യഗ്രതയിൽ ദൈവഹിതം അന്വേഷിക്കാൻ മറക്കുകയും മതാത്മകജീവിതംതന്നെ ഉദ്ദിഷ്ടകാര്യസാധ്യത്തിനുള്ള ശ്രമമായിത്തീരുകയും ചെയ്യുമ്പോഴാണ് വിശുദ്ധരോടുള്ള ഭക്തി വിഗ്രഹാരാധനയായി അധഃപതിക്കുന്നത്. ഇതിനെതിരേ വിശ്വാസസമൂഹം ഒന്നടങ്കം ജാഗ്രത പാലിക്കേണ്ടതുണ്ട്.

അപ്പം തരണമേ എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ച യേശു അതിനുമുമ്പേ ദൈവമഹത്ത്വം തേടാനും ദൈവഹിതം അനുസരിക്കാനും പഠിപ്പിച്ചു. ഗെദ്സമെനിയിൽ വച്ച് പാനപാത്രം മാറ്റിത്തരണമെന്നു പ്രാർത്ഥിച്ചു; എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ എന്നു കൂട്ടിച്ചേർത്തു. ദൈവഹിതം ജീവിതത്തിൽ നിറവേറ്റാനുള്ള ആഗ്രഹത്തോടും തീരുമാനത്തോടും കൂടെയാവണം പ്രാർത്ഥന. അങ്ങനെ വരുമ്പോൾ വിശുദ്ധന്മാർ വിഗ്രഹങ്ങളായി പരിണമിക്കുകയില്ല, മറിച്ച് വഴികാട്ടികളും സഹായികളുമായി വർത്തിക്കും.

# 33. വിഗ്രഹാരാധനയും പ്രതിമാവണക്കവും

*വിഗ്രഹങ്ങൾ നിർമ്മിക്കാനും അവയെ ആരാധിക്കാനും പാടില്ല എന്ന ബൈബിളിലെ വ്യക്തമായ കല്പനയ്ക്കു വിരുദ്ധ മായിട്ടല്ലേ കത്തോലിക്കാ സഭയിൽ അനേകം പ്രതിമകൾ പ്രതി ഷ്ഠിച്ച് അവയ്ക്ക് ധൂപമർപ്പിക്കുകയും ആരാധന നടത്തുകയും ചെയ്യുന്നത്? വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയല്ലേ പത്തു പ്രമാണങ്ങളിൽ രണ്ടാമത്തേത് സഭയുടെ പട്ടികയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്?*

ഇന്ന് വളരെയേറെ ചർച്ചയ്ക്കും ദുർവ്യാഖ്യാനങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു പ്രമേയമാണ് ചോദ്യകർത്താവ് ഉന്നയിച്ചിരിക്കുന്നത്. പല മുനകളുള്ള ചോദ്യമാണിത്. അതിനാൽ ചോദ്യകർത്താവ് ഉന്നയിക്കുന്ന പ്രശ്നങ്ങൾ ആദ്യമേ വ്യക്തമായി കാണണം. എങ്കിലേ ഓരോന്നിനും കണിശമായ ഉത്തരം നല്കാ നാകൂ. ചോദ്യകർത്താവ് ചില സങ്കല്പങ്ങൾ മുന്നോട്ടുവയ്ക്കു ന്നുണ്ട്. 1. പ്രതിമകൾ ഉണ്ടാക്കുന്നതിനെയും ആരാധിക്കുന്നതി നെയും ബൈബിൾ പൂർണ്ണമായി മുടക്കുന്നു. 2. കത്തോലിക്കാ സഭ പ്രതിമകളെ ആരാധിക്കുന്നു. 3. കത്തോലിക്കാസഭ ബൈബി ളിന്റെ പത്തുപ്രമാണങ്ങളിൽ മാറ്റം വരുത്തിയിരിക്കുന്നു. 4. ഈ മാറ്റം വിഗ്രഹാരാധന പ്രോത്സാഹിപ്പിക്കുക എന്ന ദുരുദ്ദേശത്തോ ടുകൂടിയതാണ്. ഈ സങ്കല്പങ്ങൾ ഓരോന്നും വിശദമായി അപ ഗ്രഥിക്കേണ്ടതുണ്ട്. തന്നെയുമല്ല, പ്രതിമയും വിഗ്രഹവും തമ്മിലും ആരാധനയും വണക്കവും തമ്മിലും ഉള്ള വ്യത്യാസവും കണക്കി ലെടുക്കണം.

**1. പ്രതിമാനിർമ്മാണത്തിനു വിലക്ക്**: വിഗ്രഹങ്ങൾ ഉണ്ടാക്കരുത്, അവയെ ആരാധിക്കരുത് എന്ന കല്പന ബൈബിളിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട്. ഈ കല്പനയുടെ പ്രാധാന്യം എടുത്തുകാട്ടാൻ വേണ്ടിയാണല്ലോ അതിനെ പത്തു പ്രമാണങ്ങളുടെ പട്ടികയിൽ പെടുത്തിയിരിക്കുന്നത്. "മുകളിൽ ആകാശത്തിലോ, താഴെ ഭൂമിയിലോ ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്; അവയ്ക്കു മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്" (പുറ 20,4-5). ഏതാണ്ട് ഇതേ വാക്കുകൾ തന്നെയാണ് നിയ 5,8-9 വാക്യങ്ങളിലും കാണുന്നത്. യാതൊന്നിന്റെയും പ്രതിമയും സ്വരൂപവും ഛായാചിത്രംപോലും ഉണ്ടാക്കരുത് എന്ന കർശനമായ ഒരു വിലക്കായി പ്രഥമദൃഷ്ട്യാ തോന്നാവുന്നതാണ് ഈ കല്പന. അങ്ങനെയെങ്കിൽ കത്തോലിക്കാസഭയിൽ കാണുന്ന പ്രതിമകളെല്ലാം ഈ കല്പനയുടെ ലംഘനമായി പരിഗണിക്കേണ്ടിവരും. എന്നാൽ ബൈബിളിലെ തന്നെ മറ്റുചില പരാമർശങ്ങൾ ഈ കല്പനയുടെ അർത്ഥവും ലക്ഷ്യവും പരിമിതികളും കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

ദൈവാരാധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കാൻ ദൈവം മോശയ്ക്കു നല്കുന്ന കല്പനകളിൽ ഒരു കൃപാസനം നിർമ്മിക്കാനുള്ള നിർദ്ദേശമുണ്ട്. ഉടമ്പടിയുടെ പ്രമാണങ്ങൾ രേഖപ്പെടുത്തിയ കല്പലകകൾ സൂക്ഷിക്കാൻ വേണ്ടി നിർമ്മിക്കുന്ന പേടകത്തിനു മുകളിൽ പ്രതിഷ്ഠിക്കുന്ന ഒന്നാണ് കൃപാസനം. ശുദ്ധിചെയ്ത സ്വർണ്ണം കൊണ്ട് ഒരു കൃപാസനം നിർമ്മിക്കണം. അതിന്റെ നീളം രണ്ടരമുഴവും വീതി ഒന്നരമുഴവും ആയിരിക്കണം. കൃപാസനത്തിനു രണ്ടറ്റത്തുമായി അടിച്ചുപരത്തിയ സ്വർണ്ണം കൊണ്ട് രണ്ടു കെരൂബുകളെ നിർമ്മിക്കണം.... കെരൂബുകൾ ചിറകുകൾ മുകളിലേക്കു വിരിച്ചു പിടിച്ചിരിക്കണം. കെരൂബുകൾ സിംഹാസനത്തിലേക്കു തിരിഞ്ഞ് മുഖാഭിമുഖം നിലകൊള്ളണം (പുറ 25,17-20). ദേവാലയത്തിന്റെ അതിവിശുദ്ധസ്ഥലത്തു പ്രതിഷ്ഠിക്കുന്ന പേടകത്തിനുമുകളിൽ കെരൂബുകളുടെ പ്രതിമകൾ സ്ഥാപിച്ചിരിക്കണം എന്ന കല്പന ശ്രദ്ധേയമത്രേ.

എന്താണ് കെരൂബുകൾ എന്ന് ബൈബിളിൽ പലേടത്തായി പരാമർശിച്ചിട്ടുണ്ട്. അവയെല്ലാംകൂടി പരിഗണിച്ചാൽ കിട്ടുന്ന ചിത്രം ഇതാണ്. മനുഷ്യന്റെ മുഖം, കാളയുടെയും സിംഹത്തിന്റെയും കൂടിച്ചേർന്ന ഉടൽ, കഴുകന്റെ ചിറകുകൾ. ഇപ്രകാരമുള്ള രണ്ടു പ്രതി

മകൾ പേടകത്തിനു മുകളിൽ സ്ഥാപിക്കാൻ ആവശ്യപ്പെടുമ്പോൾ പ്രതിമാനിർമ്മാണത്തെ ബൈബിൾ അപ്പാടെ വിലക്കുന്നു എന്നു പറയാനാവില്ലല്ലോ.

ദേവാലയനിർമ്മാണത്തിന്റെ വിവരണത്തിനിടയിൽ സോളമൻ നിർമ്മിച്ച പല പ്രതിമകളെയുംകുറിച്ച് ബൈബിൾ പ്രതിപാദിക്കുന്നുണ്ട്. അതിവിശുദ്ധസ്ഥലത്ത് ചിറകു വിരിച്ചു നില്ക്കുന്ന ഭീമാകാരമായ രണ്ടു കെരൂബുകൾ (1 രാജാ 6,23-30); ജലസംഭരണി താങ്ങുന്ന പന്ത്രണ്ടു കാളകൾ (1 രാജാ 7,25); പീഠങ്ങൾ താങ്ങുന്ന സിംഹങ്ങൾ, കാളകൾ, കെരൂബുകൾ (1 രാജാ 7,29). ഇവയെല്ലാം ദേവാലയത്തിൽ സ്ഥാപിച്ചിരുന്ന ഓട്ടുപ്രതിമകളാണ്. ഇവയൊന്നും നിഷിദ്ധമായി ബൈബിൾ കരുതുന്നില്ല; ഇവയുടെ നിർമ്മാണത്തെ പ്രതി സോളമനെ ശകാരിക്കുന്നുമില്ല. ഇവയെക്കാളെല്ലാം പ്രധാനപ്പെട്ടതാണ് മരുഭൂമിയിൽ വച്ച് മോശ നിർമ്മിച്ച പിത്തളസർപ്പം.

മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ പിറുപിറുത്ത ജനത്തിനു ശിക്ഷയായി ദൈവം അവരുടെ ഇടയിലേക്ക് ആഗ്നേയസർപ്പങ്ങളെ അയച്ചു. ഭയവിഹ്വലരായ ജനം നിലവിളിച്ചപേക്ഷിച്ചു. മനസ്സലിഞ്ഞ ദൈവം ഒരു പ്രതിവിധി നിർദ്ദേശിച്ചു: "കർത്താവ് മോശയോട് അരുളിച്ചെയ്തു: ഒരു പിത്തളസർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുക. ദംശനമേല്ക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല" (സംഖ്യ 21,8). ഇവിടെ ഒരു ജീവിയുടെ പ്രതിമയുണ്ടാക്കാൻ മാത്രമല്ല, വിശ്വാസത്തോടെ അതിനെ നോക്കാനും ദൈവംതന്നെ കല്പിക്കുന്നു. സർപ്പദംശനത്തിലൂടെ ഉണ്ടാകുന്ന മരണത്തിൽ നിന്നു മോചനം ലഭിക്കാൻ ദൈവം നിർദ്ദേശിച്ച ഉപാധിയാണിത്. അതിനാൽ പ്രതിമാനിർമ്മാണം അതിൽത്തന്നെ തെറ്റോ നിഷിദ്ധമോ അല്ല എന്നു വ്യക്തം.

പിത്തള സർപ്പത്തെക്കുറിച്ച് യേശുവും പരാമർശിച്ചിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധേയമാത്രേ. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹ 3,14-15). കുരിശിൽ ഉയർത്തപ്പെട്ട യേശുവിന്റെ പ്രതീകമായിട്ടാണ് ഇവിടെ പിത്തളസർപ്പം വ്യാഖ്യാനിക്കപ്പെടുന്നത്. എന്നാൽ സർപ്പത്തിന്റെ പ്രതിമയല്ല രക്ഷ നല്കുന്നത് എന്ന കാര്യം മറന്നുകൂടാ. പിത്തളസർപ്പം ഒരു ഉപകരണവും പ്രതീകവുമാണ്. രക്ഷകനും ജീവദാതാവുമായ ദൈവത്തിൽ വിശ്വസിച്ചും

അവിടുത്തെ വാക്ക് അനുസരിച്ചുംകൊണ്ട് പ്രതിമയെ നോക്കുന്ന വർക്കാണ് ജീവൻ ലഭിക്കുക. നോട്ടമാണ് പ്രധാനം. അത് വിശ്വാ സത്തിന്റെയും അനുസരണത്തിന്റെയും പ്രകടനവുമാണ്.

ജനങ്ങളെ വിശ്വാസത്തിന്റെ അനുസരണത്തിലേക്കു നയി ക്കാൻ സഹായകമായ ഈ ഉപകരണം പില്ക്കാലത്ത് ദേവാലയ ത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. എന്നാൽ കാലക്രമത്തിൽ ഈ പ്രതി മയ്ക്ക് ജനം ആരാധനയർപ്പിക്കാൻ തുടങ്ങി. അങ്ങനെ അനാചാ രമുണ്ടായതിനാൽ മതനവീകരണത്തിൽ തല്പരനായ ഹെസെ ക്കിയാ രാജാവ് അതിനെ തകർത്തുകളഞ്ഞതായി ബൈബി ളിൽത്തന്നെ തുടർന്നു രേഖപ്പെടുത്തിയിട്ടുണ്ട്. "മോശ ഉണ്ടാക്കിയ നെഹുഷ്താൻ എന്നു വിളിക്കപ്പെടുന്ന ഓട്ടുസർപ്പത്തിന്റെ മുമ്പിൽ ഇസ്രായേൽ ധൂപാർച്ചന നടത്തിയതിനാൽ അവൻ (ഹെസെ ക്കിയാ) അത് തകർത്തുകളഞ്ഞു" (2 രാജാ 18,4).

ഇതിൽനിന്നെല്ലാം വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. പ്രതി മാനിർമ്മാണത്തെ പൂർണ്ണമായി നിഷേധിക്കുകയല്ല, ദൈവമല്ലാതെ മറ്റെന്തിനെങ്കിലും ആരാധനയർപ്പിക്കുന്നതിനെ വിലക്കുകയാണ് പ്രമാണത്തിന്റെ ലക്ഷ്യം. ആരാധിക്കാനായി പ്രതിമയോ സ്വരൂപമോ ഉണ്ടാക്കരുത് എന്നത്രെ കല്പനയുടെ അർത്ഥം.

**2. കത്തോലിക്കാസഭ പ്രതിമകളെ ആരാധിക്കുന്നോ:** പ്രതിമ കൾക്കു മുമ്പിൽ ധൂപം അർപ്പിക്കുന്നതും തലകുനിച്ചു നമിക്കുന്നതും, പ്രദക്ഷിണങ്ങളിൽ പ്രതിമകൾ ആഘോഷമായി വഹിച്ചുകൊണ്ടു പോകുന്നതും പ്രതിമയെ തൊട്ടുമുത്തുന്നതും ഒക്കെ ആരാധനയായി എടുത്തുകാട്ടാറുണ്ട്. എന്നാൽ എന്താണ് ആരാധന എന്നു കണിശ മായി നിർവ്വചിക്കണം. മേൽപ്പറഞ്ഞതെല്ലാം ആരാധനയുടെ അട യാളങ്ങളാകാം; എന്നാൽ ആകണമെന്നില്ല. ആദരവിന്റെയും വണ ക്കത്തിന്റെയും സൂചനയും ആവാം. മുതിർന്നവരോടുള്ള ബഹുമാ നസൂചകമായി തലകുനിക്കുന്നതും മാതാപിതാക്കളുടെ ഗുരുക്കന്മാ രുടെയും അതുപോലെ ആദരണീയ വ്യക്തികളുടെയും പാദം തൊട്ടു വന്ദിക്കുന്നതും ഒന്നും ആരാധനയായി ആരും പരിഗണിക്കാറില്ല. ധൂപാർച്ചനയ്ക്ക് പല അർത്ഥസൂചനകളുണ്ടാവാം. ആരാധന അതിൽ ഒന്നുമാത്രമാണ്. ആദരവിന്റെ സൂചനയായും ധൂപാർപ്പണത്തെ കാണാവുന്നതാണ്. മൃതശരീരവും ശവകുടീരവും മറ്റും ധൂപിക്കു ന്നതും ആരാധനയായി കാണാറില്ലല്ലോ.

എന്താണ് ആരാധന? എന്റെ ആരംഭവും ആത്യന്തികലക്ഷ്യവും അതിനാഥനുമായി ആരെയെങ്കിലും ഞാൻ ഏറ്റുപറയുകയും എന്നെത്തന്നെ സമ്പൂർണ്ണമായി ആ ആൾക്കു അടിയറവയ്ക്കുകയും ചെയ്യുമ്പോൾ ആ വ്യക്തിയെ ഞാൻ ആരാധിക്കുന്നു എന്നു പറയാം. ഇപ്രകാരമുള്ള ആരാധന ദൈവത്തിനു മാത്രമേ സമർപ്പിക്കാവൂ. മറ്റാർക്കെങ്കിലുമോ എന്തിനെങ്കിലുമോ ഈ ആരാധന അർപ്പിച്ചാൽ അതു വിഗ്രഹാരാധനയായിരിക്കും. ദൈവമല്ലാത്ത എന്തിനെയെങ്കിലും ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കുമ്പോഴാണ് വിഗ്രഹമുണ്ടാകുന്നത്. അതു പ്രതിമകളും, ഛായചിത്രങ്ങളും മാത്രമല്ല പണവും പ്രത്യയശാസ്ത്രങ്ങളും ആശയങ്ങളും ഒക്കെ യാകാം. താരാധനയും വീരാരാധനയും സൗന്ദര്യാരാധനയും ഒക്കെ വിഗ്രഹാരാധനയായിത്തീരാം. എന്നാൽ കത്തോലിക്കാസഭ പഠിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും വിഗ്രഹാരാധനയല്ല, പ്രതിമാവണക്കമാണ്. വിശുദ്ധന്മാരെ അനുസ്മരിക്കാനും അവരുടെ ജീവിതമാതൃക അനുകരിക്കാനും അവരുടെ മാധ്യസ്ഥ്യം യാചിക്കാനും മറ്റുമായി പ്രതിമകൾ ഉണ്ടാക്കുന്നതും ദേവാലയത്തിലോ ഭവനങ്ങളിലോ പ്രതിഷ്ഠിക്കുന്നതും സഭ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ജ്യേഷ്ഠസഹോദരങ്ങളും ആദരണീയ വ്യക്തികളും എന്ന നിലയിൽ അവരെ വണങ്ങുന്നതും സഭയുടെ പഠനത്തിന്റെ ഭാഗമാണ്. എന്നാൽ വണക്കം ചിലപ്പോഴൊക്കെ അതിരുകടന്ന് ആരാധനയായിത്തീരാറില്ലേ എന്നു സംശയിക്കേണ്ടതുണ്ട്.

ആരാധനയും വണക്കവും തമ്മിലുള്ള വ്യത്യാസം പലരുടെയും മനസ്സിൽ വളരെ ലോലമായിരിക്കാം. പല ആചാരങ്ങളും ഈ വ്യത്യാസത്തെ മാനിക്കാത്തതും ആകാം. സഭയുടെ ആധികാരിക പ്രബോധനത്തിനു വിപരീതമായി ചിലപ്പോഴെങ്കിലും പ്രതിമാവണക്കം വിഗ്രഹാരാധനയുടെ മേഖലയിലേക്കു നീങ്ങുന്നതായും തോന്നും.

**3. പത്തുപ്രമാണങ്ങളുടെ പട്ടികയിൽ കത്തോലിക്കാസഭ മാറ്റം വരുത്തി** എന്നതാണ് മൂന്നാമത്തെ ആരോപണം. "നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്" ഇതാണ് ഒന്നാം പ്രമാണം. "ദൈവത്തിന്റെ നാമം വൃഥാ പ്രയോഗിക്കരുത്" എന്നത് രണ്ടാം പ്രമാണമായി കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ഇവയ്ക്കുമധ്യേ ഒരു പ്രമാണം വിട്ടുകളഞ്ഞിരിക്കുന്നു എന്നതാണ് ആരോപണത്തിന്റെ കാതൽ. ബൈബി

ളിൽ നല്കിയിരിക്കുന്ന പ്രമാണപ്പട്ടികയുമായി തട്ടിച്ചുനോക്കിയാൽ (പുറ 20,2-7; നിയ 5,6-11) ഈ ആരോപണം ശരിയാണെന്നു തോന്നും.

"ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്" എന്നതിന്റെ തുടർച്ചയായി "മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലെ ജലത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്; അവയ്ക്കുമുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്" (പുറ 20,4-5) എന്നുകൂടി ബൈബിളിലുണ്ട്. ഇതു രണ്ടാം പ്രമാണമാണെന്നും ഈ പ്രമാണം കത്തോലിക്കാസഭ മനഃപൂർവ്വം വിട്ടുകളഞ്ഞതാണെന്നും ആരോപിക്കപ്പെടുന്നു. ഈ ആരോപണത്തിന് ഉത്തരം ലഭിക്കാൻ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കാം.

a) കത്തോലിക്കാസഭ പഠിപ്പിക്കുന്നത് പ്രമാണങ്ങങ്ങളുടെ ഹ്രസ്വമായ രൂപമാണ്. കുട്ടികൾക്കു മനഃപാഠമാക്കാൻ കഴിയുന്ന വിധത്തിൽ പ്രമാണങ്ങളുടെ അന്തഃസത്ത ചെറിയ സൂത്രവാക്യങ്ങളായി പഠിപ്പിക്കുന്നു. ദൈവാരാധന, സാബത്താചരണം, മാതാപിതാക്കന്മാരെ ബഹുമാനിക്കൽ എന്നീ പ്രമാണങ്ങളെല്ലാം ഇപ്രകാരം ചുരുക്കി സൂത്രവാക്യങ്ങളായിട്ടാണ് മതബോധനക്ലാസുകളിൽ കുട്ടികളെ പഠിപ്പിക്കുക. ഹ്രസ്വരൂപമായതുകൊണ്ട് എന്തെങ്കിലും വെട്ടിക്കുറയ്ക്കുകയോ വിട്ടുകളയുകയോ ചെയ്യുന്നു എന്ന് അർത്ഥമില്ല. ഓർമ്മയിൽ സൂക്ഷിക്കാൻ സഹായകമായ സൂത്രവാക്യങ്ങളുടെ വിശദീകരണം ബൈബിൾ ഉപയോഗിച്ചുതന്നെ ക്ലാസുകളിൽ പഠിപ്പിക്കുന്നു. ഈ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ഒന്നാം പ്രമാണത്തിന്റെ തുടർച്ചയായ വിഗ്രഹനിർമ്മാണത്തെയും വിഗ്രഹാരാധനയെയും സംബന്ധിച്ച ഭാഗങ്ങൾ വിട്ടുകളയുകയല്ല, വിശദീകരണവിഷയമായി ആദ്യഭാഗത്തിൽ ഒതുക്കിയിരിക്കുകയാണെന്നു കാണാം.

ഏകദൈവാരാധനയെ സംബന്ധിക്കുന്നതാണ് ഒന്നാം പ്രമാണം. "ദാസ്യഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്". എന്ന ഒന്നാംഭാഗം ആരാണ് ദൈവം എന്നു വ്യക്തമാക്കുന്നു. പ്രമാണത്തിന്റെ രണ്ടാംഭാഗം ഈ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നു കല്പിക്കുന്നു. അന്യദൈവങ്ങൾ ഉണ്ടാകരുത്, അന്യദൈവങ്ങളെ ആരാധിക്കരുത് എന്ന കല്പന ഒരു പുതിയ പ്രമാണമല്ല,

ആദ്യത്തെ പ്രമാണത്തിന്റെതന്നെ വ്യാഖ്യാനവും വിശദീകരണവുമാണ്. അതിനാൽ മനഃപാഠമാക്കേണ്ട സൂത്രവാക്യത്തിൽ അത് എടുത്തു പറയുന്നില്ല എന്നു മാത്രം.

b) പ്രമാണങ്ങളുടെ എണ്ണത്തെക്കുറിച്ചും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പത്തുപ്രമാണങ്ങൾ ഏവയെന്ന് ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ബൈബിൾ അധ്യായങ്ങളായി തിരിച്ചത് ഏ.ഡി. 13-ാം നൂറ്റാണ്ടിലാണ്. വാക്യങ്ങളായി അക്കമിട്ടു തിരിച്ചത് 16-ാം നൂറ്റാണ്ടിലും. ഏതാണ് ഒന്നാം പ്രമാണം ഏതാണ് രണ്ടാം പ്രമാണം എന്ന് ബൈബിൾ മാത്രം വായിച്ച് മനസ്സിലാക്കാൻ കഴിയുകയില്ല. തന്നെയുമല്ല, പ്രമാണങ്ങളുടെ എണ്ണം പത്ത് എന്ന് നിഷ്കർഷിക്കുമ്പോൾ ബൈബിളിൽത്തന്നെ രണ്ടു സംഖ്യാക്രമത്തിലുള്ള രണ്ടു പട്ടികകൾ കാണാം. പുറപ്പാടു പുസ്തകം 20,1-17ൽ കൊടുത്തിരിക്കുന്നതിൽനിന്നും അല്പം വ്യത്യസ്തമാണ് നിയമാവർത്തനം. 5,6-21 ൽ കൊടുത്തിരിക്കുന്ന ക്രമം. ആദ്യത്തെ പട്ടികയിൽ ദൈവാരാധന ഒന്നാംപ്രമാണമായും വിഗ്രഹാരാധനയുടെ വിലക്ക് രണ്ടാം പ്രമാണമായും പരിഗണിക്കാം. അപ്പോൾ "മോഹിക്കരുത്" എന്നത് പത്താം പ്രമാണമായി വരുന്നു. ആ ഒരു പ്രമാണത്തിനു കീഴിൽ അയല്ക്കാരന്റെ ഭവനവും ഭാര്യയും ദാസനും കഴുതയും എല്ലാം ഒരേ പ്രാധാന്യത്തോടെയാണ് പരാമർശിക്കപ്പെടുന്നത്. ഭാര്യയ്ക്കും കഴുതയ്ക്കും ഒരേസ്ഥാനം നല്കുന്ന ഈ ക്രമം വിട്ട് രണ്ടിനെയും വേർതിരിച്ച് അവതരിപ്പിക്കുന്ന ഒരു സംഖ്യാക്രമമാണ് രണ്ടാമത്തെ പട്ടികയിൽ സ്വീകരിച്ചിരിക്കുന്നത് (നിയ 5,21). മോഹിക്കരുത് എന്ന കല്പന രണ്ടു പ്രമാണങ്ങളായി അവതരിപ്പിക്കുന്ന നിയമാവർത്തന പട്ടികയിലും പ്രമാണങ്ങൾ പത്തു മാത്രമേയുള്ളൂ. അതിനായി ആരാധനയെ സംബന്ധിക്കുന്ന രണ്ടു പ്രമാണങ്ങൾ ഒന്നായി പരിഗണിച്ചു. ഈ ക്രമമാണ് കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ഏതെങ്കിലും പ്രമാണം വിട്ടുകളഞ്ഞു എന്ന ആരോപണത്തിനു സാധുതയില്ല.

വിഗ്രഹാരാധന നിരോധിക്കുകയും പ്രതിമാവണക്കത്തെ അംഗീകരിക്കുകയും ചെയ്യുന്ന കത്തോലിക്കാസഭയുടെ നിലപാട് പലപ്പോഴും വേണ്ടത്ര ഗ്രഹിക്കുകയോ അനുവർത്തിക്കപ്പെടുകയോ ചെയ്യാതെ പോകുന്നുണ്ട് എന്ന വസ്തുത അംഗീകരിച്ചേ മതിയാവൂ. വിശുദ്ധരോടുള്ള ഭക്തിയും ആദരവും ചിലപ്പോഴൊക്കെ വണക്കത്തിന്റെ പരിധികൾ വിട്ട് ആരാധനയായിത്തീരുന്നില്ലേ എന്നു സംശ

യിക്കണം. ചില വിശുദ്ധന്മാർക്ക് ചില പ്രത്യേക സിദ്ധികൾ ഉണ്ടെന്നും ആ വിശുദ്ധന്മാരുടെതന്നെ ചില സ്ഥലങ്ങളിലെ പ്രതി മകൾക്ക് കൂടുതൽ ശക്തിയുണ്ടെന്നും ചില ധാരണകൾ പ്രചരിപ്പി ച്ചുകൊണ്ട് ഭക്തജനങ്ങളെ ആകർഷിക്കുന്നവർ അവരെ സാവ ധാനം വിഗ്രഹാരാധനയിലേക്കു നയിക്കുകയല്ലേ എന്ന് സ്വയം ചോദിക്കണം. വിശുദ്ധന്മാർ ആരും അത്ഭുതം പ്രവർത്തിക്കുന്നില്ല. അത്ഭുതം പ്രവർത്തിക്കുന്നവൻ ദൈവം മാത്രമാണ്. ദൈവസന്നി ധിയിൽ മാധ്യസ്ഥ്യം വഹിക്കുക മാത്രമാണ് വിശുദ്ധർ ചെയ്യുന്നത്. അതിനാൽ ഉറവിടംമറന്ന് ഒഴുക്കുചാലിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന തിൽ പതിയിരിക്കുന്ന അപകടം മനസിലാക്കണം. വിശുദ്ധന്മാരി ലേക്കല്ല, ദൈവത്തിലേക്കാണ് ജനശ്രദ്ധ തിരിയേണ്ടത്. വിശുദ്ധ ന്മാർ വഴികാട്ടികളാണെന്ന കാര്യം മറന്നു കൂടാ. അതുപോലെ തന്നെ ഭക്തിപ്രകടനങ്ങളുടെ കാര്യത്തിലും മിതത്വം പാലിക്കേ ണ്ടതുണ്ട്. കത്തോലിക്കരുടെ ഇടയിൽ നിലവിലിരിക്കുന്ന ചില അനൌദ്യോഗികപ്രാർത്ഥനകളിലും ഗാനങ്ങളിലും വണക്കത്തിന്റെ അതിരുകൾ കടക്കുന്ന പരാമർശങ്ങളുണ്ട്. ഈ മേഖലയിൽ സഭാ ധികാരികളുടെ നിതാന്തജാഗ്രതയും സത്വരശ്രദ്ധയും പതിയേണ്ട തുണ്ട്.

# 34. വിഗ്രഹാർപ്പിത ഭക്ഷണം

*വിഗ്രഹങ്ങൾക്കർപ്പിച്ച വസ്തുക്കൾ ഭക്ഷിക്കരുത് എന്ന ബൈബിൾ വ്യക്തമായി വിലക്കുന്നുണ്ട്. അങ്ങനെയുള്ള ഭക്ഷണം പിശാചിനോടു കൂട്ടുചേരലാണെന്ന് വി. പൗലോസ് പഠിപ്പിക്കുന്നുണ്ട്. എന്നാൽ വിഗ്രഹങ്ങൾക്ക് അർപ്പിച്ച വസ്തുക്കൾ ഭക്ഷിക്കുന്നതിൽ തെറ്റൊന്നുമില്ലെന്ന് ഇന്നു പല വൈദികരും പഠിപ്പിക്കുന്നതായി കേൾക്കുന്നു. ഇതിനെക്കുറിച്ച് എന്തു പറയുന്നു?*

ഇന്നു കത്തോലിക്കരുടെ ഇടയിൽ വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയത്തിലേക്കാണ് ചോദ്യകർത്താവ് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഈ വിഷയത്തെക്കുറിച്ച് ആത്മാക്കളുടെ ലോകം എന്ന പുസ്തകം 162-171, പേജുകളിൽ ഞാൻ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മതവും ചിന്തയും 2005 സെപ്റ്റംബർ ലക്കത്തിൽ ഡോ. വിൻസന്റ് ആലപ്പാട്ട് ഈ വിഷയം ചർച്ചചെയ്ത് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായി പഠിക്കാൻ ആഗ്രഹിക്കുന്നവർ ഈ രണ്ടു ലേഖനങ്ങളും വായിക്കുന്നത് ഉപകാരപ്രദമായിരിക്കും. എന്റെ ലേഖനം തെറ്റിധാരണകൾക്ക് ഇടയായി എന്ന് അറിയാൻ കഴിഞ്ഞു. അതിനാൽ വീണ്ടും ഒരു വിശദീകരണം ആവശ്യമായിരിക്കുന്നു.

വിഗ്രഹാർപ്പിത ഭക്ഷണത്തെക്കുറിച്ച് ഏറ്റം വിശദമായി ചർച്ചചെയ്യുന്നത് വി. പൗലോസാണ്. 1 കോറി 8-10 അധ്യായങ്ങളിൽ അപ്പസ്തോലൻ പ്രശ്നത്തിന്റെ വിവിധവശങ്ങൾ അപഗ്രഥിച്ച് നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. റോമാ 14-ാം അധ്യായത്തിലും ഈ പ്രശ്നം ചർച്ചാവിഷയമാകുന്നുണ്ട്. 1 തിമോ 4,1-5 ൽ ഇതുമായി ബന്ധപ്പെട്ട ഒരു പരാമർശം കാണാം. വെളി 2,12-29 ൽ ഈ വിഷയം ചർച്ചചെയ്യപ്പെടുന്നുണ്ട്. ആദിമസഭയുടെ ചില കേന്ദ്രങ്ങളിലെങ്കിലും വിഗ്രഹാർപ്പിത ഭക്ഷണം ഗൗരവാവഹമായ ഒരു പ്രശ്നമായിരു

ന്നുവെന്ന് ഈ പരാമർശങ്ങളിൽനിന്നു വ്യക്തമാകുന്നു. എന്താണ് ഈ പ്രശ്നത്തിന് സഭ നല്കിയ വിശദീകരണങ്ങളും നിർദ്ദേശിച്ച തീരുമാനങ്ങളും എന്നു പരിശോധിക്കണം.

ചർച്ചാവിഷയമായ ബൈബിൾ ഭാഗങ്ങൾ അടുത്തുപരിശോധിക്കുമ്പോൾ നാലു നിഗമനങ്ങളിലേക്കാണ് നാം എത്തുക. 1. വിഗ്രഹം ഒന്നുമല്ല, അതിനാൽ മനശ്ചാഞ്ചല്യം കൂടാതെ ഭക്ഷിക്കുക. 2. സംശയമെങ്കിൽ ഭക്ഷിക്കരുത്. 3. സഹോദരന് ഇടർച്ചക്കു കാരണമാകുമെങ്കിൽ ഭക്ഷിക്കരുത്. 4. എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുക.

1. വിഗ്രഹം ഒന്നുമല്ല

കോറിന്തോസ് നഗരത്തിലെ ക്രിസ്ത്യാനികൾ നേരിട്ട ഒരു പ്രായോഗിക പ്രശ്നം ചർച്ചചെയ്ത് പരിഹാരം നിർദ്ദേശിക്കുമ്പോഴാണ് വിഗ്രഹാർപ്പിതഭക്ഷണം എന്ന പ്രമേയം പരാമർശവിഷയമാകുന്നത്. അനേകം ദൈവങ്ങളെ ആരാധിക്കുകയും അവയുടെയെല്ലാം വിഗ്രഹങ്ങളും ക്ഷേത്രങ്ങളും സർവ്വത്ര ദൃശ്യമാവുകയും ചെയ്തിരുന്ന നഗരത്തിൽ വില്പനയ്ക്കുവന്ന മാംസം അധികപങ്കും ഏതെങ്കിലും ഒരു വിഗ്രഹത്തിന് ബലിയർപ്പിച്ചതിന്റെ ഭാഗമാകാം. ഇങ്ങനെ വിഗ്രഹങ്ങൾക്ക് അർപ്പിച്ച മാംസം ചന്തയിൽനിന്നു വാങ്ങി ഭക്ഷിക്കാമോ എന്നതാണ് ഒരു ചോദ്യം. അതോടൊപ്പം സമൂഹജീവിതത്തിൽ അനിവാര്യമായ വിരുന്നുകളിൽ പങ്കുചേരാമോ എന്ന മറ്റൊരു ചോദ്യം. വിരുന്നുകൾ അധികപങ്കും ഏതെങ്കിലും ഒരു ദേവന്റെ ബഹുമാനാർത്ഥമായിരിക്കും നടത്തപ്പെടുക. പലപ്പോഴും അതു ക്ഷേത്രപരിസരങ്ങളിലായിരിക്കും. ഇപ്രകാരമുള്ള വിരുന്നിൽ വിളമ്പുന്നത് ബലിയർപ്പിച്ച മൃഗത്തിന്റെ മാംസമായിരിക്കും. അതിനാൽ ക്രിസ്ത്യാനിയ്ക്ക് ഈ വിരുന്നുകളിൽ പങ്കുചേരാമോ?

വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിക്കുന്ന ക്രിസ്തീയ പ്രബോധനം ഒരു അജപാലകന്റെ വിവേകത്തോടെ വി. പൗലോസ് അവതരിപ്പിക്കുന്നു. ലോകത്തിൽ വിഗ്രഹമെന്നൊന്നില്ലെന്നും ഏകദൈവമല്ലാതെ മറ്റൊരു ദൈവമില്ലെന്നും നമുക്കറിയാം (1 കോറി 8,4). വിഗ്രഹങ്ങൾ ഒന്നുമല്ലെങ്കിൽ അവയ്ക്ക് അർപ്പിക്കപ്പെടുന്ന വസ്തുക്കൾക്കും ഒരു പ്രത്യേകതയുമില്ല. അതിനാൽ അപ്പസ്തോലൻ നല്കുന്ന പ്രായോഗികനിർദ്ദേശമിതാണ്. ചന്തയിൽ വില്ക്കപ്പെടുന്ന ഏതുതരം മാംസവും വാങ്ങി മനശ്ചാഞ്ചല്യം

കൂടാതെ ഭക്ഷിച്ചുകൊള്ളുക (1 കോറി 10,25). ചന്തയിൽനിന്നു വാങ്ങുന്ന മാംസത്തിന്റെ കാര്യത്തിൽ മാത്രമല്ല, വിരുന്നുകളിൽ പങ്കെടുക്കുന്ന കാര്യത്തിലും ഇതേ പ്രായോഗികനിർദ്ദേശമാണ് അപ്പസ്തോലൻ നല്കുന്നത് (1 കോറി 10,27). അവിശ്വാസികളുമായി നല്ല സൗഹൃദബന്ധത്തിൽ കഴിയുക ആവശ്യമാണെന്നും അതിനായി അവരുടെ ആതിഥ്യം സ്വീകരിക്കുന്നതിൽ തെറ്റില്ലെന്നും അപ്പസ്തോലൻ പഠിപ്പിക്കുന്നു. എന്നാൽ ഇതു മാത്രമല്ല വിഗ്രഹാർപ്പിത ഭക്ഷണത്തെക്കുറിച്ച് അപ്പസ്തോലൻ പറയുന്നത്.

### 2. സംശയമെങ്കിൽ ഭക്ഷിക്കരുത്

വിഗ്രഹത്തെയും ബഹുദൈവാരാധനയെയും സംബന്ധിച്ച അപ്പസ്തോലന്റെ കാഴ്ചപ്പാടായിരിക്കുകയില്ല എല്ലാ ക്രിസ്തുവിശ്വാസികൾക്കും ഉള്ളത്. പ്രത്യേകിച്ചും പുതുതായി ക്രിസ്തുമതം സ്വീകരിച്ച വിജാതീയർ തങ്ങളുടെ പരമ്പരാഗതമായ വിശ്വാസങ്ങളിൽനിന്നും ബോധ്യങ്ങളിൽനിന്നും പൂർണ്ണമായി വിടുതൽ നേടിയിട്ടുണ്ടാവില്ല. അതിനാൽ വിഗ്രഹങ്ങൾ ഒന്നുമല്ല എന്നു പറയുമ്പോഴും അവ എന്തൊക്കെയോ ആണെന്ന ചിന്ത അവരുടെ ഉള്ളിലുണ്ടാവാം. ഈ സാഹചര്യത്തിൽ വിഗ്രഹാർപ്പിത ഭക്ഷണം കഴിക്കുന്നത് വിഗ്രഹാരാധകന്റെ മനോഭാവത്തോടെയാവും. അതിനാൽ സംശയമുള്ളവർ വിഗ്രഹാർപ്പിതഭക്ഷണം കഴിക്കരുത് എന്ന് അപ്പസ്തോലൻ പഠിപ്പിക്കുന്നു. ഇതുവരെ വിഗ്രഹവുമായി ബന്ധപ്പെട്ടു ജീവിച്ച ചിലർ ഭക്ഷിക്കുന്നത് വിഗ്രഹാരാധകരുടെ മനോഭാവത്തോടെയാണ്. അവരുടെ മനസ്സാക്ഷി ദുർബ്ബലമാകയാൽ അതു മലിനമായിത്തീരുന്നു (1 കോറി 8,7). മനസ്സാക്ഷി മലിനമാകുന്നതു ഭക്ഷണം മലിനമായതുകൊണ്ടല്ല, അതു ഭക്ഷിക്കുന്ന ആളിന്റെ മനസ്സ് മലിനമായതുകൊണ്ടാണ്. താൻ ചെയ്യുന്നതു തെറ്റാണ് എന്ന ബോധ്യത്തോടെ ചെയ്യുന്നതിനാൽ ആ പ്രവൃത്തി തെറ്റായിത്തീരുന്നു. അതിനാൽ വിശ്വാസത്തിൽ ദൃഢതയില്ലാത്തവർ വിഗ്രഹാർപ്പിതഭക്ഷണം കഴിക്കരുത്.

### 3. ഇടർച്ചയ്ക്കു കാരണമാകുമെങ്കിൽ ഭക്ഷിക്കരുത്

വിഗ്രഹാർപ്പിതഭക്ഷണം നിഷിദ്ധമാകുന്ന വേറൊരു സാഹചര്യം അപ്പസ്തോലൻ വിവരിക്കുന്നുണ്ട്. “നിങ്ങളുടെ സ്വാതന്ത്ര്യം ബലഹീനർക്ക് ഏതെങ്കിലും വിധത്തിൽ ഇടർച്ചയ്ക്കു കാരണമാകാതിരിക്കാൻ സൂക്ഷിക്കണം. എന്തെന്നാൽ, അറിവുള്ളവനായ നീ വിഗ്രഹാലയത്തിൽ ഭക്ഷണത്തിനിരിക്കുന്നതായി ദുർബ്ബലമനസ്സാ

ക്ഷിയുള്ള ഒരുവൻ കണ്ടാൽ വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണസാധനം കഴിക്കാൻ അത് അവനു പ്രോത്സാഹനമാവികയില്ലേ? ......... ഭക്ഷണം എന്റെ സഹോദരനു ദുഷ്പ്രേരണയ്ക്കു കാരണമാകുന്നെങ്കിൽ, അങ്ങനെ സംഭവിക്കാതിരിക്കാൻവേണ്ടി ഞാൻ ഒരിക്കലും മാംസം ഭക്ഷിക്കുകയില്ല'' (1 കോറി 28,9-12).

സഹോദരസ്നേഹത്തിന്റെ പ്രാധാന്യമാണ് അപ്പസ്തോലൻ ഇവിടെ ഊന്നിപ്പറയുന്നത്. വിഗ്രഹാർപ്പിതഭക്ഷണത്തിന് എന്തെങ്കിലും പ്രത്യേകത ഉണ്ടായതുകൊണ്ടല്ല, കുറ്റബോധത്തോടെ ഭക്ഷിച്ച് പാപത്തിൽ വീഴാൻ അയല്ക്കാരന് കാരണമായേക്കാം എന്നതിനാൽ മാത്രമാണ് ഭക്ഷണം ഒഴിവാക്കാൻ ഉപദേശിക്കുന്നത്. വിശ്വാസത്തിൽ ആഴപ്പെടുകയും യഥാർത്ഥമായ ബോധ്യങ്ങൾ രൂപപ്പെടുകയും ചെയ്യുന്നതിന് ആനുപാതികമായി ഇടർച്ചയ്ക്കുള്ള അവസരവും കുറയും. എന്നാലും മറ്റുള്ളവർക്ക് തെറ്റായ മനസ്സാക്ഷിയോടെ ഭക്ഷിക്കാൻ കാരണമാകും എന്നു കരുതുന്നെങ്കിൽ തീർച്ചയായും ഒഴിവാക്കണം എന്ന പ്രബോധനം ഇന്നും പ്രസക്തമാണ്.

### 4. എല്ലാം ദൈവമഹത്ത്വത്തിന്

ഭക്ഷണപാനീയങ്ങൾ ആരെയും വിശുദ്ധനോ പാപിയോ ആക്കുന്നില്ല എന്നതാണ് വി. പൗലോസ് നല്കുന്ന അടിസ്ഥാന പ്രബോധനം (1 കോറി 8,8; റോമാ 14,6.14). ഭക്ഷിക്കുന്ന വസ്തുവല്ല, ഭക്ഷിക്കുന്ന ആളിന്റെ മനോഭാവമാണ് പ്രധാനം. ഭക്ഷിക്കുന്നവൻ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നതുകൊണ്ട് കർത്താവിന്റെ സ്തുതിക്കായി ഭക്ഷിക്കുന്നു. ഭക്ഷണം ഉപേക്ഷിക്കുന്നവൻ കർത്താവിന്റെ സ്തുതിക്കായി അത് ഉപേക്ഷിക്കുകയും ദൈവത്തിനു കൃതജ്ഞതയർപ്പിക്കുകയും ചെയ്യുന്നു (റോമാ 14,6). ദൈവത്തിനു നന്ദി പറഞ്ഞു സ്തുതിയർപ്പിച്ചുകൊണ്ട് കഴിക്കുന്ന ഏതു ഭക്ഷണവും ശുദ്ധമാണ് എന്ന നിലപാടാണ് റോമാക്കാർക്കെഴുതിയ ലേഖനത്തിലും അപ്പസ്തോലൻ വ്യക്തമാക്കുന്നത്. എന്നാൽ മറ്റൊരാൾക്ക് പാപഹേതുവാകുന്നുവെങ്കിൽ വിഗ്രഹാർപ്പിതഭക്ഷണം ഒഴിവാക്കണം എന്ന് ഇവിടെയും എടുത്തുപറയുന്നു (റോമാ 14,15-23).

### വിധിക്കരുത്

ഇടർച്ചയ്ക്കു കാരണമാകരുത് എന്നു പറയുന്ന അപ്പസ്തോലൻതന്നെ വിധിക്കരുത് എന്ന നിർദ്ദേശവും നല്കുന്നുണ്ട്: ഭക്ഷിക്കുന്നവൻ ഭക്ഷിക്കാത്തവനെ നിന്ദിക്കരുത്; ഭക്ഷിക്കാത്തവൻ ഭക്ഷി

ക്കുന്നവനെ വിധിക്കയുമരുത് (റോമാ 14,3). പരസ്പരം ആദരവോടെയും സ്നേഹത്തോടെയും വിശ്വാസികൾ ജീവിക്കണം; ആരും ആർക്കും പാപകാരണമാകരുത്; ആരും ആരെയും കുറ്റം വിധിക്കുകയും അരുത്. എന്നും ഏവർക്കും പ്രസക്തമായ നിർദ്ദേശമാണ് അപ്പസ്തോലൻ നല്കുന്നത്. എന്നാൽ എല്ലാവരും ഈ മനോഭാവം ഉൾക്കൊള്ളുന്നില്ല എന്നും അനുഭവത്തിൽ നിന്നറിയാവുന്ന വി. പൗലോസ് മെത്രാനായ തിമോത്തിക്കു നല്കുന്ന നിർദ്ദേശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. വരാൻ പോകുന്ന ചില കപടോപദേഷ്ടാക്കളെക്കുറിച്ചു നല്കുന്ന മുന്നറിയിപ്പിലാണ് ഈ നിർദ്ദേശം. അവർ ............. ചില ഭക്ഷണസാധനങ്ങൾ വർജ്ജിക്കണമെന്നു ശാസിക്കുകയും ചെയ്യുന്ന ഈ ഭക്ഷണസാധനങ്ങളാകട്ടെ, വിശ്വസിക്കുകയും സത്യം അറിയുകയും ചെയ്യുന്നവർ കൃതജ്ഞതാപൂർവ്വം ആസ്വദിക്കാൻവേണ്ടി ദൈവം സൃഷ്ടിച്ചവയാണ്. കൃതജ്ഞതാപൂർവ്വമാണ് സ്വീകരിക്കുന്നതെങ്കിൽ ഒന്നും നിരാകരിക്കേണ്ടതില്ല. കാരണം അവ ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നു (1 തിമോ 4,1-5).

## ഒരു ഭക്ഷണവും അശുദ്ധമല്ല

ഭക്ഷണസാധനങ്ങളെ ശുദ്ധമെന്നും അശുദ്ധമെന്നും തരംതിരിക്കുന്ന നിയമങ്ങൾ പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ലേവ്യ 11; നിയ 14). എന്നാൽ ഈ നിയമം കാലഹരണപ്പെട്ടതായി യേശു വാക്കും പ്രവൃത്തിയും വഴി വ്യക്തമാക്കി. എല്ലാ ഭക്ഷണപദാർത്ഥങ്ങളും ശുദ്ധമാണെന്ന് അവൻ പ്രഖ്യാപിച്ചു (മർക്കോ 7,19). ഭക്ഷണസാധനങ്ങൾ ഹൃദയത്തിൽ പ്രവേശിക്കുന്നില്ല. വികാരങ്ങളുടെ, തീരുമാനങ്ങളുടെയും എല്ലാം ഉറവിടമായ ഹൃദയത്തിനാണ് യേശു പ്രാധാന്യം കല്പിച്ചത്. വിഗ്രഹാർപ്പിത ഭക്ഷണത്തെക്കുറിച്ചും അതേ നിലപാടാണ് സഭ സ്വീകരിച്ചു പോരുന്നത്.

## വിഗ്രഹാരാധനയരുത്

വിഗ്രഹാർപ്പിതഭക്ഷണത്തെക്കുറിച്ചുള്ള ഈ നിലപാട് വിഗ്രഹാരാധനയ്ക്കുള്ള അനുവാദമോ പ്രോത്സാഹനമോ ആയി തെറ്റിധരിച്ചുകൂടാ. 1 കോറി 10,14-22 ഈ സത്യം ഉറക്കെ പ്രഖ്യാപിക്കുന്നു. വിഗ്രഹാരാധനയിൽ പങ്കുചേരുന്നത് പിശാചിനോടു കൂട്ടുകൂടുന്നതിനുതുല്യമാണ്. നിങ്ങൾ പിശാചിന്റെ പങ്കാളികളാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരേസമയം കർത്താവിന്റെ പാനപാത്രവും പിശാചുക്കളുടെ പാനപാത്രവും കുടിക്കാൻ നിങ്ങൾക്കു സാധി

ക്കുകയില്ല. കർത്താവിന്റെ മേശയിലും പിശാചുക്കളുടെ മേശയിലും ഭാഗഭാക്കുകളാകാനും സാധിക്കുകയില്ല (1 കോറി 10,20-22). ക്രിസ്തീയവിശ്വാസത്തിനു നിരക്കാത്ത ആരാധനാനുഷ്ഠാനങ്ങളിൽ ക്രിസ്തുവിശ്വാസി പങ്കെടുക്കരുത് എന്ന താക്കീതാണ് ഈ വാക്യങ്ങളിൽ മുഴങ്ങുന്നത്.

ഇതേ ആശയം തന്നെയാണ് വെളിപാടുപുസ്തകത്തിലും കാണുന്നത്. പെർഗാമോസിലെയും തിയത്തീറായിലെയും സഭകൾക്കെതിരെ നിരത്തുന്ന കുറ്റാരോപണങ്ങളിൽ വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും വ്യഭിചാരം ചെയ്യാനും (വെളി 2,14-20) ജനങ്ങളെ പ്രേരിപ്പിക്കുന്നു എന്ന കുറ്റം ശ്രദ്ധേയമത്രേ. വ്യഭിചാരം എന്നു വിശേഷിപ്പിക്കുന്നത് വിഗ്രഹാരാധനതന്നെയാണ്. സത്യദൈവത്തിനുപകരം മറ്റാരെയെങ്കിലും എന്തിനെയെങ്കിലും, ദൈവമായി ആരാധിക്കുന്നതാണല്ലോ വിഗ്രഹാരാധന. അത് ദൈവത്തോടു ചെയ്തിട്ടുള്ള ഉടമ്പടിയുടെ ലംഘനമാണ്. വിവാഹഉടമ്പടിയുടെ ലംഘനവുമായി താരതമ്യം ചെയ്തുകൊണ്ട് അതിനെ വ്യഭിചാരം എന്നു വിശേഷിപ്പിക്കുന്നു.

വ്യക്തമായ ഈ പഠനങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഇതരമതസ്ഥരുടെ ആരാധനാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതിനെയും അവരുമായി ഭക്ഷണത്തിൽ പങ്കുചേരുന്നതിനെയുകുറിച്ച് ചിന്തിക്കാൻ. സൗഹൃദത്തിന്റെ അടയാളമായും നല്ല അയൽബന്ധം നിലനിർത്തുന്നതിന്റെ ഭാഗമായും അവർ നല്കുന്ന ഭക്ഷണസാധനങ്ങൾ സ്വീകരിക്കുന്നതിൽ തെറ്റില്ല; അതേ സമയം അവരുടെ ആരാധനകളിലും ബലിയർപ്പണങ്ങളിലും സജീവമായി സംബന്ധിക്കുന്നത് ക്രിസ്തുവിശ്വാസിക്ക് അനുവദനീയമല്ല. എന്നാൽ പലമതങ്ങളിൽ വിശ്വസിക്കുന്ന മനുഷ്യർ ഒരുമിച്ചു ജീവിക്കുന്ന നമ്മുടെ സാഹചര്യത്തിൽ ജനങ്ങൾ ഒരുമിച്ചുചേർന്ന് പ്രാർത്ഥനകൾ നടത്തുന്നതിനെ സഭ നിരോധിക്കുന്നില്ല, എന്നു മാത്രമല്ല, പ്രോത്സാപ്പിക്കുകയും ചെയ്യുന്നു എന്നതിന്റെ ഉദാഹരണമാണ് ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ തുടങ്ങിവച്ച സർവ്വമതപ്രാർത്ഥനായോഗങ്ങൾ. എല്ലാ മതവിശ്വാസികളും വ്യത്യസ്ത നാമങ്ങളിലാണെങ്കിലും, വിളിച്ചപേക്ഷിക്കുന്നത് ഒരേ ദൈവത്തെത്തന്നെയാണല്ലോ. കാരണം ദൈവം ഒരുവനേയുള്ളൂ. പിശാചിനെ ആരാധിക്കുന്നത് ഇതിൽനിന്നും വ്യത്യസ്തമത്രേ. അതിനെ അംഗീകരിക്കാനോ അതിൽ പങ്കുചേരാനോ പാടില്ല എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

# 35. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

*മരിച്ചവർക്കുവേണ്ടി നാം നടത്തുന്ന ശുശ്രൂഷകൾ എങ്ങിനെയാണ് അവർക്കു പ്രയോജനപ്രദമാകുന്നത്?*

ദൈവത്തിലുള്ള വിശ്വാസവും ആശ്രയബോധവുമാണ് മനുഷ്യനെ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നത്. ദൈവം പ്രാർത്ഥന കേൾക്കുമെന്നും പ്രാർത്ഥിക്കുന്ന വ്യക്തിയുടെ യാചനകൾ സാധിച്ചുകൊടുക്കുമെന്നുമുള്ള വിശ്വാസം എല്ലാ മതങ്ങളിലും കാണാം. സ്രഷ്ടാവും പരിപാലകനുമായ ദൈവം തന്റെ സൃഷ്ടികളുടെയെല്ലാം ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നു എന്നുള്ളത് എല്ലാ മതങ്ങളിലും നിലനില്ക്കുന്ന വിശ്വാസമാണ്. ദൈവത്തിൽ ആശ്രയിക്കാനും ദൈവത്തോടു പ്രാർത്ഥിക്കാനും പ്രേരിപ്പിക്കുന്നതും ഈ വിശ്വാസമത്രേ. പ്രാർത്ഥിക്കുന്നവർക്ക് തങ്ങളുടെ പ്രാർത്ഥനകൾ ഫലവത്താകുന്ന അനുഭവം തുടർന്നും പ്രാർത്ഥിക്കാൻ പ്രേരകമാകുന്നു, അതു മറ്റുള്ളവരെയും പ്രാർത്ഥനയിലേക്കാനയിക്കുന്നു.

എല്ലാ മതങ്ങളിലും പൊതുവായി കാണുന്ന വിശ്വാസം ബൈബിളിൽ കൂടുതൽ ഉദാത്തമായി പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രാർത്ഥന കേൾക്കുന്ന, പീഡിതരുടെ നിലവിളി കേട്ട് ഉത്തരം നല്കുന്നവനായിട്ടാണ് ദൈവം ഇസ്രായേൽ ജനത്തിനു സ്വയം പരിചയപ്പെടുത്തിയത് (പുറ 3,7-10). "ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും. എന്തെന്നാൽ ചോദിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറന്നു

കിട്ടുകയും ചെയ്യുന്നു". (ലൂക്കാ 11,9-10) എന്ന യേശുവിന്റെ പ്രബോധനം പ്രാർത്ഥനയുടെ ഫലദായകത്വത്തെ ഊന്നിപ്പറയുന്നു.

പ്രാർത്ഥന പ്രയോജനപ്രദമാകുന്നത് ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നതിനാലാണ്. അതോടൊപ്പം പ്രാർത്ഥിക്കുന്ന വ്യക്തിയെ ദൈവഹിതാനുസൃതം ജീവിക്കാനും ദൈവഹിതത്തിനു സ്വയം വിധേയനാക്കാനും സഹായിക്കുകയും ചെയ്യുന്നു. പ്രാർത്ഥിക്കുന്ന വ്യക്തികളും സമൂഹങ്ങളും തങ്ങൾക്കു വേണ്ടി മാത്രമല്ല പ്രാർത്ഥിക്കുക, മറ്റുള്ളവർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും പ്രാർത്ഥനയുടെ ഭാഗമാണ്. മിക്കവാറും എല്ലാ പ്രാർത്ഥനകളിലും ഈ സാമൂഹികമാനവും കൂട്ടായ്മയും ദൃശ്യമത്രേ. മറ്റുള്ളവർക്കുവേണ്ടി എന്നു പറയുമ്പോൾ അത് ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർ മാത്രം ആകണമെന്നില്ല. മരിച്ചവർക്കുവേണ്ടിയും പ്രാർത്ഥിക്കാം. മിക്കവാറും എല്ലാ മതവിശ്വാസികളും മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കാറുണ്ട്; വിവിധ ശുശ്രൂഷകൾ നടത്താറുണ്ട്. പ്രാർത്ഥനയുടെ ഫലദായകത്വത്തെക്കുറിച്ചുള്ള ചോദ്യം ഇപ്രകാരമുള്ള പ്രാർത്ഥനകളെയാണല്ലോ ഉന്നം വയ്ക്കുന്നത്.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് അർത്ഥശൂന്യവും ഫലരഹിതവുമാണ് എന്നു കരുതുകയും പഠിപ്പിക്കുകയും ചെയ്യുന്ന ചില ക്രൈസ്തവവിഭാഗങ്ങളുണ്ട്. യേശുവിന്റെ തന്നെ ചില പ്രബോധനങ്ങൾ ഈ നിലപാടിന് ഉപോദ്ബലകമായി എടുത്തു കാട്ടാറുണ്ട്. ധനികന്റെയും ലാസറിന്റെയും ഉപമ ഒരു ഉദാഹരണമാണ്. നരകത്തിൽ പീഡിപ്പിക്കപ്പെടുന്ന ധനികനോട് പിതാവായ അബ്രാഹം പറഞ്ഞു: "ഞങ്ങൾക്കും നിങ്ങൾക്കും മധ്യേ ഒരു വിലയഗർത്തം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടെനിന്ന് നിങ്ങളുടെ അടുത്തേക്കോ അവിടെനിന്ന് ഞങ്ങളുടെ അടുത്തേക്കോ വരാൻ ആഗ്രഹിക്കുന്നവർക്ക് അതു സാധിക്കുകയില്ല" (ലൂക്കാ 16,26). മരണശേഷം മനസ്താപംകൊണ്ടു ഫലമില്ല എന്നും മരണത്തോടെ ഓരോ വ്യക്തിയുടെയും വിധി മാറ്റാനാവാത്ത വിധം പ്രഖ്യാപിക്കപ്പെടുന്നു എന്നുമുള്ള വിശ്വാസമാണ് ഈ പ്രസ്താവനയ്ക്കു പിന്നിലുള്ളത് എന്നു വ്യാഖ്യാനിക്കുമ്പോൾ മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന അർത്ഥശൂന്യമായി പരിഗണിക്കപ്പെടുന്നു. തന്നെയുമല്ല മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് ബൈബിളിൽ ഒരിടത്തും പറഞ്ഞിട്ടില്ല എന്നും ഇക്കൂട്ടർ വാദിക്കുന്നു. "മരി

ച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്ക്കരിക്കട്ടെ" (ലൂക്കാ 9,60) എന്ന യേശുവചനവും ഇത്തരുണത്തിൽ എടുത്തുകാട്ടാറുണ്ട്.

ബൈബിളും വിശ്വാസവും തമ്മിലുള്ള ബന്ധത്തെയും ബൈബിൾ വ്യാഖ്യാനത്തെയും സംബന്ധിച്ച പല തെറ്റായ ധാരണകളും ഈ നിലപാടിനു പിന്നിലുണ്ട്. വിശ്വാസത്തിന്റെ അടിസ്ഥാനം ബൈബിൾ മാത്രമാണ്; ബൈബിളിൽ സ്പഷ്ടമായി കാണുന്നവ മാത്രമേ വിശ്വസിക്കാവൂ എന്നതാണ് ഒരു ധാരണ. വിശ്വാസത്തിന്റെ അടിസ്ഥാനം ദൈവികവെളിപാടാണ്; വെളിപാടാകട്ടെ ലിഖിതമായ ബൈബിളിലൂടെയും അലിഖിതമായ സഭാപാരമ്പര്യങ്ങളിലൂടെയും നമുക്കു ലഭിക്കുന്നു എന്നതാണ് കത്തോലിക്കാസഭയുടെ പരമ്പരാഗതവും ഔദ്യോഗികവുമായ നിലപാട്. ഈ നിലപാട് രണ്ടാം വത്തിക്കാൻ സൂനഹദോസ് ആവർത്തിക്കുകയുണ്ടായി (ദൈവാവിഷ്കരണം 8-9). അതിനാൽ ബൈബിളിൽ സ്പഷ്ടമായി കാണുന്നില്ല എന്നതുകൊണ്ടുമാത്രം സഭ സ്വീകരിക്കുന്ന വിശ്വാസസത്യങ്ങൾ വെളിപ്പെടുത്തപ്പെട്ടവയല്ല എന്നു വരുന്നില്ല.

"മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്ക്കരിക്കട്ടെ" എന്ന യേശുവചനം മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുമായി ബന്ധപ്പെട്ടതല്ല; മരിച്ചവർക്ക് എന്തു സംഭവിക്കുന്നു എന്നു പഠിപ്പിക്കുകയല്ല മറിച്ച് വിളി ലഭിച്ചവൻ മറ്റെല്ലാ ബാധ്യതകളും വ്യഗ്രതകളും വെടിഞ്ഞ് സുവിശേഷപ്രഘോഷണത്തിനായി തന്നെത്തന്നെ മുഴുവനായും സമർപ്പിക്കണം എന്ന് ഉദ്ബോധിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ജീവിതകാലത്ത് പാവപ്പെട്ടവരോടു കരുണ കാണിക്കാത്തവർക്കു മരണശേഷം കരുണ ലഭിക്കുകയില്ല; അതിനാൽ ഇപ്പോൾത്തന്നെ കരുണയുള്ളവരായി ജീവിക്കണം; ദാരിദ്ര്യമനുഭവിക്കുന്നവരുമായി സമ്പത്തു പങ്കുവയ്ക്കുന്നതിലൂടെ ഈ കരുണ പ്രകടമാക്കുകയും വേണം എന്നു പഠിപ്പിക്കുകയാണ് ധനവാന്റെയും ലാസറിന്റെയും ഉപമയുടെ ലക്ഷ്യം.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബൈബിളിൽ ഒന്നും പറയുന്നില്ല എന്ന ധാരണ മുഴുവൻ ശരിയല്ല. 2 മക്കാ 12,38-45 മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ സംബന്ധിച്ച വ്യക്തമായ പ്രബോധനമാണ്. "അതിനാൽ മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കു

വേണ്ടി പാപപരിഹാരകർമ്മം നിർവ്വഹിച്ചു" (2 മക്കാ 12,45) എന്ന പ്രസ്താവന സംശയത്തിനു പഴുതിടുന്നില്ല. മരണത്തിനുശേഷ മുള്ള ശുദ്ധീകരണവുമായി ബന്ധപ്പെട്ടതാണ് മരിച്ചവർക്കുവേണ്ടി യുള്ള പ്രാർത്ഥന. മരണാനന്തരം നിത്യശിക്ഷയോ നിത്യരക്ഷയോ മാത്രമല്ല, കാലികമായ ശിക്ഷയിലൂടെ ശുദ്ധീകരണവും അതിനു ശേഷം നിത്യരക്ഷയും ലഭിക്കും എന്ന കത്തോലിക്കാസഭയുടെ പ്രബോധനം ബൈബിളിൽത്തന്നെയാണ് ഊന്നിനിൽക്കുന്നത്. വ്യക്തമായി അറിഞ്ഞ ദൈവഹിതത്തോട് മറുതലിക്കുന്നവർ കഠി നമായി ശിക്ഷിക്കപ്പെടും; എന്നാൽ അറിയാതെയാണ് ഒരുവൻ ശിക്ഷാർഹമായ തെറ്റു ചെയ്തതെങ്കിൽ അവൻ ലഘുവായേ പ്രഹ രിക്കപ്പെടുകയുള്ളൂ (ലൂക്കാ 12,47-48). മരണാനന്തര വിധിയെക്കു റിച്ചാണ് യേശു ഇവിടെ പറയുന്നത്. ലഘുവായ പ്രഹരം നിത്യശി ക്ഷയെ അല്ലല്ലോ സൂചിപ്പിക്കുക. "മനുഷ്യർ പറയുന്ന ഓരോ വ്യർത്ഥവാക്കിനും വിധി ദിവസത്തിൽ കണക്കുകൊടുക്കേണ്ടി വരും" (മത്താ 12,36) എന്ന പ്രസ്താവനയും കാലികവും ലഘുവു മായ ഒരു ശിക്ഷയെയും ശുദ്ധീകരണത്തെയുമാണു സൂചിപ്പിക്കുക.

ന്യായാസനത്തിനു മുമ്പിൽ എത്തുന്നതിനു മുമ്പേ സഹോ ദരനുമായി രമ്യതപ്പെട്ടില്ലെങ്കിൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെടും. "അവസാനത്തെ ചില്ലിക്കാശും കൊടുത്തു വീട്ടുന്നതുവരെ അവി ടെനിന്നു പുറത്തുവരുകയില്ലെന്ന് സത്യമായി ഞാൻ നിന്നോടു പറയുന്നു" (മത്താ 5,26). ഇതും താൽക്കാലികമായ ഒരു ശിക്ഷ യെക്കുറിച്ചുള്ള സൂചനയായി കാണാം.

മരണംകൊണ്ട് എല്ലാം അവസാനിക്കുന്നില്ല എന്നും മര ണത്തിനപ്പുറത്തും ഒരു ശുദ്ധീകരണം നടക്കുമെന്നും മേൽവിവ രിച്ചതുപോലുള്ള ബൈബിൾഭാഗങ്ങൾ സൂചിപ്പിക്കുന്നു. ഇപ്രകാരം ശുദ്ധീകരിക്കപ്പെടുന്ന വ്യക്തികളും സഭയുടെ ഭാഗമാണ്. ഭൂമിയിൽ തിന്മയ്ക്കെതിരേ സമരം ചെയ്യുന്ന സഭ, മരണാനന്തരം സഹന ത്തിലൂടെ ശുദ്ധീകരിക്കപ്പെടുന്ന സഭ, പൂർണ്ണമായി വിജയം വരിച്ച് സ്വർഗ്ഗഭാഗ്യമനുഭവിക്കുന്ന സഭ എന്നിങ്ങനെ മൂന്നു ഗണങ്ങൾ ഉൾക്കൊള്ളുന്നതാണ് ക്രിസ്തുസഭയുടെ പൂർണ്ണരൂപം. പുണ്യവാ ന്മാരുടെ ഐക്യത്തിൽ ഞാൻ വിശ്വസിക്കുന്നു എന്ന വിശ്വാസപ്ര ഖ്യാപനം ഈ കൂട്ടായ്മയെയാണ് സൂചിപ്പിക്കുക. ഈ മൂന്നു ഗുണ ങ്ങളും തമ്മിൽ ബന്ധമുണ്ട്. അവർക്കു പ്രാർത്ഥനയാൽ പരസ്പരം സഹായിക്കാൻ സാധിക്കുകയും ചെയ്യും.

ഭൂമിയിൽ വസിക്കുന്നവർക്കുവേണ്ടി മധ്യസ്ഥപ്രാർത്ഥന നടത്തുന്നതുപോലെത്തന്നെ ശുദ്ധീകരിക്കപ്പെടുന്ന മരിച്ചവർക്കുവേണ്ടിയും പ്രാർത്ഥിക്കക ആവശ്യമാണെന്ന് കത്തോലിക്കാസഭ എക്കാലത്തും പഠിപ്പിച്ചിരുന്നു. എന്നാൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുടെപേരിൽ പണം സ്വീകരിക്കാൻ തുടങ്ങുകയും ചിലപ്പോഴൊക്കെ അതിനായി ജനങ്ങളെ നിർബ്ബന്ധിക്കുകയും ചെയ്ത സംഭവങ്ങൾ ദൗർഭാഗ്യവശാൽ സഭാചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ഈ അനാചാരത്തിനെതിരായിട്ടാണ് മാർട്ടിൻ ലൂഥർ മുഖ്യമായും പ്രതികരിച്ചത്. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയല്ല, ആ പ്രാർത്ഥനയുടെ പേരിൽ നടത്തിയ പണപ്പിരിവാണ് പ്രതിഷേധത്തിനു കാരണമായിത്തീർന്നത്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ആവശ്യം തന്നെ ഇല്ല എന്ന നിലപാടിലേക്കു പിന്നീട് പ്രോട്ടസ്റ്റന്റു സഭകൾ നീങ്ങി. എന്നാൽ അനാചാരങ്ങൾ ഒഴിവാക്കിക്കൊണ്ട് യഥാർത്ഥ വിശ്വാസവും ഭക്തിയും നിലനിർത്തുകയാണ് ആവശ്യം.

മരണശേഷം മറ്റുള്ളവരുടെ പ്രാർത്ഥനയാൽ പാപമോചനവും നിത്യരക്ഷയും ലഭിക്കും എന്നു കരുതി ജീവിതകാലത്ത് പാപത്തിൽ തുടരുന്നത് മൗഢ്യമാണ്; അപകടകരവുമാണ്. ജീവിതകാലത്തു നീതി പ്രവൃത്തിക്കാതെ, മരണാനന്തരം പ്രാർത്ഥനകൾക്കായി വലിയ തുക മാറ്റിവയ്ക്കുന്നതും രക്ഷാകരമാകണമെന്നില്ല. മാനസാന്തരത്തിനുള്ള സമയം ഇപ്പോഴാണ്, ഈ ഭൂമിയിൽ ജീവനോടെ ഇരിക്കുന്ന ഇപ്പോൾ. അതിനാൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന ജീവിതനവീകരണത്തിനു പകരം നില്ക്കുകയില്ല. മരിച്ചവരോടു ജീവിച്ചിരിക്കുന്നവർക്കുള്ള ബന്ധവും കടപ്പാടും അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നു. ആ പ്രാർത്ഥനയാകട്ടെ കർത്താവിന്റെ കരുണയ്ക്കു വേണ്ടിയുള്ള യാചനയുമാണ്. മറ്റു കാര്യങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനകളിലെന്നപോലെ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയിലും ശുശ്രൂഷയിലും ഫലദായകത്വം ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു.

# 36. മരിച്ചവരുടെ മാമ്മോദീസാ

*അടുത്തകാലത്ത് ചില ധ്യാനങ്ങളിൽ മരിച്ചുപോയവരുടെ ആത്മാക്കളെ വിളിച്ചുവരുത്തി മാമ്മോദീസാ മുക്കുന്നതായി കേൾക്കുന്നു. മരിച്ചവർക്കു മടങ്ങിവരാനും മാനസാന്തരപ്പെട്ട് രക്ഷ പ്രാപിക്കാനും സാധിക്കുമോ?*

വളരെയേറെ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ഒരു പ്രതിഭാസമാണ് ചോദ്യവിഷയം. മരിച്ചവർ മടങ്ങിവരുമോ, മരണത്തിനുശേഷം മാനസാന്തരവും പ്രായശ്ചിത്തവും സാധ്യമാണോ, എന്ന രണ്ടു പ്രധാന ചോദ്യങ്ങളാണ് ഇവിടെ പ്രസക്തം. ബൈബിളിൽ നിന്നുതന്നെ ചില ഭാഗങ്ങൾ ഇവിടെ പ്രസക്തമാണ്.

മരിച്ചവരുടെ മടങ്ങിവരവിനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ എടുത്തുകാട്ടുന്നത് സാവൂളിന്റെ ജീവിതാന്ത്യത്തിലെ ഒരു സംഭവമാണ്. ഇസ്രായേലിലെ ആദ്യത്തെ രാജാവാണ് സാവൂൾ. തുടർച്ചയായി ദൈവകല്പന ലംഘിച്ച സാവൂളിനെ രാജസ്ഥാനത്തുനിന്ന് ദൈവം തിരസ്കരിച്ചു; പകരം ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു. സാമുവേൽവഴിയാണ് ദൈവം ഇതെല്ലാം ചെയ്തത്. ഫിലിസ്ത്യരുമായുള്ള നിർണ്ണായകയുദ്ധത്തിനു തൊട്ടുമുൻപ് സാവൂൾ ദൈവഹിതം അറിയാൻ പല മാർഗ്ഗങ്ങളിലൂടെ ശ്രമിച്ചു പരാജയപ്പെട്ടു. അവസാനശ്രമമായിട്ടാണ് മരിച്ചുപോയ സാമുവേലിന്റെ ഉപദേശം തേടാൻ ശ്രമിച്ചത്. അതിനായി സാവൂൾ ഒരു മന്ത്രവാദിനിയുടെ സഹായം തേടി. പാതാളത്തിൽ നിന്നു കയറിവന്ന സാമുവേൽ ക്രുദ്ധനായി സാവൂളിനെതിരേ ആസന്നമായിരിക്കുന്ന മരണശിക്ഷ പ്രഖ്യാപിക്കുകയാണ് ചെയ്തത് (1 സാമു 28).

സമൂഹത്തിൽ അന്നു നിലവിലിരുന്ന ഒരു വിശ്വാസത്തിന്റെ പ്രതിഫലനം ഈ വിവരണത്തിലുണ്ട്. മരിച്ചവരുടെ ആത്മാക്കൾ പാതാളത്തിൽ ശയിക്കുകയാണെന്നും ചില പ്രത്യേക മാന്ത്രികവി

ദ്യകളാൽ അവരെ ഉണർത്തി ഭാവിയെ സംബന്ധിച്ച വിവരങ്ങൾ അവരിൽനിന്നും ശേഖരിക്കാമെന്നും അവരുടെ സഹായത്തോടെ ഭാവിയെത്തന്നെ സ്വാധീനിക്കാമെന്നും കാനാൻകാർ വിശ്വസിച്ചിരുന്നു. ഈ വിശ്വാസം ഇസ്രായേൽക്കാർക്ക് വലിയൊരു പ്രലോഭനമായിരിക്കുമെന്നും അതിനാൽ നിതാന്തജാഗ്രത പുലർത്തണമെന്നും മോശവഴി ദൈവം അവർക്ക് താക്കീതു നല്കിയിരുന്നു (നിയാ 18,9-13). ഇസ്രായേൽക്കാർ അനുകരിക്കാൻ പാടില്ലാത്ത കാര്യങ്ങളുടെ കൂട്ടത്തിൽ മരിച്ചവരിൽനിന്നു സന്ദേശം സ്വീകരിക്കുന്നതും ഉൾപ്പെടുത്തിയിരിക്കുന്നു. തന്നെ വിളിച്ചുവരുത്തിയതിൽ ക്രുദ്ധനായിട്ടാണ് സാമുവേൽ പ്രത്യക്ഷപ്പെട്ടത്.

മരിച്ചവർ മടങ്ങിവരുമോ ഇല്ലയോ എന്നതല്ല ഈ ബൈബിൾ ഭാഗങ്ങളിലെ ചർച്ചാവിഷയം. മറിച്ച് ദൈവം രഹസ്യമായി വച്ചിരിക്കുന്ന കാര്യങ്ങൾ ഭാവിയുടെ മറനീക്കി മനസ്സിലാക്കാൻ ശ്രമിക്കരുത് എന്നു പഠിപ്പിക്കുകയാണ് മുഖ്യലക്ഷ്യം. കാനാൻകാർ നടത്തിയിരുന്ന നിഷിദ്ധമായ അനേകം പ്രവർത്തികളിലൊന്നാണ് മരിച്ചവരിൽനിന്നു സന്ദേശം സ്വീകരിക്കൽ. നരബലി, പ്രശ്നംവച്ച് ഭാവിപറയൽ, ആഭിചാരം, ക്ഷുദ്രപ്രയോഗം, പിശാചിനെ ആവഹിച്ചെടുത്ത് അവന്റെ മാധ്യമമായിത്തീരൽ, മരിച്ചവരുടെ ആത്മാക്കൾക്ക് ആവസിച്ച് പ്രവർത്തിക്കാനായി സ്വയം വിട്ടുകൊടുക്കൽ എല്ലാം വിലക്കപ്പെട്ടവയുടെ പട്ടികയിൽപ്പെടുന്നു. ഇതെല്ലാം സാധ്യമാണോ അല്ലയോ എന്നതല്ല പ്രശ്നം. ദൈവികപദ്ധതികൾക്കും ദൈവഹിതത്തിനും പൂർണ്ണമായി സ്വയം സമർപ്പിക്കണം, രഹസ്യങ്ങളെക്കുറിച്ചുള്ള ജിജ്ഞാസ ഒഴിവാക്കണം.

സാവൂൾ ഇതനുസരിക്കാതെ മന്ത്രവാദിനിയുടെ സഹായം തേടി, ഉചിതമായ ശിക്ഷയും ലഭിച്ചു. മരിച്ചവരുമായി ബന്ധപ്പെട്ട് ഭാവി അറിയാനും സഹായം തേടാനും ശ്രമിക്കുന്നവർക്ക് ലഭിക്കുന്നത് മരണശിക്ഷതന്നെ ആയിരിക്കും എന്ന ബൈബിൾ പഠനത്തെ അവഗണിച്ച് പാതാളത്തിൽ നിന്നു കയറിവരുന്ന സാമുവേലിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നവർ ബൈബിളിന്റെ മുഖ്യസന്ദേശം അവഗണിച്ച് സാഹചര്യങ്ങളെ സംബന്ധിക്കുന്ന നിസ്സാരകാര്യങ്ങൾ മുഖ്യമായി കരുതുകയും സ്വന്തം താത്പര്യങ്ങൾക്കനുസരിച്ച് വളച്ചൊടിച്ചും വ്യാഖ്യാനിക്കുകയും ആണ് ചെയ്യുക. മരിച്ചവർ ദൈവകരങ്ങളിലാണ്; അവർ ചുറ്റിക്കറങ്ങുന്നില്ല; ആരിലും ആവേശിക്കുന്നുമില്ല ( ജ്ഞാനം 3,1-9; 4,7-14). യേശുവിന്റെ പ്രബോധനത്തിലും ഇതേ ആശയം പ്രതിധ്വനിക്കുന്നുണ്ട്. നരകത്തിൽ പീഡിപ്പിക്കപ്പെടുന്ന ധനവാന്റെ അടു

ത്തേക്കോ ഭൂമിയിൽ ജീവിക്കുന്ന അയാളുടെ സഹോദരങ്ങളുടെ അടുത്തേക്കോ അബ്രാഹത്തിന്റെ മടിയിൽ നിന്ന് ലാസറിനെ അയയ്ക്കുകയില്ല (ലൂക്കാ 16,19–31). മരിച്ചവരുടെ അവസ്ഥയെക്കുറിച്ചുള്ള ബൈബിളിന്റെ പ്രബോധനം സമഗ്രമായി കണക്കിലെടുത്തുകൊണ്ട് കത്തോലിക്കാസഭ പഠിപ്പിക്കുന്നു: മരിച്ച വിശുദ്ധരുടെ ആത്മാക്കൾ ദൈവസന്നിധിയിൽ ആശ്വാസവും സന്തോഷവും അനുഭവിക്കുന്നു. ഇതിനെ സ്വർഗ്ഗഭാഗ്യമെന്നു വിളിക്കുന്നു. 2. മാരപാപത്തോടെ മരിച്ചവർ ദൈവസന്നിധിയിൽനിന്ന് എന്നേക്കുമായി പുറന്തള്ളപ്പെട്ടിരിക്കുന്നു. ഇതിനെ നരകം എന്നു വിളിക്കുന്നു. 3. ദൈവസ്നേഹത്തിന്റെ പൂർണ്ണതയിൽ എത്താതെ ലഘുവായ പാപങ്ങളോടെ മരിച്ചവർ സ്നേഹത്തിന്റെ പൂർണ്ണതയിൽ എത്തുന്നതുവരെ ശുദ്ധീകരിക്കപ്പെടുന്നു. ഇതിനെ ശുദ്ധീകരണസ്ഥലം എന്നു വിളിക്കുന്നു. സ്വർഗ്ഗവും നരകവും നിത്യമാണ്; ശുദ്ധീകരണസ്ഥലം ഇല്ലാതാകും; സ്വർഗ്ഗവും നരകവും നിത്യയാഥാർത്ഥ്യങ്ങളായി നിലനില്ക്കും. ഈ പ്രബോധനങ്ങളുടെ വ്യക്തമായ നിഷേധമാണ് മരിച്ചവരുടെ മടങ്ങിവരവിനെക്കുറിച്ചുള്ള വിശ്വാസങ്ങളും പ്രചാരണങ്ങളും.

മരിച്ചവരുടെ മാമ്മോദീസായെക്കുറിച്ച് വി. പൗലോസിന്റെ ഒരു പരാമർശം ഇക്കൂട്ടർ എടുത്തുകാട്ടാറുണ്ട്: മരിച്ചവർക്കുവേണ്ടി ജ്ഞാനസ്നാനം സ്വീകരിക്കുന്നതുകൊണ്ട് എന്താണു അർത്ഥമാക്കുന്നത് ( 1 കോറി 15,28). യേശു ഉയിർത്തെഴുന്നേറ്റു, അതുപോലെ യുഗാന്തത്തിൽ സകല മരിച്ചവരും ഉയിർത്തെഴുന്നേല്ക്കും എന്ന സത്യമാണ് വി. പൗലോസ് ഊന്നിപ്പറയുന്നത്. കോറിന്തോസുകാരുടെ ഇടയിൽ നിലവിലിരുന്ന ഒരാചാരം ഇതിന് ഉപോദ്ബലകമായി എടുത്തുകാട്ടുകയാണ്.

ക്രിസ്തുവിനെ അറിയാതെ മരിച്ചുപോയവർക്കു നിത്യജീവൻ ലഭിക്കുന്നതിനുവേണ്ടി ജീവിച്ചിരിക്കുന്നവർ മാമ്മോദീസാ സ്വീകരിച്ചിരുന്ന ഒരു പതിവാണിവിടെ പരാമർശിക്കപ്പെടുന്നത്. അതു ശരിയോ തെറ്റോ എന്നു വിധിപറയാതെ, ഈ ആചാരം അനുഷ്ഠിക്കുന്നവർ പുനരുത്ഥാനത്തിലുള്ള വിശ്വാസം ഏറ്റുപറയുന്നു എന്നു സമർത്ഥിക്കുക മാത്രമാണ് അപ്പസ്തോലൻ ചെയ്യുന്നത്. ഇന്നു നടക്കുന്ന മരിച്ചവരുടെ മാമ്മോദീസായും ഇതും തികച്ചും വ്യത്യസ്തമത്രേ. മരിച്ചവരുടെ ആത്മാക്കൾ മാമ്മോദീസാ സ്വീകരിക്കാനായി ധ്യാനകേന്ദ്രങ്ങളിലും കൺവെൻഷൻ സെന്ററുകളിലും ചുറ്റിത്തിരിയുകയോ അല്ലെങ്കിൽ പ്രത്യേകസിദ്ധിയുള്ള ചിലർ ആ ആത്മാക്കളെ വിളിച്ചുവരുത്തി അബോധാവസ്ഥയിലാണ്ടു കിടക്കുന്ന ചില

രിൽ ആവേശിപ്പിച്ച് മാമ്മോദീസാ മുക്കുകയോ ഒക്കെ ചെയ്യുന്നു എന്ന ചിന്തയും പ്രബോധനവും ആചാരങ്ങളും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക മാത്രമല്ല, അപകടകരമായ അന്ധവിശ്വാസത്തിലേക്കും അജ്ഞാതശക്തികളുടെ അടിമത്തത്തിലേക്കും തള്ളിവിടുകയും ചെയ്യുന്നു എന്ന തിരിച്ചറിവ് അടിയന്തിരാവശ്യമായിരിക്കുന്നു. ബൈബിളിന്റെ പേരിലും ബൈബിൾ ഉദ്ധരിച്ചും നടത്തുന്ന ഇത്തരം അനാചാരങ്ങൾക്കെതിരേ സകലരും ജാഗ്രത പുലർത്തേണ്ടതുണ്ട്. ചൂഷിതരും വഞ്ചിതരുമാകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

മരിച്ചുപോയവർ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ജീവിച്ചിരിക്കുന്നവർ അവർക്കുവേണ്ടി പ്രാർത്ഥിക്കണം; പരിഹാരം അനുഷ്ഠിക്കണം. പ്രാർത്ഥനയും പരിഹാരപ്രവൃത്തികളും ദൈവം അവർക്കു ഗുണകരമായി പരിഗണിക്കാം. എന്നാൽ മരിച്ചവരുടെ ആത്മാക്കളെ വിളിച്ചുവരുത്തി മാമ്മോദീസാ മുക്കാമെന്നും വിശുദ്ധീകരിക്കാമെന്നും വിചാരിക്കുന്നതു മൗഢ്യം മാത്രമല്ല, ദൈവികകല്പനയുടെ ലംഘനവും ആണെന്ന് മറക്കാതിരിക്കുക.

ശരീരത്തിൽനിന്നു വേർപിരിയുന്ന ആത്മാവ് മരിക്കുന്നില്ല. ബൈബിളിൽ അധിഷ്ഠിതമായ കത്തോലിക്കാസഭയുടെ പ്രബോധനം അനുസരിച്ച് ശരീരത്തിൽനിന്ന് വേർപെട്ട ആത്മാവ് താഴെ പറയുന്ന മൂന്നിൽ ഏതെങ്കിലും ദുരവസ്ഥയിലായിരിക്കും. 1. ദൈവത്തോടുള്ള പൂർണ്ണമായ ഐക്യത്തിലാണ് ആത്മാവെങ്കിൽ മരണനിമിഷത്തിൽത്തന്നെ അത് സ്വർഗ്ഗത്തിൽ, അഥവാ ദൈവികസാന്നിധ്യത്തിൽ പ്രവേശിച്ച് ദൈവത്തിന്റെ മുഖം ദർശിച്ച്, നിത്യസന്തോഷം അനുഭവിക്കുന്നു. 2. കഠിനമായ പാപംമൂലം ദൈവികജീവൻ നഷ്ടപ്പെട്ട അവസ്ഥയിലാണ് ആത്മാവു വേർപിരിയുന്നതെങ്കിൽ അത് എന്നേക്കുമായി ദൈവസന്നിധിയിൽ നിന്ന് അകറ്റപ്പെടുന്നു, അഥവാ നരകത്തിൽ പതിക്കുന്നു. 3. ലഘുവായ പാപങ്ങൾവഴി ദൈവസ്നേഹത്തിന്റെ പൂർണ്ണതയിൽ എത്താൻ കഴിയാതെ വേർപിരിയുന്ന ആത്മാവ് ശുദ്ധീകരണപ്രക്രിയയ്ക്കു വിധേയമാകുന്നു. ഇതിനെ "ശുദ്ധീകരണസ്ഥലം" എന്നു വിളിക്കുന്നു. ശുദ്ധീകരണം പൂർണ്ണമാകുമ്പോൾ സ്വർഗ്ഗഭാഗ്യത്തിൽ പ്രവേശിക്കുന്നു. ഈ മൂന്നവസ്ഥകളിലും ആത്മാവ് ഇല്ലാതാകുന്നില്ല. ഒരിക്കൽ സൃഷ്ടിക്കപ്പെട്ട മനുഷ്യാത്മാവ് പിന്നീടൊരിക്കലും ഇല്ലാതാകുകയില്ല എന്നാണ് സഭയുടെ പ്രബോധനം. അതിനാൽ ജീവൻ മരിക്കുന്നില്ല എന്ന പ്രസ്താവന മനുഷ്യനെ സംബന്ധിച്ചും ശരിയാണ്.

ജീവൻതന്നെ ആയ യേശുവിന്റെ മരണത്തിൽ എന്താണ്

സംഭവിച്ചത്? പരിശുദ്ധ ത്രിത്വത്തിലെ രണ്ടാം ആളായ ദൈവപുത്രൻ മനുഷ്യസ്വഭാവം സ്വീകരിച്ച് കന്യകയിൽനിന്ന് പിറന്നപ്പോഴാണ് യേശുക്രിസ്തു ആയത്. ദൈവപുത്രന്റെ ഏക വ്യക്തിത്വത്തിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അതിന്റെ പൂർണ്ണതയിൽ നിലകൊള്ളുന്നു. ദൈവസ്വഭാവത്തിനു മരിക്കാനാവില്ല; മനുഷ്യസ്വഭാവത്തിനേ മരിക്കാൻ കഴിയൂ. അതിനാലാണ് അമർത്യനായ ദൈവവചനം, മർത്ത്യമായ മനുഷ്യപ്രകൃതി സ്വീകരിച്ചത്. ആത്മാവും ശരീരവും ഉൾക്കൊള്ളുന്ന പൂർണ്ണമായ മനുഷ്യപ്രകൃതിയാണ് ദൈവപുത്രൻ സ്വീകരിച്ചത്. അതേസമയം മനുഷ്യസ്വഭാവത്തിൽ പ്രത്യക്ഷപ്പെട്ടതും പ്രവർത്തിച്ചതും ദൈവപുത്രന്റെ വ്യക്തിത്വമായിരുന്നു. പ്രവർത്തനങ്ങളുടെ ഉടമ പ്രകൃതിയല്ല, വ്യക്തിയാണ്. അതിനാൽ മനുഷ്യപ്രകൃതിയിൽ നടന്ന ജനനം, മരണം, ഉത്ഥാനം എന്ന പ്രവൃത്തികളെല്ലാം ദൈവത്തിന്റെ തന്നെ പ്രവൃത്തികളാണ്. അതിനാൽ ദൈവം ജനിച്ചു, ദൈവം മരിച്ചു, ദൈവം ഉയിർത്തെഴുന്നേറ്റു എന്ന് പൂർണ്ണമായ അർത്ഥത്തിൽ പറയാനാവും.

ഈ സത്യം അംഗീകരിക്കാൻ കഴിയാതെ പോയതാണ് നെസ്തോറിയൻ പാഷാണ്ഡതയുടെ കാതൽ. പ. കന്യകാമറിയത്തെ ക്രിസ്തുവിന്റെ അമ്മ (ക്രിസ്തോതോക്കോസ്) എന്നല്ലാതെ ദൈവമാതാവ് (തെയോതോക്കോസ്) എന്നു വിശേഷിപ്പിക്കാൻ സാധിക്കുകയില്ല എന്ന് നെസ്തോറിയൂസ് വാദിച്ചു. മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ മാതാവ് എന്നു വിശേഷിപ്പിക്കാനും അദ്ദേഹം ഒരുക്കമായിരുന്നു. എന്നാൽ അതുപോരാ, ദൈവമാതാവ് എന്നുതന്നെ ഏറ്റു പറയണം എന്ന് കൗൺസിൽ പിതാക്കന്മാർ നിർബ്ബന്ധം പിടിച്ചു. അതിന് സമ്മതിക്കാത്ത നെസ്തോറിയസ് സഭയ്ക്കു പുറത്താക്കപ്പെട്ടു; അദ്ദേഹത്തിന്റെ പ്രബോധനം പാഷാണ്ഡതയായി തിരസ്ക്കരിക്കപ്പെട്ടു.

യേശുക്രിസ്തുവിൽ ഏകവ്യക്തിത്വമേ ഉള്ളൂ. അതിനാൽ ജനിച്ചതും മരിച്ചതും ഉയിർത്തെഴുന്നേറ്റതും ദൈവം തന്നെ എന്ന് അംഗീകരിച്ചാലേ വിശ്വാസസത്യം പൂർണ്ണമാകൂ.

o